# V. ധനകാര്യം

## 1986-87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

### ധനാഭ്യർത്ഥന നമ്പർ XXXI—ഭക്ഷ്യം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ഭക്ഷ്യം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരേ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക, 1986-87 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XXV—തൊഴിലും തൊഴിൽ സൗകര്യങ്ങളും

,, ,, VIII—എക്സൈസ്

,, ,, XLI—തുറമുഖങ്ങൾ

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, തുറമുഖങ്ങൾ എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരേ 7-ാം നമ്പർ കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ, 1986-87 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

### ഉപക്ഷേപങ്ങൾ

### ധനാഭ്യർത്ഥന നമ്പർ XXXI—ഭക്ഷ്യം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

**Dr. A. Subba Rao:** Sir, I move that the amount of Rs. 4,94,08,400 under Demand XXXI—Food be reduced to Re. 1.

(To disapprove the present policy of the Government in handing over the wholesale trade of food grains to the Private Agencies in preference to the Co-operative Sector.)

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: സർ, ഭക്ഷ്യം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,94,08,400 രൂ.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഭക്ഷ്യം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,94,08,400 രൂ. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ഭക്ഷ്യം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,94,08,400 രൂ.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

**Shri. K. Moosakutty:** Sir, I move that the amount of Rs. 4,94,08,400 under Demand XXXI-Food be reduced by Rs. 100.

( )

**Shri V. S. Chandarsekharan Pillai:** Sir, I move that the amount of Rs. 4,94,08,400 under Demand XXXI-Food be reduced by Rs. 100.

( )

ധനാഭ്യർത്ഥന നമ്പർ XXV—തൊഴിലും തൊഴിൽ സൗകര്യങ്ങളും

ശ്രീ. കാനം രാജേന്ദ്രൻ: സർ, തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,90,12,300 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

ശ്രീ. ഇ. പത്മനാഭൻ: സർ, തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,90,12,300 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

ശ്രീ. സി. ടി. കൃഷ്ണൻ: സർ, തൊഴിലും തൊഴിൽസൗകര്യങ്ങളും എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,90,12,300 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

**Shri K. K. Balakrishnan:** Sir, I move that the amount of Rs. 11,90, 12,300 under Demand XXV—Labour and Employment be reduced by Rs. 100.

(To discuss generally)

**Shri P. Vijayadas:** Sir, I move that the amount of Rs. 11,90,12,300 under Demand XXV—Labour and Employment be reduced by Rs. 100.

(To discuss generally)

**Shri O. Bharathan:** Sir, I move that the amount of Rs. 11,90,12,300 under Demand XXV—Labour and Employment be reduced by Rs. 100.

(To discuss in general)

**Shri K. Moossakutty:** Sir, I move that the amount of Rs. 11,90,12,300 under Demand XXV—Labour and Employment be reduced by Rs. 100.

(To discuss in general)

**Shri V. S. Chandrasekharan Pillai:** Sir, I move that the amount of Rs. 11,90,12,300 under Demand XXV—Labour and Employment be reduced by Rs. 100.

**Dr. A. Subba Rao:** Sir, I move that the amount of Rs. 11,90,12,300 under Demand XXV—Labour and Employment be reduced by Rs. 100.

(To discuss about the failure of the Government to implement the minimum wages to the Beedi labourers especially in Kasargod District.)

ധനാഭ്യർത്ഥന നമ്പർ—VIII എക്സൈസ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4,25,64,100രൂ.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

ശ്രീ. വി. സി. കബീർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,25,64,100രൂ.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

ശ്രീ. സി. ടി. കൃഷ്ണൻ: സർ, എക്സൈസ് എന്ന VIII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4,25,64,100രൂ.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)



LIBRARY ARCHIVES Kerala Legislative Assembly

**Smt. Rachel Sunny Panavelil:** Sir, I move that the amount of Rs. 4,25,64,100 under Demand VIII—Excise be reduced by Rs. 100.

(To discuss generally)

**Shri O. Bharathan:** Sir, I move that the amount of Rs. 4,25,64,100 under Demand VIII—Excise be reduced by Rs. 100.

(To discuss in general)

**Shri V. S. Chandrasekharan Pillai:** Sir, I move that the amount of Rs. 4,25,64,100 under Demand VIII—Excise be reduced by Rs. 100.

( )

**Dr. A. Subba Rao:** Sir, I move that the amount of Rs. 4,25,64,100 under Demand VIII—Excise be reduced by Rs. 100.

(To discuss the policy in general)

ധനാഭ്യർത്ഥന നമ്പർ XLI—തുറമുഖങ്ങൾ

ശ്രീ. സി.ടി. കൃഷ്ണൻ: സർ, തുറമുഖങ്ങൾ എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,57,34,400 രൂ.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

**Shri O. Bharathan:** Sir, I move that the amount of Rs. 2,57,34,400 under Demand XLI—Ports be reduced by Rs. 100.

(To discuss in general)

**Shri V. S. Chandrasekharan Pillai:** Sir, I move that the amount of Rs. 2,57,34,400 under Demand XLI—Ports be reduced by Rs. 100.

( )

ശ്രീ. കെ. മൂസ്സക്കുട്ടി: സർ, ഇവിടെ ഭക്ഷ്യമന്ത്രിയും തൊഴിൽ കാര്യമന്ത്രിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ഈ സർക്കാർ എടുത്തുകൊണ്ടിരിക്കുന്ന നടപടികൾ പരിശോധിച്ചാൽ രണ്ടു നൂറാണ്ടുകൾ കഴിഞ്ഞാലും നമ്മുടെ സംസ്ഥാനത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകാൻ സാദ്ധ്യമല്ലായെന്നുള്ളതാണ് വസ്തുത. 1983-ൽ നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്തവരായി പേര് രജിസ്റ്റർ ചെയ്തിരുന്നവർ 22.6 ലക്ഷമായിരുന്നു. 1984-ൽ അത് 24.5 ലക്ഷമായി വർദ്ധിച്ചു. 1985 മാർച്ചിൽ അത് 24.6 ലക്ഷമായി വർദ്ധിച്ചിരിക്കുകയാണ്. പക്ഷേ ഇങ്ങനെ പോയാൽ, ഈ വർദ്ധനവ് ഒരു ഭാഗത്ത് കൂടിവരികയാണ്. എന്നാൽ ഇന്ന് തൊഴിൽ കൊടുക്കുന്നതിന്റെ സ്ഥിതിയെന്താണ്? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 1980-ൽ 30,594 പേർക്കാണ് ഈ സംസ്ഥാനത്ത് ജോലി നൽകിയത്; 1984-ൽ അത് 11,361 ആയി കുറഞ്ഞിരിക്കുകയാണ്. തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിക്കുകയും തൊഴിൽ കൊടുക്കുന്നവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യതകളും കുറഞ്ഞുവരികയുമാണ്. ഈ അടിസ്ഥാനത്തിൽ എടുത്തു പരിശോധിച്ചിട്ടാണ് ഞാൻ പറയുന്നത് രണ്ടു നൂറാണ്ടുകളും കഴിഞ്ഞാലും ഇന്ന് ഈ സംസ്ഥാനത്ത് പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് ജോലി കൊടുക്കുവാൻ സാദ്ധ്യമല്ല, സാദ്ധ്യത കുറഞ്ഞു വരികയാണ് എന്ന്. ഈ ഗവൺമെന്റ് കഴിഞ്ഞ നാലു കൊല്ലക്കാലമായി തൊഴിൽ സാദ്ധ്യതകളും ഉണ്ടാക്കുവാൻ വേണ്ടി പല പ്രഖ്യാപനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ആ പ്രഖ്യാപനങ്ങളൊന്നും ഈ സംസ്ഥാനത്ത് നടപ്പിലാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോഴുള്ള തൊഴിൽ സാദ്ധ്യതതന്നെ എടുത്തു പരിശോധിച്ചാൽ ഈ സംസ്ഥാനത്ത് ഉള്ള തൊഴിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ വ്യവസായങ്ങളും അടച്ചുപൂട്ടുകയോ, ലോക്കൗട്ട് ചെയ്യുകയോ, ചെയ്തിരിക്കുകയാണ്. ഈ സംസ്ഥാനത്തിലെ ഒട്ടേറെ വ്യവസായങ്ങളും—വലിയ വ്യവസായങ്ങളും ചെറിയ വ്യവസായങ്ങളും നിശ്ചലമായിരിക്കുകയാണ്, ഫാക്ടറികളും അടച്ചിട്ടിരിക്കുകയാണ്. തൊഴിൽ വകുപ്പിന്റെ പ്രശ്നം പറയുമ്പോൾ തൊഴിലുമായി ബന്ധപ്പെട്ടുവരുന്ന വ്യവസായത്തെക്കുറിച്ച് പറയാതിരിക്കുവാൻ സാദ്ധ്യമല്ല. വ്യവസായ വകുപ്പും തൊഴിൽവകുപ്പും നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് ശവപ്പറമ്പാക്കി മാറ്റിക്കഴിഞ്ഞിരിക്കുകയാണ്. തൊഴിൽ മേഖലയെ സംബന്ധിച്ചു പറയുകയാണെങ്കിൽ കഴിഞ്ഞ ഒരു കൊല്ലക്കാലമായി മാവൂർ ഗ്വാളിയോർ റയോൺസ് പൂട്ടിക്കിടക്കുകയാണ്. അയ്യായിരത്തോളം തൊഴിലാളികൾ അവിടെ നേരിട്ട് ജോലി ചെയ്യുന്നവരാണ്. പരോക്ഷമായി പതിനായിരത്തോളം പേർ അതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരാണ്. അവിടെ അടച്ചിട്ടിരിക്കുന്ന ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ അവിടത്തെ തൊഴിൽ സ്തംഭനം അവസാനിപ്പിക്കുവാൻ ഈ സർക്കാർ ആത്മാർത്ഥമായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ? ഇതിനെക്കുറിച്ച് ചില പ്രഖ്യാപനങ്ങൾ നടത്തിയതല്ലാതെ മുഖ്യമന്ത്രിയോ തൊഴിൽവകുപ്പ് മന്ത്രിയോ ആത്മാർത്ഥമായി ഒന്നും ചെയ്തിട്ടില്ല. ഈ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറപ്പിക്കാൻ ആവശ്യമായ നടപടികൾ അല്ല അവർ എടുത്തുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ കശുവണ്ടി, കയർ തുടങ്ങിയ വ്യവസായ മേഖലയിലെ ഇന്നത്തെ സ്ഥിതി എന്താണ്? പത്തും പതിനഞ്ചും തൊഴിലാളികൾ ജോലി ചെയ്യുന്ന 20,000-ത്തോളം ചെറുകിട ഫാക്ടറികൾ നമ്മുടെ സംസ്ഥാനത്ത് പൂട്ടിക്കിടക്കുകയാണ്. ഇതെല്ലാം ഈ രാജ്യത്തെ തൊഴിൽ നഷ്ടപ്പെടുത്തിയതിന്റെയും, തൊഴിലില്ലായ്മയുടേയും, കണക്കുകളാണ് കാണിക്കുന്നത്. കയർ, കശുവണ്ടി, കൈത്തറി രംഗത്തെല്ലാം ഇന്ന് ഫാക്ടറികൾ പൂട്ടിക്കിടക്കുന്നു. ആ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ രീതിയിൽ എന്തെങ്കിലും നടപടിയെടുക്കാൻ തൊഴിൽവകുപ്പിന്റെ ഭാഗത്തു നിന്ന് എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ? തൊഴിലുടമകൾ, തൊഴിലാളികൾക്ക് അർഹമായ കൂലിയും മറ്റ് ആനുകൂല്യങ്ങളോ കൊടുക്കാത്തതിന്റെ പേരിൽ തൊഴിലാളികൾ സമരം നടത്തിയാൽ അത് ഒഴിവാക്കിക്കൊണ്ട്, നിയമാനുസൃതമായിട്ടുള്ള കൂലി കൊടുക്കാത്ത ഉടമകൾക്കെതിരായി നടപടികൾ സ്വീകരിച്ച് തൊഴിൽ സ്തംഭനം ഒഴിവാക്കാനുള്ള എന്തെങ്കിലും നടപടികൾ ഈ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നുണ്ടോ? സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ ലേബർ വകുപ്പ് ഒന്നിനും കൊള്ളരുതാത്ത ഒരു വകുപ്പായി ഇവിടെ അധഃപതിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തിലെ ലക്ഷക്കണക്കിന് തൊഴിലില്ലാത്തവർക്കും

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ ഉള്ളവർക്കും സംരക്ഷണം നൽകേണ്ട ഒരു ഡിപ്പാർട്ടുമെൻറിന്റെ സ്ഥിതി ഇതാണ്. ഞാൻ മറ്റു കാര്യങ്ങളിലേക്ക് കൂടുതലായി കടക്കുന്നില്ല. കാരണം അവിടെയെല്ലാംതന്നെ അഴിമതികൊണ്ടു നിറഞ്ഞിരിക്കുകയാണ്. തൊഴിലാളി ക്ഷേമനിധി ബോർഡിലാകട്ടെ, ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലാകട്ടെ ഇതിലെല്ലാം തന്നെ നേരിട്ട് നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളേയും പബ്ലിക് സർവ്വീസ് കമ്മീഷനെയുമെല്ലാം തന്നെ പരിഹാസ്യമാക്കിക്കൊണ്ടുള്ള നടപടികളാണ് ഈ ഡിപ്പാർട്ടുമെൻറ് നടത്തിക്കൊണ്ടിരിക്കുന്നത്.

അതുപോലെതന്നെ നമ്മുടെ എക്സൈസ് വകുപ്പിന്റെ കാര്യം പറയാനുണ്ട്. അവിടെയും തൊഴിലാളികളെ ദ്രോഹിക്കുന്ന സമീപനമാണ്. എക്സൈസ് വകുപ്പിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? വിദ്യാലയങ്ങളും ദേവാലയങ്ങളും ഉള്ള സ്ഥലത്തുനിന്നും 400 മീറ്റർ മാറി ചാരായ ഷാപ്പുകളും കള്ളു ഷാപ്പുകളും സ്ഥാപിക്കണമെന്നാണ് നിയമം. ഇത് പള്ളികളേയും ദേവാലയങ്ങളേയും സ്കൂളുകളേയും സംരക്ഷിക്കാനാണോ? അല്ലെങ്കിൽ ഈ രംഗത്ത് സംഘടിതമായി ജോലി ചെയ്യുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനാണോ? കള്ളുഷാപ്പുകളുടേയും ചാരായ ഷാപ്പുകളുടേയും കാര്യത്തിൽ 400 മീറ്റർ എന്നുള്ള കാര്യത്തിൽ ശക്തമായ നടപടികളാണ് എടുക്കുന്നത്. അതേസമയത്ത് ഈ പള്ളികളുടേയും ദേവാലയങ്ങളുടേയും സ്കൂളുകളുടേയും അടുത്ത് ബാർ ലൈസൻസും കൊടുക്കുകയാണ്. വലിയ വലിയ പ്രമാണിമാരുടെ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കുന്നുണ്ട്. അബ്കാരി നിയമത്തിൽ പറയുന്ന ചട്ടങ്ങളൊന്നും അവിടെ ബാധകമല്ല. പ്രമാണിമാരായ ആളുകൾക്ക് ഇതെല്ലാം ചെയ്തുകൊടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ആ രംഗത്തും മുഴുവൻ അഴിമതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു മന്ത്രി മന്ത്രിസഭയിൽനിന്ന് പുറത്തു പോകേണ്ടിവന്നു. ആ മന്ത്രി പോകേണ്ടിവന്നതിന്റെ സ്ഥിതി എങ്ങനെയാണ് ഉണ്ടായത്? യഥാർത്ഥത്തിൽ അഴിമതിയാണ് ഇതിനകത്തും ഉണ്ടായത്. ഇവിടെ മുഖ്യമന്ത്രിയടക്കം അതിൽ ഇടപെട്ടു. ഇവിടെ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശങ്ങൾപോലും കാറ്റിൽ പറത്തിക്കൊണ്ടാണ് സഹകാര്യ മേഖലയിൽ ഡിസ്റ്റിലറി സ്ഥാപിക്കാൻ മുഖ്യമന്ത്രി മുൻകൈയെടുത്തിരിക്കുന്നത്. 'പാവം ആനേറാ, പാവം പയ്യൻ' അതുപോലുള്ള പ്രശ്നങ്ങളെല്ലാം ഈ രാജ്യത്ത് ഉയർന്നുവന്നു. അതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളെല്ലാം തന്നെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞതാണ്. അതിന്റെ ഫലമായി അപ്പുറത്തിരിക്കുന്ന പാവം ശ്രീ. ശ്രീനിവാസൻ മന്ത്രിസ്ഥാനത്തുനിന്നും പുറത്തുപോകേണ്ടി വന്നു. അദ്ദേഹം ഈ വകുപ്പിനെ ആകെ താറുമാറാക്കി. ഇപ്പോഴും അത് അനുസ്യൂതം തുടരുകയാണ്. മുഖ്യമന്ത്രിപോലും ആ വകുപ്പിനെ തകർക്കുവാനുള്ള ശ്രമത്തിൽ ഇടപെട്ടിട്ടുള്ളതാണ്. നേരെമറിച്ച് ഈ രംഗത്തുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുത്തി ഈ വ്യവസായത്തെ ആ രൂപത്തിൽ തകർക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ നമ്മുടെ സംസ്ഥാനത്തിലെ തൊഴിൽ മേഖലകൾ എല്ലാംതന്നെ മന്ത്രിമാരുടേയും അവരുടെ സ്വന്തക്കാരുടേയും ഇഷ്ടക്കാരുടേയും ഇഷ്ടത്തിനൊത്ത് തകർത്തുകൊണ്ടിരിക്കുന്ന നടപടികളാണ് ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പോർട്ടിന്റെ കാര്യമാണ് എനിക്ക് ഇനി സൂചിപ്പിക്കുവാനുള്ളത്. തുറമുഖങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ തുറമുഖം വികസിപ്പിക്കുന്ന കാര്യത്തിൽ ഇവിടത്തെ മന്ത്രിമാർക്കോ ഈ ഗവൺമെൻറിനോ വല്ല താൽപ്പര്യവുമുണ്ടോ? നമ്മുടെ സംസ്ഥാനത്തിലെ പോർട്ടുകളും എല്ലാം വളരെ ശോചനീയമായ സ്ഥിതിയിലാണ് നിൽക്കുന്നത്. മലബാർ ഏരിയായിലെ പ്രധാനപ്പെട്ട തുറമുഖമാണ് ബേപ്പൂർ പോർട്ട്. പക്ഷേ അതു വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഈ ഗവൺമെൻറ് തയ്യാറാകുന്നുണ്ടോ? തയ്യാറാകുന്നില്ല. കേരളത്തിലെ ഓരോ പോർട്ടിന്റേയും സ്ഥിതി ഇതാണ്. നമുക്ക് പോർട്ടുകളും വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്. എന്നാലും അത് ചെയ്യുന്നില്ല. അത് ചെയ്യുന്ന കാര്യത്തിൽ യാതൊരു താൽപ്പര്യവും ഈ മന്ത്രിക്കോ ഈ ഗവൺമെൻറിനോ ഇല്ല. അതിന്റെ ഫലമായി നിരവധി ആളുകൾക്ക് തൊഴിൽ ഇല്ലാതാകുന്നു. നമ്മുടെ സംസ്ഥാനത്തിലെ ഓരോ പട്ടണങ്ങളിലേയും വാണിജ്യ വ്യാവസായിക വ്യാപാരരംഗമാകെ വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന സാഹചര്യംപോലും ഉപയോഗപ്പെടുത്താൻ അതുകൊണ്ട് കഴിയുന്നില്ല. എല്ലാ രംഗത്തും അവഗണനയാണ്. ഞാൻ എന്റെ മണ്ഡലത്തിലെ കാര്യമെന്നുള്ള നിലയിലല്ല പറയുന്നത്. കോഴിക്കോടിനും മലബാറിനും പ്രധാനമായിട്ടുള്ള ബേപ്പൂർ പോർട്ട് വികസിപ്പിക്കാൻ ആവശ്യമായ കാര്യങ്ങളിൽ ഈ ഗവൺമെൻറ് ശുഷ്കമായ നടപടികളും സ്വീകരിക്കുന്നില്ല. അത് അവഗണനയായി ഇന്നും നിലനിൽക്കുന്നുണ്ട്. അതൊന്നും ശരിയല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ സംസ്ഥാനത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം നശിപ്പിച്ചുകൊണ്ട് ഈ രാജ്യത്തെ ഈ മേഖലയിലുള്ള തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാന ഗവൺമെൻറിനോട് ഒരു കാര്യം എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, തൊഴിൽ സാദ്ധ്യതകളും ഉണ്ടാകുവാനുള്ള നടപടികളും ഈ ലേബർ ഡിപ്പാർട്ടുമെൻറിന് സ്വീകരിക്കാൻ സാധിക്കുമോ? സാധിക്കുന്നില്ലെങ്കിൽ ഇവിടെയുള്ള വ്യവസായങ്ങളും നശിപ്പിക്കുന്ന ജോലി മാത്രം തുടരുന്ന ഈ നടപടികളിൽനിന്ന് ഈ തൊഴിൽകാര്യമന്ത്രി പിൻമാറണം. അദ്ദേഹം തൊഴിലാളി നേതാവാണ്. അദ്ദേഹം ട്രേഡ് യൂണിയൻ നേതാവും ആയിരുന്നു. അദ്ദേഹം ആ മാന്യതയെങ്കിലും വച്ചുകൊണ്ട് ഈ വകുപ്പ് മറ്റാരെയെങ്കിലും ഏൽപ്പിക്കുവാൻ തയ്യാറാകുമോ? അതിന് അദ്ദേഹം തയ്യാറാകണമെന്നുമാത്രമല്ല ഈ ഗവൺമെൻറിനുനേരെ പൂർണ്ണമായ വിശ്വാസം ഇല്ലാത്ത ഈ കാലഘട്ടത്തിൽ അദ്ദേഹം പ്രത്യേകമായും ഈ വകുപ്പ് തിരിച്ച് ഏൽപ്പിച്ചുകൊടുത്ത് പുറത്തുപോകുകയാണ് വേണ്ടതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. കെ. തോമസ് : സർ, ക്ഷേമം, തൊഴിലും തൊഴിൽ സൗകര്യങ്ങളും, എക്സൈസ്, തുറമുഖങ്ങൾ എന്നീ വകുപ്പുകളിലേയ്ക്ക് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ക്ഷേമവകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ എനിക്ക് വളരെ പ്രധാനമായി പറയുവാനുള്ളത് പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രാധാന്യത്തെപ്പറ്റിയാണ്. പൊതുവിതരണസമ്പ്രദായം നടപ്പിലാക്കുന്നതിന് മാവേലിസ്റ്റോറുകളും സൂപ്പർ മാവേലിസ്റ്റോറുകളും സ്ഥാപിച്ച് നിത്യോപയോഗ സാധനങ്ങൾ ഒരു പരിധിവരെ തൊഴിലാളികൾക്കും മറ്റ് കുറഞ്ഞ വരുമാനക്കാർക്കും ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുകയും ചെയ്യുന്നുണ്ട്. മാവേലിസ്റ്റോറുകളിലെ ഇന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

വിതരണത്തെ സംബന്ധിച്ച് എനിക്ക് വളരെയേറെ ആക്ഷേപമുണ്ട്. ഗ്രാമീണമേഖലകളിലെ മാവേലി സ്റ്റോറുകളിൽ പ്രത്യേകിച്ചും തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അരി കൃത്യമായി എത്തുന്നില്ല. മാവേലി സ്റ്റോറുകളിൽ നിന്നും ന്യായവിലയ്ക്ക് അരി കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടി തൊഴിലും കഴിഞ്ഞ് മാവേലിസ്റ്റോറുകളുടെ മുമ്പിൽ അരിക്കുവേണ്ടി എത്തുമ്പോൾ അരി കിട്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. ഏതാണ്ട് ഒന്നു രണ്ടാഴ്ചയ്ക്കുശേഷമാണ് മാവേലി സ്റ്റോറുകളിൽ അരി എത്താറുള്ളത്. ഈ ദുരവസ്ഥയ്ക്ക് മാറ മുണ്ടാകണം, പ്രത്യേകിച്ച് തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ, നെല്ലുല്പാദനമില്ലാത്ത എന്റെ പ്രദേശം പോലുള്ള, തോട്ടം തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അരി കൃത്യമായി മാവേലിസ്റ്റോറുകളിൽ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ മലയോരപ്രദേശങ്ങളിൽ, തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കൂടുതൽ മാവേലി സ്റ്റോറുകളും അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. ഇന്ന് പട്ടണങ്ങളിൽ മാത്രമാണ് ഗവൺമെന്റ് ഇതിന് പ്രാധാന്യം നൽകുന്നത്. തോട്ടം തൊഴിലാളികളും അതുപോലുള്ള അവശജന വിഭാഗങ്ങളും പാർക്കുന്ന പ്രദേശങ്ങളിൽ പ്രാധാന്യം കൊടുക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്. തൊഴിൽമേഖലയെ സംബന്ധിച്ച് പറഞ്ഞാൽ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് നമ്മുടെ തൊഴിൽരംഗം തികച്ചും സമാധാനപൂർണ്ണമാണെന്ന് പറയുവാൻ ഞാനീയവസരം ഉപയോഗിക്കുകയാണ്. ഞാൻ ഇതു പറയുവാൻ കാരണം നിരവധി തൊഴിൽ പ്രശ്നങ്ങളും അനുരഞ്ജനമനോഭാവത്തോടുകൂടി തീർക്കുന്നതിന് ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളതുകൊണ്ടാണ്. നിരവധി പ്രശ്നങ്ങളും ഗവൺമെന്റ് കണ്ടതായി നടിക്കുകയും അത് പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായിട്ട് പ്രശ്നങ്ങളും പരിഹരിക്കപ്പെട്ട് തൊഴിൽ സമാധാനം നിലനിറുത്തിക്കൊണ്ടുപോകുന്നതിന് കഴിഞ്ഞിട്ടുണ്ട്.

അതുപോലെതന്നെ വ്യവസായ സ്ഥാപനങ്ങളിലെ അകാരണമായ പിരിച്ചുവിടൽ ഇന്ന് ഇല്ലാതായിരിക്കുകയാണ്. സാധാരണ, ഫാക്ടറികളിലും മറ്റ് വ്യവസായ സ്ഥാപനങ്ങളിലുമൊക്കെ പിരിച്ചു വിടൽ ഒരു നിത്യസംഭവമായിരുന്നു. ലേബർ കോടതികളും മുഖാന്തിരം പിരിച്ചുവിടൽ ഉൾപ്പെടെയുള്ള തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഗവൺമെന്റ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. കോടതിയിൽപ്പോകുന്ന പല കേസുകളിലും ഇന്ന് ആറോ എട്ടോ മാസത്തിനകം തീരുമാനമാകുന്നുണ്ട്. ആ വിധത്തിൽ ഇന്നത്തെ കോടതി നടപടികളും സഹായകരമായിത്തീർന്നിട്ടുള്ള ഒരു കാലഘട്ടമാണിത്. അതിന്റെ ഫലമായിട്ട് തൊഴിൽ കോടതികളെ സംബന്ധിച്ച് കൂടുതൽ മതിപ്പ് തൊഴിലാളികളുടെയിടയിലുണ്ടായിരിക്കുന്നു.

സർ, മൂന്നാർ, പിരുമേട് തുടങ്ങിയ പ്ലാന്റേഷൻ വ്യവസായ മേഖലയിൽ പ്രത്യേകിച്ചും ഇടുക്കി ജില്ലയിൽ ലേബർ കോടതികളോട് തൊഴിലാളികൾക്ക് കൂടുതൽ മതിപ്പുണ്ടായിരിക്കുന്നു. ആ സാഹചര്യത്തിൽ പ്ലാന്റേഷൻ വ്യവസായമേഖലയിൽ ഒരു ലേബർ കോടതി സ്ഥാപിക്കണമെന്നഭ്യർത്ഥിക്കുന്നു. ഇന്ന് ആലപ്പുഴ ട്രൈബ്യൂണലിന്റെ സിറ്റിംഗ് എറണാകുളത്തും കോട്ടയത്തുമാണുള്ളത്. ധാരാളം കേസുകൾക്ക് തീരുമാനമുണ്ടാകാനുള്ള ഇടുക്കി ജില്ലയിൽ ആലപ്പുഴ ലേബർ ട്രൈബ്യൂണലിന്റെ ഒരു സിറ്റിംഗ് തുടങ്ങണം. അതോടൊപ്പം പ്ലാന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ പ്രത്യേകിച്ചും ഇടുക്കി ജില്ലയിൽ ഒരു ലേബർ കോടതി ആരംഭിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഞാൻ ഗവൺമെൻറിനെ കുറ്റപ്പെടുത്തുകയല്ല. അപ്പുറത്തുള്ളവർ പറയാത്തതുകൊണ്ട് പ്ലാന്റേഷൻ വ്യവസായത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഞാൻ പരാമർശിക്കപ്പെടുവാൻ ഉദ്ദേശിക്കുകയാണ്. പ്ലാന്റേഷൻ വ്യവസായത്തൊഴിലാളികളുടെ പ്രശ്നങ്ങൾ കണ്ടില്ലെന്ന ഒരു നയമാണ് ഗവൺമെൻറ് സ്വീകരിക്കുന്നതെന്ന് എനിക്ക് തോന്നിപോകുകയാണ്. നമ്മുടെ സംസ്ഥാനം ഭരിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രി കെ. കരുണാകരൻ തൊഴിലാളി പ്രവർത്തകനും തൊഴിലാളികളുടെ അനിഷേധ്യ നേതാവുമാണ്. തോട്ടം തൊഴിലാളികളും അദ്ദേഹത്തെ 'ആരാധനാമൂർത്തിയായിട്ടാണ്' കരുതുന്നത്. തോട്ടംതൊഴിലാളികളുടെ ആരാധനമൂർത്തിയായ ബഹുമാന്യനായ മുഖ്യമന്ത്രി ഭരിക്കുന്ന ഈ സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ സ്ഥിതി ഇന്ന് വളരെ ദയനീയമാണ്. അത് മാറുന്നതിനുവേണ്ടി ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് വിദേശ തോട്ടമുടമകൾ ചവിട്ടിമെതിക്കപ്പെട്ടിരുന്ന തോട്ടം തൊഴിലാളികളെ മനുഷ്യരാക്കി മാറ്റുന്നതിനും അവരുടെ സാമൂഹ്യ സാമ്പത്തിക നീതിക്കുവേണ്ടി പോരാടുന്നതിനും പരിശ്രമിച്ച് ത്യാഗപൂർണ്ണമായ ജീവിതം കാഴ്ചവെച്ച മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്ലാന്റേഷൻ വ്യവസായ മേഖല ഇന്ന് അപകട പൂർണ്ണമായി മാറിയിരിക്കുകയാണ്. ഇന്ന് ഈ വ്യവസായങ്ങൾ പ്രതിസന്ധിയിലാണ്. ഉല്പന്നങ്ങൾക്ക് വിലയില്ല. റബ്ബറിനും ഏലത്തിനും, തേയിലയ്ക്കും വിലയില്ലാതായിരിക്കുന്നു. തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ ഇല്ലാതാക്കുക ജോലിസ്ഥിരത നല്കാതിരിക്കുക, അവരുടെ വരുമാനത്തിൽ കുറവുവരുത്തുക ഈ നയമാണ് തോട്ടം ഉടമകൾ ഇന്ന് സ്വീകരിച്ചിരിക്കുന്നത്. ഉല്പന്നങ്ങൾക്ക് വില കിട്ടുന്നതിനുവേണ്ടി ഗവൺമെൻറ് എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കണമെന്നാണെനിക്കഭ്യർത്ഥിക്കാനുള്ളത്. ഏതാണ്ട് അഞ്ചുലക്ഷത്തോളം തൊഴിലാളികൾ ഈ മേഖലയിൽ ഇന്ന് പണിയെടുത്തുവരുന്നു. അതുപോലെ തന്നെയാണ് കൂലിയുടെ കാര്യം. ഇന്ന് Store cash പോലും പല തോട്ടങ്ങളിലും കിട്ടാത്ത സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. കാരണം ഉല്പന്നങ്ങൾക്ക് വിലയില്ല എന്നാണ് പറയുന്നത്. കൊച്ചിയിലെ വെയർ ഹൗസുകളിൽ തേയില ഇന്ന് കെട്ടിക്കിടക്കുകയാണ്. വില്പനയില്ല. ഇതിന്റെ ഫലമായി രണ്ടര ലക്ഷത്തോളം തൊഴിലാളികൾ പ്രതിദിനം പട്ടിണിയിലേയ്ക്ക് നീങ്ങാൻ പോകുകയാണ്. ഗവൺമെൻറ് ഇതിനെ വളരെ ഗൗരവമായി കാണണമെന്നുള്ളതിനുവേണ്ടിയാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്. ബന്ധപ്പെട്ട കൺസൾട്ടേറ്റീവ് കമ്മിറ്റി മുഖ്യമന്ത്രി അടിയന്തിരമായി വിളിച്ചുകൂട്ടുന്നതിനും തേയില വില വർദ്ധിപ്പിക്കുന്നതിനും കഴിയുന്ത്ര നടപടി ഗവൺമെൻറ് സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെയാണ് തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതു സംബന്ധിച്ച കാര്യം. തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടി ആയി. ഇതിനുവേണ്ടി തൊഴിൽവകുപ്പ് നിരന്തരമായി പരിശ്രമിക്കുന്നുണ്ട്. അതിന് വകുപ്പു മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ ഒന്നും മുന്നോട്ടു നീങ്ങുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഒന്നും മുന്നോട്ടുനീങ്ങാത്തതിനുകാരണമെന്താണ്? ഇതിൽ താല്പര്യമെടുക്കുന്നത് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് തയ്യാറാകുന്നില്ല. ഇലക്ട്രിസിറ്റിബോർഡ് ഉദ്യോഗസ്ഥൻമാരോട് തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനെപ്പറ്റി എന്തെങ്കിലും പറഞ്ഞുപോയാൽ അവർ പരമ പുച്ഛമായി അതിനെ കണക്കാക്കുന്നു. ഒരു ചിറ്റമ്മനയം ഇതിൽ സ്വീകരിക്കുന്നു. ഇതിന്റെ ഫലമായി ഒട്ടുംതന്നെ പുരോഗതി ഉണ്ടാകുന്നില്ല. ഇന്ന് പല കൂലിലയിനുകളും ഉടമകൾതന്നെ വയറിംഗ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനു വേണ്ടി കഴിഞ്ഞ ഒക്ടോബറിൽ ഒരു കമ്മിറ്റി കൂടുകയുണ്ടായി. ആ കമ്മറ്റിയിൽ ഞാൻ ഇതിനെസംബന്ധിച്ചു പറഞ്ഞു. പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടിയ അവസരത്തിൽ തോട്ടംതൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിന്റെ സൗജന്യമോ ഔദാര്യമോ ഒന്നും വേണ്ട ഇത് അവർക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണെന്ന് ഞാൻ പറയുകയുണ്ടായി. അത് നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റും തൊഴിൽ ഡിപ്പാർട്ടുമെന്റും നടപടി സ്വീകരിക്കാമെന്നു പറഞ്ഞു. പിന്നെയും 'ശങ്കരൻ തെങ്ങിൽത്തന്നെ' എന്ന പഴഞ്ചൊല്ലുപോലെയാണ്. കാര്യങ്ങളുടെ സ്ഥിതി.

അതുകൊണ്ട് തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം. ക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നതു ഗവൺമെന്റ് നോക്കിക്കൊണ്ട് ഇരിക്കരുത്. ക്ഷേമപ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ 3 1/2 ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുന്നതിനുള്ള കരാർ അവസാനിച്ചിരിക്കുകയാണ്. തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. അതിനുവേണ്ടിയുള്ള പ്ലാന്റേഷൻ ലേബർ കമ്മിറ്റി വിളിച്ചു കൂട്ടി, അതുപരിഹരിക്കുന്നില്ലെങ്കിൽ ഗവൺമെന്റ് അത് നോട്ടിഫൈ ചെയ്യണം. അതോടൊപ്പം ഉല്പന്നങ്ങൾക്ക് വിലകിട്ടുന്നതിന്, വ്യവസായങ്ങൾ നല്ല നിലയിൽ നടത്തുന്നതിന്, തൊഴിൽ രംഗത്ത് വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ എടുത്തുപറയുകയാണ്. തൊഴിൽരംഗം സമാധാനപരമായി കൊണ്ടുപോകുന്നതിന്, തൊഴിൽ രംഗത്ത് അന്യായമായ പിരിച്ചുവിടൽ അവസാനിപ്പിച്ചിരിക്കുന്നു. ഇന്ന് എവിടെയാണ് പിരിച്ചു വിടൽ എന്ന് അപ്പുറത്ത് ഇരിക്കുന്നവർക്ക് അറിയാം. ഇന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയിലാണ് അന്യായമായ പിരിച്ചു വിടൽ നടക്കുന്നത്, തൊഴിൽ മേഖയിൽനിന്ന് അന്യായമായി പിരിച്ചു വിടുന്നത് അവസാനിപ്പിച്ചിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ആയിരക്കണക്കിന് മാർക്സിസ്റ്റ് പ്രവർത്തകരെ പാർട്ടിയിൽ നിന്നും പിരിച്ചു വിട്ടിരിക്കുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, പിരിച്ചു വിടലാണല്ലോ ഇപ്പോഴത്തെ ചർച്ചാവിഷയം. പശ്ചിമ ബംഗാളിൽ നിന്നും ശ്രീ. പ്രണാബ് മുക്കർജിയെയും കർണ്ണാടകത്തിൽ നിന്നും ശ്രീ. ഗുണ്ടുറാവുവിനെയും ഇവിടെ നിന്ന് ശ്രീ. വയലാർ രവിയെയുമൊക്കെ പിരിച്ചു വിടുന്നതുപോലെയുള്ള പിരിച്ചു വിടലാണോ? ആ വിവരം മെമ്പർക്ക് സൂചിപ്പിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. തോമസ് : ശ്രീ. വയലാർ രവി ഇപ്പോഴും ഇൻഡ്യൻ നാഷണൽ കോൺഗ്രസ് സിന്റെ നേതാവാണ്. പിന്നെ മന്ത്രിസഭയിൽ നിന്ന് മാറിയത് അത് ഞങ്ങളുടെ ആഭ്യന്തര പ്രശ്നമാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രശ്നങ്ങൾ പരിഹരിച്ചുകൊള്ളും. ഞാൻ ഇപ്പോൾ പശ്ചിമ ബംഗാളിൽ അല്ല. ഞാൻ ഇവിടെ കേരളത്തിലെ കാര്യമാണ പറഞ്ഞത്. സർ, ഞാൻ സൂചിപ്പിച്ചത്: ശ്രീ. രാഘവനെ പിരിച്ചുവിട്ടു, ശ്രീ. ചക്രപാണിയെ പിരിച്ചു വിട്ടു, ശ്രീ. വാസുദേവ മേനോനെ പിരിച്ചുവിട്ടു, കണ്ണനെ പിരിച്ചു വിട്ടു. അതുപോലെ തന്നെ മുണ്ടനെ പിരിച്ചുവിട്ടു. ഇനി പലരേയും പിരിച്ചു വിടും.

ശ്രീ. വി. കെ. രാജൻ : ബഹുമാനപ്പെട്ട മെമ്പർ കോൺഗ്രസ് (എ) യിലെ ആളായിരുന്നു. (എ) കാരായിട്ടുള്ള ശ്രീ. വയലാർ രവിയെയും, ശ്രീ. തോപ്പിൽ രവിയേയും ശ്രീ. ഉമ്മൻ ചാണ്ടിയെയും പിരിച്ചു വിടുന്നതിനുവേണ്ടിയുള്ള ആദ്യത്തെ ഷോ കോസ് നോട്ടീസ് കിട്ടിയിട്ടുള്ളതായ വിവരം വെളിപ്പെടുത്താൻ കഴിയുമോ ?

ശ്രീ. എം. എം. ഹസ്സൻ : Sir, I am on a point of order. ഈ സഭയിൽ ഓരോ പാർട്ടിയിലും പെട്ട മെമ്പറൻമാരെ എങ്ങനെ സംബോധന ചെയ്യണമെന്ന് പലപ്രാവശ്യവും ചെയറിൽനിന്നു നൽകിയിട്ടുള്ള റൂളിംഗ് ഉണ്ട്. കോൺഗ്രസ് (എ) എന്ന ഒരു പൊളിറ്റിക്കൽ പാർട്ടി ഈ സഭയിൽ ഇല്ല. കോൺഗ്രസ് (എ) എന്ന രാഷ്ട്രീയ പാർട്ടിയില്ലാത്ത സ്ഥിതിക്ക് ആ പേരു പറഞ്ഞ് മെമ്പറൻമാരെ വിശേഷിപ്പിക്കുന്നത് ഓർഡറിലാണോ? അങ്ങയുടെ റൂളിംഗ് ആവശ്യമാണ്. ശ്രീ. വി. കെ. രാജൻ സി. പി. ഐ. യിലെ പി. എസ്. ശ്രീനിവാസൻ ഗ്രൂപ്പിലെ മെമ്പറാണെന്ന് ഞാൻ പറഞ്ഞാൽ അങ്ങ് സമ്മതിക്കുമോ? അത് ഓർഡറിലാകുമോ സർ? സി. പി. ഐ.യിൽ ഗ്രൂപ്പുകളുണ്ട്. ആ ഗ്രൂപ്പുകളെ ഞങ്ങളെ വിളിച്ചു പറഞ്ഞാൽ അതു ഓർഡറിലാകുമോ? അതുപോലെ ഇങ്ങനെ ഒരു പാർട്ടി ഇല്ലാത്ത സ്ഥിതിക്ക് ആ പരാമർശനം രേഖയിൽനിന്ന് മാറ്റണം. അത് ഓർഡറിലല്ലെങ്കിൽ അത് രേഖയിൽനിന്ന് മാറ്റണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ നിയമ സഭയിൽ ഞങ്ങൾക്ക് അച്ചടിച്ചുതന്ന who is who-യിലും അതുപോലെയുള്ള മാറു രേഖകളിലും പാർട്ടിയുടെ പേരുണ്ട്. ആ പാർട്ടിയുടെ പേരിൽ ശ്രീ. എം. എം. ഹസ്സന്റെ പേരും ഉണ്ട്. അത് അച്ചടിച്ചുതന്ന കടലാസ്സാണ്: ശ്രീ. എം. എം. ഹസ്സന്റെ പേരും ശ്രീ കെ. കെ. തോമസ്സിന്റെ പേരും അച്ചടിച്ച രേഖയിൽ കോൺഗ്രസ് (എ) എന്നാണ്. അത് മാറ്റാത്തിടത്തോളംകാലം ഞങ്ങൾ ഇങ്ങനെ പറയും.

ശ്രീ. എം. എം. ഹസ്സൻ: സർ, അച്ചടിച്ച രേഖ മാറേണ്ടതു നിയമസഭാ സെക്രട്ടറിയേറ്റാണ്. അത് ചെയറിന്റെ ഉത്തരവാദിത്വമാണ്. ഞങ്ങളൊക്കെ ഇവിടെ കോൺഗ്രസ് (ഐ) യിലെ ബെഞ്ചുകളിൽ ഇരിക്കുന്ന മെമ്പറൻമാരാണ്. ഇതേ സംബന്ധിച്ച് അങ്ങയിൽനിന്ന് റൂളിംഗ് ആവശ്യമാണ്.

ശ്രീ. ബേബി ജോൺ: സെക്രട്ടറിയേറ്റിനെ കുറ്റംപറഞ്ഞാൽ ഒക്കുകയില്ല. അന്ന് മൽസരിച്ചപ്പോൾ ആ പാർട്ടി ആയിരുന്നു. അത് സെക്രട്ടറിയേറ്റ് മെൻഷൻ ചെയ്തിരുന്നു. ഇപ്പോൾ ആ പേര് കിടക്കുന്നതുകൊണ്ട്, നിയമസഭാ സെക്രട്ടറിയേറ്റിനെ കുറ്റം പറയുന്നത് ശരിയല്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: കഴിഞ്ഞപ്രാവശ്യം ശ്രീ. എം. വി. രാഘവന്റെ പ്രശ്നത്തെ സംബന്ധിച്ച് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോഴും മാർക്സിസ്റ്റുപാർട്ടി ശ്രീ. അച്യുതാനന്ദൻ ഗ്രൂപ്പ് എന്നു പറഞ്ഞതിനെക്കുറിച്ച് ഇവിടെ തർക്കമുണ്ടായി. അന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ വളരെ രോഷാകുലയായിക്കൊണ്ട് പറഞ്ഞു അങ്ങനെ പറയാൻ പാടില്ലായെന്ന്. അതിന്റെ അടിസ്ഥാനത്തിൽ അന്ന് ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ചെയറിൽനിന്ന് റൂളിംഗ് ഉണ്ടായി. ഇവിടെ അങ്ങനെ പറയാൻ പാടില്ല. ഇവിടെ ഔദ്യോഗിക മായുള്ള പേരുകൾ മാത്രമേ പറയാൻ പാടുള്ളുവെന്ന് പറഞ്ഞു. കോൺഗ്രസ് (ഐ) എന്ന് അല്ലാതെ കോൺഗ്രസ് (എ) എന്ന് ഉപയോഗിക്കാൻ പാടില്ലായെന്ന് ബഹുമാനപ്പെട്ട ചെയറിൽനിന്ന് റൂളിംഗ് ഉണ്ടായി. ഇവിടെ ഉദ്ധരിക്കുന്ന രേഖ തിരഞ്ഞെടുപ്പ് കഴിഞ്ഞയുടൻതന്നെ, കോൺഗ്രസ്സിന്റെ ലയനം ഉണ്ടാകുന്നതിനു മുൻപ് നിയമസഭാ സെക്രട്ടറിയേറ്റിൽനിന്നും അച്ചടിച്ച് വിതരണം ചെയ്ത who is who ആണ്. അതുകൊണ്ട് അത് ഈ രീതിയിൽ ഉദ്ധരിക്കാൻ പാടില്ല. അത് ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റ് തിരുത്തണമെന്ന് ആവശ്യപ്പെടുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറൻമാർ കഴിയുന്നതും അങ്ങോട്ടുമിങ്ങോട്ടും ആക്ഷേപിക്കത്തക്ക രീതിയിലുള്ള പ്രസംഗങ്ങൾ ചെയ്യാതെയിരിക്കുന്നതാണ് ഈ സഭയുടെ അന്തസ്സിന് യോജിച്ചത്.

ശ്രീ. കെ. കെ. തോമസ്: ഇവരുടെ രണ്ടുപേരുടെയും പാർട്ടികൾ ഇന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ തടവുപുള്ളികളാണ്. ശ്രീ. എം.വി. രാഘവൻ അവിശ്വാസപ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ട് പിൻവലിച്ചതിന് കാരണമെന്താണെന്ന് അറിയാമോ? സി.പി.ഐ.-യു, കോൺഗ്രസ് (എസ്.)-ഉ അതിൽനിന്ന് പിൻമാറുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ്. കാരണം, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ അടിമകളായി അപ്പുറത്തിരിക്കുന്നവർ ..... (ബഹളം) ..... ഞാൻ നിങ്ങളോട് പറയുകയാണ് ശ്രീ. രാഘവൻ പോയി. ശ്രീ രാഘവൻ പോയതോടൊപ്പം എന്താ ചക്രപാണി പോയത്? മി. രാജൻ അറിയാമോ? ഞാൻ പറയാം. ഇത് ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് കഴിഞ്ഞയാഴ്ചയിൽ പറഞ്ഞതിന് എതിരായിട്ട് സി. പി. ഐ.-യുടെ സംസ്ഥാന എക്സിക്യൂട്ടീവ് കൂടി പറഞ്ഞതാണ് ''ഞങ്ങളെ പേടിപ്പിക്കണ്ടായെന്ന്''. പക്ഷേ നിങ്ങൾക്ക് ധൈര്യം ഇല്ലായെന്നുള്ളതാണ് വസ്തുത.

ശ്രീ. എ. എം. ഹസ്സൻ: ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? സി.പി.ഐ.-യു, സി.പി.എം.-ഉം തമ്മിലുള്ള ബന്ധം മൂത്തുമൂത്ത് പാവപ്പെട്ട നിരപരാധികളായ പ്രവർത്തകൻമാരെ പുന്നപ്ര തുടങ്ങിയ സ്ഥലങ്ങളിൽ മാരകമായി, ക്രൂരമായി വെട്ടി കൊലപ്പെടുത്തിയ ക്ലേശമായ സംഭവം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? കമ്മ്യൂണിസ്റ്റ് പാർട്ടികൾ തമ്മിലുള്ള യോജിപ്പിന്റെ പുതിയ മേഖല കഠാരയും ചോരയുംകൊണ്ടാണ് കാണ്ടത്തുന്നതെന്നറിയാമോ?

ശ്രീ. കെ. കെ. തോമസ്: എനിക്ക് അറിയാം. കഴിഞ്ഞതവണ ഈ സഭയിൽ ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞത് എനിക്കറിയാം. കഴിഞ്ഞതവണ മാർക്സിസ്റ്റുകാർ സി.പി.ഐ-ക്കാരനായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട ആളിനെ കൊന്ന് തുണ്ടംതുണ്ടമായി മുറിച്ചുകളഞ്ഞുവെന്ന് ബഹുമാനപ്പെട്ട ദിനകരൻ ഈ സഭയിൽ സബ്മിഷൻ കൊണ്ടു വന്നതാണ്. ഞാൻ ഒരു കഥ പറയാം. നമ്മുടെ ശ്രീ. എം.വി. രാഘവനോടൊപ്പം ശ്രീ. ചക്രപാണി പോയത്, ശ്രീരാമന്റെ പുറകെ ലക്ഷ്മണൻ പോയതുപോലെയാണ്. ലക്ഷ്മണൻ എന്തെല്ലാം ഉപേക്ഷിച്ചിട്ടാണ് പോയത്? ഊർമ്മിളയെപ്പറ്റി ബഹുമാനപ്പെട്ട രാജൻ കേട്ടിട്ടുണ്ടോ? ഊർമ്മിള എന്ന പേരിന്റെ അർത്ഥം തന്നെ തിരമാലകം പോലെ വികാരമുള്ളവളാണെന്നാണ്. അതായത് ലക്ഷ്മണന്റെ പത്നി ഊർമ്മിളയെ ഉപേക്ഷിച്ചിട്ട് ശ്രീരാമന്റെകൂടെ പോയത്. കാരണമെന്താണ്? രാജ്യം പിടിച്ചെടുക്കാമെന്നും പിന്നെ രാജാവാകാമെന്നുമൊക്കെ ലക്ഷ്മണന് വിചാരമുണ്ടായിരുന്നു. അതുപോലെ ചക്രപാണി എന്ന അഭിനവ ലക്ഷ്മണൻ ശ്രീ. എം. വി. രാഘവൻ എന്ന അഭിനവ ശ്രീരാമന്റെ കൂടെ പോയത് പുതിയ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടാക്കുന്നതിനു വേണ്ടിയാണ്. ഞങ്ങൾ ഇപ്പോഴും പഴയ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൂടെയാണ്. ശ്രീ. രാഘവന്റെ നയങ്ങളോടൊന്നും ഞങ്ങൾക്ക് യോജിപ്പില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനോ യോജിപ്പില്ല. അതിന്റെ കാരണം ഞങ്ങളുടെ നിത്യ ശത്രുവാണ് ശ്രീ. രാഘവൻ. കാരണം അനാധമായ കോൺഗ്രസ് വിരോധം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഒഴിവാക്കി എന്നും ഞങ്ങൾക്ക് ബോധ്യപ്പെട്ടു. സർ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ദേശീയരംഗത്ത് സ്വീകരിച്ചിരിക്കുന്ന നയങ്ങളും നടപടിക്രമങ്ങളും വിട്ടുനിൽക്കാൻ

11 A. M.] മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സാദ്ധ്യമല്ലെന്ന് തെളിഞ്ഞു. രാഘവനോടുതന്നെ അവർ അത് തുറന്നുപറഞ്ഞിട്ടുണ്ട്. അതാണ് രാഘവൻ പറഞ്ഞത്: "1964-നു ശേഷം എം.വി. രാഘവനാകുന്ന എന്നെ പഠിപ്പിച്ചത് അനാധമായ കോൺഗ്രസ് വിരോധമാണ്. ആ കോൺഗ്രസ് വിരോധം കൈമുതലായി സ്വീകരിച്ചുകൊണ്ട് കോൺഗ്രസ്സിനെ ഇടിച്ചുതാഴ്ത്താവുന്നിടത്തെല്ലാം അനാധമായി എന്നെക്കൊണ്ട് ഇടിപ്പിച്ചിട്ട് എന്റെ കൈയ്ക്ക് തഴുകയ്പിച്ചിട്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നു കോൺഗ്രസ്സിനോടുള്ള നയം മാറാണമെന്ന്". എന്താണ് കാരണം? അഖിലേന്ത്യാ അടിസ്ഥാനത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയത്തോടു യോജിക്കാൻ കഴിയുന്നില്ലായെങ്കിൽ ഒറ്റപ്പെടുമെന്നുള്ളതു മനസ്സിലാക്കിയതുകൊണ്ടാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അകാരണമായ പിരിച്ചുവിടൽകൊണ്ടാണ് ഞാൻ ഇത് പ്രതിപാദിച്ചത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിൽരംഗത്തെക്കുറിച്ചും നമ്മുടെ സ്വസ്ഥാനത്തെ അഴിമതിയെക്കുറിച്ചും ആക്ഷേപിക്കുന്നു. തൊഴിൽരംഗത്തെ കുറ്റപ്പെടുത്തുകയും തൊഴിൽരംഗം സമാധാനപൂർണ്ണമല്ലെന്നു പറയുകയും തൊഴിൽരംഗത്ത് പോലീസ് ഇടപെടുന്നു, പിരിച്ചുവിടൽ നടക്കുന്നു, വ്യവസായമേഖലയാകെ സ്തംഭിച്ചിരിക്കുന്നുവെന്നൊക്കെ പ്രചരണം നടത്തുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇന്ന് തൊഴിൽരംഗത്ത് പിരിച്ചുവിടലില്ല. അല്ലെങ്കിൽ ശ്രീ. ഭരതൻ പറയട്ടെ. ബന്ധപ്പെട്ട കൺസിലിയേഷൻ ഓഫിസർമാർ ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ ലേബർ മന്ത്രി ഇടപെട്ട് വളരെ അവധാനപൂർവ്വമായി തീർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണ പിള്ള: സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നു, തൊഴിൽരംഗത്ത് ഒരു പ്രശ്നവുമില്ല, പിരിച്ചു വിടലുമില്ല എന്ന്. നേരത്തെ അദ്ദേഹം പറഞ്ഞു, ആലപ്പുഴ ടൈബ്യൂണലിൽ ജോലി കൂടുതലുണ്ട്, അതുകൊണ്ട് ഇടുക്കിക്ക് പ്രത്യേകമായി ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വേണമെന്ന്. അത് എന്തുകൊണ്ടാണ്?

ശ്രീ. കെ.കെ. തോമസ്: സർ, ഞാൻ പറഞ്ഞത് പഴയ കേസ് സുകം തീർന്നുകൊണ്ടിരിക്കുന്നു, പിരിച്ചുവിടൽ കേസ് സല്ലാതെ നിരവധി പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് തൊഴിൽ കോടതികൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നാണ്. ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ തീർക്കുന്നതിനു വേണ്ടിയാണ് ഞാൻ പറഞ്ഞത്. അതിനുവേണ്ടി സമരങ്ങൾ ഉണ്ടാകാൻ പാടില്ല. സമരങ്ങൾക്കുവേണ്ടി നടത്തുന്ന അദ്ധ്വാനം തൊഴിൽരംഗത്തു കോടതികളിൽക്കൂടി ഫലപ്രദമായി പരിഹരിക്കാൻ കഴിയും. ഞാൻ ഇതു സൂചിപ്പിച്ചത് തൊഴിൽരംഗത്തു തൃപ്തികരമായ ഒരു സാഹചര്യം നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുവെന്ന് പറയാൻവേണ്ടിയാണ്.

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അന്യായമായി പിരിച്ചുവിടൽ നടക്കുന്നു. അതിനെപ്പറ്റി പത്രങ്ങളിൽ കാണാം. ഞങ്ങളുടെ പ്രദേശം ഇന്ന് ഹിമം മൂടിക്കിടക്കുകയാണ". പീരുമേട്, ഒഹറേഞ്ച് മുഴുവനും ശൈത്യമേഖലയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തകർ മൂടിപ്പുതച്ച് എല്ലാ വീടുകളിലും കയറി നടക്കുകയാണ്. ആദ്യം, ഞങ്ങൾ സംശയിച്ചു, തിരഞ്ഞെടുപ്പ് ആഗതമായോ എന്ന്. മുഖ്യമന്ത്രി പറഞ്ഞു ഫെബ്രുവരിയിൽ തിരഞ്ഞെടുപ്പ് നടക്കുമെന്ന്. തൊഴിലാളികളെ സഹായിക്കാനോ, തൊഴിൽ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനോ അല്ല, സ്വന്തം പാർട്ടി തകരുന്നതിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇവർ നടക്കുന്നത്. നായരുപിടിച്ച പുലിവാലുപോലെ ശങ്കരൻ നമ്പൂതിരിപ്പാട് പിടിച്ച പുലിവാലിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് ഓടിനടക്കുന്ന സ്ഥിതി നമ്മുടെ രാജ്യത്തുണ്ടായിരിക്കുന്നു. ഐക്യ ജനാധിപത്യ മുന്നണി അഞ്ചു വർഷം ഭരിച്ചിട്ട് അഞ്ച് വർഷംകൂടി ഭരിക്കാമെന്ന് ഉറപ്പ് ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ ഗവൺമെന്റ് തൊഴിൽരംഗത്ത് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പ്രധാനമായും തൊഴിൽരംഗത്താണ് പ്രശ്നങ്ങളുള്ളത്. സഖാവ് കെ. കെ. തോമസ് സംസാരിച്ചപ്പോൾ വൈരുദ്ധ്യങ്ങൾ നിറഞ്ഞ രീതിയിലാണ് കാര്യങ്ങൾ ഉന്നയിച്ചത്. ആദ്യം അദ്ദേഹം തൊഴിൽ രംഗത്തെ നല്ലവശങ്ങളെക്കുറിച്ച് പറഞ്ഞു. അവസാനം വന്നപ്പോൾ വളരെ അപകടകരമാണ് തൊഴിൽരംഗം എന്നാണ് അദ്ദേഹം പറഞ്ഞത്. തൊഴിൽരംഗത്ത് പരിപൂർണ്ണമായി ഒരു അരാജകാവസ്ഥ നിലനിൽക്കുന്നു. അതിപ്പോൾ ഏറ്റവും മൂർദ്ധന്യാവസ്ഥയിലെത്തിയിരിക്കുകയാണ്. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും തൊഴിൽ പരിരക്ഷിക്കുന്നതിനുമുള്ള യാതൊരു സഹായവും ഈ വകുപ്പ് കൈക്കൊണ്ടിട്ടില്ല. പല വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലും വർഷങ്ങൾക്കുമുൻപ് മിനിമം കൂലി നിശ്ചയിച്ചതാണ്. മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ട സമയം പല വ്യവസായങ്ങളിലും കഴിഞ്ഞു. ഒന്നുരണ്ടു പ്രാവശ്യം അത് പുതുക്കി നിശ്ചയിക്കേണ്ട സമയം കഴിഞ്ഞിട്ടും അത് പുതുക്കി നിശ്ചയിച്ചില്ല എന്നു മാത്രമല്ല, പത്തുപതിനഞ്ചു കൊല്ലം മുൻപ് നിശ്ചയിച്ച കൂലിപോലും തൊഴിലാളികൾക്ക് മിക്ക വ്യവസായങ്ങളിലും കിട്ടുന്നുമില്ല. കൊല്ലം ജില്ലയിൽ നടന്ന എൻ. ജി. ഒ. അസോസ്സിയേഷന്റെ പഴയ കോൺഗ്രസ് (എ) കാരും കോൺഗ്രസ് (ഐ) കാരും തമ്മിൽ നടന്ന അടിയെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. കൊല്ലത്ത് നടന്ന കാര്യങ്ങളെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. കൊല്ലത്തുള്ള കശുവണ്ടി തൊഴിലാളികൾ മുഴുവൻ ഇന്ന് സമരത്തിലാണ്. 128-ൽപരം കശുവണ്ടി ഫാക്ടറികളിൽ സമരം നടക്കുന്നു. എന്തിനാണ് സമരം നടത്തുന്നത്? 11 വർഷങ്ങൾക്ക് മുൻപ് നിശ്ചയിച്ച മിനിമം കൂലിപോലും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. 11 വർഷങ്ങൾക്കു ശേഷം സാധനങ്ങളുടെ വിലയിൽ എത്രയോ ഇരട്ടി വർദ്ധനവുണ്ടായിട്ടുണ്ട്. ഈ മിനിമം കൂലി തൊഴിലാളികൾക്ക് കിട്ടാൻവേണ്ടി എന്തെങ്കിലും നടപടി ഈ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ? ആ വ്യവസായത്തിൽ മാത്രമല്ല, എല്ലാ വ്യവസായങ്ങളിലും ഇങ്ങനെയാണ്. മുതലാളിമാർക്ക് വേണ്ടി കങ്കാണിപ്പണി ചെയ്യുന്ന ഒരു വകുപ്പായി ഈ വകുപ്പ് അധഃപതിച്ചിരിക്കുകയാണ്. ഇവിടെ എത്രയോ പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി പറയുമ്പോൾ വകുപ്പുമന്ത്രി പറയും, തൊഴിലാളികൾ അതിനുവേണ്ടി സമരം ചെയ്യുന്നില്ല, മുറവിളികൂട്ടുന്നില്ല എന്ന്. ഇന്ന് 128-ൽപരം കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾ ഒറ്റക്കെട്ടായി സമരത്തിലാണ്. കൊല്ലത്ത് പത്തുപതിനഞ്ചു വർഷത്തിനകം നടക്കാത്ത രീതിയിൽ തൊഴിലാളികൾ വളരെയേറെ യോജിച്ചു നിൽക്കുകയാണ്. മുതലാളിമാർ തൊഴിലാളികൾക്ക് മിനിമംകൂലി കൊടുക്കാതിരിക്കുന്ന സമീപനത്തിനു കങ്കാണിപ്പണി ചെയ്യുന്ന ഗവൺമെന്റിനും മുതലാളിമാർക്കുമെതിരായി സംഘടിതമായി സമരം നടക്കുന്നു. ഫാക്ടറികളുടെ മുൻപിൽ തൊഴിലാളി സംഘടനകൾ യോജിച്ചുനിന്ന് നിരാഹാര സമരം നടത്തുകയാണ്. ഇക്കഴിഞ്ഞ 17-ാം തീയതി കോൺഫറൻസ് വിളിച്ചുകൂട്ടി. തൊഴിലാളികൾ സമരം ചെയ്യുന്നില്ല, അവർ ആവശ്യങ്ങളുമായി മുന്നോട്ടുവരുന്നില്ല, അതുകൊണ്ടാണ് ഗവൺമെന്റിനു ഇത് നടപ്പിലാക്കാൻ കഴിയാത്തത് എന്ന് ഇന്നലെ വീര പറഞ്ഞ തൊഴിൽവകുപ്പു മന്ത്രിക്ക് ഇന്ന് എന്താണ് പറയാനുള്ളത്? തൊഴിലാളികൾ സംഘടിതമായി നിങ്ങളുടെ മുൻപിൽ അവകാശങ്ങൾ ഉന്നയിച്ചിരിക്കുന്നുവെന്നു മാത്രമല്ല അവർ പ്രക്ഷോഭസമരത്തിന്റെ പാതയിൽ നിൽക്കുമ്പോൾ അത് നടപ്പിലാക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കാൻ ശ്രീ. ശിവദാസനും തൊഴിൽ വകുപ്പും തയ്യാറുണ്ടോ; മുഖ്യമന്ത്രി തയ്യാറുണ്ടോ? ശ്രീ. ശിവദാസന് അതിനു കഴിയുകയില്ല. കാരണം മുതലാളിമാരുടെ കങ്കാണിയായി പ്രവർത്തിക്കുകയാണ്. മുതലാളിമാർക്ക് ഫാക്ടറിയിൽ കങ്കാണിമാരുണ്ട്. അവർക്ക് വേണ്ട പ്രചരണങ്ങൾ സംഘടിപ്പിക്കുകയും തൊഴിലാളികളെ വഞ്ചിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. കശുവണ്ടി മുതലാളിമാർക്ക് ഓരോ ഫാക്ടറിയിലും കങ്കാണിമാരുണ്ട്. ഫാക്ടറിയിലുള്ള കങ്കാണിമാരുടെ ഒരു പ്രതിപുരുഷനെ കേരള നിയമസഭയിൽ കൊണ്ടുവന്ന് ഇരുത്തിയിരിക്കുന്നുവെന്നതിൽ അപ്പുറം ശ്രീ. ശിവദാസന് തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എന്തുചെയ്യാൻ കഴിയും. അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിയുകയില്ല. അദ്ദേഹം ഏറെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തിട്ടുള്ള ജോലി മറെറാന്നാണ്. തൊഴിലാളികൾക്ക് ഈ അവകാശങ്ങൾ കൊടുക്കുന്നില്ല എന്നുള്ളത് മാത്രമാണോ പ്രശ്നം! തൊഴിലാളികൾക്കു കിട്ടേണ്ട അവകാശം പൂർണ്ണമായി കൊടുക്കുന്നുവെന്ന് റെക്കാർഡിൽ രേഖപ്പെടുത്തുന്നു. ഡി. എ. അൽപ്പവും കൊടുക്കാത്ത ഫാക്ടറികളുണ്ട്. ഒരു രൂപയും. രണ്ടു രൂപയും മൂന്നു രൂപയും കൊടുക്കുന്ന ഫാക്ടറികളുണ്ട്. ആ വ്യവസായങ്ങൾ പൂർണ്ണമായി തൊഴിലാളികളുടെ അവകാശങ്ങൾ കൊടുത്തു നടപ്പിലാക്കിയാൽ നഷ്ടമാകുമെന്ന പല്ലവി നേരത്തെ ഇവിടെ പറഞ്ഞിരുന്നു. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും കൊടുക്കുന്നുണ്ട്. ഒരു മുതലാളിയെങ്കിലും പൂർണ്ണമായി തൊഴിലാളികളുടെ അവകാശങ്ങൾ കൊടുത്ത് നഷ്ടം സഹിച്ചാണോ ഫാക്ടറി നടത്തുന്നത്? വർഷങ്ങൾക്കു മുൻപ് നിശ്ചയിച്ച മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ട സമയം രണ്ടുപ്രാവശ്യം കഴിഞ്ഞിട്ടും അത് പുതുക്കി നിശ്ചയിക്കുന്നില്ല. അതുമാത്രമല്ല നിശ്ചയിച്ച മിനിമം കൂലി കൊടുക്കാനുള്ള ഭരണഘടനാപരമായ ബാദ്ധ്യത ഏറെടുക്കാൻ അവർ തയ്യാറാകുന്നുമില്ല. തൊഴിലാളികളെ ചൂഷണംചെയ്തുണ്ടാക്കുന്ന കൊള്ളലാഭം, ഈ രാജ്യത്തെ കള്ളപ്പണമായി ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യം നിലനിൽക്കുന്നു.

ഇവിടെ സഖാവ് തോമസ് തോട്ടം തൊഴിലാളികളുടെ കാര്യം പറഞ്ഞു. കേരളത്തിൽ കൂലി കൂടുതലാണെന്നാണ് എല്ലാ വ്യവസായികളും പറയുന്നത്. തൊട്ടടുത്ത് തമിഴ്നാട്ടിൽ ഉള്ളതിനേക്കാൾ രണ്ടുമൂന്നു രൂപയുടെ കുറവ് ഇപ്പോഴ് ഇവിടെയുണ്ട്. പുതുക്കി നിശ്ചയിക്കേണ്ട സമയം കഴിഞ്ഞുവെങ്കിലും തോട്ടം വ്യവസായത്തിലെ മിനിമം കൂലിയെപ്പററി കെ. കെ. തോമസ്സിന് എന്തെങ്കിലും പറയാനുണ്ടോ? തമിഴ് നാട്ടിലേക്കാൾ മെച്ചപ്പെട്ടതാണോ കേരളത്തിലെ കൂലി? തോട്ടം വ്യവസായത്തിലും അതാണ് സ്ഥിതി. മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ട സമയം കഴിഞ്ഞു. തൊട്ടടുത്ത സംസ്ഥാനത്തേക്കാൾ കുറഞ്ഞ കൂലി കേരളത്തിലെ തോട്ടം തൊഴിലാളികൾക്ക് നൽകുന്നു. എല്ലാ വ്യവസായങ്ങളിലും ഏറ്റവും കുറഞ്ഞ കൂലി പോലും നടപ്പിലാക്കുന്നതിന് ഈ ഗവൺമെൻറിനു ശുഷ്കാന്തിയില്ല. വർഷങ്ങൾക്കുമുൻപ് നിശ്ചയിച്ച കൂലി പുതുക്കി നിശ്ചയിക്കാനുള്ള നടപടികളില്ല. ഈ മേഖലയിലെല്ലാം പരിപൂർണ്ണമായ അരാജകത്വം നിലനിൽക്കുന്നു. സർ, ഈ കൂലിയുടെ കാര്യത്തിൽ മാത്രമാണോ, പല രംഗത്തും നമ്മുടെ സംസ്ഥാനത്ത് ദീർഘകാല കരാറുകളുണ്ടായിരുന്നു. ഗവൺമെൻറിൻറെ സമീപനം എന്താണ്? ആ കരാറുകൾ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കാനുള്ള സമീപനം ഈ ഗവൺമെൻറിനുണ്ടോ? ഇല്ലെന്നുള്ളത് ഗവൺമെൻറിൻറെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. സർ, കെ.എസ്.ആർ.ടി.സി.യിൽ ദീർഘകാലകരാറുകൾ അവസാനിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. അതുപോലെതന്നെ ഇലക്ട്രിസിറ്റി ബോർഡിലും വർഷങ്ങൾ കഴിഞ്ഞു. ഈ കരാറുകൾ പുതുക്കി നിശ്ചയിക്കാനുള്ള യാതൊരു നടപടിയും നടന്നിട്ടില്ല. അതുപോലെ മാവൂർ റയോൺസിലും സമരമുണ്ടാകാനുള്ള കാരണം, എന്താണെന്ന് നമുക്കറിയാം. കരാറുകൾ പുതുക്കി നിശ്ചയിക്കാനുള്ള സമയം കഴിഞ്ഞു. വേജസ് റിവൈസ് ചെയ്യുന്നില്ല. കിട്ടാനുള്ള ബോണസ് കൊടുക്കുന്നില്ല. അങ്ങനെ കരാർ പുതുക്കി നിശ്ചയിക്കേണ്ട സഹകാര്യമേഖലയെ അതിൻ നിർബന്ധിക്കണമെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറിൻറെ സമീപനമെന്താണ്? ഗവൺമെൻറ് നിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുള്ള സ്ഥാപനങ്ങളിലും അതു നടക്കുന്നില്ല. അങ്ങനെ നമ്മുടെ വ്യവസായങ്ങളിൽ ഇത്തരം അരാജകത്വം നിലനിൽക്കുന്നതുകൊണ്ടുള്ള സ്ഥിതിയെന്താണ്? ഗവൺമെൻറ് ഒന്നാം വാർഷികം ആഘോഷിക്കുമ്പോഴും, രണ്ടാം വാർഷികം ആഘോഷിക്കുമ്പോഴും നാലാം വാർഷികം ആഘോഷിക്കുമ്പോഴും നമ്മുടെ വ്യവസായ മേഖലയിൽ സമരങ്ങളുടെ വാർഷികം ആഘോഷിക്കുകയാണ്. മാവൂർ റയോൺസിൽ നടക്കുന്ന സമരത്തിൽ ആരൊക്കെയുണ്ട്? ആ സമരത്തിൽ കോൺഗ്രസ് (ഐ), മുഖ്യമന്ത്രിയുടെ പാർട്ടിയുണ്ട്. മുസ്ലീംലീഗുണ്ട്. പ്രതിപക്ഷ ട്രേഡു യൂണിയനുകളുണ്ട്. ഇവരെല്ലാം ഒരുമിച്ച് സമരം നടത്തുമ്പോൾ തൊഴിലാളികളുടെ ഡിമാൻറുകൾ തെറ്റാണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? 7 തവണ മുഖ്യമന്ത്രി കോൺഫറൻസ് നടത്തിയെന്നാണ് പറയുന്നത്. 7 തവണ കോൺഫറൻസ് നടത്തിയിട്ട് എന്താണുണ്ടായത്. ഈ രാജ്യത്തെ ജനങ്ങൾക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള ചിലതാണ് നടക്കുന്നത്. 7 തവണ കോൺഫറൻസ് നടത്തിയിട്ടും ഇതുവരെ മുതലാളിയേയും തൊഴിലാളി നേതാക്കളേയും ഒരുമിച്ചിരുത്തി ചർച്ച ചെയ്യാനുള്ള സാഹചര്യമുണ്ടാക്കാൻ കഴിഞ്ഞില്ലെന്നു പറഞ്ഞാൽ തൊഴിൽ മേഖലയിൽ ഈ ഗവൺമെൻറിന് എന്തു പിടിപ്പുകേടാണ്. ശ്രീ. തോമസ് പറയുന്നത് വളരെ നല്ല നിലയിൽ തൊഴിൽ രംഗം നടക്കുന്നുവെന്നാണ്. എന്നാൽ ഗവൺമെൻറിൻെറ പിടിപ്പുകേടിൻെറ ഉദാഹരണമല്ലേ ആ രംഗത്ത് കാണാൻ കഴിയുന്നത്. മാവൂർ റയോൺസിൽ സമരത്തിൻെറ ഒന്നാം വാർഷികം കഴിഞ്ഞുവെന്നു പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ മറ്റു വ്യവസായ മേഖലകളിലെ സ്ഥിതി എന്താണ്? ഇവിടെ ഭിവാൻ ഭരണത്തിൻെറ കാലഘട്ടം മുതൽ പ്രവർത്തിച്ചുവന്ന എത്രയോ ഫാക്ടറികൾ പൂട്ടിക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പൂട്ടിയിട്ടതിൻെറ നാലാം വാർഷികം കഴിഞ്ഞ എത്ര ഫാക്ടറികളാണുള്ളത്? തിരുവനന്തപുരത്ത് റബ്ബർ വർക്സ് ഉണ്ട്. പുനലൂരിൽ പേപ്പർ മില്ലുണ്ട്. ഇവിടെ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുവെന്നാണ് ഗവൺമെൻറ് പറയുന്നത്. തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുവെന്നു പറയുമ്പോൾ ചെറുകിട മേഖലയിലെ വ്യവസായങ്ങൾ ഓരോന്നായി പൂട്ടിക്കൊണ്ടിരിക്കുകയാണ്. 10 എണ്ണം തുടങ്ങുമ്പോൾ 100 എണ്ണം പൊളിഞ്ഞുവീഴുന്ന ചിത്രമാണ് കാണുന്നത്. പിന്നെ ഇവിടെ ഇലക്ട്രിസിറ്റി വകുപ്പിൻെറ ഭരണത്തിൻെറ മെച്ചംകൊണ്ട്, അല്ലെങ്കിൽ അതിൻെറ പ്രത്യേകതകൊണ്ട് പല വ്യവസായങ്ങളും നഷ്ടപ്പെടുത്തുന്ന സാഹചര്യമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതിനെ രാജ്യദ്രോഹമെന്നു പറഞ്ഞാൽ നമ്മുടെ മന്ത്രിക്ക് ഇഷ്ടപ്പെടുകയില്ല. മന്ത്രിയുടെ ഇഷ്ടം നോക്കിയൊന്നുമല്ല പറയുന്നത്. വ്യവസായ രംഗത്ത് തൊഴിലാളികൾക്ക് ഉണ്ടായിരുന്ന തൊഴിലും നഷ്ടപ്പെടുത്തുന്ന സമീപനമാണ് ഈ ഗവൺമെൻറ് എടുക്കുന്നത്.

ഇനി തൊഴിലില്ലാത്തവരുടെ പ്രശ്നത്തെക്കുറിച്ച് പറയാം. നമ്മുടെ രാജ്യത്ത് തൊഴിലില്ലാത്തവരുടെ എണ്ണം ഓരോ വർഷവും കുറച്ചുകൊണ്ടു വരുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ശ്രീ. കരുണാകരൻ ഇവിടെ മുഖ്യമന്ത്രിയായി ചാർജെടുത്ത അവസരത്തിൽ കേരളത്തിലെ ചെറുപ്പക്കാരോട് പറഞ്ഞിരുന്നതാണ്. ഇവിടത്തെ തൊഴിലില്ലായ്മ കേന്ദ്രത്തിൻെറ സഹായത്തോടുകൂടി പരിഹരിക്കാമെന്ന് പറഞ്ഞിരുന്നു. ഈ ഗവൺമെൻറ് വരുമ്പോൾ 19 ലക്ഷം തൊഴിലില്ലാത്തവരുണ്ടായിരുന്ന ഈ സംസ്ഥാനത്തിൽ, ഇപ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ള്ളവരുടെ എണ്ണം 28 ലക്ഷത്തോളമായിരിക്കയാണ്. കേരളത്തിലെ ചെറുപ്പക്കാർക്ക് ഈ ഗവൺമെൻറ് കൊടുത്ത ആശയും ആവേശവും എന്താണ്? 19 ലക്ഷം ഒരു വർഷം കഴിയുമ്പോൾ 18 ലക്ഷമാകുമെന്നും അടുത്ത വർഷം 17 ലക്ഷം ആകുമെന്നും അങ്ങനെ കേന്ദ്രത്തിൽ നിന്നും സഹായം ഒഴുക്കി തൊഴിലില്ലായ്മ പരിഹരിക്കുമെന്നുമാണ് ശ്രീ. കരുണാകരൻ പറഞ്ഞത്. ഇന്ന് ഇവിടത്തെ സ്ഥിതിയെന്താണ്? ഒരു വർഷം കഴിഞ്ഞപ്പോൾ 20 ലക്ഷമായി. രണ്ടു വർഷം കഴിഞ്ഞപ്പോൾ അതു കൂടിക്കൂടി ഇപ്പോൾ 28 ലക്ഷത്തിൽ എത്തി നിൽക്കുന്നു. കേന്ദ്രസഹായംകൊണ്ട് ലക്ഷങ്ങൾക്ക് തൊഴിൽ കൊടുക്കേണ്ട, 100 പേർക്കു തൊഴിൽ കൊടുക്കേണ്ട ഒരു വ്യവസായമെങ്കിലും കൊണ്ടുവന്ന് നമ്മുടെ സംസ്ഥാനത്തുള്ള തൊഴിലില്ലായ്മക്ക് ഒരു ചെറിയ പരിഹാരമോ, ശമനമോ ഉണ്ടാക്കാനുള്ള നടപടിപോലും ഉണ്ടാകുന്നില്ല. തൊഴിൽ ഇല്ലാത്തവരെ സംബന്ധിച്ചിടത്തോളവും തൊഴിൽ ഉള്ളവരെ സംബന്ധിച്ചിടത്തോളവും ഒരുപോലെ അപകടം ചെയ്യുന്ന, അവർക്ക് ദ്രോഹം ചെയ്യുന്ന, ഈ രംഗത്ത് പരിപൂർണ്ണമായി അരാജകത്വം മാത്രം സൃഷ്ടിക്കുന്ന ഈ ഗവൺമെൻറിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾ ആവശ്യത്തിന് ഉൽപ്പാദിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ച് ഭക്ഷ്യസാധനങ്ങൾ സംസ്ഥാനത്ത് വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഷൻകടകൾ വഴി നിത്യോപയോഗസാധനങ്ങളായ അരി, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുന്നു. റേഷൻകടകൾ ആവശ്യമുള്ള പുതിയ പുതിയ സ്ഥലങ്ങളിൽ ആളുകൾക്ക് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി പുതിയ റേഷൻകടകൾ ആരംഭിച്ച് അരി തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാക്കണം. സർ, അതുപോലെ തന്നെ ഇവിടെ മാവേലിസ്റ്റോറുകളും സൂപ്പർ മാവേലിസ്റ്റോറുകളുമുണ്ട്. ആ സ്റ്റോറുകൾവഴി നമ്മുടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകുന്നുവെന്നുള്ളത് സന്തോഷകരമായ വസ്തുതയാണ്. കൂടുതൽ കേന്ദ്രങ്ങളിൽ ഇതുപോലുള്ള മാവേലി സ്റ്റോറുകൾ ആരംഭിക്കണം. മാവേലിസ്റ്റോറുകളെ സംബന്ധിച്ചിടത്തോളം ഭക്ഷ്യസാധനങ്ങളുടെ വിതരണത്തിന് ഏർപ്പെടുത്തിയിരിക്കുന്നത് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെയാണ്. മാവേലി സ്റ്റോറുകൾ കൂടുതൽ ലാഭകരമായി നടത്തത്തക്കവിധത്തിൽ പുതിയ സംവിധാനങ്ങൾ കണ്ടുപിടിക്കണം. കൂടുതൽ മാവേലിസ്റ്റോറുകൾ ഏർപ്പെടുത്തുകയും ചെയ്യണം. ഇവിടെ പണ്ട് ആരംഭിച്ച കേരളാ സ്റ്റോറുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവ സ്വയം തൊഴിൽ കണ്ടെത്തുന്ന സ്ഥാപനമെന്ന നിലയ്ക്ക് നമ്മുടെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും മറ്റും കൊടുക്കാവുന്ന സാധനങ്ങൾ വില കുറച്ച് നൽകാവുന്ന വിധത്തിൽ നൽകുകയും നമ്മുടെ പഞ്ചായത്തുകൾ തോറും ഒന്നിലധികം കേരളാസ്റ്റോറുകൾ നടപ്പിലാക്കി സ്വയം തൊഴിൽ കണ്ടെത്താനുള്ള സംവിധാനത്തിനുപുറമെ ഭക്ഷ്യസാധനങ്ങൾ ഫലപ്രദമായി വിതരണംചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ചില

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകളുടെ ബ്രാഞ്ചുകൾ ഫലപ്രദമായി നടപ്പിലാക്കാനും അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനും ഏർപ്പാടുണ്ടാകണം. ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം എത്ര ശമ്പളം ലഭിച്ചാലും മതിയാകുന്നില്ല. അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്ന സാഹചര്യം ഒഴിവാക്കണം. ഇതുപോലുള്ള സ്റ്റോറുകൾ ഫലപ്രദമായി നടപ്പിലാക്കണമെന്ന് ഒരിക്കൽക്കൂടി സൂചിപ്പിക്കുകയാണ്. അരി, ഗോതമ്പ് എന്നി ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുവേണ്ടിയുള്ള എഫ്. സി. ഐ. യുടെ ഗോഡൗണുകൾ ആവശ്യമുള്ള പുതിയ കേന്ദ്രങ്ങളിൽ തുടങ്ങുമെന്നു പറഞ്ഞിരുന്നു. അതുസംബന്ധിച്ചുള്ള ഇൻഡ്യാ ഗവൺമെൻറിന്റെ നടപടികൾ മുന്നോട്ടുനീങ്ങി. ഈ രംഗത്ത് മുമ്പുണ്ടായിരുന്നതിന്റെ പകുതി സ്റ്റോക്ക് ചെയ്താൽ മതി, ഭാട്ടിയുടെ എണ്ണം കുറയണമെന്നെല്ലാം വന്നതിന്റെ ഫലമായി. തൽക്കാലം ആ നടപടി നിറുത്തിവച്ചിരിക്കുന്നു. എഫ്. സി. ഐ. ഗോഡൗൺ ഏറ്റുമാനൂർപോലുള്ള സ്ഥലങ്ങളിൽ, കോട്ടയം, ഇടുക്കി ജില്ലകൾക്ക് സ്റ്റോക്ക് ചെയ്യത്തക്കവിധത്തിൽ നിർമ്മിക്കാനുള്ള നടപടികൾ ഉണ്ടാകണം. സ്ഥലം കൊടുക്കുവാൻ ആളുകൾ തയ്യാറാകുന്ന സ്ഥലങ്ങളിൽ പുതിയ എഫ്. സി. ഐ. ഗോഡൗണുകൾ ആരംഭിക്കാനാവശ്യമായ സമ്മർദ്ദം ചെലുത്തിക്കൊണ്ട് ഗോഡൗണുകൾ കൂടുതലായി അനുവദിക്കണമെന്നുള്ള കാര്യം സൂചിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് തൊഴിൽരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന സമാധാനത്തെപ്പറ്റി സൂചിപ്പിച്ചു. മറുവശത്ത് തൊഴിൽരംഗത്ത് സമാധാനം ഇല്ലെന്ന് സൂചിപ്പിച്ചു. വ്യാവസായിക മേഖലയിലും, കാർഷികമേഖലയിലും തൊഴിൽ സമാധാനമുണ്ടാക്കി അവിടെ തൊഴിലാളിയും മുതലാളിയും തമ്മിലുള്ള സൗഹാർദ്ദം നിലനിറുത്തിയെങ്കിൽ മാത്രമേ പുതിയ വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവുകയുള്ളു. 19 ലക്ഷത്തിൽനിന്നും 28 ലക്ഷമായി തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവെന്ന് ഇവിടെ സൂചിപ്പിച്ചു. അങ്ങനെ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ സ്വസ്ഥാനത്തിൽ വെളിയിൽനിന്നുള്ള ആളുകൾ പണം മുടക്കണമെങ്കിൽ അതിനുള്ള സാഹചര്യം നമ്മൾ ഉണ്ടാക്കിയേ പറ്റൂ. തൊഴിലാളികളും, മുതലാളികളും, ട്രേഡ് യൂണിയൻ നേതാക്കൻമാരും, ഗവൺമെൻറും, അതിനാവശ്യമായ സൗഹാർദ്ദം നിലനിറുത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. നമ്മുടെ സ്വസ്ഥാനത്ത് കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിക്കുവാൻ ഇന്ന് ഐ. ടി. ഐ.യും ഐ. ടി. സി.യും നിലവിലുണ്ട്. ആവശ്യമായ സൗകര്യമുള്ള കേന്ദ്രങ്ങളിലെല്ലാം പുതിയ ഐ. ടി. സി.കൾ ആരംഭിക്കണം. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷമുണ്ടായ പോളിടെക്നിക് സമരത്തോടനുബന്ധിച്ച് പല ഐ. ടി. ഐ.കളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ ഇല്ലാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ഏറ്റുമാനൂർ ഐ. ടി. ഐ.യിൽതന്നെ 100-ൽപരം വിദ്യാർത്ഥികൾക്ക് ഹാജരില്ലാത്തതുകൊണ്ട് നാളെ തുടങ്ങുന്ന പരീക്ഷയ്ക്ക് ചേരാൻ ബുദ്ധിമുട്ട് വന്നിരിക്കയാണ്. സംസ്ഥാനഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, കേന്ദ്രഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള ഒരു സംയുക്ത സ്ഥാപനമാണിവയെന്നുള്ള നിലയിൽ കേന്ദ്ര അധികാരികളുമായി ബന്ധപ്പെട്ട്, ഈ കുട്ടികളുടെ മാവി അപകടത്തിലാക്കുന്ന സാഹചര്യത്തിൽ നാളെ നടക്കുന്ന പരീക്ഷ എഴുതാൻ സാധി



LIBRARY ARCHIVES Kerala Legislative Assembly

ച്ചില്ലെങ്കിലും അടുത്ത പരീക്ഷയെങ്കിലും എഴുതത്തക്കവിധത്തിൽ അവരുടെ വാശർ കുറവുമൂലമുണ്ടായിരിക്കുന്ന പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ പുതിയ നയം അനുസരിച്ച് മദ്യഷാപ്പുകൾ ആരംഭിക്കുന്നത് 400 മീറ്റർ, 200 മീറ്റർ വരെ മതസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അകലെയാക്കിയെന്നുള്ളത് ശരിയാണ്. പക്ഷേ ഇന്ന് പട്ടണപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും മദ്യഷാപ്പുകൾ ആരംഭിക്കുന്നതിനുവേണ്ടി സ്ഥലം കിട്ടാൻ ബുദ്ധിമുട്ടുണ്ട്. എവിടെയെങ്കിലും, ഏതെങ്കിലും മുനിയാവിൽക്കൊണ്ടുപോയി ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിച്ചാൽ ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് അവിടെ എത്തിച്ചേരാനും, വ്യവസായികളെ സംബന്ധിച്ചിടത്തോളം വ്യവസായം മുന്നോട്ടുകൊണ്ടുപോകാനും ബുദ്ധിമുട്ടുണ്ടെന്നേ ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ: വി. സി. കബീർ: അങ്ങു പറഞ്ഞുവരുന്നത് മദ്യപാനികളുടെ സൗകര്യത്തിനനുസരിച്ച് ഷാപ്പുകൾ അനുവദിച്ചുകൊടുക്കണമെന്നാണോ?

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, എന്നല്ല ഞാൻ പറഞ്ഞത്. ഈ സ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്താത്തിടത്തോളം കാലം, മദ്യവ്യവസായത്തിൽനിന്ന് സ്ഥാനത്തിന് വരുമാനമുണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നിടത്തോളംകാലം, തൊഴിലാളികൾക്കും മുതലാളികൾക്കുവേണ്ടി നിൽക്കുന്നയാളുകളുള്ളിടത്തോളംകാലം, ഈ സ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നയാളുകളുടെ എണ്ണം വർദ്ധിച്ചുവന്നിരിക്കുന്ന സാഹചര്യങ്ങളിൽ ഈ സ്ഥാപനം നടത്താനുള്ള സൗകര്യമുണ്ടാക്കണമെന്നുമാത്രമേ ഞാൻ സൂചിപ്പിച്ചുള്ളു. ഏതായാലും നമ്മുടെ സ്ഥാനത്തുണ്ടായിരിക്കുന്ന ഈ പ്രതിസന്ധി പരിഹരിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയായിരുന്നു. വൈപ്പിൻ, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിലുണ്ടായതുപോലെയുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻവേണ്ടി അഡൽട്ടറേഷൻ തുടങ്ങിയ കാര്യങ്ങളിൽ കർശനമായ നടപടികൾ സ്വീകരിക്കണം.

നമ്മുടെ സംസ്ഥാനത്തെ ചെറുകിടതുറമുഖങ്ങൾ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ആലപ്പുഴ, വിഴിഞ്ഞം തുടങ്ങിയ ചെറുകിട തുറമുഖങ്ങൾ വികസിപ്പിച്ചാൽ മാത്രമേ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കുകയുള്ളു. എന്നാൽ മാത്രമേ ആവശ്യമുള്ള സാധനങ്ങൾ കയറ്റുമതി ചെയ്യാനും ഇറക്കുമതി ചെയ്യാനും സാധിക്കുകയുള്ളു. ഈ ഗവൺമെന്റ് ഭക്ഷ്യസാധനങ്ങളും നിത്യോപയോഗസാധനങ്ങളും നിയന്ത്രിതവിലയ്ക്ക് വിതരണം ചെയ്യുന്നുള്ള നടപടികൾ തുടരുകയാണ്. നമ്മുടെ സംസ്ഥാനത്തെ വ്യവസായമേഖലയിൽ രൂതാഴിൽസമാധാനമുണ്ടാകേണ്ടതാണ്. ചെറുകിട സ്വയംതൊഴിൽ രംഗത്ത് ഇന്ന് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും 25,000 രൂപവരെ നൽകുന്നുണ്ട്. ആ വ്യവസായങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനുള്ള അനുകൂലമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇവിടെ ഇന്ന് ഓട്ടോറിക്ഷയ്ക്കും ബസ്സിനും ബോഡി നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

5,000 രൂപ മുതൽ 8,000 രൂപ വരെ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയതിന്റെ ഫലമായി ഇതുമായി ബന്ധപ്പെട്ട് പണം മുടക്കിയ ആളുകൾക്കായാലും ഈ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ കാര്യത്തിലായാലും പല പ്രശ്നങ്ങളും വരുന്നുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ മാറിയെടുക്കുവാൻ വേണ്ട നടപടികളുണ്ടാകണം. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയും ധൊഴിലും എക്സൈസും വകുപ്പുമന്ത്രിയും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. തൊഴിൽ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന ലേബർ ഡിപ്പാർട്ടുമെന്റിനേയും അതുപോലെതന്നെ തൊഴിൽസാദ്ധ്യതകൾ ആരായുന്നതിനുവേണ്ടിയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടേയും പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ ഇങ്ങനെയൊരു വകുപ്പ് ഫലപ്രദമായി കൊണ്ടു നടക്കാൻ കരുത്തുറ്റ ഒരു ഗവൺമെന്റ് ഇവിടെയില്ലെന്ന തോന്നലാണ് ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ എന്നെ പ്രേരിപ്പിക്കുന്ന വികാരം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ തൊഴിൽസമാധാനം നിലനിൽക്കുന്നു; തൊഴിൽത്തർക്കങ്ങൾ താരതമ്യേന ഇല്ലാതായിരിക്കുന്നു എന്നൊക്കെയുള്ള പൊള്ളയായ അവകാശവാദങ്ങളുന്നയിച്ചുകൊണ്ടാണ് ഗവൺമെന്റ് ജനങ്ങളുടെ മുന്നിൽ നിൽക്കുന്നത്. ഓരോ ജില്ലയിലേയും തൊഴിൽസമരങ്ങളുടെ കണക്കുകളും തൊഴിൽ സമരങ്ങൾ തൊഴിലാളികൾക്കനുകൂലമായ തീർപ്പുണ്ടാക്കി പരിഹരിക്കുന്നതിൽ ഗവൺമെന്റും ബന്ധപ്പെട്ട കൺസിലിയേഷൻ വിഭാഗവും നടത്തുന്ന ശ്രമങ്ങളും വസ്തുനിഷ്ഠമായി പരിശോധിച്ച് നോക്കിയാൽ കറുത്തിരുണ്ട ഒരു ചിത്രമാണുള്ളതെന്ന് ആർക്കും ബോദ്ധ്യമാകും. ഞാൻ ഉദാഹരണങ്ങൾ പരത്തിപ്പറയുന്നില്ല. മലബാറിന്റെ സിരാകേന്ദ്രമായ കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ ഒരു വർഷമായി ഒരു സമരം നടന്നുവരുന്നു. പലപ്പോഴായി ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ള ഒരു പ്രശ്നമാണത്. മാവൂർ ഗ്വാളിയോർ റയോൺസ്. ഒരു വർഷം നീണ്ട സമരമാണ് അവിടത്തേത്. ഒരുപക്ഷേ സമീപകാല കേരളചരിത്രത്തിലൊന്നും ഇത്രയും ദീർഘമേറിയ ഒരു സമരം നടന്നിട്ടുണ്ടാകുകയില്ല. കൺസിലിയേഷൻ ഡിപ്പാർട്ടുമെന്റിനോ ഗവൺമെന്റിനോ ഇതുമായി ബന്ധപ്പെട്ട ആളുകൾക്കോ മുതലാളിയേയും തൊഴിലാളിയേയും ഒരു മേശയ്ക്ക് ചുറ്റുമിരുത്തി കർക്കശമായ ഒരു തീരുമാനമെടുക്കുവാനും, അങ്ങനെ ആ വ്യവസായ സ്ഥാപനം തുറപ്പിച്ച് പ്രവർത്തനം ആരംഭിക്കുവാനും കഴിഞ്ഞിട്ടില്ല എന്നുള്ള യാഥാർത്ഥ്യം ഭരണകക്ഷിക്കും പ്രതിപക്ഷകക്ഷിക്കും നിഷേധിക്കാനാകുകയില്ല. കോഴിക്കോടുതന്നെയുള്ള വേറൊരു ഉദാഹരണവും ഞാൻ പറയാം. കോമൺവെൽത്ത് ടെക്സ്റ്റൈൽസിൽ കഴിഞ്ഞ 100 ദിവസമായി ഒരു സമരം നടക്കുന്നു. ഗവൺമെന്റിന് വേണമെങ്കിൽ അവരെ വിളിച്ചു; സംസാരിച്ചു; എന്നൊക്കെ പറയാം. ഇത്രയും ദീർഘമേറിയ ഒരു സമരം അവിടെയുണ്ടായിട്ടും നാളിതുവരെ സമരത്തിന് അന്തിമമായ ഒരു തീർപ്പുണ്ടാക്കി ആ സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. കോഴിക്കോട് ജില്ലയിൽത്തന്നെയുള്ള കുന്നത്തുറ ടെക്സ്റ്റൈൽസിലെ തൊഴിലാളികൾ എത്രയോ കാലമായി ആ വ്യവസായസ്ഥാപനം തുറന്ന് അവർക്ക് ജോലി ലഭ്യമാക്കണമെന്നും അതിലൂടെ ജീവിതസാഹചര്യമുണ്ടാക്കണമെന്നും ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടുകൊണ്ട് സമരരംഗത്താണ്. ഗവൺമെൻറിന് അന്തിമമായി എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിഞ്ഞോ? ഇങ്ങനെനോക്കിയാൽ ഈ പട്ടിക ഒരുപാട് നീണ്ടുപോകും. ഒരു ജില്ലയ്ക്കകത്തുമാത്രം നില നിൽക്കുന്ന സമരങ്ങളുടെ ദയനീയമായ ചിത്രമാണ് ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിച്ചത്. ഇതുപോലെയുള്ള നൂറുനൂറു ഉദാഹരണങ്ങളും ഓരോ ജില്ലയിലും തൊഴിൽമേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് ചൂണ്ടിക്കാണിക്കുവാനുള്ളപ്പോൾ, തൊഴിൽമേഖലയിൽ സംതൃപ്തിയുണ്ടാക്കിയ ഒരു നയം സ്വീകരിക്കുവാൻ ഐക്യജനാധിപത്യമുന്നണി സർക്കാരിനു കഴിഞ്ഞുവെന്ന പൊള്ളയായ അവകാശവാദമുന്നയിക്കുന്ന ഒരു സർക്കാർ അവർക്കുവേണ്ടി കൊണ്ടുവരുന്ന ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ ഒരു കാരണവശാലും സാദ്ധ്യമല്ല. മലബാറിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ബീഡിവ്യവസായം. ബീഡിത്തൊഴിലാളികൾ കഴിഞ്ഞ കുറെക്കാലമായി അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമരരംഗത്താണ്. തൊഴിൽവകുപ്പു മന്ത്രിയേയും, മുഖ്യമന്ത്രിയേയും അവർ കണ്ടു. നിരവധി സമരങ്ങൾ അവർ നടത്തി. മാന്യമായ ഒരു ഒത്തുതീർപ്പുണ്ടാക്കി അവരുടെ ജീവിതപ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള അവരുടെ പോരാട്ടങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാരിന് ഇന്നുവരെ കഴിഞ്ഞിട്ടില്ല. കൊല്ലത്തെ കശുവണ്ടിവ്യവസായത്തിൻറെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. അങ്ങനെ സംസ്ഥാനത്തെ വിവിധ മേഖലകളിലെ ഭൂരിപക്ഷം തൊഴിലാളികളെ ബാധിക്കുന്ന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനാവാതെ അതിൻറെ മൂർദ്ധന്യത്തിലെത്തിയിരിക്കുന്ന ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ കാര്യം പറയുകയാണെങ്കിൽ, തെറ്റിദ്ധരിച്ചോ അല്ലാതെയോ ഈ സംസ്ഥാനത്തെ ബഹുലക്ഷം ചെറുപ്പക്കാർ അവരുടെ സ്വപ്നങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലൂടെ വിരിയുമെന്നുധരിച്ചു. പരീക്ഷ പാസ്സായവർ, ഡിഗ്രിയെടുത്തവർ അങ്ങനെ ഓരോ ഘട്ടങ്ങളിലായി വിദ്യാഭ്യാസം പൂർത്തീകരിച്ച ഇരുപത്തിയഞ്ചോ ഇരുപത്തിയെട്ടോ ലക്ഷം പേർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ അഭയം പ്രാപിച്ചു. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ഇന്നു അഭിമാനാർഹമായി നടക്കുന്നുണ്ടെന്നു അവകാശപ്പെടാൻ അതിൻറെ വകുപ്പുമേലദ്ധ്യക്ഷൻമാർക്ക് കഴിയുമോ? ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. മൂസ്സക്കുട്ടി ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. 1980-81-ൽ 19 ശതമാനം പേർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന അഡ്വൈസ് മെമ്മോ കിട്ടിയിരുന്നു. പക്ഷേ 1984-85 ആകുമ്പോഴേക്കും അത് ചുരുങ്ങിച്ചുരുങ്ങി 6 ശതമാനവും 5 ശതമാനവും ആയി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുകയും, തൊഴിൽസാദ്ധ്യത വർദ്ധിച്ചതിൻറെ ഫലമായി തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയുകയും ചെയ്തു എന്നുള്ള ആ അവകാശവാദത്തെ വെല്ലുവിളിച്ചുകൊണ്ടുള്ള നിരവധി കണക്കുകൾ എൻറെ മുമ്പിലുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കണമെന്ന് കേരളാഗവൺമെൻറ് 1978-ൽ തീരുമാനിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

1979-ൽ ജില്ലാതല അഡ്വൈസറി കമ്മിറ്റികൾ ഉണ്ടാക്കി. ആ കമ്മിറ്റികളുടെ കാലാവധി 2 വർഷമായിരുന്നു. 1981-ലാണ് ആ കമ്മിറ്റിയുടെ കാലാവധി അവസാനിച്ചത്. എന്നാൽ ഇന്നുവരെ അത് പുനഃസംഘടിപ്പിച്ചിട്ടില്ല. 1981-ലാണ് സംസ്ഥാന നിലവാരത്തിൽ അതിനുവേണ്ടി ഒരു കമ്മിറ്റിയുണ്ടാക്കണമെന്നുപറഞ്ഞത്. 2 വർഷമായിരുന്നു അതിന്റേയും കാലാവധി. അതിന്റെ കാലാവധി അവസാനിച്ചു. ആ അഡ്വൈസറി കമ്മിറ്റികൾ ഇന്നു നിലവിലില്ല. ഇക്കാലമത്രയുമായിട്ടും അതൊന്നു പുനഃസംഘടിപ്പിക്കുകയെന്ന എറ്റവും അയത്നലളിതമായ ഒരു ജോലിപോലും ചെയ്യാനുള്ള കഴിവോ തന്റേടമോ താൽപ്പര്യമോ പ്രകടിപ്പിക്കാത്ത ഒരു വകുപ്പും മന്ത്രിയുമാണ് ഇവിടെയിരിക്കുന്നത്.

സഹകാര്യസ്ഥാപനങ്ങളിലും പൊതുമേഖലാസ്ഥാപനങ്ങളിലും ജോലി ഒഴിവുണ്ടാകുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന് പറയുന്നു. നാളിതുവരെ ആ കർശനമായ ഉത്തരവ് പാലിക്കാൻ ഈ സംസ്ഥാനത്തിലെ തൊഴിലുടമകളോ, വ്യവസായസ്ഥാപനങ്ങളെ നടത്തുന്നവരോ തയ്യാറായിട്ടുണ്ടോ? അങ്ങനെയുള്ളവരുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ വരെ എടുക്കാനുള്ള അധികാരം ഈ സംസ്ഥാനത്തിൽ നിലവിലുണ്ടെങ്കിൽ പോലും ആ അധികാരം ഉപയോഗിക്കാൻ ഒരിക്കലും ഈ സർക്കാർ തയ്യാറായിട്ടില്ല. തൊഴിലുടമകളെ അവരുടെ ഇഷ്ടംപോലെ ആളുകളെ നിയമിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സീനിയോറിറ്റി മറികടന്നുകൊണ്ട് അവർക്ക് തൽപ്പര്യമുള്ള ആളുകളെ നിശ്ചയിക്കുന്നു. അതുപോലെതന്നെ പൊതുമേഖലാസ്ഥാപനങ്ങളെ പോലും ഈ ആക്ഷേപത്തിൽ നിന്നും അതീതമല്ലെന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുമ്പോൾ ഈ എംപ്ലോയ്മെന്റ്, എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ഇതേ രൂപത്തിൽ വളർത്തേണ്ടതുണ്ടോ? ഇങ്ങനെ വളർത്തുന്നതുകൊണ്ട് ജോലി അന്വേഷിച്ച് ഹതഭാഗ്യരായി നടക്കുന്ന ഈ രാജ്യത്തിലെ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് എന്തെങ്കിലും, മെച്ചം ഉണ്ടാകുമോ? അങ്ങനെ മെച്ചമുണ്ടാക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ ഈ പ്രവർത്തനങ്ങൾ എങ്ങനെയാണ് മെച്ചപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുക എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഗവൺമെന്റ്, ആലോചിക്കേണ്ടതായിട്ടുണ്ട്. അതുപോലത്തന്നെ പി. എസ്. സി. യെക്കുറിച്ചും നമുക്ക് ധാരാളം പ്രതീക്ഷകളുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഇന്ന് ചെറുപ്പക്കാരായ തൊഴിൽ അന്വേഷകർക്ക് ഒരു ശാപമായി അവരുടെ മുമ്പിലുള്ള ഏറ്റവും വലിയ ഒരു ദുർഭൂതമായി മാറിയിട്ടുണ്ട്. എത്രയെത്ര റാങ്ക് ലിസ്റ്റുകളാണ് കാലഹരണപ്പെട്ട് പോയിട്ടുള്ളത്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിൽനിന്നും അപേക്ഷകൾ സ്വീകരിക്കും. റാങ്ക് ലിസ്റ്റ് തയ്യാറാക്കും. ആയിരക്കണക്കിന് ആളുകളുടെ പേരുൾപ്പെടുന്ന റാങ്ക് ലിസ്റ്റിൽനിന്ന് ഒരാളെപ്പോലും നിയമിക്കാതെ ആ റാങ്ക് ലിസ്റ്റ് കാലഹരണപ്പെട്ടുപോകും. ഒരു ക്രൂരവിനോദമെന്നപോലെ വീണ്ടും അപേക്ഷ ക്ഷണിക്കും. വീണ്ടും അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റുണ്ടാക്കും. ആ റാങ്ക് ലിസ്റ്റും കാലഹരണപ്പെട്ടുപോകും. അങ്ങനെ ഒരു തൊഴിലിനുവേണ്ടി കേഴുന്ന ലക്ഷങ്ങളുടെ പ്രതീക്ഷകൾ വാടിക്കരിഞ്ഞു പോകുന്നതിന് മാപ്പുസാക്ഷിയായി നിൽക്കുന്ന ഒരു കേന്ദ്രമായി പബ്ലിക് സർവ്വീസ് കമ്മീഷൻ മാറുമ്പോൾ തൊഴിലില്ലാത്ത ചെറുപ്പ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരുടെ മോഹമാണ് ഇവിടെ കരിഞ്ഞുവീഴുന്നത് എന്ന് കാണാനുള്ള സൻമനസ്സുപോലും ഈ സർക്കാരിനില്ല. പി. എസ്. സി. റാങ്ക് ഹോൾഡേഴ്സിന്റെ പ്രശ്നം അപ്പോഴപ്പോഴായി ഈ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതല്ലെങ്കിൽപ്പോലും തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ജീവൽ പ്രശ്നമെന്ന നിലയിൽ ആ പ്രശ്നത്തിന് ഒരു സജീവ താൽപ്പര്യമെടുക്കുന്നതിന് വേണ്ടി വകുപ്പുമന്ത്രിക്കോ ഗവൺമെൻറിനോ ഇന്നേവരെ സാധിച്ചിട്ടില്ല. അവരുടെ ആക്ഷേപങ്ങൾക്കും അവരുടെ ആവലാതികൾക്കും പരിഹാരം ഉണ്ടാക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

അടുത്തതായി എക്സൈസ് വകുപ്പുമന്ത്രിയുടെ കാര്യമാണ്. എക്സൈസ് വകുപ്പിനെക്കുറിച്ചുള്ള ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ നിർഭാഗ്യകരമായ ഒരു അവസ്ഥാവിശേഷം കാണിയുണ്ട്. ആ നിർഭാഗ്യകരമായ അവസ്ഥാവിശേഷം എന്നു പറയുന്നത് ഇന്നലെവരെ ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രി ഇന്ന് ആ സ്ഥാനത്തില്ല എന്നതാണ്. അദ്ദേഹം പുറത്ത് പോകേണ്ടിവന്ന സാഹചര്യം എന്താണ്? ഇത് ഈ നിയമസഭയിലെ എല്ലാ അംഗങ്ങൾക്കും അറിയാം. അദ്ദേഹം ആ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ അവിഹിതമായി പെരുമാറിയതിന്റെ ഫലമായി തെറ്റായ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെ ഫലമായി കേരളനിയമസഭതന്നെ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ഒരു അഴിമതി നിരോധന കമ്മീഷന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിക്ക് തന്റെ സ്ഥാനം രാജിവയ്ക്കേണ്ടിവന്നത്. ഇതിൽ കൂടുതൽ ആ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ അഴിമതിയുണ്ടെന്നു ഞാൻ ആക്ഷേപിക്കേണ്ടതുണ്ടോ? ആ വകുപ്പിന്റെ പ്രവർത്തനങ്ങൾ അടിമുടി തെറ്റാണെന്ന് ഞാൻ ആക്ഷേപിക്കേണ്ടതുണ്ടോ? ആ വകുപ്പിന്റെ തലപ്പത്ത് ഇന്ന് ശ്രീ. ശിവദാസൻ കയറിയിരിക്കുകയാണ്. സർ, ശിവദാസൻ കയറിയിരുന്നപ്പോഴും ആ വകുപ്പിന്റെ കീഴിൽ നടക്കുന്ന നാനാതരം പ്രവർത്തനങ്ങൾ, നടക്കേണ്ടിയിരുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ? ഇപ്പോഴും ലൈസൻസ് കിട്ടുന്നതും ലൈസൻസ് ട്രാൻസ്ഫർ ചെയ്യുന്നതും തെറ്റായ നിഗമനങ്ങളുടെ അടിസ്ഥാനത്തിലാണ്; ആരുടെയൊക്കെയോ ശുപാർശയുടെ അടിസ്ഥാനത്തിലാണ്; ഉദ്യോഗസ്ഥൻമാർപോലും, പലപ്പോഴും ഇത്തരം ആളുകളുടെ താൽപ്പര്യത്തിന് കൂട്ടുനിൽക്കുന്നു എന്ന ആക്ഷേപങ്ങൾ ഉയർന്നുവരുന്നു. ഇവ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടാൽ പോലും അദ്ദേഹത്തിന് ഒരു നടപടിയെടുക്കാൻ കഴിയുന്നില്ല. പക്ഷേ എന്തുകൊണ്ട് കഴിയുന്നില്ല; സാദ്ധ്യമല്ലാത്ത വിധത്തിൽ അദ്ദേഹത്തിന്റെ കൈകളെ ആരാണ് വരിഞ്ഞുമുറുക്കുന്നത്. അങ്ങനെയുള്ള ഒരു സാഹചര്യം ഈ സംസ്ഥാനത്ത് നിലവിലുണ്ടെന്നു മാത്രമേ ഞാൻ ആ വകുപ്പിനെക്കുറിച്ച് പറയുന്നുള്ളൂ.

സർ, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി, അദ്ദേഹം ഇന്ന് ഒരു വിവാദപുരുഷനാണ്. പല കാരണങ്ങളാൽ അദ്ദേഹം ഒരു വിവാദപുരുഷനാണ്. ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ലേഖനപരമ്പരതന്നെ ഈ സംസ്ഥാനത്തിലെ വർത്തമാനപത്രങ്ങൾ പുറത്തുകൊണ്ടുവന്നു. മന്ത്രിക്കും, ഗവൺമെൻറിനും, ഒരു കൂസലുമില്ല. അവിടെയെല്ലാം കാര്യങ്ങൾ ഭംഗിയായി നടക്കുന്നുവെന്ന് ആശ്വസി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനാണ് വകുപ്പുമന്ത്രി ശ്രമിക്കുന്നത്. സർ, ഏറ്റവും ഒടുവിൽ അരിയുടെ മൊത്തവ്യാപാരം: ഫുഡ് കോർപ്പറേഷൻ ഇന്നലെവരെ നടത്തിയിരുന്ന അരിയുടെ മൊത്തവ്യാപാരം; സഹകാര്യവ്യക്തികളെ ഏൽപ്പിക്കുന്നതിനുവേണ്ടിയുള്ള നീക്കമുണ്ടായി. ആ നീക്കം ഇന്ന് എവിടെ നിൽക്കുന്നുവെന്ന് ഇവിടെ പല വ്യക്തികളും സൂചിപ്പിച്ചിട്ടുണ്ട്. ആ പ്രശ്നത്തൊട്ട് ഏതുകാര്യം എടുത്തുനോക്കിയാലും സിവിൽ സപ്ലൈസ് വകുപ്പ് എത്രത്തോളം മോശമായ നിലയിൽ പ്രവർത്തിക്കുന്നുവെന്ന് കാണാൻ പ്രയാസമില്ല. ഈ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും ഭക്ഷ്യ വകുപ്പിന്റെയും കീഴിൽ പ്രവർത്തിക്കുന്ന നിരവധി ന്യായവില ഷോപ്പുകളും, മാവേലി സ്റ്റോറുകളും എല്ലാം ഒരു സദുദ്ദേശത്തോടുകൂടിയാണ് തുടങ്ങിയത്. അതിന്റെ പ്രധാന ഉദ്ദേശ്യം മാർക്കറ്റിൽ വിലനിലവാരം പിടിച്ചു നിർത്തുകയെന്നതായിരുന്നു. ഈ വകുപ്പിന്റെ കഴിഞ്ഞ ചുരുങ്ങിയ കാലഘട്ടത്തെ പ്രവർത്തനങ്ങൾകൊണ്ട് കുതിച്ചുകയറുന്ന വില, നിലവാരം പിടിച്ചുനിർത്തുന്നതിൽ വിജയം വരിച്ചിട്ടുണ്ടോ; അല്ല പരാജയപ്പെട്ടിട്ടുണ്ടോ? അങ്ങനെ ഒരു ആത്മപരിശോധന നടത്താൻ ബഹുമാന്യനായ മന്ത്രി ബീരാൻ ശ്രമിക്കുമെങ്കിൽ തന്റെ ഈ വകുപ്പിന്റെ, ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനംകൊണ്ട് വില നിലവാരം പിടിച്ചുനിർത്താൻ സാധിച്ചിട്ടില്ലെന്ന് ബോദ്ധ്യമാകും. മാസാമാസം ഓരോ ജില്ലാ ഓഫീസുകളിലും ലഭിക്കുന്ന മാർക്കറ്റ് നിലവാരത്തെപ്പറ്റിയുള്ള റിപ്പോർട്ടുകൾ എം. എൽ. എ. മാരുടെ കൈയിൽ ലഭിക്കുന്നുണ്ട്. ആ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത് വിലനിലവാരം കുതിച്ചുകയറുന്നുവെന്നാണ്. ഈ തരത്തിൽ ജനങ്ങളെ സഹായിക്കാനാകാത്ത, യുവാക്കളെ സഹായിക്കാൻ കഴിയാത്ത ജനങ്ങളുടെയും, യുവാക്കളുടെയും ജീവൽ പ്രശ്നത്തിന് മുമ്പിൽ ഒരു അനങ്ങാപ്പാറ നയം സ്വീകരിക്കുന്ന ഈ സർക്കാർ കൊണ്ടുവന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രത്യേകിച്ച് തൊഴിൽരംഗത്തെക്കുറിച്ച് പറയുമ്പോൾ ഈ സഭയിൽ സംസാരിച്ച ബഹുമാനപ്പെട്ട പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ ഒരു വർഷവും പതിനാല് ദിവസവുമായി പൂട്ടിക്കിടക്കുന്ന മാവൂർ ഗ്വാളിയോർ റയോൺസ് തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ ശക്തിയായ നടപടികൾ എടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇത് സംബന്ധിച്ച് ഈ സഭയിൽ രണ്ട് സബ്മിഷൻ ഞാൻ ഇതിനു മുൻപ് ഉന്നയിച്ചിരുന്നു. അവിടെ പട്ടിണി മരണങ്ങൾപോലും സംഭവിക്കുമോയെന്ന സംശയം ഞാൻ ഈ സഭയിൽ പ്രകടിപ്പിച്ചിരുന്നു. അതുപോലും മാവൂരിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ പ്രധാനമായ പത്രങ്ങൾ ഞാനിവിടെ ഹാജരാക്കുന്നു, "മാവൂർ ജനജീവിതം നിലച്ചിട്ട് ഒരു വർഷം തികയുന്നുവെന്ന് കേരളകൗമുദി പ്രസിദ്ധീകരിച്ച ഫീച്ചറും", "മാവൂർ റയോൺസിൽ അപകടമല്ല ആത്മഹത്യയാണ്, ഒരു കൊല്ലം പിന്നിട്ട ദുരന്താനുഭവങ്ങൾ നിഴലിച്ചുനിൽക്കുന്ന മാവൂരിൽ രണ്ടു മാസത്തിനിടയിൽ രണ്ടുപേർ ആത്മഹത്യചെയ്തുവെന്ന്" മലയാള മനോരമയുടെ റിപ്പോർട്ടും, "മാവൂർ സമരത്തിൽപ്പോലും അർത്ഥമില്ലാതായി" എന്ന് മാതൃഭൂമിയുടെ റിപ്പോർട്ടും, "ഈ സമരം തീരാൻ ഇനി എത്ര തൊഴിലാളികൾ ആത്മഹത്യചെയ്യണമെന്ന്" കാലിക്കറ്റ് ടൈംസിലെ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടും ഈ സംസ്ഥാനത്ത് ഇത് സംബന്ധിച്ച് ഉയർന്ന് നിൽക്കുന്ന ജനവികാരത്തിന്റെ മുഖമുദ്രയായി ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. മാവൂർ റയോൺസിലെ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ അവിടെ തൊഴിൽ പ്രശ്നം നിലനിൽക്കുന്നുണ്ട്. അതോടൊപ്പം തന്നെ ആ വ്യവസായത്തിന്റെ പ്രതിസന്ധിയും കൂടി പരിശോധിക്കേണ്ടത് ആവശ്യമാണ്. ഇന്ന് രാവിലെ ഈ സഭയിൽ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി മാവൂർ ഗ്വാളിയോർ റയോൺസിലെ അസംസ്കൃത പദാർത്ഥങ്ങളെ സംബന്ധിച്ചും, അതിന്റെ ലഭ്യതയില്ലായ്മയെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് മറുപടി പറയുകയുണ്ടായി. അദ്ദേഹം ഒരു കാര്യം പറഞ്ഞു മാവൂർ റയോൺസിൽ ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കൊടുക്കുന്നുണ്ട് ഗവൺമെന്റ് തീരുമാനിക്കുന്ന വിലയ്ക്കെടുക്കാൻ അവർ ബാദ്ധ്യസ്ഥമാണെന്നും പറയുകയുണ്ടായി. സർ, ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അവർക്ക് ആവശ്യമായിട്ടുള്ള അസംസ്കൃത പദാർത്ഥങ്ങൾ കൊടുക്കുന്നുവെന്ന് പറയുന്നതിനെ ഞാൻ ചോദ്യം ചെയ്യുകയല്ല. കേരളത്തിലെ കഴിഞ്ഞ 25 കൊല്ലത്തെ സാമ്പത്തിക രംഗത്തെ ഏറ്റക്കുറച്ചിലുകളെപ്പറ്റിയും 2000 എ.ഡി. വരെ കേരളത്തിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ചും പഠിച്ച് രൂപരേഖ തയ്യാറാക്കാൻ പ്ലാനിംഗ് കമ്മീഷൻ നിയമിച്ച ഹൈ ലെവൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ മാവൂർ റയോൺസിന് ആവശ്യമായ അസംസ്കൃത പദാർത്ഥം കൊടുത്തിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ അവയുടെ വിലയെക്കുറിച്ചും. സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള കണക്ക് പ്രകാരം നിയമപ്രകാരമുള്ള 413ക. വിലയായി അവർ കൊടുക്കണമെന്നാണ് പറഞ്ഞത്. വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് ഒരു ടണ്ണിന് 11ക. വച്ച് കൊടുക്കുന്നു. പൊതുമേഖലയ്ക്ക് സൗജന്യം കൊടുക്കുന്നതിന് ഞാൻ എതിരല്ല. നമ്മുടെ രാജ്യത്ത് അത് ആവശ്യമാണ്. സഹകാര്യ മേഖലയ്ക്ക് വമ്പിച്ച തോതിലുള്ള സൗജന്യം വാരിക്കോരി കൊടുക്കണമെന്നും ഞാൻ പറയുന്നില്ല: പക്ഷേ നമ്മുടേതുപോലുള്ള സമ്മിശ്രമായ ഒരു സമ്പദ് ഘടനയിൽ ഒരുഭാഗം പൊതുമേഖലാ വ്യവസായവും സഹകാര്യ മേഖലാ വ്യവസായവും തമ്മിൽ 11 ഉറുപ്പികയും 413 ഉറുപ്പികയും തമ്മിലുള്ള അന്തരം ശാസ്ത്രീയമല്ല എന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അവർക്ക് സൗജന്യം കൊടുക്കണമെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും പരിശോധിക്കണം അവർ പറഞ്ഞത് ശരിയാണോ എന്ന്. ശരിയല്ലെങ്കിൽ അതിന് നടപടിയെടുക്കണം. ശരിയാണെങ്കിലോ വ്യവസായത്തിന്റെ നിലനിൽപ്പിനുവേണ്ടി ന്യായമായ വിധത്തിൽ വില വസൂലാക്കി അവർക്ക് അസംസ്കൃത പദാർത്ഥം കൊടുക്കണം. അങ്ങനെ തൊഴിലാളികളെ രക്ഷിക്കണം. അയ്യായിരം തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ്. സെൻട്രൽ എക്സൈസിന് അഞ്ചു കോടി ഉറുപ്പികയും. സംസ്ഥാന ഗവൺമെന്റിന് നാലു ലക്ഷത്തോളം ഉറുപ്പികയും നഷ്ടമായിട്ടുണ്ട്. ജനങ്ങൾ അത്രയും ബുദ്ധിമുട്ടിലാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തിരമായി നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഫോറസ്റ്റ് വകുപ്പുമന്ത്രിയും, വ്യവസായവകുപ്പുമന്ത്രിയും, തൊഴിൽ വകുപ്പുമന്ത്രിയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമെല്ലാം കൂടിയിരുന്ന് ആ പട്ടിണി കിടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ രക്ഷിക്കാൻ ഇനിയും ആത്മഹത്യയില്ലാതാക്കാനുള്ള നടപടിയെടുക്കണമെന്ന് വിനയപൂർവം ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്.

സർ, സംസ്ഥാനത്തിലെ തൊഴിൽ രംഗത്തെക്കുറിച്ച് ഇവിടെ വന്നിച്ച തോതിലുള്ള ചില വിവാദങ്ങൾ ഉയർത്തിവിട്ടു. ഇവിടെ സമാധാനമില്ല, ഇവിടെ നേട്ടങ്ങൾ ഉണ്ടായിട്ടില്ല എന്നൊക്കെ പല അംഗങ്ങളും പറയുന്നത് കേട്ടു. കേരളത്തിൽ ഐശ്വര്യസമ്പൂർണ്ണമായ ഒരു തൊഴിൽ ബന്ധം നിലനിൽക്കുന്നു എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. ഇവിടത്തെ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ പരിരക്ഷിക്കപ്പെടുന്നു എന്നും ഞാൻ അവകാശപ്പെടുന്നില്ല. എന്നാൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഉണ്ടായിട്ടുള്ള ചില മാറ്റങ്ങൾ നമ്മുടെ രാജ്യത്തിലെ തൊഴിലാളികൾക്ക് അനുഗ്രഹമായിട്ടുണ്ടെന്നുള്ള കാര്യം നിഷേധിക്കാൻ പറ്റില്ല. 1985-ലെ കേന്ദ്ര ബഡ്ജറിനെ തുടർന്നുവന്നിട്ടുള്ള ചില നീക്കങ്ങൾ, തൊഴിലാളികൾക്ക് കിട്ടിയ ആശ്വാസം തീർച്ചയായും, കേരളത്തിലെ തൊഴിലാളികൾക്കും ബാധകമായിത്തീരും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ബോണസ് കണക്കുകൂട്ടൽ പരിധി 750 രൂപയിൽനിന്ന് 1600 രൂപവരെയായി ഉയർത്തിയതും ബോണസ് ലഭിക്കാൻ അർഹതയുള്ളവരുടെ ശമ്പളം 1600 രൂപയിൽ നിന്ന് 2500 രൂപയായി മാറ്റിയതും ഗ്രാറ്റുവിറ്റിയുടെ ആകെ മൊത്ത സംഖ്യ 36,000 രൂപയിൽ നിന്നും 50,000 രൂപയാക്കി ഉയർത്തിയതും റിട്രെൻച്ചുമെന്റു കോമ്പൻസേഷനു നൽകുന്ന ആദായനികുതിയിളവ് 20,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചതും ഈ രാജ്യത്തെ തൊഴിലാളിക്ക് നൽകുന്ന ആശ്വാസമാണ്. അതിന്റെ അലയടികൾ കേരളത്തിലെ തൊഴിലാളിക്കും ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെതന്നെ രാഷ്ട്രീയ പുനർനിർമ്മാണ പ്രക്രിയയിൽ വില്പപ്പെട്ട സംഭാവനകൾ നൽകുന്ന തൊഴിലാളികൾക്ക് ദേശീയ അവാർഡ് പ്രഖ്യാപിച്ചതും, ആറു രൂപയിൽ കുറഞ്ഞ വരുമാനമുള്ളവരെ ഇ. എസ്. ഐ. പദ്ധതിയിൽനിന്നും ഒഴിവാക്കിയതും, വ്യവസായ മാന്ദ്യം ബാധിച്ച സ്ഥാപനങ്ങളെ അതിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി സിക്ക് ഇൻഡസ്ട്രിയൽ സ്പെഷ്യൽ പ്രൊവിഷൻ ആക്ട് പാസാക്കിയതും എല്ലാം തീർച്ചയായും ഈ രാജ്യത്തെ തൊഴിലാളികൾക്ക് ആശ്വാസകരമാണ്. അതിന്റെ അലയടികൾ കേരളത്തിലും ഉണ്ടാകും. പതിനാലാം കൊല്ലത്തെ ഇടവേളയ്ക്ക് ശേഷം ഇൻഡ്യൻ ലേബർ കോൺഗ്രസ് വിളിച്ചുകൂട്ടി. ഇൻഡ്യയിലെ വ്യാവസായിക പ്രശ്നങ്ങൾ സമഗ്രമായി ചർച്ച ചെയ്തു. ഇൻഡ്യയിലെ തൊഴിലാളിപ്രവർത്തനങ്ങൾക്ക് ആവേശമുണ്ടാക്കുന്ന ശുപാർശകൾ ഐ. എൽ. സി. മുന്നോട്ടു വച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള കാര്യം, തൊഴിൽത്തർക്ക പരിഹാര നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നകാര്യം, വ്യവസായത്തിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അടക്കമുള്ള തൊഴിലാളിപ്രതിനിധികൾക്ക്, ഫണ്ട് കൊടുക്കുന്ന കാര്യം, ദേശീയവേതന നയം, തൊഴിലാളികൾക്ക് എന്ന ലക്ഷ്യത്തിലേയ്ക്ക് രാജ്യത്തെ കൊണ്ടുപോകുന്നതിനുപകരിക്കുന്ന വിധം താൽക്കാലികമായിട്ടെങ്കിലും, ഒരു റിജണൽ വേജ് പോളിസി ഉണ്ടാക്കുകയെന്നകാര്യം, കാലികജീവിതസൂചികയ്ക്ക് അനുസരിച്ച് മിനിമം വേജസ് പുതുക്കുകയെന്ന



LIBRARY ARCHIVES Kerala Legislative Assembly

കാര്യം പ്രോവിഡന്റ് ഫണ്ടിന്റെ വിഹിതം പത്തുശതമാനമാക്കി വർദ്ധിപ്പിക്കുകയെന്നകാര്യം ഇതെല്ലാം ദേശീയതലത്തിൽ നടക്കുമ്പോഴും തീർച്ചയായും നമ്മുടെ സംസ്ഥാനത്തിലെ തൊഴിലാളിക്കും അതിന്റെ ആശ്വാസം ലഭിക്കും എന്നുള്ളതാണ്. ദേശീയതലത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾക്ക് ശക്തികൂട്ടുന്ന വിധത്തിൽ നാം നമ്മുടേതായിട്ടുള്ള ചെറിയ സംഭാവനകൾ ചെയ്തിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്. നാം തുടർന്നുവരുന്ന കർഷക തൊഴിലാളി പെൻഷനും, കേരള വർക്കേഴ്സ് വെൽഫെയർ ഫണ്ടും, കേരള കൈത്തറി തൊഴിലാളി ക്ഷേമപദ്ധതിയും, കേരള കശുവണ്ടി തൊഴിലാളി ക്ഷേമപദ്ധതിയും, കേരള കൺസ്ട്രക്ഷൻ ആൻഡ് കാഷ്യൽ വർക്കേഴ്സ് വെൽഫെയർ സ്കീമും ഇതിൽ ഉൾപ്പെടുന്ന നടപടികളാണ്. കേരള ലേബർ ഫണ്ട് നിയമം, കേരള ചെത്തുതൊഴിലാളി നിയമം, കേരള ചുമട്ടുതൊഴിലാളി നിയമം, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ സ്കീം എന്നിവയും ഈ മുന്നേറ്റത്തിൽ നമ്മുടേതായിട്ട് കൊടുക്കുവാൻ നമുക്ക് സാധിച്ചു. സർ, പലരും ഇവിടെ പറഞ്ഞു. നമ്മുടെ ഭാവി ഇരുളടഞ്ഞതാണെന്ന്. നമ്മുടെ ഭാവി ഇരുളടഞ്ഞതാണെന്ന് എനിക്ക് തോന്നുന്നില്ല. സിനിമാവ്യവസായ തൊഴിലാളികൾക്ക്, അലക്കു വ്യവസായത്തിലെ തൊഴിലാളികൾക്ക്, തുന്നൽ തൊഴിലെടുക്കുന്നവർക്ക് ഷോപ്പിങ് കോംപ്ലക്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റിലെ തൊഴിലാളികൾക്ക് ആശുപത്രികളിലെ ജീവനക്കാർക്ക് ക്ഷേമപദ്ധതികൾ ഉണ്ടാക്കി മുന്നോട്ടു പോകാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തതായി പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടൊന്നും, കേരളത്തിലെ വ്യവസായ ബന്ധങ്ങൾ നന്നായി എന്നും, ഇവിടത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾ എല്ലാം തീർന്നു എന്നൊന്നും, ഞാൻ പറയുന്നില്ല. എന്നാൽ ഒരു കാര്യം വ്യക്തമാണ്. ഇതിൽ ചില ഗുണലക്ഷണങ്ങൾ ഉണ്ട്, എനിക്ക് ഒരു കാര്യം തുറന്നുപറയാനുള്ളത് കേരളം എക്കാലത്തും വ്യവസ്ഥാപിത ബന്ധപ്രശ്നങ്ങളിൽ ഇൻഡ്യക്ക് മാതൃക കാണിച്ചിട്ടുണ്ട് എന്നതാണ്. ഗ്രാറ്റുവിറ്റി നിയമം, കേരളത്തിനേറ്റതായി ഈ രാജ്യത്തുവന്നപ്പോഴും അത് ഇൻഡ്യയ്ക്ക് മാതൃകയായിരുന്നു. ഇൻഡ്യയിലെ തൊഴിലാളിക്ക് കേരളം നൽകിയ മഹത്തായ സംഭാവനയായിരുന്നു ഗ്രാറ്റുവിറ്റി നിയമം. അതുപോലെ സമഗ്രമായ ഒരു സംഭാവന ഇൻഡ്യൻ തൊഴിലാളിക്ക് കേരളത്തിൽ നിന്നും നൽകാൻ കഴിയണം, എന്നാണ് എനിക്ക് പറയാനുള്ളത്.

സർ, വ്യാവസായിക തൊഴിലാളികൾക്ക് ഇന്ന് പെൻഷൻ ഇല്ല. ഇൻഡ്യയിലെ വ്യവസായ തൊഴിലാളിക്ക് പെൻഷൻ നൽകുക എന്ന ആശയം സംസ്ഥാനത്തിൽ നിന്ന് ഉടലെടുക്കണമെന്ന് ഞാൻ പറയുന്നു. ഗ്രാറ്റുവിറ്റി നിയമം ഇൻഡ്യൻ തൊഴിലാളിക്ക് സംഭാവന നൽകിയതുപോലെ വ്യവസായ തൊഴിലാളികളുടെ പെൻഷൻ പദ്ധതി ഇൻഡ്യൻ തൊഴിലാളിക്ക് കിട്ടുവാൻ കേരള അസംബ്ലി സംഭാവനയായി നൽകണമെന്ന് ബഹുമാനപ്പെട്ട തൊഴിൽ മന്ത്രിയോടും, ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, മറ്റൊരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് വ്യവസായബന്ധ പ്രശ്നങ്ങളെക്കുറിച്ചാണ്. ഇവിടെ പലരും പറഞ്ഞു ഉഡുപ്പിയിലെ വ്യവസായബന്ധ പ്രശ്നങ്ങളിൽ ചില കുഴപ്പങ്ങൾ നടക്കുന്നുവെന്ന്. അതിനെ ഞാൻ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയെ

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപിക്കുന്നില്ല. നമ്മുടെ രാജ്യത്തെ ഏതാനും ചില ഘടകങ്ങളെ പരസ്പരപൂരകമായി പ്രവർത്തിച്ചാൽ മാത്രമേ വ്യാവസായിക പ്രശ്നങ്ങളെ സാധാരണനിലയിലാക്കാൻ പറ്റൂ എന്നാണ് എന്റെ നിഗമനം. ഒന്ന്, നിയമങ്ങളുടെ കാലാനുസൃതമായ മാറ്റം. രണ്ട്, മാനുഷികവിഭവശേഷി ഫലപ്രദമായി ഉപയോഗിക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ച് ചിന്തിക്കുന്നതിനും അവ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ശാസ്ത്രീയമായ മാനേജുമെന്റ്. മൂന്ന്, തൊഴിലാളികളോടും തൊഴിൽസമൂഹത്തോടും ബാദ്ധ്യതയുള്ള ഒരു ട്രേഡ് യൂണിയൻ മൂവ്മെന്റ്. നാല്, വ്യാവസായികബന്ധ പ്രശ്നങ്ങളെ ദയാവായ്പോടുകൂടി കാണുന്ന ഒരു ഗവൺമെന്റ്. ഈ നാലു ഘടകങ്ങളേയും പരസ്പരപൂരകമായി മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ വ്യവസായബന്ധ പ്രശ്നങ്ങളെ നേരെയാക്കാൻ കഴിയൂ എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാൻ ഉള്ളത്. നമ്മുടെ സംസ്ഥാനത്തിലും ഇന്ത്യയിലുമെല്ലാം വ്യാവസായിക ബന്ധങ്ങളിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ ഇതിൽ ഏതെങ്കിലും ഒരു ഘടകം മാത്രമായി നമുക്കു കാണാൻ സാധിക്കും. ഈ ഘടകങ്ങളെ പരസ്പരപൂരകമായി പ്രവർത്തിച്ച് മുന്നോട്ടുപോവുകയാണെങ്കിൽ ഇവിടത്തെ വ്യാവസായികബന്ധ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്നല്ലാതെ ഏതെങ്കിലും തരത്തിലുള്ള മാന്ത്രിക വിദ്യകൊണ്ട് ഇവിടത്തെ വ്യാവസായികബന്ധ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന വിശ്വാസം എനിക്കില്ല.

മറ്റൊരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് എൻഫോഴ്സ്മെന്റ് സംവിധാനങ്ങളിലെ ഏറ്റവും ശ്രദ്ധിച്ച അവസ്ഥയെക്കുറിച്ചാണ്. നമുക്ക് ധാരാളം നിയമങ്ങൾ ഉണ്ട്. ഒരുപക്ഷേ ഇന്ത്യാരാജ്യത്തെ തൊഴിൽബന്ധങ്ങളെ സംബന്ധിച്ച് നമ്മുടേതിന്റെ അത്ര ബാഹുല്യമുള്ള മറ്റേതെങ്കിലുമൊരു നിയമശാഖ ഉണ്ടോ എന്ന് എനിക്ക് തോന്നുന്നില്ല. നിർഭാഗ്യകരമെന്നു പറയട്ടെ നിയമങ്ങൾ നടപ്പിലാക്കുന്നതിലുള്ള നമ്മുടെ രാജ്യത്തെ സംവിധാനങ്ങൾ വളരെ മോശമാണ്. തൊഴിലാളിനിയമങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് വളരെ പ്രധാനമായ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഉദാഹരണമായി ഫാക്ടറി ആക്ട്. നമ്മുടെ രാജ്യത്തെ തൊഴിലാളികളുടെ സുരക്ഷിതത്വം, അവരുടെ ആരോഗ്യം, അവരുടെ ക്ഷേമം എന്നിവ സംബന്ധിച്ചുള്ള അടിസ്ഥാന നിയമമാണ് ഫാക്ടറി ആക്ട്. ഈ ഫാക്ടറി ആക്ടിനെ സംബന്ധിച്ച് പറയുമ്പോൾ കേരളത്തിൽ അത് നടപ്പാക്കുന്നതിൽ വന്നിട്ടുള്ള അപാകതയുണ്ട്. ഒരു മിനിമം പരിശോധന കേരളത്തിലെ വ്യവസായശാലകളിൽ നടത്തുകയാണെങ്കിൽ ഫാക്ടറി ആക്ടിന്റെ നഗ്നമായ ലംഘനം കേരളത്തിലെ നിരവധി വ്യവസായശാലകളിൽ കാണുവാൻ കഴിയും. അതിനു ഞാൻ ഉദ്യോഗസ്ഥൻമാരെ ആക്ഷേപിക്കുന്നില്ല. നമ്മുടെ രാജ്യത്തെ സ്ഥിതിവിശേഷം എടുത്തു പരിശോധിച്ചാൽ അവർക്ക് അതിനു കുറ്റപ്പെടുത്താൻ സാധിക്കുകയില്ല. ഇൻഡസ്ട്രിയൽ ലേബർ ഓർഗനൈസേഷന്റെ നോംസ് എടുത്തു പരിശോധിച്ചാൽ 150 ഫാക്ടറികൾക്ക് ഒരു ഇൻസ്പെക്ടർ എന്ന തോതിൽ ഉണ്ടാകണം എന്നാണ്. നമ്മുടെ സംസ്ഥാനത്ത് പതിനായിരത്തോളം രജിസ്റ്റർ ചെയ്യപ്പെട്ട ഫാക്ടറികൾ ഉണ്ട്. ആ ഫാക്ടറികളിലെല്ലാത്തിനും കൂടി ആകെയുള്ളത് 40 ഇൻസ്പെക്ടർമാരാണ്. അതിൽ ടെക്നിക്കൽ ഹാൻഡ്സ് 20 ആണ്. തീർച്ചയായും ഇത് അപാകതയാണ്. നമ്മുടെ വ്യവസായശാലകളിലെ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ ആരോഗ്യത്തെ സംബന്ധിച്ച് പറയുമ്പോൾ വളരെ പ്രധാനമായിട്ടുള്ള ഒരു നടപടിയാണ് കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള സഹാറപ്പാൻ. സഹാറപ്പാൻ തീർച്ചയായും ഭോപ്പാൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വ്യവസായത്തൊഴിലാളികളുടെ ആരോഗ്യം, അന്തരീക്ഷ മലിനീകരണനിവാരണം എന്നിവയ്ക്കുള്ള ഒരു സമഗ്രമായ പദ്ധതിയാണ്. ഈ സഹാറപ്പാൻ കേരളത്തിൽ നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം എന്നു ഞാൻ ആവശ്യപ്പെടുകയാണ്. വ്യവസായ തൊഴിലാളികളുടെ ആരോഗ്യവും വ്യവസായമലിനീകരണം പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഈ പദ്ധതിയിൽ സ്റ്റേറ്റ് ഗവൺമെന്റ് ചെയ്തുതീർക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ഫാക്ടറി ഇൻസ്പെക്ടർമാരുടെ സ്ട്രങ്ത് വർദ്ധിപ്പിക്കണം എന്നുള്ളതാണ്. ഈ കാര്യം ചെയ്തിട്ടില്ലായെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ തന്നെ ഈ സ്കീമിലുള്ള മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് ഇൻഡസ്ട്രിയൽ ഹൈജീൻ ലെബോറട്ടറി സ്ഥാപിക്കുക എന്നത്. കേരളത്തിൽ അത് സ്ഥാപിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ നടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് സ്ഥാപിക്കാൻ പോകുന്നത് തിരുവനന്തപുരത്താണെന്നാണ് മനസ്സിലാക്കുന്നത്. തിരുവനന്തപുരത്ത് അങ്ങനെയൊരു കാര്യം സ്ഥാപിക്കുന്നതിന് എതിരായിട്ട് പറയുകയല്ല. പെരിങ്ങളത്ത് അത് സ്ഥാപിക്കണമെന്നും ഞാൻ പറയുന്നില്ല. പക്ഷേ, സംസ്ഥാനത്തിന്റെ കേന്ദ്രത്തിൽ എവിടെയെങ്കിലും അത് സ്ഥാപിക്കണം. എറണാകുളംപോലുള്ള ഇൻഡസ്ട്രിയൽ ബെൽറ്റിൽ അത് സ്ഥാപിച്ചാൽമാത്രമേ പ്രയോജനമുള്ളൂ. കാരണം വ്യവസായങ്ങളിലെ കെമിക്കൽ സാമ്പിളുകൾ കൊണ്ടുവന്ന് അതിൽ നിന്നുള്ള അപാകതകൾ കണ്ടുപിടിച്ച് പ്രതിവിധി നിർദ്ദേശിക്കാനുള്ളതാണ്. ഈ ഹൈജീൻ ലെബോറട്ടറി അത് സംസ്ഥാനത്തിന്റെ തെക്കേയറ്റത്ത് സ്ഥാപിച്ചതുകൊണ്ട് പ്രയോജനമില്ല.

സർ, അവസാനമായി എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്, കേരളത്തിലെ ഐ.ടി.ഐ.കളിൽ തൊഴിലാളികളുടെ കുട്ടികൾക്കുള്ള സംവർണത്തെ സംബന്ധിച്ചാണ്. ആ കുട്ടികൾക്ക് നൽകിയിട്ടുള്ള സംവരണം വളരെ കുറവാണ്. എല്ലാ ഐ.ടി.ഐ.കളിലും തൊഴിലാളികളുടെ കുട്ടികൾക്ക് 10 സീറ്റെങ്കിലും നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ ബന്ധങ്ങളെ ബാധിക്കുന്ന കമ്മിറ്റികളിൽ ട്രേഡ് യൂണിയൻ പ്രാമുഖ്യമനുസരിച്ച് അവർക്ക് അർഹമായ പ്രാതിനിധ്യം നൽകണം. വ്യവസായ ബന്ധ കമ്മിറ്റികളിൽ കേരളത്തിലെ തൊഴിലാളിപ്രസ്ഥാനത്തിന് അപാരമായ സ്വാധീനമുള്ള എസ്.ടി.യു.വിന് അർഹമായ പ്രാതിനിധ്യം നൽകിയിട്ടില്ല. ട്രേഡ് യൂണിയന് അർഹമായ പ്രാതിനിധ്യം ഗവൺമെന്റ് കമ്മിറ്റികളിൽ നൽകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു. ഈ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്]

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി അധികമൊന്നും ഞാൻ പറയുന്നില്ല. ശ്രീ. ബീരാൻ സാഹിബ് ബിനോട്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യമേ എനിക്ക് പറയാനുള്ളു. പത്രത്തിൽ പറയുന്നതും കച്ചേരിയിൽ കേൾക്കുന്നതുമൊക്കെ അതിന്റെ പതിനായിരത്തിൽ ഒരു അംശം ശരിയാണെങ്കിൽ ഒരു ആറേഴു തലമുറയ്ക്കുള്ള വകയായല്ലോ ശ്രീ. ബീരാൻ സാഹിബ്ബേ? ഇതൊന്നു നിർത്തിക്കൂടേ? ഇത് വലിയ ഒരു മനുഷ്യൻ സ്ഥാപിച്ച പ്രസ്ഥാനമാണ്. ഞങ്ങളൊക്കെ അറിയുന്ന അദ്ദേഹം ഇപ്പോൾ ഇല്ല. നമ്മുടെയൊക്കെ വാക്കുകളിൽ മാത്രമേയുള്ളു. അത്തരം വാക്കുകളും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടണം. പൊരുത്തം ഉണ്ടായിരിക്കണമെന്ന് നിർബന്ധമുള്ള ഒരാൾ ഉണ്ട്. അഴിമതി പാടില്ല, സത്യസന്ധമായൊക്കെ പ്രവർത്തിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായവും നിലപാടുമൊക്കെ. ആ പ്രസ്ഥാനത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഇവിടെ പണ്ട് നാട്ടിൻപുറത്തൊക്കെ കള്ളുകുടിയൻമാരെപ്പറ്റി ഒരു കഥയുണ്ട്. ആദ്യമൊക്കെ തലവഴിയേ മുണ്ടും ഇട്ട് രഹസ്യമായി ഷാപ്പിൽ പ്രൈവറ്റ് റൂമിൽ കയറും. ആദ്യം കുറച്ചൊക്കെ അറപ്പും വിഷമവുമൊക്കെയുണ്ടാകും. കാരണം ആളുകൾ കാണരുത്. കുറേ കഴിയുമ്പോൾ മെയിൻഹാളിലേക്കുവരും. അപ്പോഴും തലയിൽ മുണ്ടുകാണും. മെയിൻഹാളിലേക്കുവന്ന് കുറച്ചുകഴിയുമ്പോൾ തലവഴിയുള്ള മുണ്ടും മാറി മെയിൻറോഡിലോട്ടിറങ്ങും. പിന്നീട് മുണ്ടും കാണുകയില്ല, തലവഴിയും കാണുകയില്ല. ആ പരുവമായിത്തീരും. ഇതൊന്ന് നിർത്തണം. ഇത്രയേയുള്ളു.

ശ്രീ. ശിവദാസനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. പണ്ട് ഒരു കുഴപ്പക്കാരനെ തിരയെണ്ണാൻ കടപ്പുറത്ത് അയച്ചു. തിരയെണ്ണലിൽ എന്താണ് അഴിമതി. വലിയ അഴിമതിയൊന്നും നടത്താൻ ഇല്ലല്ലോ? അവന് അവിടെ കോളായി എന്നാണ് പറയുന്നത്. ആർക്കും വള്ളം ഇറക്കാൻ വയ്യ, പനമരം ഇറക്കാൻ വയ്യ, ഒന്നും ഇറക്കാൻ വയ്യ; തിര മുറിയും. അവസാനം മറ്റ് എവിടെനിന്നായാലും കിട്ടുന്നതിനേക്കാൾ കോള് തിരയെണ്ണാൻ നിയോഗിച്ചവന് കിട്ടിയെന്ന് ഒരു കഥയുണ്ട്. അതുപോലെയാണ് ഇത്. നമ്മുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഉണ്ട്. ആ കമ്മിറ്റി കക്ഷിഭേദമില്ലാതെ ഐകകണ്ഠ്യേന ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് എന്റെ കൈയ്യിൽ ഉണ്ട്. എനിക്ക് വളരെ കുറച്ച് സമയമേയുള്ളു. അതുകൊണ്ട് ഞാൻ വായിക്കുന്നില്ല. എന്നാലും ഇതുപോലെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റ് ഉണ്ടോ? എനിക്ക് ശ്രീ. മഹാബലറാവുവിനെ വളരെക്കാലമായിട്ട് അറിയാം. ശ്രീ. ശിവദാസൻ എറണാകുളത്ത് ലാകോളേജിൽ പഠിക്കുന്ന ആ കാലം മുതൽ എനിക്ക്. ശ്രീ. മഹാബലറാവുവിനെ അറിയാം. സർവ്വീസിലുള്ള ആളാണ്. അങ്ങനെയുള്ള ഒരു സീനിയർ സെക്രട്ടറി ഈ മന്ത്രിയെ ഡിഫെൻഡ് ചെയ്യാമോ എന്ന് ആലോചിക്കേണ്ടതാണ്. അത് പോകട്ടേ, എന്നാലും ഇത്രയും സീനിയർ ആയിട്ടുള്ള ഒരാളിനെക്കൊണ്ട് ഇങ്ങനെ പച്ചക്കള്ളം പറയിപ്പിക്കണമോ? ഇന്ന് അതൊരു പ്രിവിലേജ് ഇഷ്യൂ ആണ്. ഞാൻ കൂടുതൽ പറയുന്നില്ല. ഞാൻ ഒരു വാചകം മാത്രമേ വായിക്കുന്നുള്ളൂ.

The Committee perused the files made available to them. On going through the files the Committee was convinced that though the Commissioner and Secretary to Government, Labour Department gave evidence in such a way as to make the committee believe that the question was submitted for the decision of the council of Ministers, in fact none of the files have been submitted to the Cabinet.

LIBRARY ARCHIVES Kerala Legislative Assembly

ഇത് നിയമനങ്ങളെപ്പറ്റിയുള്ളതാണ്. ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലേക്ക് നടത്തിയ പോസ്റ്റ്ക്രിയേഷൻ ഉൾപ്പെടെ അതിന്റെ നിയമനങ്ങളും അതിന്റെ മെത്തേഡുകളും മറ്റ് കാര്യങ്ങളുമൊക്കെയാണ്. ഇതിന്റെ ക്രമക്കേടുകളെപ്പറ്റി വളരെ പ്രകടമായി കാണുന്ന അഴിമതികളെപ്പറ്റിയാണ് കമ്മിറ്റിയിൽ പറഞ്ഞിട്ടുള്ളത്. അതിനുശേഷവും നടത്തി മോട്ടോർ തൊഴിലാളി ക്ഷേമബോർഡിലേക്ക് നിയമനങ്ങളും മറ്റും. ഇത് അങ്ങാടിപ്പാട്ടാണ്. ഈ രാജ്യത്ത് അറിയപ്പെടുന്ന സകല ആളുകൾക്കും അറിയാം സംഭവങ്ങൾ. ലേബർ ഡിപ്പാർട്ടുമെന്റിന് ഒരു പ്രത്യേകതയുണ്ട്. നമ്മുടെ സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം അന്നുതൊട്ട് ഇന്നുവരെ ഇത് കൈകാര്യം ചെയ്ത ഒരു മന്ത്രിയും എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് കാശ് പിരിപ്പിച്ചിട്ടില്ല. അവരെ മുതലാളിമാരുടെ പടിവാതിൽക്കൽ ഈ തെണ്ടൽ പ്രക്രിയയ്ക്ക് ആയി അയച്ചിട്ടില്ല ഇതുവരെ. എന്നു മാത്രമല്ല അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും, നയങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും ഇല്ലെങ്കിലും ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ, കൺസിലിയേഷൻ ഓഫീസർമാർ, നിഷ്പക്ഷൻമാർ ആയിരുന്നു എന്ന ഒരു ബോദ്ധ്യം രണ്ടു ഭാഗത്തേക്കും ഉണ്ടായിരുന്നു. ഇന്ന് ഇപ്പോൾ ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ, മുതലാളിമാരുടെ വക്കീലൻമാർ ആണ്, ഒരു കോൺഫറൻസിനു പോകാൻ വയ്യ, ഒരു കൺസിലിയേഷൻ ഓഫീസറുടെ മുന്നിൽ പോകാൻ വയ്യ, മുതലാളിമാരുടെ കേസ് ആർഗ്യൂ ചെയ്യുന്നത് ഇപ്പോൾ അവരാണ്. ഇവിടെ മുതലാളിമാർക്കു വേണ്ടി വാദിക്കുന്നത് ആവരുടെ പ്രതിനിധികളല്ല; അവർക്ക് ജോലിയില്ല. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഇവിടെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ മെച്ചത്തെപ്പറ്റിയും, മറ്റ് കാര്യത്തെപ്പറ്റിയും അഖിലേന്ത്യാടിസ്ഥാനത്തിൽ പറഞ്ഞു, 1980 മുതൽ ഒരു ഡിസ്ഗ്രേഡിംഗ് പോയിന്റാണ് വ്യവസായരംഗത്ത്, പണിമുടക്കുകളുടെ എണ്ണം കുറഞ്ഞുവരുന്നു, പണിമുടക്കുകൂടാതെ ഒരാഴ്ചയിൽ ദിവസങ്ങളും നഷ്ടപ്പെട്ടതിന്റെ എണ്ണം കുറഞ്ഞുവന്നിട്ടുണ്ട് എന്നെല്ലാം. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിവച്ചിട്ടുള്ള ആരോഗ്യകരമായ സംവിധാനങ്ങളും, അവയുടെ പ്രവർത്തനഫലമായിട്ടാണ് ഇത് കുറഞ്ഞത്. ആ ഒറ്റ കാര്യത്തിൽ ബാർബർഷാപ്പിലെ തൊഴിൽ തർക്കവും, ഹോട്ടലിലെ തൊഴിൽത്തർക്കവും, എല്ലാം നേരിട്ട് മന്ത്രിക്ക് കൈകാര്യം ചെയ്യാം. വേറെ ആരും കൈകാര്യം ചെയ്യാൻ പാടില്ല. അങ്ങനെ തൊഴിൽത്തർക്കങ്ങളുടെ എണ്ണം മൂലം, പണിമുടക്കുകൂടാതെ തൊഴിൽ ദിവസങ്ങളുടെ നഷ്ടം കുറഞ്ഞുവന്നിട്ടുണ്ട് എന്നുള്ള വാദം അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ നിലനിൽക്കുന്ന ഒരു വാദഗതിയാണ്. അതൊരു ട്രെൻഡാണ്. ആ ട്രെൻഡ് കേരളത്തിലുമുണ്ട്. മാവൂർ റയോൺസിനെപ്പറ്റി പറഞ്ഞു. കോൺഗ്രസ് (ഐ)യുടെ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ഒരു പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു. അസമർത്ഥമായി ഈ തൊഴിൽത്തർക്കം കൈകാര്യം ചെയ്യുന്നതിന്റെ ഫലമായിട്ടും തൊഴിൽ വകുപ്പിന്റെ അനാസ്ഥകൊണ്ടുമാണ് ഈ സ്ഥാപനം ഇന്ന് അടഞ്ഞുകിടക്കുന്നത് എന്നും അതുകൊണ്ട് ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണമെന്നും കോൺഗ്രസ് (ഐ) യുടെ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ പ്രമേയം ഞാൻ വായിച്ചു. അപ്പോൾ അതിന്റെ ഒരു സാമർത്ഥ്യം, അല്ലെങ്കിൽ മിടുക്ക് തെളിയിക്കുന്നതിന്റെ ഉറകല്ലാണ് മാവൂർ റയോൺസ്. ഇപ്പോൾ മന്ത്രി ഒരു കാര്യം ചെയ്യുന്നുണ്ട്. അത് ഞാൻ ചൂണ്ടിക്കാണിക്കുന്നു. കശുവണ്ടിത്തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളെ വെട്ടിലാക്കി. ആ കശുവണ്ടി വ്യവസായത്തിന് ഒരു സ്റ്റാറ്റ്യൂട്ടറി വേജ് ഉണ്ട്, മിനിമം വേജസുണ്ട്. ഇന്ന് മുതലാളിമാർക്കുവേണ്ടി അത് ഒരു എഗ്രീഡ് വേജാക്കി മാറ്റാൻ പോകുന്നു. നോട്ടിഫിക്കേഷൻ വന്നിട്ട് 11 വർഷം കഴിഞ്ഞു. അത് പുതുക്കി നോട്ടിഫൈ ചെയ്യേണ്ട സമയം കഴിഞ്ഞു. ആറുകൊല്ലമായി അത് ചെയ്യുന്നില്ല. എന്നാൽ ഇന്നുള്ള ശമ്പളം മരവിപ്പിക്കുക, അതാണ് ഒരു വെടിക്ക് രണ്ട് പക്ഷി. ഒന്ന് ഇന്നുള്ള വേജ് ഫ്രീസ് ചെയ്യുക, മറ്റൊന്ന് അങ്ങനെ ഫ്രീസ് ചെയ്യുന്ന വേജ് എഗ്രീഡ് വേജാക്കിയെടുക്കുക, സ്റ്റാറ്റ്യൂട്ടറി വേജാണെങ്കിൽ പോലും കൊടുക്കാത്ത മുതലാളിമാരുണ്ട്. കൊടുക്കാത്ത മുതലാളിമാരുടെ ഒരു രോമത്തെ സ്പർശിക്കാൻ കഴിവില്ലാത്ത ഈ മന്ത്രി കശുവണ്ടി മുതലാളിമാരുടെ കാവൽപ്പട്ടിയായിത്തീർന്നിരിക്കുകയാണ്. ഇന്ന് ഇപ്പോഴും അത് എഗ്രീഡ് വേജാക്കാൻ ഐ.എൻ.ടി.യു.സി. ക്കാരെക്കൊണ്ട് ഒപ്പിടീച്ചുകൊണ്ട് നടക്കുകയാണ് മന്ത്രി. നിയമത്തിനുള്ള ബലം എഗ്രീമെന്റ് മൂലം ഉണ്ടാകുമോ? അതുകൊണ്ട് തങ്ങൾക്ക് ഇത് ബാധകമല്ലെന്ന് ഓരോ കശുവണ്ടി മുതലാളിക്ക് പറയാനും, നിഷേധിക്കാനും അവസരം നൽകുന്ന വിധത്തിൽ തൊഴിലാളി പ്രതിനിധികളെ സമ്മതിപ്പിച്ച് നൽകുന്ന ഒരു ആപ്പുമായിട്ടാണ് ഈ മന്ത്രി നടക്കുന്നത്; കശുവണ്ടിത്തൊഴിലാളികളെ വലയ്ക്കാൻ. അവിടെ ഒരു അഗ്നിപർവ്വതം പുകയുകയാണെന്ന് ഞാൻ ഗവൺമെന്റിനു മുന്നറിയിപ്പുനൽകുകയാണ്. ഇന്നോളം നമ്മുടെ രാജ്യത്ത് ഒരു തൊഴിൽ മന്ത്രിയും പാവപ്പെട്ട സ്ത്രീ തൊഴിലാളികളുടെ ചൂലുകൊണ്ട് അടി വാങ്ങിട്ടില്ല. ഈ മന്ത്രി അത് വാങ്ങിക്കുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, എസ്. ആർ. പി. യുടെ നയം പരിപൂർണ്ണ മദ്യവർജ്ജനമാണ്. സാമ്പത്തികപ്രയാസമുള്ള കേരളത്തിൽ പടിപടിയായി രണ്ടായിരം വർഷം തികയുന്നതിന് മുമ്പെങ്കിലും അത് പൂർത്തിയാക്കണം. ആദ്യം വിദേശമദ്യം നിർത്തണം, പിന്നീട് ചാരായം നിർത്തണം, ഒറ്റ ചെത്തുതൊഴിലാളിക്കും തൊഴിൽ നിഷേധിക്കുകയില്ലെന്ന നിലയിൽ മറ്റു മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് കള്ളും കള്ള് ചെത്തുന്നതും നിർത്തണം. എക്സൈസ് വരുമാനം ഇരട്ടിയാക്കാൻ കഴിയും, പുറത്തുനിന്ന് സ്പിരിറ്റ് കൊണ്ടുവരുന്നത് തടഞ്ഞാൽ ആ വിധത്തിൽ രണ്ട് കോടി ഉറുപ്പിക എങ്കിലും ഓരോ മാസവും ലഭിക്കും. അതുമൂലമുണ്ടാകുന്ന അഴിമതി ഇല്ലാതാക്കാനും സാധിക്കും. ഫോറിൻ ലിക്വറിന് ആ ലിക്വർ തുടങ്ങിയ കാലഘട്ടത്തിൽ 5 ശതമാനം മുതൽ 25 ശതമാനം വരെ കമ്മീഷൻ ഉണ്ടായിരുന്നു. ഇന്ന് അത് ഇല്ല. വില ഇരട്ടിയായി. ഒരു മാസം രണ്ടുകോടിയിൽ അധികം ഉറുപ്പിക മറ്റ് മാർഗ്ഗങ്ങളിൽകൂടി ഒഴുകിപ്പോകുന്നു. എക്സൈസ് ഉദ്യോഗസ്ഥൻമാർ, കോൺട്രാക്ടർമാർ, മദ്യപാനികൾ ഇവരെല്ലാം ഈ വകുപ്പിനോടും അതുവഴി ഗവൺമെന്റിനോടും വിരോധികളായി. എസ്. എൻ. ഡി. പി. യുടെ പ്രത്യേക സമ്മേളനം എറണാകുളത്ത് കൂടി തീരുമാനിച്ചു ഈ അപമാനം അവസാനിപ്പിക്കണമെന്ന്. എസ്. ആർ. പി. യുടെ സംസ്ഥാനകമ്മിറ്റി ഐകകണ്ഠ്യേന പ്രമേയം പാസാക്കി, അത് അവസാനിപ്പിക്കണമെന്ന്. എന്നോട് പ്രമേയം അവതരിപ്പിക്കാൻ പറഞ്ഞു, നിയമസഭയിൽ നിയമാനുസരണം ഞാൻ ഒരു പ്രമേയം അവതരിപ്പിച്ചു. പിറ്റേ ദിവസം നിയമസഭയിൽ നിന്ന് എന്നെ പുറത്താക്കി. അതിനുശേഷം ഒരു പ്രധാന എസ്. ആർ. പി. സെക്രട്ടറി കോടതിയിൽ കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി നിരോധന കമ്മിഷന്റെ മുന്നിൽ കൊടുത്ത ആവലാതിയുടെ അടിസ്ഥാനത്തിൽ ഒരു വർഷം കേസ് നടത്തി. പ്രഥമദൃഷ്ട്യാ കേസ് ഉണ്ടെന്ന് പറഞ്ഞു. ഇനി ഒരു വർഷത്തിനകത്ത് അതിന്റെ അന്തിമ തീരുമാനം ഉണ്ടാകും. എന്നാൽ ഇന്ന്. ഞാൻ പറയട്ടെ, രണ്ട് പ്രബലമല്ലൻമാർ ആ അഴിമതിയുടെ ശവ മഞ്ചവും ചുമന്ന് നടക്കുന്നു. മൂന്നാമത് ഒരു മല്ലൻ അതിന് നേതൃത്വം കൊടുക്കുന്നു; വീഴാതെ ചരിയാതെ നോക്കുന്നതിന്. ഈ രീതിയിൽ പോയാൽ അപകടമാണ്.

ഇതിനു മുഴുവൻ ഉത്തരവാദിയായ ആ വ്യക്തി ഇന്ന് പറയുന്നു, ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും കെ. പി. സി. സി. ക്കും എ. ഐ. സി. സി. ക്കുമാണെന്ന്. നമുക്കറിയാം, ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ്, എക്സൈസ് വകുപ്പ്

12 NOON

ഭരിക്കുമ്പോഴും ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള നമ്മുടെ കേരളത്തിൽ കോൺഗ്രസ്സ് എക്സൈസ് വകുപ്പുപോലും ഭരിക്കേണ്ടെന്നേ പറയുന്ന അദ്ദേഹത്തിന്റെ കെ. പി. സി. സി. ഇത്തരമൊരു അഴിമതി യുടെ പങ്ക് വാങ്ങുകയില്ലെന്ന്. അങ്ങനെയാണെങ്കിൽ ഇന്ന് ഈ എക്സൈസ് വകുപ്പിലുള്ള തകരാറുകൾ തീർത്ത്, എസ്. എൻ. ഡി. പി. ക്ക് ഏറ്റ അപമാനം, എസ്. ആർ. പി. ക്ക് ഏറ്റ അപമാനം അവസാനിപ്പിക്കാൻ മുൻകൈ എടുക്കണം. അല്ലെങ്കിൽ ഇവിടെ പറഞ്ഞതു പോലെ വലിയൊരു അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നതുപോലെ വരുന്ന കാലഘട്ടത്തിൽ സംഭവിക്കുമെന്ന് ഉറക്കെ ഞാൻ പറയുകയാണ്. ഇതിന് മുഖ്യമന്ത്രി നാളെ പരിഹാരമുണ്ടാക്കുമെന്ന് വിശ്വസിച്ചു കൊണ്ട് പരിപൂർണ്ണമായി ഞാനീ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഞാനീ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ ക്ഷീരവകുപ്പിൽ നടക്കുന്നതെന്താണ്? ക്ഷീരവകുപ്പിലുള്ള അഴിമതിയെക്കുറിച്ച് കുറെ ദിവസങ്ങളായി മാതൃഭൂമിയിലും മനോരമയിലുമൊക്കെ വളരെ വിശദമായി അക്കമിട്ട് ഉന്നയിക്കുകയുണ്ടായിട്ടുണ്ട്. അങ്ങേയ്ക്ക് ഇത് നിഷേധിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട മന്ത്രി പറയും, ഞാനിതൊന്നും അറിയുന്നില്ല, കളക്ടറാണ് ഇതൊക്കെ ചെയ്തതെന്ന്. അദ്ദേഹം അങ്ങനെ പറഞ്ഞ് തടിയൂരാൻ ശ്രമിക്കുമെന്ന് നമുക്കറിയാം. ഏഴെട്ടു മാസങ്ങളായില്ലേ ഈ ഏർപ്പാട് തുടങ്ങിയിട്ട്? പാലക്കാട്ടുള്ള അഞ്ച് അരിഡിപ്പോയുടെ ലൈസൻസ് കൊടുത്തത് എങ്ങനെയാണ്? ഈ അഞ്ച് ലൈസൻസുകളും സഹകരണ വ്യക്തികൾക്ക് കൊടുക്കണമെന്നായിരുന്നു ആദ്യം ബീരാൻസാഹിബ് തീരുമാനിച്ചത്. പക്ഷേ പാലക്കാട്. മാർക്കറിംഗ് സൊസൈറ്റി അതിനെതിരായി മുഖ്യമന്ത്രിക്കും, എന്തിന് അങ്ങയുടെ പാർട്ടിയുടെ പ്രസിഡന്റ് ശിഹാബുതങ്ങളിനുവരെ നിവേദനങ്ങൾ കൊടുത്തു. എന്നിട്ട് ശിഹാബുതങ്ങൾ നിർദ്ദേശിച്ചു. പാലക്കാട് മാർക്കറിംഗ് സൊസൈറ്റിക്ക് ഒരു ഡിപ്പോ കൊടുക്കണമെന്ന്. എന്നിട്ടെന്തുണ്ടായി? മറ്റു നാലെണ്ണം സഹകരണ വ്യക്തികൾക്ക് കൊടുത്തുകൊള്ളാൻ, ഇതൊരെണ്ണം മാർക്കറിംഗ് സൊസൈറ്റിക്ക് കൊടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ അന്നത്തെ കളക്ടറായിരുന്ന ഷാഹുൽ ഹമീദ് ഇത് സഹകാരിവ്യക്തികൾക്ക് കൊടുക്കാൻ പറ്റില്ല, അങ്ങനെ കൊടുക്കുന്നത് ബുദ്ധിമുട്ടായിരിക്കുമെന്ന് പറഞ്ഞു. അതുകൊണ്ട് ആ കളക്ടറെ അവിടെനിന്ന് സ്ഥലംമാറ്റി. ഇപ്പോഴത്തെ കളക്ടർ വന്നിട്ട് ഇത് നടപ്പിലാക്കാൻ ഒരു ശ്രമം നടത്തിനോക്കി. ആദ്യം അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിച്ചില്ല. പിന്നീട് ചെയ്തതെന്തെന്നറിയാമോ? പ്രൈവറ്റുകാരെ കൊണ്ട് കോൺഗ്രസ്സിനെക്കൂടി സമ്മതിപ്പിച്ചാൽമാത്രമേ സാധിക്കുകയുള്ളുവെന്നുള്ള ധാരണയിൽ എത്തിച്ചു. എന്നിട്ട് അഞ്ച് ഡിപ്പോകളിൽ രണ്ടെണ്ണം ലീഗിനും മൂന്നെണ്ണം കോൺഗ്രസ സിനുമായി പങ്കിട്ടു.

ശ്രീ വി. സി. കബീർ : അഞ്ച് ഡിപ്പോകളുടെ ലൈസൻസ് വിതരണം ചെയ്തുവെന്ന് ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി ഇവിടെ പറഞ്ഞു. ഒരു ഡിപ്പോയ്ക്ക് നാലുലക്ഷം രൂപവച്ച് ചില പാർട്ടികാർ വാങ്ങിയിട്ടുണ്ടെന്നുള്ള ആക്ഷേപം കേട്ടിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : അതിന്റെ കണക്കുകളൊക്കെ ഞാൻ അവസാനം പറയാം. കളക്ടർ എങ്ങനെയാണ് തീരുമാനമെടുത്തത്? അതിനെക്കുറിച്ചുള്ള കാര്യങ്ങളൊക്കെ വിശദമായി പത്രങ്ങളിൽ വന്നതാണ്.

ശ്രീ. പി. സീതിഹാജി : അത് മന്ത്രിയുടെ പാർട്ടിയല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സീതിഹാജിക്ക് ആത്മാർത്ഥമായി പറയാൻ കഴിയുമോ അതിനെക്കുറിച്ച് അറിയില്ലെന്ന്. മുഹമ്മദാലി ഹാജിയെ ശ്രീ. സീതിഹാജിക്ക് അറിയില്ലേ? അറിയില്ലെന്ന് പറയാമോ? അറിയാം. കുറച്ചുകൂടി ബന്ധം പറയാം. സിമന്റ് കേസിലെ പാർട്ണറാണ്. അദ്ദേഹമാണ് ഇതൊക്കെ ചെയ്തത്. അതുകൊണ്ട് നമ്മൾ തമ്മിൽ വെറുതെ ഒന്നും പറയേണ്ട. അതുകൊണ്ടാണ് അദ്ദേഹത്തിന് ഇത്രയും സ്വാധീനം. അങ്ങനെയാണ് പാലക്കാട് അദ്ദേഹത്തിന്റെ മരുമകനായ നൗഷാദിന് ലൈസൻസ് കിട്ടിയത്. നൗഷാദിന് ലൈസൻസ് കിട്ടിയതെങ്ങനെയാണെന്നറിയാമോ? അദ്ദേഹം അൺഎംപ്ലോയിഡ് എന്നു പറഞ്ഞിട്ടാണ് കിട്ടിയത്.

ശ്രീ. സി. ടി. കൃഷ്ണൻ : ഈ ഡിപ്പോകളും ലീഗിനും കോൺഗ്രസ്സിനും കൂടി വീതിച്ചല്ലോ. അതുകൊണ്ട് മുസ്ലീംലീഗിന് വീതിച്ചത് മുസ്ലീങ്ങൾക്കാണെന്നുള്ളതുകൊണ്ടും കോൺഗ്രസ്സിന് വീതിച്ചത് ഒരിക്കലും മുസ്ലിമിന് വരാൻപാടില്ല, പേരുപോലും ഹിന്ദു ആയിരിക്കണമെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : ശബരിഗിരിശൻ കൊടുത്തത് ബിനാമിയായിട്ടാണ്. ആരുടെ? മുഹമ്മദാലി ഹാജിയുടെ. മാർക്കറിംഗ് സൊസൈറ്റിക്ക് കൊടുക്കാത്തതിന്റെ കാര്യങ്ങളെക്കുറിച്ച് പത്രങ്ങളിലൊക്കെ വന്നതാണ്. നൗഷാദിന് അവിടെ ജാഫർ സ്റ്റോഴ്സ്, ജാഫർ സ്റ്റീൽസ് എന്നൊക്കെ പറഞ്ഞ് ഒരുപാട് സ്ഥാപനങ്ങളുണ്ട്. അതുമാത്രമല്ല, ആറു മാസങ്ങൾക്കുമുമ്പ് കൊച്ചിയിലെ ഇൻറലിജൻസുകാർ അവിടെ വന്ന് റെയിഡ് നടത്തി അദ്ദേഹത്തെക്കുറിച്ച് ഒരുപാട് ആരോപണങ്ങൾ പത്രങ്ങളിൽ വരികയുണ്ടായി. അങ്ങനെയുള്ള ആളിനാണ് ലൈസൻസ് കൊടുത്തത്. അദ്ദേഹം മുഹമ്മദാലിഹാജിയുടെ മരുമകനാണ്. സ്ത്രീധനമാണെന്ന് പറഞ്ഞാണ് അദ്ദേഹം കൊടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശ്വസ്തനും, കെ. പി. സി. സി. യുടെ ട്രൈസ്പ്രസിഡൻറുമായ ആളാണ് കളക്ടറെ സ്വാധീനിച്ച് ലൈസൻസ് കൊടുത്തത്. അവിടത്തെ ടി. എസ്. ഒ. മരിക്കുന്നതിന് ഒരുദിവസത്തിനുമുമ്പ് ഇത് കൊടുക്കാൻ പാടില്ലെന്ന്



LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതാണ്. എന്നാൽ അദ്ദേഹം മരിച്ച് ശവമെടുക്കുന്നതിനുമുമ്പ് ടി. എസ്. ഒ. യുടെ ചാർജ് ഉള്ള അദ്ദേഹത്തിന്റെ മാനേജരെക്കൊണ്ട് അനുകൂലമായ റിപ്പോർട്ടെഴുതിച്ചേർത്താണ് കൊടുത്തത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : വിജയരാഘവൻ എം. പി. യുടെ രണ്ടാളുകൂടിക്കുകൂടി ഇങ്ങനെ കൊടുത്തിട്ടുണ്ടെന്നുള്ള കാര്യം അറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : വിജയരാഘവൻ എം. പി. യുടെ മൂന്നാളുകൂടിക്കുകൂടി ലൈസൻസ് കൊടുത്തിട്ടുണ്ട്. മുണ്ടൂര് വിജയരാഘവൻ എം. പി. യുടെ കോൺഗ്രസിനുവേണ്ടിയാണ് കൊടുത്തത്. അത് ഒന്നേമുക്കാൽ ലക്ഷം രൂപയ്ക്കാണ് കൊടുത്തത്. കോങ്ങാട് മൂന്നരലക്ഷം രൂപയ്ക്കാണ് കോൺഗ്രസ്സ് വിറ്റത്. പാലക്കാട് രണ്ടുലക്ഷം രൂപയ്ക്കാണ് കൊടുത്തത്. അതുമാത്രമാണോ? എന്റെ അടുത്ത ആളാണ്. തത്തമംഗലത്തെ ചാവൽ എന്നുപറയുന്ന ആളാണ്. അയാളുടെ ബിനാമിയാണ്, മൂസ്സ. മൂസ്സയുടെ പേരിലാണ് അത് കൊടുത്തിരിക്കുന്നത്. പത്മരാജൻ വക്കീൽ ഇവിടെ ഇല്ല. അദ്ദേഹത്തിന്റെ കാർ എയർകണ്ടീഷൻ ചെയ്യാൻവേണ്ടി കോയമ്പത്തൂർ വർക്ക്ഷോപ്പിൽ വിലപേശിക്കൊണ്ടിരിക്കുകയാണ്. അരി ഡിപ്പോവിന്റെ പ്രതിഫലമാണ്. അദ്ദേഹം സമ്മതിച്ചിട്ടില്ലെന്ന് ഞാനറിഞ്ഞു. പക്ഷേ ആ കാർ എയർകണ്ടീഷൻ ചെയ്തുകൊടുക്കാൻപോലും ആ ചാവലാണ് ഏർപ്പാട് ചെയ്തത്. അങ്ങനെ കെ. പി. സി. സി. യ്ക്ക് അറിയില്ലെന്ന് പറഞ്ഞ് ഒഴിയാൻ പറ്റില്ല. ഇത്രയും നഗ്നമായിട്ടുള്ള രീതിയിൽ ഇവിടെ അഴിമതി നടക്കുന്നു. അതിന് ബീരാൻസാഹിബ് പറയാൻപോകുന്നതെന്താണെന്നറിയാമോ, ഇതൊക്കെ കളക്ടറാണ് ചെയ്തത്, ഞാനൊന്നുമറിഞ്ഞില്ലെന്ന്. ഏഴെട്ടുമാസങ്ങളായി ഇത്രയും നിവേദനങ്ങളൊക്കെ കിട്ടിയിട്ടും, നിങ്ങളുടെ പാർട്ടി പ്രസിഡന്റ് ഷിഹാബ് തങ്ങൾക്കുപോലും, നിവേദനം കൊടുത്തു. എന്നിട്ടാണ് ലൈസൻസ് കൊടുത്തത്. ഇത്രയും നഗ്നമായ അഴിമതി നടത്തണമോ? ഇത്രയും കാലം മന്ത്രിയായിരുന്നത് പോരെ?

സർ, ഈ തൊഴിൽ വകുപ്പിനെക്കുറിച്ച് എന്തുപറയാൻ? പോലീസ് വകുപ്പ് ശ്രീ. കരുണാകരൻ ഏറ്റെടുത്തതിനുശേഷം പോലീസാണ് ഇപ്പോൾ ഹെക്കോടതിയുടേയും, ലാൻഡ് ട്രൈബ്യൂണലിന്റെയും, ഐ. ആർ. സി. നിയമങ്ങളുമൊക്കെ കൈകാര്യം ചെയ്യുന്നത്. ഏത് തൊഴിൽകുഴപ്പമുണ്ടെങ്കിലും ശരി, കോൺഗ്രസ്സ് അല്ലെങ്കിൽ അവിടെ പോലീസ് പ്രൊട്ടക്ഷൻ കൊടുത്ത് പണിചെയ്യിപ്പിക്കുന്ന ഒരേർപ്പാട് ആയിട്ട് മാറിയിട്ടുണ്ട്. ഈ തൊഴിൽവകുപ്പിന് അതിനെന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? കളക്ടറും, എസ്. പി. യും, ഒക്കെ ഉണ്ടാക്കിയ കരാറുകളെപോലും ലംഘിക്കുന്ന ഒരു ഏർപ്പാടാണ്. ആ രീതിയിലുള്ള ഏർപ്പാട് അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എസ്. രാമചന്ദ്രൻപിള്ള : സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. തൊഴിൽരംഗത്ത ഒരു സമാധാനമേഖലയായി മാറ്റുവാനും, തൊഴിലാളികൾക്ക് തൊഴിലവസരങ്ങളും കൂടുതൽ കൂടുതൽ ഉണ്ടാക്കുവാനും, അതുപോലെതന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും, സാധിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. തൊഴിൽരംഗത്ത് സമാധാനം നിലനിർത്തുവാനും, തൊഴിലാളികളുടെ വിശ്വാസമാർജ്ജിക്കുവാനും, ഉൽപ്പാദനം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കുവാനും കഴിഞ്ഞത് പ്രഗത്ഭനായ തൊഴിൽവകുപ്പു മന്ത്രിയുടെ കഴിവുകൊണ്ടുതന്നെയാണ്. കൊല്ലത്തെ സംബന്ധിച്ചിടത്തോളം വളരെയധികം തൊഴിലാളിസംഘടനകളുള്ള ഒരു പ്രദേശമാണ്. തൊഴിലവസരങ്ങളുള്ള പല വ്യവസായങ്ങളും അവിടെ നടക്കുന്നുണ്ട്. അവിടെനിന്നും വന്ന ഒരു തൊഴിൽവകുപ്പുമന്ത്രിയെ സംബന്ധിച്ചിടത്തോളം അവിടെയുള്ള പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് തൊഴിലാളിനേതാക്കൻമാരുടെ പ്രവർത്തനങ്ങളും മറ്റും മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹത്തിന് ഇത് കൈകാര്യം ചെയ്യാൻ സാധിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ പ്രത്യേകിച്ച് കശുവണ്ടിമേഖലയെ സംബന്ധിച്ചിടത്തോളം, എൺപത് കിലോഗ്രാം തൂക്കമുള്ള ഒരു ചാക്ക് കശുവണ്ടി പ്രോസസ്സ് ചെയ്യുന്നതിന് കേരളത്തിലുള്ള കൂലിയും അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ നാഗർകോവിൽ ജില്ലയിൽ പ്രോസസ്സ് ചെയ്യുന്നതിനുള്ള കൂലിയും തമ്മിൽ നോക്കുകയാണെങ്കിൽ വളരെ വ്യത്യാസം കാണുന്നുണ്ട്. കേരളത്തിലെക്കാൾ നൂറുരൂപ കുറച്ച് തമിഴ്നാട്ടിൽ കശുവണ്ടി പ്രോസസ്സ് ചെയ്യാൻ സാധിക്കുന്നു. അവിടെ ഇ.എസ്.ഐ., ഡി.എ., പ്രോവിഡൻറ് ഫണ്ട് ഇതൊന്നുമില്ല. അവിടെയും ട്രേഡ് യൂണിയനുകളുണ്ട്. എന്നാൽ ഇവിടത്തെ ട്രേഡ് യൂണിയനുകളെല്ലാം തന്നെ ഈ പ്രദേശത്തെ തൊഴിലാളികളെ പട്ടിണിക്കിടുവാനും, തൊഴിൽത്തർക്കങ്ങളുണ്ടാക്കുവാനും അതിൽക്കൂടി മുതലെടുക്കുവാനുമാണ് ശ്രമിക്കുന്നത്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്ന് അവർ ഇതെല്ലാം മനസ്സിലാക്കിയിരിക്കുകയാണ്. ഇനി ഈ കളിപ്പീക്കലിനും അവരെ കിട്ടുകയില്ല. പ്രധാന ട്രേഡ് യൂണിയനുകളെല്ലാംതന്നെ ഇന്ന് പ്രവർത്തനമില്ലാതെ കൊല്ലം മേഖലയിൽ നടക്കുന്നത് നമുക്ക് കാണാം. തൊഴിലവസരങ്ങളുണ്ടാക്കാൻവേണ്ടി തൊഴിലാളികളും തൽപ്പരരായി മുന്നോട്ടുവന്നപ്പോൾ തൊഴിലവസരങ്ങളുണ്ടാകുന്നു; സമാധാനമേഖലയാക്കാൻ സാധിക്കുന്നു. അവർക്ക് ഡി.എ. ഉണ്ട്. ആ ഡി.എ. മിനിമം വേജസിൽ ഉൾപ്പെടുത്തി കൊടുക്കണമെന്നും പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി കോൺഫറൻസ് വിളിച്ചുകൂട്ടിയപ്പോൾ സി.ഐ.ടി.യു. നേതാക്കൻമാർ മാത്രമാണ് അതിനെ എതിർത്തത്. അവർക്കറിയാം ഇത് കൊടുത്തുകഴിഞ്ഞാൽ കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾക്ക് കൂടുതൽ അനുകൂല്യങ്ങൾ കിട്ടിപ്പോകും. അത് ഈ ഗവൺമെൻറിൻെറ കാലത്ത് പാടില്ലെന്ന് കണക്കാക്കിക്കൊണ്ട്, തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിക്കൊണ്ട്, അതില്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽമേഖലയെ സംബന്ധിച്ചിടത്തോളം സമാധാനമേഖലയാക്കി മാറാൻ ഈ ഗവൺമെൻറിന് സാധിച്ചു.

അതുപോലെതന്നെ എക്സൈസ് വകുപ്പിനെക്കുറിച്ച് പറയുമ്പോൾ ഇന്നു നാടുനീളെ കള്ളവാറ്റും അതിൻെറ വിൽപ്പനയും നടക്കുകയാണ്. നമുക്കറിയാം ഒരു ദേവാലയത്തിനോടോ, അല്ലെങ്കിൽ സ്കൂളിനോടോ സമീപപ്രദേശത്ത് പാടില്ല, 400 മീറ്റർ അകലെ വേണമെന്ന്. എന്നാൽ ഇന്ന് 400 മീറ്ററിനകത്തൊക്കെ ചാരായഷോപ്പുകൾ ആരംഭിച്ചിരിക്കുകയാണ്. എൻെറ നിയോജകമണ്ഡലത്തിൽതന്നെ ഒരു സ്കൂളിൻെറ എതാണ്ട് 200 മീറ്ററിനുള്ളിൽ ഒരു ചാരായഷോപ്പു തുടങ്ങി. ജനങ്ങൾ ഇളകിപ്പെട്ട് അവർ കോടതിയിൽ പോകുകയും സ്റ്റേ വാങ്ങിക്കുകയും ചെയ്തു. സ്റ്റേ കിട്ടിക്കഴിഞ്ഞപ്പോൾ ചാരായമെന്നുള്ള ബോർഡ് മാറ്റിയിട്ട് ഹോട്ടൽ

LIBRARY ARCHIVES Kerala Legislative Assembly

പാർഡൈസ് എന്ന പേരിൽ ബോർഡ് വച്ചിട്ട് ചാരായവിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ ഇന്ന് അതിനെ എതിർത്തു കൊണ്ടിരിക്കുകയാണ്. കള്ളവാറ്റ് പിടിക്കാൻ അവർ മുന്നോട്ടു വന്നിരിക്കുകയാണ്. സർ, ഒരു കാര്യം ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രദ്ധിക്കണം. അദ്ദേഹത്തിന തൊഴിൽവകുപ്പ് കൈകാര്യം ചെയ്യാൻ സാധിക്കുന്നതുപോലെ എക്സൈസ് വകുപ്പും കൈകാര്യം ചെയ്യാൻ സാധിക്കും. അവിടെയും ചില മാറ്റങ്ങൾ വരുത്താൻ സാധിക്കും. ഇന്ന് നാട്ടിൻപ്രദേശങ്ങളിലാകെതന്നെ കള്ളവാറ്റ് നടക്കുകയാണ്. ആ കള്ളവാറ്റ് സാധനങ്ങൾ വളരെയധികം തുക ചെലവാക്കി ഈ കോൺട്രാക്ടർമാർതന്നെയാണ് വാങ്ങിക്കൊണ്ടു പോകുന്നത്. അവർ കള്ളവാറ്റ് പ്രോത്സാഹിപ്പിക്കാൻ വേണ്ടിയല്ല ഇത് ചെയ്യുന്നത്. അവരുടെ ഉൽപ്പന്നങ്ങൾ ചെലവാകുന്നില്ല. അതു കൊണ്ട് കള്ളവാറ്റ് സാധനങ്ങൾ വാങ്ങി അവർ ചാരായഷോപ്പുകളിൽ കൊണ്ടു ചെന്ന് വിൽക്കുന്നത് ഇന്ന് പതിവാണ്. അതിനെ കർശനമായി നേരിടാൻ എക്സൈസ് വകുപ്പിന്റെ ചാർജ് വഹിക്കുന്ന തൊഴിൽ വകുപ്പുമന്ത്രി കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് പറഞ്ഞു കൊള്ളുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആരാധനാലയങ്ങളുടേയും മുറ്റത്താണ് ഇപ്പോൾ മദ്യഷോപ്പുകൾ നടത്തുന്നത്. ബാറുകൾക്ക് 200 മീറ്റർ അകലവും കള്ളുഷോപ്പ്, ചാരായഷോപ്പ് തുടങ്ങിയവകൾക്ക് 400 മീറ്റർ അകലവുമാണ് നിശ്ചയിച്ചിരിക്കുന്നത്. കാക്കത്തൂരമാണ് കണക്കാക്കേണ്ടത്. അതിനുപകരം കാക്ക പിടിക്കുന്നവർക്കും കാശുകൊടുക്കുന്നവർക്കും ഇളവനുവദിച്ചിരിക്കുകയാണ്. വിദ്യാർത്ഥികളും യുവജനങ്ങളും മദ്യത്തിനേറയും മാംസത്തിനേറയും മയക്കുമരുന്നിനേറയും അടിമകളായി മസ്തിഷ്കം മരവിച്ചു കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ ഭാവിതലമുറയെ കൊല്ലാതെ കൊല്ലുകയാണ്. ആലപ്പുഴ കിഴക്കാമ്പറമ്പ് ക്ഷേത്രത്തിന് മുൻപിലെ ഗുരുമന്ദിരത്തിൽവെച്ച് മദ്യഷോപ്പ് ലേലം നടത്താനാണ് ഗുരുജി തീരുമാനിച്ചത്. ശ്രീനാരായണഗുരുവും കുമാരനാശാനും ചട്ടമ്പിസ്വാമികളും വിശ്രമിച്ചിട്ടുള്ള നായർമ്പലത്തെ സഹോദരൻ അയ്യപ്പന്റെ, കഴിഞ്ഞ വർഷം സർക്കാർ ഏറ്റെടുത്ത ഭവനം വ്യാജചാരായ വിൽപ്പന കേന്ദ്രമാക്കി മാറ്റിയിരിക്കുകയാണ്. സർ, ചെത്തുതൊഴിലാളികൾക്ക് ഈ സർക്കാർ വാഗ്ദാനം ചെയ്ത പെൻഷൻ അടിയന്തിരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തൊഴിലില്ലായ്മയും പട്ടിണിയുമായി പാവങ്ങൾ കണ്ണീരും കയ്യുമായി കഴിയുമ്പോൾ അവരുടെ പിച്ചച്ചട്ടിയിൽനിന്നും, ഈ സർക്കാർ കൈയിട്ടുവാരുകയാണ്. നിത്യോപയോഗസാധനങ്ങളുടെ വില ഇന്ന് കുതിച്ചുകയറുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം അരി, ഗോതമ്പ്, മണ്ണെണ്ണ തുടങ്ങിയവയുടെ വില അഞ്ചു തവണവീതം വർദ്ധിപ്പിച്ചു. പഞ്ചസാരയുടെ വില നാലുതവണയും പാമോലിന്റെ വില രണ്ടു തവണയും വർദ്ധിപ്പിച്ചു. അരി കിലോക്ക് 58 പൈസയും ഗോതമ്പിന് 47 പൈസയും പഞ്ചസാരയ്ക്ക് ഒരു രൂപ മുപ്പത് പൈസയും പാമോലിന് രണ്ടു രൂപ അമ്പത് പൈസയും മണ്ണെണ്ണ ലിറ്ററിന് 52 പൈസയും വില വർദ്ധിപ്പിച്ചതായി 11-7-1986-ൽ വകുപ്പുമന്ത്രി മറുപടി നൽകിയിരിക്കുകയാണ്. സർ, അന്യരാജ്യങ്ങളിൽ നിന്നും അറബിരാജ്യങ്ങളിൽനിന്നും ആയിരക്കണക്കിന് മലയാളികൾ ദിനംപ്രതി

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും നശിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളും പുതിയ നിയമനങ്ങളും നിർത്തിവച്ചിരിക്കുന്നു. കമ്പ്യൂട്ടർ വൽക്കരണവും യന്ത്രവൽക്കരണവും നടപ്പിലാക്കി നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. കാർഷികമേഖലയും നശിച്ചു. പുതിയ വ്യവസായങ്ങളൊന്നും ആരംഭിക്കുന്നില്ല. പൊതുമേഖലയെ നശിപ്പിച്ച് സ്വകാര്യമേഖലയെ മാത്രം പ്രോൽസാഹിപ്പിക്കുന്ന നയം അവസാനിപ്പിക്കണം. കേരളത്തിലെ അഭ്യന്തര സാഹചര്യത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സർക്കാർ യാതൊന്നും ചെയ്യുന്നില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി എതിർക്കുകയാണ്,

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: സർ, ഈ ധനാഭ്യർത്ഥനകളെയെല്ലാം ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിൽവകുപ്പ് ഇന്ന് പ്രവർത്തിക്കുന്നുണ്ടോയെന്നുതന്നെ ഒരു കമ്മീഷനെവെച്ച് അന്വേഷിപ്പിക്കണമെന്നാണ് എനിക്കാദ്യമായി അഭ്യർത്ഥിക്കാനുള്ളത്. തൊഴിൽവകുപ്പ് ഇന്ന് പൂർണ്ണമായും നിർവ്വീര്യമായിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. കഴിഞ്ഞ കാലഘട്ടങ്ങളിലെ ചരിത്രം പരിശോധിച്ചാൽ എവിടെയെങ്കിലും ഒരു തൊഴിൽത്തർക്കമുണ്ടായാൽ ആ തൊഴിൽത്തർക്കം പരിഹരിക്കുന്നതിന് തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥൻമാർ താൽപ്പര്യം കാണിക്കുമെന്ന് മാത്രമല്ല അതിനവർ മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. ഇന്ന് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ചുമതല ഏറ്റെടുത്തശേഷം ഇതഃപര്യന്തമുള്ള ചരിത്രം പരിശോധിച്ചാൽ തൊഴിൽവകുപ്പുദ്യോഗസ്ഥൻമാർക്ക് ഈ മാതിരിയുള്ള തൊഴിൽ സമരങ്ങൾക്കും മറ്റു പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുള്ള ഇനിഷ്യേറ്റീവ് തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. അവർ വെറും ഒപ്പുവെയ്ക്കുന്ന ആളുകളായി രൂപാന്തരപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. സർ, ഈ വകുപ്പിനെക്കുറിച്ച് കൂടുതലൊന്നും പറയാതിരിക്കുന്നതാണ് നല്ലത്. പണ്ട് ഒരു നമശിവായ മജിസ്ട്രേട്ടിന്റെ കാര്യം പറഞ്ഞു കേട്ടിട്ടുണ്ട്. ആ മജിസ്ട്രേട്ട് വിധി പറഞ്ഞിട്ടുള്ളത്: "നിന്റെയാണെങ്കിൽ നീയെടുത്തോ, അവന്റെയാണെങ്കിൽ അവനു കൊടുത്തേരേ, എനിയ്ക്കുള്ളതും തന്നേരേ" എന്നാണ്. പക്ഷേ നമ്മുടെ മന്ത്രിയെ സംബന്ധിച്ചിടത്തോളം ആ മജിസ്ട്രേട്ട് പറഞ്ഞിട്ടുള്ളത് പൂർണ്ണമായി അദ്ദേഹം അംഗീകരിക്കുന്നില്ല; അവസാനം പറഞ്ഞിട്ടുള്ള എനിയ്ക്കുള്ളതും തന്നേരേ എന്ന നിലയിൽത്തന്നെയാണ്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രവർത്തനമെന്നുള്ളതിന് ഏറ്റവും ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു തൊഴിലാളിപ്രവർത്തകനായിരുന്നു. തൊഴിലാളി വർഗ്ഗത്തോടുള്ള ആ ആഭിമുഖ്യവുമൊക്കെയും തന്നെ മദ്യമെന്ന വകുപ്പ് ഏറ്റെടുത്തതോടെ കളഞ്ഞുകുളിച്ചിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. കഴിഞ്ഞ പത്തുവർഷക്കാലമായും മിനിമം കൂലി നിശ്ചയിക്കാത്ത നിരവധി വ്യവസായരംഗങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത് ഞങ്ങളാരും പറഞ്ഞതല്ല; ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ചോദ്യത്തിനുത്തരമായി നിയമസഭയിൽ പറഞ്ഞതാണിത്. ഈ 13 വ്യവസായരംഗങ്ങളിലെ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചിട്ടില്ലായെന്നുപറഞ്ഞാൽത്തന്നെ അതിന്റെ അർത്ഥം സംഘടിത

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ ബഹുഭൂരിഭാഗം തൊഴിലാളികൾക്കും ഇന്ന് മിനിമംകൂലി ലഭിക്കുന്നില്ലായെന്നുള്ളതാണ്. അങ്ങനെയാണ് സ്ഥിതിയെങ്കിൽ ഈ മന്ത്രി എന്തിനിവിടെയിരിക്കുന്നു, ഈ വകുപ്പ് എന്ത് ചെയ്യുന്നു, ഈ വകുപ്പുകൊണ്ട് എന്താണ് പ്രയോജനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചെല്ലാം ഗൗരവമായി ആലോചിക്കണമെന്നാണെനിയ്ക്ക് പറയാനുള്ളത്. എങ്ങനെയാണ് ഈ തൊഴിൽവകുപ്പിന് ഗുണം പിടിക്കാൻ കഴിയുന്നത്. കഴിഞ്ഞകാലത്തെങ്ങുമുണ്ടായിട്ടില്ലാത്ത ഒരു പുതിയ ചരിത്രം നമ്മുടെ മന്ത്രി സൃഷ്ടിച്ചിരിക്കുകയാണ്. തൊഴിൽ വകുപ്പിലെ ബഹുഭൂരിഭാഗം വരുന്ന ജീവനക്കാർ കഴിഞ്ഞ ഒരു മാസത്തിനു മുമ്പ് - ഏതാണ്ട് ഒന്നര മാസത്തോളം - അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി പ്രക്ഷോഭണത്തിലേയ്ക്ക് നീങ്ങി. ഒന്നരമാസത്തോളം സമരം നടത്തിയതിനുശേഷം മാത്രമാണ് അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ചൊന്നു ചർച്ച ചെയ്യാൻപോലും നമ്മുടെ മന്ത്രി തയ്യാറായത്. എ. എൽ. ഒ. മാരെ നേരിട്ട് നിയമിക്കുക, മറ്റു ജീവനക്കാരുടെ പ്രമോഷനുകൾ തടയുക തുടങ്ങിയ തെറ്റായ തരത്തിലുള്ള നടപടികൾക്കെതിരായിട്ടാണ് തൊഴിൽവകുപ്പിലെ ജീവനക്കാർ പ്രക്ഷോഭവും സമരവും ഉയർത്തിക്കൊണ്ടുവന്നത്. വളരെ ദീർഘമായ ഒരു കാലത്തേയ്ക്ക് തൊഴിൽവകുപ്പ് അസ്വസ്ഥമായെന്ന് മാത്രമല്ല തൊഴിൽവിഭാഗം പൂർണ്ണമായി സ്തംഭിച്ചിരുന്ന ഒരു സാഹചര്യമാണ് ഇവിടെ ഉണ്ടായിരുന്നത്. തൊഴിൽരഹിതർക്ക് നൽകിക്കൊണ്ടിരുന്ന സാന്ത്വനികാനുകൂല്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ആ ആനുകൂല്യങ്ങൾ നൽകുന്നതിന് കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ വകുപ്പ് ശ്രദ്ധിച്ചിട്ടില്ല. 1985-86ലെ കുടിശ്ശികയായി മൂന്നു കോടി രൂപ ഇനിയും നൽകാനുണ്ടെന്നാണ് കണക്ക്. അതുപോലെതന്നെ കർഷക തൊഴിലാളി പെൻഷൻ 31-5-1986-വരെ നാലുകോടി ഇരുപത്തൊമ്പത് ലക്ഷം രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. 1986-87-ലേയ്ക്ക് വകയിരുത്തിയിട്ടുള്ള തുക 16 കോടി 53 ലക്ഷം രൂപയാണ്. 31-5-1986 വരെ ഇതിൽ വിതരണം ചെയ്തിരിക്കുന്നത് കഷ്ടിച്ച് 50ലക്ഷം രൂപ മാത്രമാണ്. ഗണ്യമായ തുക ഇപ്പോഴും കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ഓണത്തിനുമുമ്പ് കർഷകത്തൊഴിലാളി പെൻഷനെല്ലാം കൊടുത്തുതീർക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. എങ്ങനെ അത് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പറയേണ്ടതാണ്. സർ, സംഘടിത വ്യവസായമേഖലയാകെത്തന്നെ അസ്വസ്ഥമാണ്. എല്ലാം തന്നെ തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. വർഷങ്ങളായി പൂട്ടിയിട്ടിരിക്കുന്ന തൊഴിൽസ്ഥാപനങ്ങൾ ഇവിടെയുണ്ട്. മാവൂർ റയോൺസിന്റെ കാര്യം ഇവിടെ പറഞ്ഞു. 4,500-ഓളം തൊഴിലാളികൾ കഴിഞ്ഞ ഒരു വർഷക്കാലമായി പണിമുടക്കിലേയ്ക്ക് നീങ്ങിയിരിക്കുകയാണ്. അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണമെന്നും മുമ്പ് അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകിട്ടണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭണവും സമരവും അവർ നടത്താൻ തുടങ്ങിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. അവിടത്തെ മുതലാളി പ്രതിനിധികളേയും തൊഴിലാളി യൂണിയൻ പ്രതിനിധികളേയും യോജിപ്പിച്ചിരുത്തി ഒന്നു സംസാരിക്കാനുള്ള അവസരം ഉണ്ടാക്കുവാൻ പോലും നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഏറ്റവും ഖേദജനകമായ ഒരു സംഗതിയാണ്. അനുരഞ്ജനചർച്ച പോലും യഥാവസരത്തിൽ നടത്താൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഈ വകുപ്പുതന്നെ കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിൽമന്ത്രി പൂർണ്ണമായി പരാജയപ്പെട്ടുവെന്നാണ് എനിക്ക് പറയുവാനുള്ളത്.

നമ്മുടെ സംസ്ഥാനത്തെ പ്ലാന്റേഷൻ തൊഴിലാളികളും അതിരൂക്ഷമായ സമരത്തിലേക്ക് നീങ്ങാൻ പോവുകയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ഏകദേശം മൂന്നു ലക്ഷത്തോളം പ്ലാന്റേഷൻ തൊഴിലാളികളും കരാറവസാനിച്ചശേഷം അവരുടെ സേവന വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തണമെന്നും പരിഷ്ക്കരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംഘടിതമായ ഒരു പ്രക്ഷോഭത്തിലേക്ക് നീങ്ങാൻ പരിപാടിയിട്ടിരിക്കയാണ്. ഇതിനോടകം സർക്കാർ മേഖലയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളും ഈ കഴിഞ്ഞ 12-ാം തീയതി ഒരു സൂചനാ പണിമുടക്ക് നടത്തി. ആ സൂചനാ പണിമുടക്കിനാധാരമായ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം 1983-ലും 1984-ലും കൊടുത്ത ബോണസ്സിൽ വളരെ കുറച്ച്, 11.04 ശതമാനം മാത്രമേ തൊഴിലാളികൾക്ക് ബോണസ് കൊടുക്കാൻ കഴിയൂ എന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചതാണ്. ആ പ്രഖ്യാപനത്തിൽ പ്രതിഷേധിച്ചാണ് ഐ. എൻ. ടി. യു. സി അടക്കമുള്ള മുഴുവൻ ട്രേഡ്യൂണിയനുകളും യോജിച്ച് ചേർന്ന് ഒരു പ്രക്ഷോഭത്തിലേക്ക് നീങ്ങാൻ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ മുന്നോടിയെന്നുള്ള നിലയിലാണ് ഈ മാസം 12-ാം തീയതി ഒരു ടോക്കൺ സ്ട്രൈക്ക് അവർ നടത്തിയത്. കഴിഞ്ഞ രണ്ടു വർഷവും 20 ശതമാനം ബോണസ് കൊടുത്ത ഈ സ്ഥാപനം കഷ്ടിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു കോർപ്പറേഷനാണ്. എന്നാണ്ട് എണ്ണായിരത്തോളം ജീവനക്കാരും തൊഴിലാളികളും സംഘടിതമായി നിന്നുകൊണ്ട് ന്യായമായ ബോണസിനുവേണ്ടി സമരം നടത്താൻ തീരുമാനിച്ചിരിക്കയാണ്. ഇത് നമ്മുടെ തൊഴിൽവകുപ്പുമന്ത്രി അറിഞ്ഞിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് എനിക്ക് സംശയമുണ്ട്. തൊഴിൽ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് പല പ്രദേശങ്ങളിലും ഉള്ള ആഫീസുകളിൽ വേണ്ടത്ര സ്റ്റാഫില്ല; വാഹന സൗകര്യങ്ങളില്ല. അതിന് ഒരു ഉദാഹരണം പറയാം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ മൂന്നു ജില്ലകളിലേയും തൊഴിൽപ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ആഫീസ് കൊല്ലത്ത് ഉണ്ട്. റീജണൽ ജോയിന്റ് ലേബർ കമ്മീഷണർ ആഫീസ്. ഞങ്ങളും കോൺഫ്രൻസിൽ സംബന്ധിക്കുവാൻ കൃത്യസമയത്ത് ചെന്നിരുന്നാൽ അരമണിക്കൂറോ മുക്കാൽ മണിക്കൂറോ സമയം കഴിഞ്ഞിട്ടാണ് ആ റീജണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് ചിലപ്പോൾ കോൺഫ്രൻസിൽ സംബന്ധിക്കുവാൻ സാധിക്കുന്നത്. അതിന്, അദ്ദേഹം പറയുന്നത് അദ്ദേഹത്തിന് വാഹനമില്ല, ബസ്സുകളിൽ സഞ്ചരിച്ചു മാത്രമേ അവിടെ എത്താൻ കഴിയുന്നുള്ളൂ എന്നാണ്. എന്തുകൊണ്ട് മൂന്നു പ്രധാനപ്പെട്ട ജില്ലകളിലെ—നിരവധി തൊഴിൽ പ്രശ്നങ്ങളുള്ള ജില്ലകളിലെ—ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ റീജണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് ഒരു വാഹനം കൊടുത്തുകൂടാ എന്ന് ഞാൻ ചോദിക്കുകയാണ്. അതുപോലെതന്നെ പത്തനംതിട്ട ജില്ലയിൽ പ്രൈവറ്റ് മോട്ടോറിൽ പണിയെടുക്കുന്ന മൂവായിരത്തോളം തൊഴിലാളികളുണ്ട്, ആ മോട്ടോർ തൊഴിലാളികളുടെ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് ഒരു മോട്ടോർ ഇൻസ്പെക്ടറെ നിയമിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. പക്ഷെ അവിടെ ആവശ്യത്തിനുള്ള സ്റ്റാഫില്ല; മാത്രമല്ല, ആ ഉദ്യോഗസ്ഥന്റെ അധികാര പരിധി എന്താണ്, എത്രമാത്രം ഉണ്ടെന്നുള്ളതിനെ സംബന്ധിച്ച് നോട്ടിഫൈ ചെയ്യാതിരിക്കുന്നതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

നൂറുകണക്കിന് തൊഴിലാളികൾക്ക് ഫെയർ വേജ് അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്ന സാഹചര്യമാണ് ഇന്ന് പത്തനംതിട്ട ജില്ലയെ സംബന്ധിച്ചിടത്തോളം ഉള്ളത്. മോട്ടോർ തൊഴിലാളി ക്ഷേമനിധിയെ സംബന്ധിച്ച് പരാമർശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കാരണം, അവിടത്തെ നിയമനങ്ങളെ സംബന്ധിച്ചും മറ്റും ഉള്ള വിശദമായ കാര്യങ്ങൾ എനിക്ക് ശേഷം സംസാരിക്കുന്ന ശ്രീ. ഒ. രേതൻ സൂചിപ്പിക്കും. ഏതായാലും ശരി, ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മോട്ടോർ തൊഴിലാളി ക്ഷേമനിധിബോർഡ് എന്നു പറയുന്നത്, സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനമാണ്. അങ്ങനെയുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മുഖ്യ അധികാരിയായി; അതായത് ചീഫ് എക്സിക്യൂട്ടീവായി നിയോഗിച്ചിരിക്കുന്നത് നമ്മുടെ തൊഴിൽവകുപ്പിൽ ഏറ്റവും ജൂനിയറായിട്ടുള്ള ഒരു ഡി. എൽ. ഒ. യെ ആണ്. അദ്ദേഹത്തിന്റെ പേര് നമ്മുടെ തൊഴിൽവകുപ്പുമന്ത്രിയുടെ പേരായ ശിവദാസൻ എന്നുതന്നെ. ഈ സംസ്ഥാനത്ത് മറ്റ് പ്രഗൽഭൻമാരായ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥൻമാരില്ലേ? ഈ സ്ഥാപനത്തിൽത്തന്നെ ഇൻറർവ്യൂ നടത്തുവാനും നിയമനം നടത്തുവാനും റിട്ടയർ ചെയ്തശേഷം നിയമനം ലഭിച്ചിട്ടുള്ള ഒരാളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇവർ പരിചയസമ്പന്നരാണോയെന്നറിഞ്ഞുകൂടാ. പരിചയ 'സമ്പന്നരായ' ചില ആളുകളെത്തന്നെയാണ് പലപ്പോഴും നമ്മുടെ മന്ത്രി നിയമിച്ചിരിക്കുന്നത് എന്ന് പരക്കെ അറിവുള്ളതാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് 26 ലക്ഷത്തോളം ആളുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ട് തൊഴിൽ കാത്തുനിൽക്കുകയാണ്. പക്ഷേ ഈ വകുപ്പും ഈ മന്ത്രിയുടെ കൈവശമായതുകൊണ്ട് വളരെ സൗകര്യപ്രദമായി ബോർഡിന്റെ കീഴിലുള്ള നിയമനത്തിനുവേണ്ടി സ്വന്തം താൽപ്പര്യം സംരക്ഷിക്കുന്ന ആളുകൾക്കും, സ്വന്തം പാർശ്വവർത്തികൾക്കും, ആവശ്യമായ രീതിയിലുള്ള എല്ലാ സഹായവും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി കൊടുക്കുന്നുമുണ്ട്. അങ്ങനെ നിരവധി അവിഹിതമായ നിയമനങ്ങൾ നടത്തി ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തിരിക്കുന്നുയെന്നാണ് വാർത്ത വന്നിരിക്കുന്നത്. ഇത് യാഥാർത്ഥ്യമാണ്. ഈ കാര്യത്തെ സംബന്ധിച്ച് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കേണ്ടതാണ്.

സർ, അഴിമതിയെ സംബന്ധിച്ചൊന്നും ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നില്ല. കശുവണ്ടി രംഗത്തെ സ്ഥിതിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞുകേട്ടു. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, പാവപ്പെട്ട തൊഴിലാളികളെ, സാധാരണ ഭാഷയിൽ പറഞ്ഞാൽ അവരെ ഉപദ്രവിക്കാതിരിക്കണേ; "ധർമ്മം കൊടുത്തില്ലെങ്കിലും, പട്ടിയെ വിട്ട് കടിപ്പിക്കാതിരിക്കണം". ഏതാണ്ട് ഒന്നര ലക്ഷത്തോളം തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് കാഷ്യൂ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ജൂലൈ ഒന്നു മുതൽ 8.2 രൂപയാണ് അവർക്ക് ക്ഷാമബത്തയായിട്ടുള്ളത്. 140-ഓളം സഹകരണ ഫാക്ടറികൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ഇവർക്കെല്ലാം തന്നെ ലൈസൻസ് കൊടുത്തിട്ടുണ്ട്. ഇഷ്ടംപോലെ പണം കൈക്കൂലി വാങ്ങിച്ചിട്ടാണ് ലൈസൻസ് കൊടുത്തിട്ടുള്ളത്, 80 ഫാക്ടറികൾ ഇന്ന് കുടിവെപ്പ് ഫാക്ടറികളാണ്. അവിടെ ഡി. എ. നൽകുന്നില്ല. കഷ്ടിച്ച് 5 രൂപയാണ് കൂലി കൊടുത്തുകൊണ്ടിരിക്കുന്നത്. സഹകരണ മേഖലയിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന നാൽപ്പത്തഞ്ചായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് പ്രതിദിനം ഡി. എ. ഇനത്തിൽ 3,69,000 രൂപ കിട്ടേണ്ടതാണ്. അതിനുപകരം ഇന്ന് അവർക്ക് കിട്ടുന്നത് കഷ്ടിച്ച് ഒന്നര രൂപവച്ച് കണക്കാക്കിയാൽ 67,500 രൂപയാണ്. മൂന്നു ലക്ഷം രൂപ പാവപ്പെട്ട തൊഴിലാളികളുടെ ഒപ്പ് കള്ളമായി വാങ്ങിച്ചിട്ട് തട്ടി എടുക്കുകയാണ്. ആറു ദിവസത്തെ പണിയുണ്ടെങ്കിൽ മൂന്നു കോടി രൂപയാണ് ആ ഇനത്തിൽ മുതലാളിമാർ സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. ഇത്ര വലിയ തട്ടിപ്പ് നടത്തുന്ന ഒരു വ്യവസായ മേഖല വേറെയില്ല. അവിടെ യൂണിയൻ ലീഗിന്റെ നേതാവ് യൂനുസ് കുഞ്ഞ്, 1300-ഓളം തൊഴിലാളികളെ ഹെഡ് ആഫീസിലും മൂവായിരം തൊഴിലാളികളെ മറ്റു ഫാക്ടറികളിലുമായി പണിയെടുപ്പിക്കുന്ന ആളാണ്. ലക്ഷക്കണക്കിന് രൂപ ഈ തരത്തിൽ തട്ടിയെടുക്കുന്നതിനുള്ള സാഹചര്യം ഈ മന്ത്രി ഉണ്ടാക്കിക്കൊടുത്തിരിക്കുന്നുയെന്നുള്ളതാണ് ഏറ്റവും ലജ്ജാകരമായ ഒരു ഏർപ്പാടാണ്.

ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രിയുടെ വകുപ്പിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ റേഷൻ ഹോൾസെയിലിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. സഹകാരി മേഖലയ്ക്ക് ഹോൾസെയിൽ വിട്ടുകൊടുക്കുവാനുള്ള തീരുമാനം എടുത്തു കഴിഞ്ഞതിന്റെ ഫലമായി കഴിഞ്ഞ പത്തു മുന്നൂറ് ദിവസത്തോളമായി എഫ്. സി. ഐ. യിലെ തൊഴിലാളികൾ നമ്മുടെ സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തിക്കൊണ്ടിരിക്കയാണ്. ഈ അടുത്ത ദിവസം, അവർ സമരം നടത്തിക്കൊണ്ടിരുന്ന ഷെഡ് തന്നെ പോലീസ് പൊളിച്ചു കളഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി പറഞ്ഞപോലെ ബീരാൻ സാഹിബിനെ ഞങ്ങളാരും ഈ തരത്തിൽ പ്രതീക്ഷിച്ചിരുന്നില്ല. ലക്ഷക്കണക്കിന് രൂപയുടെ അഴിമതിയും കൈക്കൂലിയും ആ രംഗത്ത് നടമാടുന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സഹകാര്യമേഖലയ്ക്ക് ഹോൾസെയിൽ വിട്ടുകൊടുക്കുന്നതിനുള്ള തീരുമാനം പാലക്കാട് ജില്ലയിലുണ്ടായി. എന്നാൽ ഹൈക്കോടതിയെ സമീപിച്ച് അത് താൽക്കാലികമായി സ്റ്റേ ചെയ്യപ്പെടുകയുണ്ടായി, തിരുവനന്തപുരം ജില്ലയിൽ 16 ഹോൾസെയിൽ കടകളും ആ തരത്തിൽ കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. മൂന്നുലക്ഷം രൂപവീതം ഒരു കടയ്ക്ക് അഡ്വാൻസ് വാങ്ങിച്ചു, ആളിനെയും നിശ്ചയിച്ചിരിക്കുന്നു. ഇതിൽ നിന്നു ഒരാൾമാത്രമാണ് വിട്ടുവീഴ്ചയ്ക്ക് വിധേയമായിട്ടുള്ളത്. ശ്രീ. ശകുന്തൻനാടാരുടെ ഭാര്യയ്ക്ക് ഒരു ഹോൾസെയിൽ കടകൊടുത്തിട്ടുണ്ട്; അവരെ ഏതായാലും ഈ പെനാലിറ്റിയിൽനിന്നു ഒഴിവാക്കിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതു ഒരു നല്ല കാര്യമാണ്. ഏതായാലും നാട്ടിൽ ഭക്ഷ്യസാധനങ്ങൾ കൃത്യമായി വിതരണം ചെയ്യാൻ കഴിയുന്നില്ലെങ്കിൽപ്പോലും മുസ്ലീം ലീഗിലെ ചില നേതാക്കൻമാർക്ക് വയറുനിറപ്പാടിനുള്ള വക ഉണ്ടാക്കിക്കൊടുക്കുന്നത് ഒരു നല്ല കാര്യംതന്നെയാണ്.

സർ, എസ്സൈസ് വകുപ്പിനെക്കുറിച്ച് ഞാൻ ദീർഘമായി ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ചാരായം കുപ്പിയിലായി വിതരണം ചെയ്യാൻ കഴിയുന്നില്ലെന്നാണ് നേരത്തെതന്നെ ആക്ഷേപമുണ്ട്. പക്ഷേ ഷോപ്പുകളെല്ലാംതന്നെ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു സാഹചര്യമാണുള്ളത്. ചാരായ കള്ളക്കടത്താണ് പ്രധാനമായും ഇപ്പോൾ ഉദ്ദേശിക്കുന്നത്. ദൂരപരിധി ഇവിടെ 400 മീറ്റർ 200 മീറ്റർ എന്നൊക്കെയുള്ള കഥ പറഞ്ഞുകേട്ടു. ചാരായ ഷോപ്പുകൾ പ്രവർത്തിക്കുവാൻ പാടില്ലായെന്നുള്ള നിർദ്ദേശമേയുള്ളൂ; ബാർ



LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് കൊടുത്തിട്ടുള്ള ഹോട്ടലുകൾക്ക് അവിടെ പ്രവർത്തിക്കാം. അതുപോലെ ഫോറിൻ ലിക്കർ ഷോപ്പുകൾക്ക് അവിടെ പ്രവർത്തിക്കാം. ആ തരത്തിലുള്ള ഒരു നയമാണ് ഗവൺമെൻറ് എടുത്തിരിക്കുന്നത്. കള്ളുചെത്തുവ്യവസായത്തിൽ പ്രവർത്തിക്കുന്ന ഒരു ലക്ഷത്തോളം വരുന്ന തൊഴിലാളികൾ, പരമ്പരാഗത വ്യവസായത്തിൽ പണിയെടുക്കുന്ന ആളുകളാണ്. അവരെ തകർക്കുകയെന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. മുമ്പ് ഡിസ്റ്റിലറികൾ അനുവദിച്ച കാര്യത്തെ സംബന്ധിച്ച് ഇവിടെ വലിയ വാദകോലാഹലങ്ങൾ നടന്നതാണ്. അങ്ങനെ ഡിസ്റ്റിലറികൾ അനുവദിക്കുന്നത് കേന്ദ്ര ഗവൺമെൻറ് നിരോധിച്ചിരുന്ന സാഹചര്യത്തിൽപ്പോലും ഡിസ്റ്റിലറികൾ അനുവദിക്കാനുള്ള പരിശ്രമം നടത്തി. മരച്ചീനിയിൽനിന്ന് ചാരായം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഡിസ്റ്റിലറികൾ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നതെന്നാണ് പറഞ്ഞിരുന്നതും. ഇവിടെയുള്ള മരച്ചീനി യഥാർത്ഥത്തിൽ ഭക്ഷ്യസാധനം തന്നെയാണ്. ആ ഭക്ഷണാവശ്യത്തിന് കഴിഞ്ഞാൽ പിന്നെ വളരെക്കുറച്ച് മരച്ചീനി മാത്രമേ ചാരായമാക്കിമാറ്റുന്നതിനു ഇവിടെ ലഭിക്കുകയുള്ളൂ. അങ്ങനെയുള്ള സ്ഥിതിക്ക് ഇവിടെ കിട്ടുന്ന മരച്ചീനികൊണ്ട് ഒറ്റ ഡിസ്റ്റിലറിപോലും പ്രവർത്തിക്കുവാൻ കഴിയുകയില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിന്റെ പിന്നിലുള്ള കളി എന്താണെന്നു വച്ചാൽ ഇഷ്ടംപോലെ, ലൈസൻസ് ഇല്ലാതെ, അവിഹിതമായി വെളിയിൽ നിന്ന് സ്പിരിറ്റ് കള്ളക്കടത്ത് നടത്തുകയെന്നുള്ളതാണ് എന്നതിൽ യാതൊരു സംശയവുമില്ല. ആ തരത്തിൽ കള്ളക്കടത്തുമായി ബന്ധപ്പെട്ടിട്ടുള്ള വലിയ മദ്യരാജാക്കൻമാരെ സൃഷ്ടിക്കുക, കോടീശ്വരൻമാരാക്കുക എന്നുള്ളതാണ് ഇതിനെ സംബന്ധിച്ചിടത്തോളമുള്ള ലക്ഷ്യം. ബിവറേജസ് കോർപ്പറേഷന്റെയും സ്ഥിതി ഇതിൽ നിന്നും അൽപ്പം പോലും വ്യത്യസ്തമല്ല. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ വകുപ്പ് ഓരോന്നും പരിശോധിച്ചാൽ അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും ഇഷ്ടപോലെ നടക്കുന്നുയെന്നുള്ളതാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഈ പ്രത്യേക സാഹചര്യത്തിൽ കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീമതി മാർഗ്ഗരറ്റ് തങ്കപ്പൻ)

ശ്രീ. ടി. എസ്. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് മറ്റ് എല്ലാ കാലത്തേക്കാളും തൊഴിൽ പ്രശ്നത്തിന് സമാധാനം ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ള ചരിത്രാർത്ഥം ഏതായാലും ഈ ഗവൺമെൻറിനുണ്ട്. മാർക്സിസ്റ്റ് പാർട്ടി അധികാരത്തിലിരുന്ന ഏതു കാലമെടുത്താലും, ഏതു വ്യവസായശാലയുടെ മുന്നിൽക്കൂടെ പോയാലും, അവിടെയെല്ലാം ചുവന്ന കൊടി മാത്രം കാണാൻ കഴിയുമായിരുന്നു. ആ കാലത്ത് തൊഴിൽ സമാധാനം നമ്മുടെ നാട്ടിൽ ഇല്ലായിരുന്നു. ഒരു വ്യവസായി പോലും കേരളത്തിൽ വരികയില്ലായിരുന്നു. വ്യവസായികൾക്ക് കേരളത്തിൽ എത്തിനോക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷം ഉണ്ടായിരുന്നു.

പക്ഷേ അന്ന് 1982-ൽ സമരമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടത്, 23 ലക്ഷം ആയിരുന്നു. സർക്കാരിന്റെ കണക്കുകളനുസരിച്ച്, 23 ലക്ഷം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. 1985-ൽ നഷ്ടപ്പെട്ടത്

LIBRARY ARCHIVES Kerala Legislative Assembly

വെറും 7 ലക്ഷത്തിൽ താഴെ മാത്രമാണ്. ഇപ്പോൾ തൊഴിൽ ദിനങ്ങൾ കൂടുതൽ നഷ്ടപ്പെടുന്ന സംസ്ഥാനങ്ങളുടെ ലിസ്റ്റിൽനിന്നും കേരളം മാറി പശ്ചിമബംഗാളാണ് ഇപ്പോൾ ഒന്നാം സ്ഥാനത്ത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി, രാജ്യത്ത് എവിടെയെല്ലാം അധികാരത്തിലിരിക്കുന്നുവോ അവിടെയെല്ലാം സമരങ്ങളും കൊലയും കൊള്ളിവയ്പ്പും ഒക്കെയാണ്. അവിടെയൊന്നും തൊഴിലേ ഇല്ല. അതാണ് പശ്ചിമ ബംഗാളിലെ ഇപ്പോഴത്തെ സ്ഥിതി. അതേ സമയം, കേരളത്തിൽ സമാധാനപരമായ അന്തരീക്ഷം തൊഴിൽ രംഗത്ത് ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ നേട്ടം. പിന്നെ തൊഴിൽശാലകളിൽ .....(ബഹളം).....

ശ്രീ. ലോനപ്പൻ നമ്പാടൻ: ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഇപ്പോൾ, വ്യവസായ സമാധാനമുണ്ടെന്നേ ബഹുമാനപ്പെട്ട മെമ്പർക്ക് പറയാമോ?

ശ്രീ. ടി. എസ്. ജോൺ: ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സമാധാനപരമായ അന്തരീക്ഷമാണ്. അവിടെ സമരമൊന്നും ഇല്ലല്ലോ? പക്ഷേ സമാധാനപരമായ അന്തരീക്ഷത്തിൽ തൊഴിൽശാലകളിൽ ഇന്ന് തൊഴിൽ നടക്കുന്നു. ഇപ്പോൾ എവിടെയാണ് തൊഴിൽശാലകൾ പൂട്ടിക്കിടക്കുന്നത്? ഞാൻ ചോദിക്കട്ടെ, സർക്കാരിന്റെ കുറ്റം കൊണ്ട് പൂട്ടിക്കിടക്കുന്ന ഒരു വ്യവസായശാലയുടെ പേര് പറയാമോ? സാദ്ധ്യമല്ല. ..... (ബഹളം)..... ..... ഏതെങ്കിലും പൂട്ടികിടപ്പുണ്ടെങ്കിൽ അത് സിക്ക് യൂണിറ്റുകളാണ്. അവ സിക്ക് യൂണിറ്റായത് ഗവൺമെന്റിന്റെ കുറ്റംകൊണ്ടാണോ? അവയുടെ മാനേജ്മെന്റിന്റെ കുറ്റം കൊണ്ടാണ്. സമരമൂലം തൊഴിൽശാലകൾ മുടങ്ങികിടക്കുന്നതിന്റെ എണ്ണം വളരെ കുറവാണ്. കേന്ദ്രഗവൺമെന്റ് പ്രസിദ്ധീകരിച്ച ലിസ്റ്റ് അനുസരിച്ചുതന്നെ, 1985 നവംബർ മാസത്തിൽ കേരളത്തിലെ മേജർ തൊഴിൽ തർക്കങ്ങൾ എന്നുപറയുന്നത് ഒന്നുമാത്രമാണ്. പശ്ചിമബംഗാളിൽ കേന്ദ്രഗവൺമെന്റിന്റെ കണക്കനുസരിച്ച് മേജർ തൊഴിൽ തർക്കം മുപ്പത്, മഹാരാഷ്ട്രയിൽ പതിമൂന്ന്, കേരളത്തിൽ ഒന്ന് ഈ സ്ഥിതിയിൽ ഈ രാജ്യത്തെ എത്തിക്കാൻ കഴിഞ്ഞില്ലേ? അപ്പോൾ സമാധാനപരമായ ഒരു അന്തരീക്ഷം ഈ രാജ്യത്ത് ഉണ്ടാക്കുവാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞു. പിന്നെ ഇവിടെ കശുവണ്ടി മേഖലയെക്കുറിച്ച് പറഞ്ഞു. ശ്രീ. ആർ. എസ്. ഉണ്ണിയ്ക്കാണ് അതിനെക്കുറിച്ച് കൂടുതലായി അറിവുള്ളത്. പക്ഷേ ആർ. എസ്. ഉണ്ണി പറഞ്ഞ കാര്യങ്ങളെല്ലാം ശരിയല്ല ഒരു കാര്യം പറയാം. കഴിഞ്ഞ 1980-82 കാലഘട്ടത്തിൽ പ്രതിവർഷം എത്ര ദിവസമുണ്ടായിരുന്നു തൊഴിലാളികൾക്ക് ജോലി? 30 ദിവസം മുതൽ 50 ദിവസം വരെയായിരുന്നു. ഇപ്പോൾ അത് 175 മുതൽ 250 ദിവസം വരെയാണ്.

ശ്രീ. ആർ എസ്. ഉണ്ണി: ഈ കണക്കൊക്കെ എവിടെനിന്നാ കിട്ടിയതാണ്. ശ്രീ. ശിവദാസൻ എഴുതിത്തന്ന കണക്കാണെങ്കിൽ അത് ഇവിടെ വായിക്കരുത്. വെറുതെ അബദ്ധം പറയരുത്.

ശ്രീ. ടി. എസ്. ജോൺ: ഏതായാലും ആർ. എസ്. ഉണ്ണി പറയുന്നതുതന്നെ അങ്ങ് സമ്മതിക്കാം. കഴിഞ്ഞ പ്രാവശ്യത്തെ കണക്കനുസരിച്ച് 1980-82-ൽ കൊടുത്തതിനേക്കാൾ ആളുകൾക്ക് തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുന്നുണ്ട്. തൊഴിൽ ആദ്യം ഉണ്ടാകട്ടെ. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കൂലിയുടെ കൂടുതലിനെക്കുറിച്ച് ആലോചിക്കാം. പക്ഷേ കൂലി കൂടുതലിനെക്കുറിച്ച് ആലോചിക്കുമ്പോൾ അന്നത്തേക്കാൾ മെച്ചമാണെന്നാണ് കണക്കുകൾ പറയുന്നത്. ഏതായാലും മന്ത്രി സംസാരിക്കുമ്പോൾ അതിനെക്കുറിച്ച് കൂടുതലായി പറയും.

ശ്രീ. ആർ. എസ്. ഉണ്ണി: കൂലി എത്ര കൂടി?

ശ്രീ. ടി. എസ്. ജോൺ: 1982-ൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ കൂലി ഉണ്ട് ഇന്ന എല്ലാ രംഗത്തും. അതുപോലെതന്നെ തൊഴിൽ ദിനങ്ങൾ വർദ്ധിച്ചിട്ടുമുണ്ട്. അതിനെക്കുറിച്ച് യാതൊരു സംശയവും വേണ്ട. പിന്നെ അനുരഞ്ജനങ്ങളിലൂടെ തൊഴിലാളി—മുതലാളി ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞു. ഇവിടെ എന്തു പ്രശ്നമാണുള്ളത്? .....(ബഹളം)..... മാവൂർ മാത്രമാണ് ഇപ്പോൾ പ്രശ്നമുള്ളത്. അത് ഗവൺമെന്റിന്റെ കുറ്റം കൊണ്ടാണോ? അത് ഗവൺമെന്റിന്റെ കുറ്റം കൊണ്ടല്ലേ.

മാവൂർ തൊഴിൽ സമരപ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ട്. കേരളത്തിൽ മേജർ തൊഴിൽ തർക്കമുള്ളത് ഒന്നുമാത്രം. പശ്ചിമബംഗാളിൽ 30ഉം മഹാരാഷ്ട്രയിൽ 12ഉം മേജർ തൊഴിൽതർക്കമുണ്ട്. അതുപോലെതന്നെ തൊഴിലാളി ക്ഷേമ നിധിയുടെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. ആർ. എസ്. ഉണ്ണി മന്ത്രിയായിരുന്ന കാലത്ത് തൊഴിലാളികൾക്ക് എത്ര ക്ഷേമനിധി ഉണ്ടാക്കി ക്കൊടുത്തു? ഇന്ന് ചുമട്ടുതൊഴിലാളി ക്ഷേമനിധി നടപ്പിലാക്കി. ബസ് തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കി. .ചെറിയ കാര്യ മാണോ? ഇൻഡ്യയിലെ ഏറ്റവും വലിയ തൊഴിലാളി ക്ഷേമനിധി നടപ്പിലാക്കിയ സംസ്ഥാനമാണിത്. പ്രൈവറ്റ് ബസുകളിലെ തൊഴി ലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കിയ സംസ്ഥാനമാണിത്. അതുമാത്ര മാണോ? ആശാരി, മൂശാരി, കൊല്ലൻ മുതലായ ആളുകൾക്ക് (തൊഴിലാളി കൾക്ക്) ക്ഷേമനിധി നടപ്പിലാക്കേണ്ടതുണ്ട്. നമ്മുടെ ഗ്രാമീണ തൊഴിലാളി കൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം. അതുപോലെതന്നെ കർഷക തൊഴിലാളികൾക്കും ക്ഷേമനിധി നടപ്പിലാക്കണം. നിങ്ങൾ നടപ്പിലാ ക്കിയില്ലല്ലോ. ഈ ഗവൺമെന്റ് നടപ്പിലാക്കും. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഉൾപ്പെടെയുള്ളവർ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ നടപ്പിലാക്കാൻ കഴിയാത്ത കാര്യം ഈ ഗവൺമെന്റിന് നടപ്പിലാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. കർഷക തൊഴിലാളി ക്ഷേമനിധിയും നടപ്പിലാക്കണം. ശ്രീ. ആർ. എസ്. ഉണ്ണിയുടെ അഭിപ്രായമനുസരിച്ചല്ല, ഗവൺമെന്റ് അത് ചെയ്യണ മെന്നാണ് എന്റെ അഭിപ്രായം.

അതുപോലെതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം കൂടിക്കൂടിവരുന്നുവെന്നാണ് നമ്മുടെ മാർക്സിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ വിപ്പ് പറഞ്ഞത്. ഞങ്ങൾക്ക് വിതരണം ചെയ്ത കണക്കനുസരിച്ച് ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാളും ഈ വർഷം രജിസ്റ്റർ ചെയ്തവരുടെ എണ്ണം കുറവാണ്. സർക്കാർ തന്നിട്ടുള്ള പുസ്തകത്തിൽ അച്ചടിച്ചുവന്നിട്ടുണ്ട്. ഇവിടെ തന്നിട്ടുള്ള പുസ്തകമാണ്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: കേരളകോൺഗ്രസ്സിലെ ചെറുപ്പക്കാർ കേറ്റംക്കരുത്, അവർ കൊല്ലും.....(ബഹളം).....

ശ്രീ. ടി. എസ്. ജോൺ: അപ്പോഴും സർക്കാരിന്റെ കണക്ക് തെറ്റാണെന്നാണോ പറയുന്നത്? സർക്കാരിന്റെ കണക്കനുസരിച്ച് 30,935 ആളുകളുടെ പേര് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ കുറഞ്ഞിട്ടുണ്ട്. 1985-86-ൽ 29,149 പേർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സഹായം നൽകിയതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്.....(ബഹളം).....എം. എൽ.എ. മാർക്ക് തന്ന പുസ്തകം വായിച്ചുനോക്കണം. 1985-ലെ നേട്ടങ്ങളെന്നു പറഞ്ഞുകൊണ്ട്, ബുക്ക് തന്നിട്ടുള്ളത് വായിച്ചു നോക്കണം. അതിൽ 30,936 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ കുറഞ്ഞിരിക്കുന്നു എന്നു കാണുന്നു. അതുപോലെതന്നെ 1985-86-ൽ 29,149 ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകിയിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്.....(ബഹളം).....അതൊന്നും വേണ്ട, ഞാൻ പുസ്തകം കാണിച്ചുതരാം. അതുപോലെതന്നെ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ തൊഴിലിന്റെ കാര്യം. ഇപ്പോൾ ശ്രീ. നമ്പാടൻ പറഞ്ഞത്, ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ കൂടുതൽ തൊഴിലാളിയൂണിയനുകൾക്ക് അംഗീകാരം കൊടുക്കണമെന്ന്. ഇപ്പോൾ അവിടെ 25% തൊഴിലാളികൾ ഉൾപ്പെടുന്ന യൂണിയനുപോലും അംഗീകാരമില്ല. യൂണിയനുകൾക്ക് അംഗീകാരമില്ലാതെ കുഴഞ്ഞു കിടക്കുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കുഴപ്പം കൊണ്ടാണ്. അല്ലാതെ സർക്കാരിന്റെ കുഴപ്പം കൊണ്ടൊന്നുമല്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, മറ്റ് എല്ലാ യൂണിയനുകളേയും പററിച്ചു. സി. പി. ഐ.യേയും, ആർ. എസ്. പി.യേയും, എല്ലാവരേയും പററിച്ചു. ഇപ്പോൾ അവർ എം. ഡി.യുമായി രഹസ്യ ധാരണയിലാണ് നടക്കുന്നത്. ഇപ്പോൾ, സി. ഐ. ടി. യു. തൊഴിലാളി യൂണിയന്റെ പ്രവർത്തനമൂലം ട്രാൻസ്പോർട്ട് കോർപ്പറേഷൻ നശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തൊഴിലാളികളുള്ള തൊഴിലാളി യൂണിയനുകൾക്കെല്ലാം അംഗീകാരം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

സർ, മദ്യത്തിന്റെ കാര്യമാണ് അടുത്തതായി പറയാനുള്ളത്. എവിടെ തിരിഞ്ഞുനോക്കിയാലും അവിടെ എല്ലാം കാണുന്നത്, കള്ള്, ചാരായം എന്ന് എഴുതിയ ബോർഡുകളാണ്. ആ ഒരു ഏർപ്പാട് ഇവിടെ പാടില്ല. മദ്യനിരോധനം നടപ്പിലാക്കാൻ ഒരു ദിവസംകൊണ്ട് നമ്മുടെ ഗവൺമെന്റിനു സാധിക്കുകയില്ലെന്ന് നമുക്കറിയാം. എങ്കിലും ആ ലക്ഷ്യം വച്ചുകൊണ്ട് ഗവൺമെന്റ് മുമ്പോട്ടുപോകണം. ഇന്ന് എല്ലാ മാടക്കടകളിലും മദ്യമുണ്ട്. അത് ഒന്ന് അവസാനിപ്പിക്കുവാൻ എന്താണ് മാർഗ്ഗം? എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. മദ്യനിരോധനം എന്ന ലക്ഷ്യം വച്ചുകൊണ്ട് ഗവൺമെന്റ് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഉപഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്ന ഏർപ്പാട് നിർത്തലാക്കണം. ഒരു പഞ്ചായത്തിൽ ഒരു ഷാപ്പ് എന്ന തീരുമാനമെടുക്കണം. മദ്യനിരോധനം നടപ്പിലാക്കുന്നതുവരെ അത് ഗവൺമെന്റുതന്നെ ഏർപ്പെടുത്തിക്കൊടുക്കണം. അല്ലാതെ ഷാപ്പും ഉപഷാപ്പും ഒന്നും ഇവിടെ വേണ്ട.....(ബഹളം).....എങ്കിലേ ഈ രാജ്യം നന്നാകുകയുള്ളു. പിന്നെ തൊഴിലാളികളും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. പി. പ്രഭാകരനും) എതിർക്കുന്നതുകൊണ്ട് തൽക്കാലം തൊഴിലാളികൾക്ക് ദോഷം ഉണ്ടാകാത്തവിധത്തിലുള്ള പ്രവർത്തനശൈലി ആസൂത്രണം ചെയ്യണം. തമിഴ്നാട്ടിൽ മദ്യനിരോധനം നടപ്പിലാക്കാൻ പോവുകയാണ്. സർ, മദ്യവർജ്ജനത്തെക്കുറിച്ച് ഈ രാജ്യത്ത് ഒട്ടാകെ പ്രചരണം നടത്തുകയും കഴിയുന്നിടത്തോളം മദ്യനിരോധനം എന്ന ലക്ഷ്യം വച്ചുകൊണ്ട് ഗവൺമെന്റ് പ്രവർത്തിക്കുകയും ചെയ്യണം. ഉപഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം നിർത്തലാക്കണം. സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ഈ ഗവൺമെന്റിലെ ഭക്ഷ്യമന്ത്രിയെക്കുറിച്ച് ആരോപണം പറഞ്ഞതുകൊണ്ട് പറയുകയാണ്, സർ, എഴുതിക്കൊടുക്കാതെ പറഞ്ഞ ആരോപണങ്ങളായിരുന്നതുകൊണ്ട് മറുപടി അർഹിക്കുന്നില്ല. പിന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1,35,000 ടൺ അരിയാണ് കേന്ദ്രത്തിൽനിന്നും അലോട്ടുചെയ്തിരുന്നത്. എന്നാൽ 76,000 ടൺ അരി മാത്രമാണ് ഗവൺമെന്റ് എടുത്തത്. അതുകൊണ്ട് കേന്ദ്രം അലോട്ടുമെന്റ് 90,000 ടൺ ആയി കുറച്ചു. അതിന് കാരണം 1980-82-ൽ ഗവൺമെന്റ് അലോട്ട് ചെയ്തിരുന്ന അരി മുഴുവൻ എടുക്കാതിരുന്നതാണ്. അതുകൊണ്ട് 90 ആയിരം ടൺ ആയി കുറച്ചു. എന്നാൽ ഈ ഗവൺമെന്റിന്റെ പരിശ്രമത്തിന്റെ ഫലമായി ആദ്യം അത് 1,16,000 ടൺ ആക്കി, അലോട്ടുമെന്റ് വർദ്ധിപ്പിച്ചു. പിന്നീട് അത് 1,25,000 ടണ്ണാക്കി വർദ്ധിപ്പിച്ചു. ഇപ്പോൾ 1,50,000 ടൺ അരിയാണ് കേന്ദ്രത്തിൽനിന്ന് അലോട്ടുമെന്റായി നമുക്ക് കിട്ടുന്നത്. ഏതാണ്ട് 60 ശതമാനത്തോളം കമ്മിയുള്ള 'സംസ്ഥാനമാണ്' നമ്മുടേത്. ഇവിടെ കാര്യക്ഷമമായി റേഷൻ വിതരണം നടത്താൻ ഗവൺമെന്റിന് കഴിയുന്നുയെന്നുള്ളതാണ് കണക്കുകളിൽനിന്നും നമുക്ക് കാണാൻ കഴിയുന്നത്. മാവേലിസ്റ്റോറുകൾവഴി മൂന്നേകാൽ രൂപയ്ക്കാണ് അരി കൊടുത്തുകൊണ്ടിരിക്കുന്നത്. 'ഫ്ളോട്ടിംഗ്' മാവേലിസ്റ്റോറുകൾ കുട്ടനാടു മേഖലയിൽ ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതാണ്. ഫ്ളോട്ടിംഗ് മാവേലിസ്റ്റോറുകൾ കൂടി നടപ്പിലാക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളേയും ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് ഇന്നിവിടെ ചർച്ചയ്ക്ക് വന്നിട്ടുള്ളത്. തൊഴിൽ വകുപ്പിനെപ്പറ്റി ബഷീർ. ഉൾപ്പെടെയുള്ള സുഹൃത്തുക്കൾ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. അത്രയേറെ പരമദയനീയമായ ചിത്രമാണ് രേണുകയക്ഷി അംഗങ്ങൾ പോലും അവിടെ പ്രസംഗത്തിൽക്കൂടി ഉന്നിപ്പറഞ്ഞത്. തൊഴിൽ വകുപ്പാണെങ്കിൽ മുതലാളിമാരുടെ ദാസ്യവേല ചെയ്യുന്ന ഒരുവകുപ്പാക്കി ശിവദാസൻ മാറ്റിയിരിക്കുകയാണ്. മുതലാളിമാർ കണ്ണുരുട്ടിയാൽ മൂത്രമൊഴിക്കുമെന്നാണ് ജനങ്ങൾ പറയുന്നത്. തൊഴിൽ പ്രശ്നങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനം അത്തരത്തിലുള്ളതാണ്. കേരളത്തിലെ വളരെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായ മേഖലയാണ് ചെത്തു വ്യവസായ മേഖല. 50,000 ത്തോളം ചെത്തു തൊഴിലാളികളും, അൻപതിനായിരത്തോളം ഇതര തൊഴിലാളികളും ഉൾപ്പെടെ ഒരു ലക്ഷം തൊഴിലാളികളും 6 ലക്ഷം കുടുംബാംഗങ്ങളും ജീവിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

മേഖലയാണ് മദ്യ വ്യവസായമേഖല. ആ വ്യവസായത്തെ പൂർണ്ണമായി നശിപ്പിക്കുന്നതിനുള്ള ഒരു യജ്ഞമാണ് ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നത്. എൻെറ സ്നേഹിതൻ ശ്രീ. ടി. എസ്. ജോൺ ചാരായ ഷോപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്നതിനെ എതിർത്തു. എന്നാൽ ഞാൻ അദ്ദേഹത്തോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ബാർ അറ്റാച്ച്ഡ് ഹോട്ടൽ അനുവദിച്ചുകൊണ്ട് ഒരു ലക്ഷം രൂപയും രണ്ടുലക്ഷം രൂപയും കമ്മീഷൻ വാങ്ങിക്കുന്ന ഒരേർപ്പാട് ഈ രാജ്യത്ത് നടക്കുകയാണ്. കേരളത്തിൻെറ എല്ലാ മുക്കിലും മൂലയിലും ചെന്നാൽ യാതൊരു വിധത്തിലുള്ള നിയന്ത്രണങ്ങളുമില്ലാതെതന്നെ ബാർ അറ്റാച്ച്ഡ് ഹോട്ടലുകൾ അനുവദിച്ചു കൊടുക്കുന്ന ഒരു സ്ഥിതിവിശേഷം ഈ സംസ്ഥാനത്ത് നിലനിൽക്കുന്നു. ഇന്ന് സമ്പൂർണ്ണ മദ്യനിരോധനമെന്ന ഓമനപ്പേരിട്ടുകൊണ്ട് കേരളത്തിലെ തൊഴിൽ മേഖലയെ നശിപ്പിക്കാൻ ചില ആളുകൾ ശ്രമിക്കുന്നു. പക്ഷേ മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള കക്ഷികൾ അംഗീകരിച്ചുകൊണ്ടാണ് 1967-ൽ കേരളത്തിൽ നിലനിന്നിരുന്ന മദ്യനിരോധനം നമ്മൾ ഒഴിവാക്കിയത്. മൊറാർജിയുടെ ഗവൺമെൻറു വന്നപ്പോൾ അദ്ദേഹത്തിൻെറ അഭിപ്രായത്തിൻെറ അടിസ്ഥാനത്തിൽ മദ്യ നിരോധനം നടപ്പാക്കാൻ ശ്രമിച്ചിട്ട് നമ്മുടെ സംസ്ഥാന സർക്കാരിൻെറ എതിർപ്പുകൊണ്ട് അന്നത് നടപ്പാക്കാൻ കഴിഞ്ഞില്ല. എന്നാൽ കേരളത്തിലെ ചെത്തു തൊഴിലാളികളേയും ചാരായ ഷാപ്പിലെ തൊഴിലാളികളേയും എല്ലാം തുലയ്ക്കുക എന്നുള്ള ഉദ്ദേശ ലക്ഷ്യത്തോടുകൂടി ഏറ്റവും ഉയർന്ന ആളുകൾക്ക് സൗകര്യം ചെയ്യാൻ ബാർ അറ്റാച്ച്ഡ് ഹോട്ടലുകൾ അനുവദിച്ചുകൊണ്ട്; ബാർ ലൈസൻസ് കൊടുത്തുകൊണ്ട് 400 മീറ്റർ എന്നുള്ള പരിധി കള്ളുഷാപ്പുകൾക്കും ചാരായ ഷോപ്പുകൾക്കും മാത്രമായി നിയന്ത്രിച്ചിരിക്കുകയാണ്. ഏതാനും ചില ആളുകളുടെ താൽപര്യ സംരക്ഷണത്തിനുവേണ്ടി ചെത്തു തൊഴിലാളികളുടേയും ചാരായ ഷോപ്പു നടത്തുന്ന ആളുകളേയും ദ്രോഹിക്കരുതെന്നു മാത്രമാണെനിക്ക് പറയാനുള്ളത്. മദ്യനിരോധനം സമ്പൂർണ്ണമായിട്ട് ഇവിടെ നടപ്പിലാക്കണമെങ്കിൽ അതിനാവശ്യമായ വിജ്ഞാനവും സൗകര്യങ്ങളും വേണം. 26 ലക്ഷം ആളുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ള കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അതിൽ ഒരുലക്ഷം ആളുകളെക്കൂടി കൂട്ടണമെന്നാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്തിൻെറ റവന്യൂ വരുമാനത്തിൽ നേർപകുതി ഈ മേഖലയിൽ നിന്ന് ലഭ്യമാവുകയാണ്. മദ്യനിരോധനം ഏർപ്പെടുത്തിയാൽ ഇനി അത് എവിടെനിന്ന് ഉണ്ടാക്കാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് നില നിൽക്കുന്ന ഈ വ്യവസായത്തെ തകർക്കത്തക്ക രീതിയിലുള്ള 400 മീറ്റർ ദൂരപരിധി എടുത്തു കളയണം. അതിനാവശ്യമായ നടപടികൾ അടിയന്തിരമായി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതല്ലെങ്കിൽ ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാകും. 24-ാം തീയതി മദ്യ വ്യവസായത്തൊഴിലാളികൾ സെക്രട്ടറിയേറ്റിലേക്ക് മാർച്ച് ചെയ്യാനിരിക്കുകയാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. ശിവദാസനും ആർ. എസ്. ഉണ്ണി പറഞ്ഞതുപോലെ, സൗഭാഗ്യം ലഭിച്ചതാണ്. ബിവറേജ് കോർപ്പറേഷനിലൂടെ ശ്രീ. ശ്രീനിവാസൻ ഉണ്ടാക്കിയതിനേക്കാൾ കൂടുതൽ പണം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികളിൽ ശ്രീ. ശ്രീനിവാസൻ ഏർപ്പെട്ടിരിക്കുകയാണ്. ഏജൻറുമാർ വഴി ഏറ്റവും മോശമായ മദ്യങ്ങളാണ് കൊണ്ടുവരുന്നത്. അങ്ങനെ ഏജൻറുമാർ കൊടുക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു കുപ്പിക്ക് രണ്ടുരൂപവച്ച് എത്ര കേസ് സാണ് കിട്ടുന്നത്? ഒരു ലക്ഷത്തോളം

LIBRARY ARCHIVES Kerala Legislative Assembly

കേസ്സുകൾ കിട്ടുന്നു. അങ്ങനെ മൂന്നുകോടി രൂപ പ്രതിമാസം ഈ മന്ത്രിയുടെ പക്കൽ വരുന്നു. ഇപ്പോൾ ബിവറേജ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി വി. വി. വിജയനെ നിയമിച്ചിരിക്കുകയാണ്, അദ്ദേഹം നേരത്തെ ലേബർ കമ്മീഷണറായിരുന്നു. അദ്ദേഹം ലേബർ ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്തിരുന്നപ്പോൾ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനായിരുന്നു എന്ന് കേരളത്തിലെ ജനങ്ങൾ മുഴുവൻ അംഗീകരിച്ച ഒരാളായിരുന്നു. ലേബർ കമ്മീഷണറായിരുന്നപ്പോൾ മന്ത്രിയുടെ ചൊൽപ്പടിക്ക് നിൽക്കാത്തതുകൊണ്ട് അദ്ദേഹത്തെ അവിടെനിന്നു മാറ്റി, ഇപ്പോൾ ബിവറേജ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് നിന്നും ശിവദാസൻ മാറ്റി. എന്തിനാണ് അങ്ങനെ മാറ്റിയത്? ഇദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായ വിമലകുമാർ രാജ്യം മുഴുവൻ സഞ്ചരിച്ചുകൊണ്ട് ഒരു കുപ്പിക്ക് രണ്ടുരൂപ എന്നുള്ള കമ്മീഷൻ വാങ്ങിക്കുകയാണ്. പത്തുമുപ്പതും കോടിയോളം രൂപ ഒരു വർഷം ഡൈവിനിയോഗം ചെയ്യുന്ന ഒരു നടപടി ഇപ്പോൾ നടക്കുകയാണ്. അതിനെപ്പറ്റി അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്നു ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നുണ്ട്. അതിനെല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണ്. അതിന്റെ ഓഹരി ആർക്കു കൊടുക്കുമെന്ന് എനിക്കറിയില്ല. മുഖ്യമന്ത്രി പറഞ്ഞു പിച്ചച്ചട്ടി യെടുത്താൽപ്പോലും ഈ വകുപ്പു കൈകാര്യം ചെയ്യാൻ താനോ തന്റെ കുടുംബാംഗങ്ങളോ തയ്യാറാവുകയില്ലെന്ന്. മറ്റ് കോൺഗ്രസ് മന്ത്രിമാർക്ക് ഈ വകുപ്പ് കൈകാര്യം ചെയ്താൽ അവർക്ക് മോശമാണല്ലോ. മുഖ്യമന്ത്രി കോൺഗ്രസ് ഹൈക്കമാന്റ് മെമ്പറാണ്. ഇപ്പോൾ പത്തമരാജൻ കൊണ്ടുനടക്കുന്ന കാർ ഉൾപ്പെടെ 40 ശതമാനം കമ്മീഷൻ കോൺഗ്രസ്സുകാർ വാങ്ങുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയത്. വിവിധ തരത്തിലുള്ള മദ്യ കേസ്സുകൾ ബിവറേജ് കോർപ്പറേഷൻ വാങ്ങുന്നതിൽനിന്നു ലഭിക്കുന്നതിന്റെ 40 ശതമാനം കമ്മീഷൻ പ്രധാന ഭരണകക്ഷിയായ കോൺഗ്രസ്സിനും, മറ്റുമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ കമ്മീഷൻ ശ്രീനിവാസനും കിട്ടുന്നുണ്ട്. (ആർ. എസ്. പി. എസ്സിലെ എസ് / ഇപ്പുറത്തേക്കു മാറി ഒരാളാണല്ലോ അദ്ദേഹം.) അതിന്റെ ഓഹരി പങ്കുവെച്ചിരിക്കുകയാണ് അതാണ് നടക്കുന്നത്. ഏറ്റവും മോശമായമദ്യം കൊടുത്തുകൊണ്ടുള്ള ഒരു നടപടിയാണ് ഈ മേഖലയിൽ നടക്കുന്നത്.

ഇനി സിവിൽ സപ്ലൈസ് കോർപ്പറേഷനെപ്പറ്റി പറയാം. നമ്മുടെ നിത്യോപയോഗ സാധനങ്ങളുടെ 25 ശതമാനം പൊതു വിതരണ ശൃംഖലയിൽ കൊണ്ടുവരുകയെന്നുള്ള ഏറ്റവും മഹത്തായ ലക്ഷ്യം ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകാപരമായി കാണിച്ചു കൊടുത്ത ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇന്ന് സഹകാര്യവ്യക്തികളെ സഹായിക്കുന്ന ഒരു നയമാണ് ഈ ലീഗ് മന്ത്രി സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ എല്ലാറേഷൻ ഷോപ്പുകളും (സഹകരണ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന റേഷൻ ഷാപ്പുകളുൾപ്പെടെ) സഹകാര്യവ്യക്തികൾക്ക് കൊടുക്കുന്നു. 20-ൽപ്പരം സബ് ഡിപ്പോകളും 100-ൽപ്പരം മൊത്ത വ്യാപാര കേന്ദ്രങ്ങളും ആർക്കാണ് കൊടുക്കുന്നത്. പാലക്കാടിനെപ്പറ്റി ഇവിടെ സംസാരിച്ചു. പാലക്കാട് അഞ്ചേമുക്കാലിൽ മൂന്നെണ്ണം മുസ്ലീങ്ങൾക്കും രണ്ടെണ്ണം മുസ്ലീം അല്ലാത്തവർക്കും എന്നാണ്? തീരുമാനിച്ചിരുന്നത്. രണ്ടെണ്ണമാണ് മുസ്ലീമിനു കൊടുത്തത്. വിജയരാഘവൻ എം. പി.യുടെ കയ്യിൽ കിട്ടിയപ്പോൾ മുസ്ലീങ്ങൾ എന്നുള്ളത് മാറ്റി എല്ലാം കാശിന്റെ അടിസ്ഥാനത്തിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിൽ എട്ടെണ്ണമാണുള്ളത്. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലെ കാരമുക്കിൽ ഒരു സഹകരണ സൊസൈറ്റിയുണ്ട്. അവർ ആവശ്യപ്പെട്ടു. അവർക്ക് ആവശ്യമായ മൂലധനമുണ്ട്. അതു പോലെതന്നെ കണിമംഗലത്തെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആവശ്യപ്പെട്ടു. അവർ അപേക്ഷ കൊടുത്തു. കൊടുത്തില്ല. ഒരു ഫാർമേഴ്സ് ബാങ്ക് അപേക്ഷ കൊടുത്തു. അവർക്കും കൊടുത്തില്ല. എട്ടെണ്ണം സഹകാര്യ വ്യക്തികൾക്കു കൊടുത്ത് ഓരോന്നിനും രണ്ടു ലക്ഷം രൂപ വാങ്ങി. നൂറിൽപ്പരം മൊത്തവ്യാപാര കേന്ദ്രങ്ങളും ഉള്ളതിൽ കോൺഗ്രസ്സ്-ഐക്ക് 14, എൻ. ഡി. പി യ്ക്ക് രണ്ട് എസ്. ആർ. പിക്ക് രണ്ട്. ബാക്കിയെല്ലാം കേരള കോൺഗ്രസ്സിനും മുസ്ലീം ലീഗിനുമായിട്ട് പങ്കുവച്ചു കൊടുത്തിരിക്കുകയാണ കോൺഗ്രസ്സിനു കൊടുത്തിട്ടുള്ള മൊത്ത വ്യാപാര കേന്ദ്രത്തിൽ പി. പി. ജോർജ്ജാണ് വിൽപനക്കാരൻ. ഇതെല്ലാം അങ്ങാടിപ്പാട്ടാണ്.

ഞാൻ കോൺഗ്രസ്സുകാരോട് ചോദിക്കുന്നു; നിങ്ങളും 2 ലക്ഷം 3 ലക്ഷം രൂപവാങ്ങിക്കുന്നു. ആ 3 ലക്ഷം രൂപ വാങ്ങിച്ച് കോൺഗ്രസ് സുകാർക്ക് കൊടുത്താലും അവസാനം ബിരാൻസാഹിബിനെ കാണണമെന്നാണ നിബന്ധന. ഒരു ഓഹരി അവിടെ കൊടുക്കണം. അങ്ങനെയാണ് വില പറ നടക്കുന്നത്. കോടിക്കണക്കിന് സഖ്യയാണ് ഇപ്പോൾ ഇവിടെ കൈകാര്യ ചെയ്യുന്നത്. എന്തിനാണ് ഇത്രയും അഴിമതി ഇവിടെ നടത്തുന്നത് ? എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളേയും ഇവിടെ അഴിമതിയുടെ കേന്ദ്രമാക്കി വിഹരിക്കാൻ വിട്ടിരിക്കുകയാണ്. ഈ സ്ഥാനത്ത് ഇത്രയും ധാർമ്മികമായ അധഃപതനം ഒരിക്കൽപോലും ഉണ്ടായിട്ടില്ല. ഇവിടെ മാവേലി സ്റ്റോറുകളുടെയോ അതുപോലെ റേഷൻ ഷോപ്പുകളുടെയോ കഥകളൊന്നും ഞാൻ പറയുന്നില്ല. പറഞ്ഞിട്ട് വലിയ കാര്യമില്ല. നമ്മുടെ സ്ഥാനത്ത് ഏറ്റവും കൂടുതൽ ദ്രോഹകരമായി, അഴിമതിയുടെ പര്യായമായി തീർക്കുന്നവരാണ് ഈ മന്ത്രിമാർ. ഇവർ ഇറങ്ങിപ്പോകേണ്ടവരാണ്. ഇവർ ഒരു നിമിഷംപോലും ഇരിക്കാൻ അർഹതയില്ലാത്തവരാണ്. ഭൂരിപക്ഷമുള്ളപ്പോൾ നിങ്ങൾക്ക് ഭരിക്കാം. അതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്. എന്നാൽ ഇത്രയേറെ അഴിമതി 100-ൽപരം ആളുകളും പരസ്യമായി, ഇതു രഹസ്യമല്ല. ജാതി അടിസ്ഥാനത്തിലും പാർട്ടി അടിസ്ഥാനത്തിലും പങ്കുവച്ചുകൊടുത്തുകൊണ്ട് നടക്കുന്ന ഒരു വ്യവസായമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് എതിരായിട്ട് ഈ സ്ഥാനത്തെ ആത്മാർത്ഥതയുള്ള കോൺഗ്രസ്സുകാരോട് ചോദിക്കുകയാണ് ഇപ്പോൾ ആത്മാർത്ഥതയുള്ള ആളുകളെന്ന് പറയാൻ കഴിയുകയില്ല. എന്തെങ്കിലും പറഞ്ഞാൽ അവരെ വിഴുങ്ങിയോടിക്കുന്ന കാലഘട്ടമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ഇവരിൽ നിന്ന് വലുതായിട്ടൊന്നും പ്രതീക്ഷിക്കുന്നില്ല. എന്നാൽ ഏറ്റവും കൂടുതൽ അഴിമതി നടത്തുന്ന മന്ത്രിമാർ, ഇവിടെ കള്ളുചെത്ത് വ്യവസായങ്ങളെ തകർത്തുകൊണ്ട് ഇത്രയും കൊള്ള ചെയ്യുന്ന ശ്രീ. ശിവദാസനും, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ഒരു നിമിഷം ഭരിക്കാൻ അർഹരായിട്ടുവല്ല അതിന് ധാർമ്മികമായ അവകാശമില്ല. അതുപോലെ മറ്റൊരു വകുപ്പാണ് പോർട്ട്. ഇത്രയും കോടിക്കണക്കിന് രൂപയുടെ അഴിമതി നടക്കുന്ന ഒരു വകുപ്പുണ്ടോ? എല്ലാം ശ്രീ. ശിവദാസനെ ഇങ്ങനെ വീണുകിട്ടിയതാണല്ലോ? തൊഴിൽവകുപ്പു കൈകാര്യം ചെയ്തു നടന്നപ്പോൾ വീണുകിട്ടിയതാണ്. പോർട്ടിന്റെ വികസനത്തിനുവേണ്ടി നീക്കിവയ്ക്കപ്പെട്ട സംഖ്യ കള്ളക്കണക്ക് എഴുതി എടുക്കുന്നു. അതിൽ ഒന്നും വാങ്ങുന്നില്ല. അതിന് വാങ്ങാനുള്ള മെഷീനുകൾ വാങ്ങാതെ, തകരാറുതീർക്കാതെ പണം എഴുതി എടുക്കുന്ന നടപടികളാണ് കേരളത്തിൽ നടക്കുന്നത്. ഇവിടെ കൊടുങ്ങല്ലൂർ



LIBRARY ARCHIVES Kerala Legislative Assembly

പോർട്ടിന്റെ കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. അവിടെ മണൽത്തിട്ട യിടിഞ്ഞ് 10-28 ആളുകൾ മരിച്ചു. അനങ്ങുന്നില്ല. മുനംപത്ത് ഫിഷിംഗ് ഹാർബർ ഉണ്ടാക്കുന്നുയെന്ന് ശ്രീ. വേലായുധൻ ഉൾപ്പെടെയുള്ളവർ പറഞ്ഞു. ഫിഷിംഗ ഹാർബർ എവിടെ പോയി? അങ്ങനെ മണൽത്തിട്ട ഇടിഞ്ഞ് ആളുകൾ മരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായപ്പോൾ അതിൽ നിന്ന് മോചനം നേടാൻ, അതിന് തെല്ലൊരു ആശ്വാസം കിട്ടാൻ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. വർഷങ്ങൾക്കുമുൻപ് ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന അവസരത്തിലാണ് കൊടുങ്ങല്ലൂർ മൈനർ പോർട്ടായി പ്രഖ്യാപിച്ചത്. അതിനുശേഷം ഡ്രഡ്ജിംഗ് പോലും നടത്തുന്നില്ല. വർഷന്തോറും ഡ്രഡ്ജിംഗ് നടത്തിയിരുന്നെങ്കിൽ ആളുകൾ മരിക്കുന്നതിൽനിന്നും രക്ഷപ്പെടാമായിരുന്നു. എന്നാൽ അതുപോലും നടത്താത്ത ഒരു സാഹചര്യമാണ് അവിടെ നിലനില്ക്കുന്നത്.

ഇവിടെ തൊഴിൽ വകുപ്പിനെ സംബന്ധിച്ച് പറഞ്ഞാൽ, എവിടെയാണ് ക്ഷേമപദ്ധതികൾ നടപ്പാക്കുന്നത്? ഇവിടെ ക്ഷേമപദ്ധതികളുടെ ഉൽഘാടനം നടക്കുന്നു, എന്നൊക്കെ പറഞ്ഞ് കൊട്ടിഘോഷിച്ചു നടക്കുന്നുണ്ടല്ലോ? ഞാൻ ശ്രീ. ശിവദാസനോട് ചോദിക്കുന്നു; 5 ലക്ഷം വരുന്ന കേരളത്തിലെ കയർതൊഴിലാളികൾക്ക് ക്ഷേമപദ്ധതി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഉണ്ടാക്കി. കശുവണ്ടിത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതി നടപ്പാക്കിയെന്ന് ഇവിടെ പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷം 109 പേർക്ക് ഇതിനുവേണ്ട ആശ്വാസം കൊടുത്തു. കഴിഞ്ഞതിന്റെ മുമ്പത്തെ വർഷം ഇതിനേക്കാൾ കൂടുതൽ കൊടുത്തോ? കൊടുത്തിട്ടില്ല. അങ്ങനെ കൊടുക്കാൻ ഇവർക്ക് പദ്ധതിയില്ല ഓരോ പദ്ധതിയും പ്രഖ്യാപിക്കും. ഇപ്പോൾ കെട്ടിട നിർമ്മാണപദ്ധതി തൊഴിലാളികൾക്ക് ക്ഷേമപദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. കൊടുക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ? പല ആളുകൾക്കും പ്രഖ്യാപനം നടത്തും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരു കോടി രൂപ ഈ പദ്ധതിക്കു വേണ്ടി നീക്കിവയ്ക്കപ്പെട്ടു. ആ ഗവൺമെന്റ് പോയി. ആ ഗവൺമെന്റ് പോയതിനുശേഷം നിങ്ങൾ ആകെ എത്ര കോടി രൂപ കൊടുത്തു എന്ന് മറുപടി പറയുമ്പോൾ പറയുമെന്നു പ്രതീക്ഷിക്കുന്നു. ഇവിടെ തൊഴിൽ ഇല്ലാത്ത 26 ലക്ഷം ചെറുപ്പക്കാർ തൊഴിലിനു വേണ്ടി എ പ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തുനിൽക്കുകയാണ്. ഇവിടെ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുന്നു എന്ന് മുറവിളി കൂട്ടി നടത്തുന്ന ഒരു ഗവൺമെന്റ്, തൊഴിൽപദ്ധതിക്കു വേണ്ടി കുതിച്ചു കയറുന്ന ഒരു ഗവൺമെന്റ് എന്നൊക്കെ ശ്രീ. കരുണാകരൻ പറയുന്നുണ്ടല്ലോ. 50-ഓ 100-ഓ പേർക്ക് സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം തൊഴിൽ കൊടുത്താൽ കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമോ എന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങൾക്ക് എന്തെങ്കിലും പദ്ധതിയുണ്ടോ? കേരളത്തിലെ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം ഒരാൾക്ക് കൊടുക്കുന്ന സംഖ്യയേക്കാൾ കൂടുതൽ വേണം ഉൽഘാടനത്തിനും മന്ത്രിമാരുടെ ചെലവിനും, അകമ്പടി സേവിക്കലിനുമൊക്കെ. മുഖ്യമന്ത്രി ഇല്ലാതെ വില്ലേജാഫീസ് ഉൽഘാടനം ചെയ്യാൻ കഴിയുകയില്ല. അതിന് 8 മണിക്കൂർ കാത്തുനിൽക്കണം. അതിന്റെ അദ്ധ്യക്ഷൻ തൊഴിൽ വകുപ്പു മന്ത്രിയായിരിക്കണം. ഇതിന് ചെലവാക്കുന്ന പണം സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം ആളുകൾക്ക് കൊടുത്താൽ അത് പ്രയോജനപ്പെടും. നമ്മുടെ രാജ്യത്ത് 26 ലക്ഷം ആളുകൾ എ പ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര രജിസ്റ്റർ ചെയ്തു തൊഴിലിനുവേണ്ടി കാത്തിരിക്കുമ്പോൾ 100-ഉം 150-ഉം പേർക്ക് സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

അത് പ്രാവർത്തികമാക്കിക്കൊണ്ട് രക്ഷപ്പെടാമെന്ന് വിചാരിക്കുന്നത് വെറും പെരുംപറകൊട്ടലാണ്. രാജ്യം ഭരിച്ചു മുടിച്ചുകഴിഞ്ഞതിനുശേഷം ഞങ്ങൾ ഇതാ കൊണ്ടുവന്നിരിക്കുന്നുവെന്ന് പറഞ്ഞ് ആളുകളെ പറഞ്ഞുകൊണ്ടിരിക്കുന്ന അഴിമതി വീരൻമാരിൽനിന്നും ഈ സ്ഥാനത്തെ രക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് കൊണ്ടുവന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. സീതി ഹാജി: സർ, വിശക്കുന്ന വയറുകൾക്കും തൊഴിൽ ഇല്ലാത്ത കരങ്ങൾക്കും ആശ്വാസം നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷത്തോടുകൂടി പിൻതാങ്ങുകയാണ്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ആർ. എസ്. ഉണ്ണി ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു, എന്റെ അഭിവന്ദ്യനായ, പരേതനായ സെയ്തു അബ്ദുറഹ്മാൻ ബാഫക്കിതങ്ങൾ പറഞ്ഞിട്ടുണ്ട്, പറയുന്നതും പ്രവർത്തിക്കുന്നതും ഒരുപോലെ വേണമെന്ന്; അത് ബീരാൻ സാഹിബ് ഓർക്കണമെന്ന്. ബീരാൻസാഹിബ് ആ വാക്ക് അക്ഷരപ്രതി പാലിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ബേബിജോണും, ആർ. എസ്. ഉണ്ണിയുമെല്ലാം മന്ത്രിമാരായിരുന്ന സാക്ഷാൽ ഇടതുപക്ഷ ഏകോപനസമിതി ഭരിച്ചിരുന്ന കാലത്ത് അന്ന് കേന്ദ്രം 1,35,000 ടൺ അരി അലോട്ട് ചെയ്തിട്ട് 75,000 ടൺ, 80,000 ടൺ, 90,000 ടണ്ണിൽ കൂടുതൽ ഒരു മണി അരിപോലും എടുത്തിട്ടില്ലായിരുന്നു. അങ്ങനെ അരി എടുക്കാതായപ്പോൾ 21 മാസമായപ്പോൾ സെൻട്രൽ ഗവൺമെന്റ് നമ്മുടെ കോട്ടാ വെട്ടിച്ചുരുക്കി 90,000 ടൺ ആക്കി. എന്റെ നേതാവ് ശ്രീ. ബീരാൻ സാഹിബ് ഇതിന്റെ ചാർജ് വഹിച്ചതിനുശേഷം, ഇന്ന് 1,50,000 ടൺ അരി ഈ സ്ഥാനത്ത് കൊണ്ടുവന്നു. അദ്ദേഹം വളരെയധികം പരിശ്രമിച്ച് 1,50,000 ടൺ അരി കൊണ്ടുവന്നു. അതാണ് ബാഫക്കി തങ്ങൾ പറയുന്നത്: പറയുന്നത് പ്രവർത്തിക്കണം പ്രവർത്തിക്കുന്നത് പറയണമെന്ന്. അതാണ് ഞങ്ങൾ നടപ്പാക്കിയത്: പിന്നെ ഒരു കാര്യം കേട്ടാൽ തോന്നും, ആദ്യമായിട്ടാണ് ഈ രാജ്യത്ത് ഹോംസെയിൽ ഡിപ്പോ കൊടുക്കുന്നതെന്ന്. ഈ സ്ഥാനത്ത് 288 ഹോംസെയിൽ ഡിപ്പോ ഉണ്ടെന്നോണ്ട്, എന്റെ അറിവ്. ഇടതുപക്ഷം ഭരിച്ചപ്പോഴും അവർ പറയുന്ന ഭാഷയിൽ വലതുപക്ഷം ഭരിച്ചപ്പോഴും, ഗവർണ്ണർ ഭരിച്ചപ്പോഴും, എല്ലാം കൂടി 233-ൽ 45 ഹോംസെയിൽ ഡിപ്പോകളാണ് ഈ രാജ്യത്ത് സഹകരണസംഘങ്ങൾ നടത്തുന്നത്. ബാക്കിയെല്ലാം, വ്യക്തികളാണ് നടത്തുന്നത്. ഇവിടത്തെ കോടതികളുടെ കാര്യമാണു, ഞാൻ പറയുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. കൃഷ്ണൻകുട്ടി പ്രസംഗിച്ചപ്പോൾ എന്റെ ബന്ധു എന്നു പറയുന്ന ഒരു മുഹമ്മദാലിയുടെ പേര് പറഞ്ഞു. ബന്ധുവാരാണെന്ന് എനിക്കറിയില്ല. മി. രാജൻ ഇവിടെ വികാരഭരിതനായി പ്രസംഗിച്ചു. മുഹമ്മദാലിക്ക് എത്ര ഹോംസെയിൽ ഡിപ്പോകം ഉണ്ടെന്ന്, അറിയാമോ? പാലക്കാട് ഒരു ഹോംസെയിൽ ഡിപ്പോ കൊടുത്തു. ആര്? സഖാവു ഇമ്പിച്ചിബാവ. എങ്ങനെ കൊടുത്തു എന്ന് അറിയാമോ? കളക്ടർമാർ കൊടുക്കുന്നതിന മുമ്പായി അന്നത്തെ ഫുഡ് സെക്രട്ടറിയായ അബ്ദുസ്സലാമിനെ വിളിച്ചിട്ട് ഈ ഹോംസെയിൽ ഡിപ്പോ കൊടുക്കാൻ കളക്ടർമാർക്ക് എന്ത് അധികാരമെന്ന് ചോദിച്ചിട്ട് മന്ത്രിമാർക്കാണ് അധികാരമെന്നു പറഞ്ഞു. മന്ത്രി നേരിട്ട് മുഹമ്മദാലിക്ക് പാലക്കാട് ഹോംസെയിൽ ഡിപ്പോക്ക് അനുവാദം കൊടുത്തു. മി. ബേബി ജോണും ശ്രീ. ഉണ്ണിയും ഭരിക്കുമ്പോൾ മുഹമ്മദാലിക്ക് പെരിന്തൽമണ്ണയിൽ ആകെ രണ്ടെണ്ണം കൊടുത്തു. മലപ്പുറം ജില്ലയിൽ രണ്ടെണ്ണവും മുഹമ്മദാലിക്കാണ് കൊടുത്തത്. അത് സീതിഹാജിയുടെ ബന്ധുവായിട്ടാണോ? അതോ ബീരാൻസാഹിബിന് കൈക്കൂലികൊടുത്തിട്ടാണോ? ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കളക്ടർ കൊടുത്തു. ഇത് കളക്ടർ കൊടുത്താൽ പറയും മന്ത്രി കൊടുത്തുവെന്ന്. കോടതി പറയുന്നത് രണ്ടാമത് ഒന്ന് നോക്കിയിട്ട് കൊടുക്കാമെന്നാണ്, അപ്പോഴും മന്ത്രി ഇടപ്പെട്ടു എന്നാണ് പറയുന്നത്. ഇതിന് വല്ല നിവൃത്തിയുമുണ്ടോ? ഇത് കളക്ടറാണ് ചെയ്യേണ്ടത്. ലീഗിന്റെ നേതൃത്വം പറഞ്ഞത് ഇത് സൊസൈറ്റിക്ക് കൊടുക്കണമെന്നാണ്. അതിന് ഞങ്ങളുടെ നേതാവിന്റെ പേരും വലിച്ചിഴക്കുന്നു. എന്റെ പ്രസിഡൻറിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പാർട്ടിയുടെ പ്രസിഡൻറിനെ സംബന്ധിച്ചിടത്തോളം ഈ ഭരണത്തിൽ കൈയിടുകയോ ഇടപെടുകയോ ചെയ്യുന്ന പ്രസിഡൻറല്ല അദ്ദേഹമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനു കുറെ റൂംസ് ഉണ്ട്, അതനുസരിച്ചാണ് കൊടുക്കുന്നത്. പിന്നെ കോടതിയിൽപോയി സ്റ്റേ വാങ്ങുന്നു. കരമനയാറ് തീപിടിച്ചിരിക്കുന്നു അതുകൊണ്ട് സ്റ്റേ ചെയ്യണമെന്ന് പറഞ്ഞപ്പോൾ കോടതി സ്റ്റേ കൊടുത്തു. അത് പച്ചവെള്ളമല്ലേ തീപിടിക്കുമോ എന്നൊക്കെ പിന്നെയല്ലേ ചർച്ച ചെയ്യുന്നത്. അവിടെ സ്റ്റേ കൊടുത്തിട്ടുണ്ട് .....

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, കോടതിയെ സംബന്ധിച്ച് അപമാനകരമായ ഒരു പ്രസ്താവനയാണ് ബഹുമാനപ്പെട്ട മെമ്പർ നടത്തുന്നത്. അത് പിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സീതി ഹാജി: ഏതായാലും കോടതിയോട് എന്റെ കുറുപ്പേട്ടനു ബഹുമാനമുണ്ടായ സ്ഥിതിക്ക് ഞാൻ ഒന്നും പറയുന്നില്ല. ഇത് കോടതിയോടുള്ള അവഹേളനമല്ല. കോടതിയിൽ എന്തിനു പോയാലും തൽക്കാലം അവിടെ നിൽക്കട്ടെ എന്നാണ്. ഒരു കൂട്ടർ തീപിടിച്ചിരിക്കുന്നെന്നും ഒരു കൂട്ടർ തീ പിടിച്ചിട്ടില്ലായെന്നും പറഞ്ഞാൽ ഉടനെ സ്റ്റേ, പിടിച്ചോ പിടിച്ചില്ലയോ എന്ന് പിന്നെയല്ലേ അറിയുകയുള്ളു സർ.

ശ്രീ. ഒ. ഭരതൻ: കോടതിയോട് ബഹുമാനം ഉണ്ടോ ഇല്ലയോ എന്നുള്ളതുറക്കാണല്ലേ. കോടതിയെ അപമാനിക്കത്തക്ക രീതിയിലുള്ള ഒരു സ്റ്റേറ്റുമെന്റ് ഈ നിയമസഭയിൽ ചെയ്യുന്നത് ഓർഡറിലാണോ എന്നാണ് അറിയേണ്ടത്. ഇല്ലെങ്കിൽ അത് നീക്കം ചെയ്യാൻ ആവശ്യപ്പെടണം.

ശ്രീ. പി. സീതി ഹാജി: ഇതിൽ എന്താണ് കോടതിയെ അവഹേളിച്ചത്. കോടതിയിൽ ഒരാൾ പോയിട്ട് പുഴയ്ക്ക് തീപിടിച്ചിരിക്കുന്നു എന്ന് പറഞ്ഞിട്ട് സ്റ്റേ വേണമെന്ന് പറഞ്ഞു. കോടതി സ്റ്റേ കൊടുത്തു. പിടിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് പിന്നെയല്ലേ അന്വേഷിക്കുകയുള്ളു. അതിനല്ലേ കോടതി. കത്തിയോ ഇല്ലയോ എന്ന് അറിയേണ്ടേ? ഇത് കോടതിയെ അപമാനിക്കലാണോ?

സർ, സൊസൈറ്റികൾക്കോ വ്യക്തികൾക്കോ ആവശ്യപ്പെടാം. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ രാജ്യത്ത് പല വ്യക്തികളും ആവശ്യപ്പെട്ടിട്ടുണ്ട്. പിന്നെ ഇവിടെ വലിയൊരു കേസ് ആയിട്ട്

1 P.M.] നമ്പ്യാടൻ മാസ്റ്റർ പറഞ്ഞത് അരിക്ക വിലകൂടി എന്നാണ്. 21 മാസം അങ്ങും കൂടി ഉംക്കൊള്ളുന്ന ആ മുന്നണി ഇവിടെ ഭരിച്ചപ്പോൾ 48 പൈസ കൂട്ടി. ഈ ഗവൺമെൻറ് അഞ്ചാമത്തെ കൊല്ലത്തേക്ക് കടക്കുകയാണ്. എന്നിട്ട് 51 പൈസയേ കൂട്ടിയിട്ടുള്ളു. അത് കൂട്ടാൻ കാരണമെന്താണ്? പ്രധാന കാരണം സി. ഐ. റ്റി. യു. ക്കാർ പറയുന്നത് ഒരു ചാക്കിന് രണ്ടു രൂപ അല്ലെങ്കിൽ അഞ്ചുരൂപ ഒക്കെ കൂലി കിട്ടണമെന്നാണ്. പിന്നെ സമരമായി. അപ്പോൾ കൂട്ടും. അങ്ങനെ കൂട്ടുമ്പോൾ ഹോംസെയിൽകാർ പറയും ഞങ്ങൾക്ക് കമ്മീഷൻ പോരാ

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. അപ്പോഴാ ഗവൺമെന്റ് കൂട്ടിക്കൊടുക്കാൻ നിർബന്ധിതമാകും. അപ്പോഴാ ജനങ്ങളിൽ നിന്നും അത് വാങ്ങും. ശ്രീ. ഒ. ഭരതന്റൊക്കെ സി.പി.ഐ.റ്റി.യു. വിനെയാണ് നിയന്ത്രിക്കേണ്ടത്. എങ്കിലല്ലേ സംഗതി നടക്കുകയുള്ളു. അല്ലാതെ ബീരാൻസാഹിബിനെ കോട്ടയ്ക്കലിൽനിന്ന് കൊണ്ടുവന്നു കൊടുക്കാൻ പറയുമോ? അതിനുമാത്രം അദ്ദേഹത്തിനു സ്വത്തുണ്ടോ? അതുകൊണ്ട് ഈ ആരോപണങ്ങളും പറയുമ്പോൾ ഉത്തരവാദിത്വം വേണം. ഇവിടെവന്ന് ലക്ഷംവാങ്ങി, കോടി വാങ്ങി എന്നൊക്കെ പറയുന്നു. ആണത്തമുണ്ടെങ്കിൽ ഉശിരുണ്ടെങ്കിൽ നിങ്ങൾക്ക് അതൊന്ന് തെളിയിക്കാമോ? വെറുതെ പറഞ്ഞാൽ പോരാ. ബീരാൻ സാഹിബ് ഇന്ന ഹോംസെയിൽകാരന്റെ കയ്യിൽ നിന്നും ഇത്ര കോടി അല്ലെങ്കിൽ ഇത്ര ലക്ഷം വാങ്ങിയെന്ന് പറയാൻ നട്ടെല്ലുണ്ടോ? പ്രതിപക്ഷ മെമ്പറന്മാരെ ഞാൻ വെല്ലുവിളിക്കുകയാണ്. നിങ്ങൾ പറയണം. ഈ സഭയിലെ സംരക്ഷണത്തിന്റെ പേരിൽ എന്തു പറയും. പുറത്തിറങ്ങി പറഞ്ഞാൽ പല്ലിനും പദവിക്കും സ്ഥാനചലനമുണ്ടാകും. ഇവിടെ അങ്ങ് സംരക്ഷണം കൊടുക്കുന്നതുകൊണ്ട് എന്തും പറയും. പുറത്തിറങ്ങി പറഞ്ഞാൽ പല്ലുമുണ്ടാവുകയില്ല, പദവിയുമുണ്ടാവുകയില്ല.

ഇവിടെ മാവേലി സ്റ്റോറുകളെപ്പറ്റി പറഞ്ഞു. 161 മാവേലി സ്റ്റോറുകളും ഇന്നു നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതുകൊണ്ട് ഈ രാജ്യത്ത് വലിയ നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ ഓണച്ചന്ത, ബക്രീഡ് ചന്ത, ക്രിസ്തുമസ് ചന്ത എന്നിവയുടെ പേരിൽ ഈ രാജ്യത്തെ പാവങ്ങൾക്ക് എത്രയെത്ര സഹായങ്ങൾ കിട്ടുന്നുണ്ട്? അത് ഈ ഗവൺമെന്റ് ചെയ്തതല്ലേ? കഴിഞ്ഞ ഓണക്കാലത്ത് ഒരു കുടുംബത്തിന് 25 കിലോ അരി കിട്ടി. നിങ്ങളുടെ കാലത്തൊന്നും കൊടുത്തിട്ടില്ല. ഇരുമ്പരിയൊന്നുമല്ല നല്ല ഒന്നാംതരം തഞ്ചാവൂർകുറുവ എന്ന ഇനമാണ് കൊടുത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇരുമ്പരി വന്നിട്ടില്ല. പഴയ സ്റ്റോക്കുണ്ടായിരുന്നു. അത് കൊടുക്കാൻ പാടില്ലെന്ന് ആണത്തത്തോടുകൂടിത്തന്നെയാണ് പറഞ്ഞത്. ആ അരി ഇവിടെ വിതരണം ചെയ്യാൻ പാടില്ല, അത് തിരികെ കൊണ്ടുപോകണമെന്നു പറഞ്ഞു. നിങ്ങൾക്ക് ഇത് പറയാൻ ധൈര്യമുണ്ടായോ? ഇവിടെ അരിയില്ല, പട്ടിണിയാണ് എന്നൊക്കെ പറഞ്ഞ് നിങ്ങൾ ഇങ്കിലാബ് വിളിച്ച് നടക്കുന്നുണ്ടല്ലോ. ഞങ്ങൾ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ജനങ്ങളുടെ ആഗ്രഹമനുസരിച്ച് ഭരിക്കുന്നവരാണ്. ഈ ഗവൺമെന്റിനെ തകർക്കാൻ എന്തെല്ലാം നോക്കി? ഞാൻ 1977-ൽ ആദ്യമായി ഇവിടെ മെമ്പറായി വന്നപ്പോൾ, അന്ന് ഞങ്ങൾ ഭരിക്കുമ്പോൾ ഏതോ ഒരിനം അരി ഇവിടെ കൊണ്ടുവന്നു. പൊടിയരിയാണ്. ആരാണ് കൊണ്ടുവന്നത്? എന്റെ സുഹൃത്ത് ശ്രീ. കരുണാകരൻ, എ. കെ. ജി. യുടെ മരുമകൻ, ഇപ്പോൾ ശ്രീ. രാഘവനെതിരെ വെല്ലുവിളിച്ച് നടക്കുന്ന ആളാണ്. അദ്ദേഹം ഏതോ ഒരു ഹോംസെയിൽ ഡിപ്പോയിൽ നിന്ന് കുറെ പൊടി അരിയൊക്കെ വാങ്ങിക്കൊണ്ടുവന്നു. ഈ ഗവൺമെന്റ് വന്നിട്ട് അഞ്ച് കൊല്ലമായി. ഇവിടെ ഏതെങ്കിലും ഒരു മെമ്പർ കല്ലുള്ള അരി കൊണ്ടുവന്നിട്ടുണ്ടോ? ഗുരിയമ്മയെങ്കിലും കൊണ്ടുവന്നിട്ടുണ്ടോ? കൊണ്ടുവന്നിട്ടില്ല. കല്ലുള്ള അരിയും പുഴുത്ത അരിയും ആരും കൊണ്ടുവന്നിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: എല്ലാം പുഴുത്ത അരിയാണ്. ആരും അത് വാങ്ങിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: ഈ ഗവൺമെൻറിനെപ്പറ്റി ഒന്നും പറയാനില്ല. അതുകൊണ്ടാണ് കോടി വാങ്ങി, ലക്ഷം വാങ്ങി എന്നൊക്കെ പറയുന്നത്. ഇത് ചിലരുടെ സുഖക്കേടാണ്. ഞങ്ങൾ എന്തു ചെയ്യാനാണ്. ആരോപണം പറയുമ്പോൾ ഉത്തരവാദിത്വബോധത്തോടുകൂടി പറയണം. എന്നാൽ തരക്കേടില്ല. ഇവിടെ ഹോംസെയിൽ ഡിപ്പോ കൊടുക്കണ്ടേ? ഇവിടെ എഫ്.സി.ഐ. പറഞ്ഞു ഞങ്ങൾക്ക് ഇത് നടത്താൻ കഴിയുകയില്ല, ഗവൺമെൻറ് ഏറ്റെടുത്ത് കൊടുക്കണമെന്ന്. അങ്ങനെ പറഞ്ഞുകൊണ്ട് എഫ്.സി.ഐ. യും ഗവൺമെൻറും തൊഴിലാളികളും തമ്മിലുള്ള തർക്കം കൊണ്ടാണ് അഞ്ചെട്ടുമാസം നീണ്ടുപോയത്. അല്ലാതെ കാശുവാങ്ങാനല്ല. ഈ രാജ്യത്ത് തൊഴിലാളികളുടെ പ്രശ്നമുണ്ടായിരുന്നു. എഫ്.സി.ഐ. യും ഗവൺമെൻറും തമ്മിൽ പ്രശ്നമുണ്ടായിരുന്നു. അതിനെപ്പറ്റി ചർച്ച ചെയ്തത് നീണ്ട് നീണ്ട് അഞ്ചെട്ടുമാസം കഴിഞ്ഞതാണ്. കാശു വാങ്ങാനല്ല, നിങ്ങളുടെ കാലത്ത് തുടങ്ങിയതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: പഞ്ചാബിൽ നിന്നും അരി വാങ്ങിയതിനെപ്പറ്റി എ. ജി. യുടെ റിപ്പോർട്ടുണ്ട്. അത് കണ്ടിട്ടുണ്ടോ? അതിനെപ്പറ്റി ശ്രീ. സീതിഹാജിയുടെ അഭിപ്രായമെന്താണ് ?

ശ്രീ. പി. സീതിഹാജി: പഞ്ചാബിൽ നിന്നും, ആന്ധ്രയിൽ നിന്നും മറ്റു പല സ്ഥലത്തുനിന്നും വാങ്ങിക്കുന്നുണ്ട്. ബീരാൻസാഹിബ് നേരിട്ടു പോയി അരി വാങ്ങിയതല്ല. എൻറെ അറിവ് ശരിയാണെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെണ്ടർ വിളിച്ച് ക്വട്ടേഷൻ വിളിച്ച് ഏതാണ് കുറഞ്ഞ ടെണ്ടർ എന്ന് നോക്കിയിട്ട് വാങ്ങിക്കുകയാണ് ചെയ്യുന്നത്. ഇത് എല്ലാ കാലത്തുമുള്ളതാണ്. പിന്നെ ഭരണപാളിച്ചകളേയും ഭരണനേട്ടങ്ങളേയും കുറിച്ച് റിപ്പോർട്ടുകൾ വരും. അതിനൊന്നും ഞങ്ങൾ എതിരല്ല. അത് വേണമെങ്കിൽ നമുക്ക് നോക്കാം, പരിഹരിക്കാം. ഇതൊക്കെ കമ്മിറ്റിയുടെ മുമ്പിൽ വരുമല്ലോ. പി. എ. സി. യുടെ മുമ്പിൽ ഈ റിപ്പോർട്ട് വരും. അപ്പോൾ നോക്കാം. പിന്നെ എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും തൊഴിൽവകുപ്പുമന്ത്രിയോടും പറയാനുള്ളത് ഈ സർക്കാർ നാലു കൊല്ലംകൊണ്ട് പല നേട്ടങ്ങളുമുണ്ടാക്കിയിട്ടുണ്ട്. ഞാൻ അഭിമാനപൂർവ്വം സ്മരിക്കുകയാണ്. അതിനു ഒരു കറുത്ത അദ്ധ്യായമുണ്ടായിട്ടുണ്ട്. മാവൂർ പ്രശ്നം. ഒരു കൊല്ലക്കാലമായി ആ ഫാക്ടറി പൂട്ടിയിട്ട. ആ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ ഈ സർക്കാർ മുന്നോട്ടുവരണം. ഞാൻ അതിൻറെ ന്യായാന്യായങ്ങളിലേക്ക് കടക്കുന്നില്ല. റാമെറീരിയൽസ് വേണം, തൊഴിലാളികൾക്ക് വേതനവർദ്ധനവ് വേണം. എന്തായാലും ശരി ഒരു കൊല്ലക്കാലത്തോളമായി മലബാർ മേഖലയിലെ ഏക വൻകിട വ്യവസായമെന്നുപറയുന്ന ആ വ്യവസായസ്ഥാപനം പൂട്ടിക്കിടക്കുകയാണ്. എത്രയും വേഗം അത് തുറക്കുന്നതിനുവേണ്ടി പരിശ്രമിക്കണം. തൊഴിലില്ലായ്മ എന്നൊക്കെ നമ്മൾ പറയുന്നുണ്ടല്ലോ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒന്നു ശ്രദ്ധിക്കണം. ഈ സംസ്ഥാനത്തെ പല ചെറുകിട വ്യവസായ സ്ഥാപനങ്ങളും പൂട്ടിക്കിടക്കുകയാണ്. ഈ സംസ്ഥാനത്ത് എട്ടുസൈക്കിൾ ടയർ ഫാക്ടറിയുണ്ട്. എട്ടും പൂട്ടിയിട്ടിരിക്കുകയാണ്. ഓരോ ഫാക്ടറിയിലും 200ഉം 300ഉം തൊഴിലാളികളുണ്ട്. നാലഞ്ചു കൊല്ലമായി പൂട്ടിയിട്ടിരിക്കുകയാണ്. കാരണം എന്താണ്? തമിഴ്നാട്ടിൽ ടയറിന് നാലുശതമാനം സെയിൽസ് ടാക്സാണെങ്കിൽ ഇവിടെ എട്ടു ശതമാനമാണ്, തമിഴ്നാട്ടിൽ ഇവിടെ നിന്നും റബ്ബർ കൊണ്ടുപോയാൽ 'സി' ഫോം കൊടുത്താൽ അവർക്ക് നാലുശതമാനം. ഇവിടത്തെ ഫാക്ടറിക്കാരൻ റബ്ബർ വാങ്ങിയാൽ 9 ശതമാനം കൊടുക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

അന്തരം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മനസ്സിലാക്കണം. തെക്കൻ സംസ്ഥാനങ്ങളെ കൂട്ടിച്ചേർത്ത് ഒരു ഏകീകൃത സംവിധാനം കൊണ്ടു വന്നില്ലെങ്കിൽ സകല വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകും. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കരുത്. നിയമസഭാ സാമാജികന്മാരെന്നു പറഞ്ഞാൽ ഉത്തരവാദപ്പെട്ട മെമ്പർമാരാണെന്നാണ് വയ്പ്. അതുകൊണ്ട് വളരെ ഉത്തരവാദിത്വബോധത്തോടുകൂടി പറയണം. ഇവിടെ പത്രത്തിൽ ഒരാഴ്ച്ച എയ്ഡ്സ് ബാധിച്ചുവെന്നു പറഞ്ഞ് വാർത്ത വന്നു. പിന്നീടു ഇല്ല എന്നും വാർത്ത വന്നു. പത്രമെഴുതുന്നതൊക്കെ കേട്ട് വിശ്വസിച്ച് ഈ രാജ്യത്ത് നടക്കാൻ സാധിക്കുകയില്ല. പത്രക്കാർ അവരുടെ ഭാവനക്കനുസരിച്ച് എഴുതും. ജനങ്ങൾ ഇന്നത് എടുത്താൽ മതി ഇന്നത് എടുക്കണ്ട എന്നു കണക്കാക്കിക്കൊള്ളും. അതുകൊണ്ട് പത്രത്തിൽ വരുന്നതൊക്കെ ശരിയാണെന്നു പറയാൻ വയ്യ. വസ്തുനിഷ്ഠമായി പറയുകയാണെങ്കിൽ എന്റെ പാർട്ടിയോ ഞങ്ങളുടെ മന്ത്രിയോ ഒരു നയാപൈസ ഇതിൽ വാങ്ങിക്കുകയോ അതിൽ പ്രത്യേക താൽപ്പര്യം കാണിക്കുകയോ ഒന്നും ചെയ്തിട്ടില്ല. കളക്ടർ എന്തെങ്കിലും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം മന്ത്രിക്ക്, തഹസിൽദാർ ചെയ്താൽ മന്ത്രിക്ക്, കമ്മീഷണർ ചെയ്താൽ മന്ത്രിക്ക്. ഇങ്ങനെയൊക്കെ പറയുന്നതിന് വല്ല അടിസ്ഥാനവുമുണ്ടോ? ഇതിന് ഒരപ്പീൽ കൊടുക്കേണ്ടിടത്ത് അപ്പീൽ കൊടുക്കണം. മന്ത്രി വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതും പറയും. ഇത് ലോക്കലായിട്ട് ഉദ്യോഗസ്ഥൻമാർ പോയി പരിശോധിച്ച്, സാമ്പത്തികസ്ഥിതി തുടങ്ങിയ പല ഫോർമാലിറ്റീസും അന്വേഷിച്ചതിനുശേഷം യോഗ്യനായ ആളിനെ തെരഞ്ഞെടുത്ത് കൊടുക്കണമെന്നാണ് വയ്പ്. അങ്ങനെ കൊടുത്തു. കോടതിയിൽ പോയി സ്റ്റേ ചെയ്തു. ഇനി കോടതി പറയുമ്പോൾ നോക്കിയാൽ പോരേ? അതിന് കാശ് വാങ്ങി, കാശ് വാങ്ങി എന്ന പല്ലവി ഉപയോഗിക്കുന്നതെന്തിനാണ്? അതുകൊണ്ടല്ലേ ശ്രീ നായനാർ അവിശ്വാസപ്രമേയവുമായി വന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകളവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ജോസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. വളരെ രസകരമായിരുന്നു ഇന്നിവിടെ നടന്ന ചർച്ചകളെല്ലാംതന്നെ. ബുദ്ധിമാന്മാരായ തൊഴിലാളികളുടെ കേദാരമെന്ന് അറിയപ്പെടുന്ന കേരളത്തിന് ആകപ്പാടെ ഒരു കളങ്കമെന്നു പറഞ്ഞിരിക്കുന്നത് ഇവിടത്തെ തൊഴിൽ സമാധാന നിലയിലുള്ള തകരാറുകളായിരുന്നു. സർ, ഇന്നിവിടെ നടന്ന ചർച്ചകൾ സശ്രദ്ധം കേട്ടുകൊണ്ടിരുന്നപ്പോൾ കേരളത്തിലെ ഇന്നത്തെ തൊഴിൽ രംഗം മോശമാണെന്ന് ആരെങ്കിലും പറഞ്ഞതായി ഞാൻ കേട്ടില്ല. ഇവിടെ ശ്രീ സി.ടി. കൃഷ്ണനടക്കം സൂചിപ്പിച്ചവർക്കെല്ലാം തന്നെ കൊല്ലത്തെ കശുവണ്ടി തൊഴിലാളികളുടെ പ്രശ്നത്തെക്കുറിച്ച് പറയാനല്ലാതെ കേരളത്തിൽ മൊത്തത്തിലുള്ള തൊഴിൽ സമാധാന നിലയെക്കുറിച്ച് എന്തെങ്കിലും വിമർശിക്കാനില്ലായിരുന്നു. കേരളത്തിലെ തൊഴിൽരംഗം ഇന്ന് മറെറന്നത്തേക്കാളേറെ സമാധാനപരമാണ എന്ന കാര്യത്തിൽ സംശയമില്ല.

സർ, കഴിഞ്ഞ പത്തുമുപ്പതു വർഷക്കാലമായി കേരളത്തിന്റെ വ്യാവസായിക പുരോഗതിക്ക് വിലങ്ങുതടിയായിരുന്നത് കാറും കോളും നിറഞ്ഞിരുന്ന തൊഴിൽ രംഗമായിരുന്നു. ആ തൊഴിൽ രംഗം ഇന്ന് ഏറ്റവും അധികം സമാധാനപരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1982 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയിൽ ഒരു പ്രത്യേകത ഉണ്ടായിരുന്നു. രണ്ടു സംസ്ഥാനങ്ങളാണ് അന്ന് തൊഴിൽ സമാധാന നില തകർച്ചയിലായതിന്റെ സമ്മാനങ്ങൾ പങ്കു വച്ചിരുന്നത്. ഒന്നാം സ്ഥാനം ബംഗാളിനും രണ്ടാം സ്ഥാനം കേരളത്തിനും. അല്ലെങ്കിൽ ഒന്നാം സ്ഥാനം കേരളത്തിനും രണ്ടാം സ്ഥാനം ബംഗാളിനുമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്? 1982 മുതൽ സാവധാനത്തിൽ നമ്മുടെ നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം കുറഞ്ഞ് കുറഞ്ഞ്, ഇന്ന് നാം തൊഴിൽ സമാധാന നിലയിൽ ഏറ്റവും കൂടുതൽ കൈവരിച്ചിട്ടുള്ള സംസ്ഥാനമാണെന്ന സൽപ്പേരിന് അർഹമായിരിക്കുകയാണ്. ഒരുകാര്യം ബഹുമാനപ്പെട്ട പത്രപ്രതിനിധികളോടും, പത്രപ്രവർത്തകരോടും എനിക്ക് അഭ്യർത്ഥിക്കുവാനുണ്ട്. സാധാരണഗതിയിൽ പട്ടി മനുഷ്യനെ കടിച്ചാൽ അതൊരു വാർത്തയല്ല. അവർ പറയാറുള്ളത് പട്ടിയെ മനുഷ്യൻ കടിച്ചാൽ വാർത്തയാകുമെന്നാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭാഗ്യവശാലോ, നിർഭാഗ്യവശാലോ, (നിർഭാഗ്യവശാൽത്തന്നെ) കഴിഞ്ഞ കുറെക്കാലമായി മനുഷ്യൻ പട്ടിയെ കടിക്കുന്നുവെന്ന രീതിയിലുള്ള വാർത്തയുണ്ടായി. 'കേരളത്തിലെ തൊഴിൽരംഗം മുഴുവൻ അസമാധാനം നിറഞ്ഞതാണ്, ഒരൊറ്റ വ്യവസായിയും അങ്ങോട്ടു പോകരുത്' എന്നായിരുന്നു ആ വാർത്ത. ഇവിടത്തെ തൊഴിലാളി പ്രവർത്തകർക്ക് തൊഴിൽ ഇല്ലെന്നുള്ള ഒരു ചിത്രം ആരുടെ ഉത്തരവാദിത്വത്തിൽ ആണെങ്കിലും പുറത്ത് വരച്ചു വെച്ചിട്ടുണ്ട്. ഇന്ന് ആ നിലയ്ക്ക് വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് പ്രചരണം നടത്തേണ്ട ഉത്തരവാദിത്വം പ്രത്യേകിച്ച് ഇന്ത്യയിൽ ഇറങ്ങുന്ന 'ദേശീയ പത്രങ്ങളുടെ കേരളത്തിലെ പ്രതിനിധികൾക്കുണ്ടെന്നുള്ള വാസ്തവം മനസ്സിലാക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. സർ, കേരളത്തിൽ ഒരൊറ്റ മേജർ ഫാക്ടറിയും തൊഴിൽക്കുഴപ്പത്തിന്റെ പേരിൽ അടച്ചിട്ടിട്ടില്ലെന്നതാണ് വാസ്തവം. ഇവിടെ ഗ്വാളിയർ റയോൺസിനെക്കുറിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട സീതിഹാജി സൂചിപ്പിച്ചതുപോലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയില്ലായ്മകൊണ്ട്.....

ശ്രീമതി കെ. ആർ. ഗൗരി: ഒരൊറ്റ എണ്ണമില്ലെന്ന് ഇന്ന് നിങ്ങളെക്കൊണ്ട് പറയിപ്പിച്ച മന്ത്രിതന്നെ കഴിഞ്ഞ ആഴ്ചയിലൊരുദിവസം ഇവിടെ പറയുന്നതുകേട്ടു, നാലോ അഞ്ചോ ഫാക്ടറികൾ പണിമുടക്കുമൂലം അടച്ചിട്ടിരിക്കുകയാണെന്ന്. അഞ്ച് ഫാക്ടറികളുണ്ട്.

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട ഗൗരിയമ്മ ഒരു കാര്യം പറഞ്ഞതു ശരിയായില്ല. ഒരൊറ്റ ഫാക്ടറിയുമില്ലെന്ന് എന്നെക്കൊണ്ട് പറയിപ്പിച്ചുവെന്നു പറഞ്ഞതു ശരിയായില്ല. ശ്രീമതി ഗൗരിയമ്മയ്ക്കറിയാമല്ലോ നമ്മളൊക്കെ ആലോചിക്കുന്നതാണ് പറയുന്നത്. ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട ഗൗരിയമ്മ കേട്ടില്ല. ഇവിടെ വൻകിട വ്യവസായങ്ങളൊന്നുംതന്നെ അടച്ചിട്ടിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. മാവൂർ റയോൺസ് അടച്ചിട്ടുണ്ട്. അത് അടച്ചിരിക്കുന്നത് തൊഴിൽക്കുഴപ്പംകൊണ്ടല്ല. മറിച്ച് തൊഴിൽ കുഴപ്പത്തിന്റെ കൂടെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും കൊണ്ടാണ് എന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ മാവൂർ റയോൺസിനെ.....

ശ്രീ. ആർ. എസ്. ഉണ്ണി: കോൺഗ്രസ് ഐ-യുടെ കോഴിക്കോട് ജില്ലാ കമ്മിറ്റി ഈ അടുത്ത ദിവസങ്ങളിൽ ഒരു പ്രമേയം പാസ്സാക്കി പത്രങ്ങളിൽ കൊടുത്തിരുന്നു. ഗ്വാളിയർ റയോൺസിലെ തൊഴിൽതർക്കം

LIBRARY ARCHIVES Kerala Legislative Assembly

അസമർത്ഥമായിട്ടും താൽപ്പര്യമില്ലാതെയും കൈകാര്യം ചെയ്തതിന്റെ ഫലമായിട്ടാണ് കമ്പനി അടഞ്ഞുകിടക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് താൽപ്പര്യം എടുത്ത് അതു കൈകാര്യം ചെയ്യണമെന്ന്.

ശ്രീ: എ. സി. ജോസ്: സർ, ശ്രീ. ഉണ്ണി രണ്ടാമത് പറഞ്ഞകാര്യം ശരിയാണ്. ഗവൺമെന്റ് അക്കാര്യത്തിൽ താൽപ്പര്യം കാണിക്കണം. കാരണം മലബാർ പ്രദേശത്തുള്ള നാലായിരത്തോളം തൊഴിലാളികൾ പട്ടിണി കിടക്കുന്ന പ്രശ്നമാണ്. അതൊരു വൻകിട വ്യവസായമാണ്. ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട ഉണ്ണി ശ്രദ്ധിച്ചില്ല. ഞാൻ പറഞ്ഞത് തൊഴിൽ ക്കുഴപ്പംകൊണ്ട് മാത്രമല്ല ആ സ്ഥാപനം അടച്ചു പൂട്ടിയത്; ആ സ്ഥാപനം അടച്ചുപൂട്ടാൻ കാരണം അസംസ്കൃതവസ്തുക്കളുടെ ദുർലഭ്യം കൊണ്ടുകൂടിയാണെന്നാണ്.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട നൂറുദ്ദീൻ കാലത്തെ പറഞ്ഞത് അസംസ്കൃതവസ്തുക്കളുടെ ദുർലഭ്യമൊന്നുമില്ല, മാനേജുമെന്റിന്റെ കുറ്റം കൊണ്ടാണെന്നാണ് പറഞ്ഞത്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറയുന്നു അസംസ്കൃതവസ്തുക്കളുടെ ദുർലഭ്യം കൊണ്ടാണെന്ന്. ഇതിൽ ഏതാണ് ശരി? മന്ത്രി പറഞ്ഞതോ? മെമ്പർ പറയുന്നതോ?

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട ബേബിജോൺ, ഇവിടെ പറഞ്ഞതുകേട്ടിട്ട് വേറൊരു രീതിയിൽ വ്യാഖ്യാനിക്കുന്നതു ശരിയല്ല. മന്ത്രി പറഞ്ഞതു ഞാനും കേട്ടുകൊണ്ടിരുന്നു. അസംസ്കൃതവസ്തുക്കൾ കിട്ടണമെങ്കിൽ അതിനു പണം കൊടുക്കണമെന്നാണ് പറഞ്ഞത്. സർ, ഞാൻ പറഞ്ഞുവരുന്ന ഒരുവാദം, ബഹുമാനപ്പെട്ട പീതാംബരൻ മാസ്റ്റർ, നമ്മളം രണ്ടുപേരും പ്രസിഡണ്ടും സെക്രട്ടറിയുമായുള്ള യൂണിയനെക്കുറിച്ചല്ലേ ചോദിക്കാൻ പോകുന്നത്. അതിനെക്കുറിച്ച് ഞാൻ പറയാം. പീതാംബരൻ മാസ്റ്റർ ചോദിക്കാൻ ഉദ്ദേശിക്കുന്ന ബിന്നിക്കമ്പനിയെക്കുറിച്ച് ഞാൻ പറയാം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ശ്രീ. ജോസ് തന്നെ പ്രസിഡണ്ടായിട്ടുള്ള ഓഗ്ലെ ഗ്ലാസ് ഫാക്ടറി, കോമിൻകോ ബിനാനി, ബ്രൺടൻ ആൻറ് കോ., ജിയോനവാല ബിന്നി ഇതെല്ലാം എറണാകുളം ജില്ലയിൽത്തന്നെ പ്രവർത്തനരഹിതമായതുകൊണ്ടല്ലേ തൊഴിൽ സമരം വന്നത്. അതെല്ലാം പൂട്ടിയിട്ടാൽ പിന്നെ.....

ശ്രീ. എ. സി. ജോസ്: തോക്കിനുള്ളിൽ കയറി വെടി വയ്ക്കല്ലേ പീതാംബരൻ മാസ്റ്റർ.

ശ്രീമതി കെ. ആർ. ഗൗരി: ഞാനും രണ്ടുമൂന്നെണ്ണം പറഞ്ഞുതരാം. പിയർലസ് കമ്പനി, മെറാർജി കെമിക്കൽസ്, കെ. എസ്. ഡി. പി. എ. പ്ലാൻറ് ഇതെല്ലാം ആലപ്പുഴ ടൗണിൽ അടച്ചിട്ടിരിക്കുകയാണ്.

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട ഗൗരിയമ്മ ഞാനൊന്നു പറഞ്ഞുതീർത്തോട്ടെ. ഞാൻ വൻകിട ഫാക്ടറികളെ സംബന്ധിച്ചാണ് പറഞ്ഞത്. സർ, ഇവിടെ ഒരു വാസ്തവമുണ്ട്. ആധുനിക ലോകത്തിൽ, അമേരിക്കയിലെ കണക്കുവച്ചുനോക്കിയാൽ ഒരു മില്യൻ ഫാക്ടറികളും ഒരു വർഷം പൂട്ടിയിടേണ്ടിവരുന്നുവെന്നാണ് പറയുന്നത്. ആധുനികമായതും ശാസ്ത്രീയമായതുമായ പുതിയ പുതിയ കണ്ടുപിടുത്തങ്ങളും ഉണ്ടാകുമ്പോൾ പഴയ സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ചുള്ള വ്യവസായ



LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് നിലനിൽക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പീതാംബരൻ മാസ്റ്റർ പോദിച്ചത് ഞാൻ പ്രസിഡൻറായിട്ടുള്ള ഗ്ലാസ് ഫാക്ടറിയുടെ കാര്യമാണ്. ശരിയാണ് ആ ഫാക്ടറി പൂട്ടിയതാണ്. തൊഴിൽ കുഴപ്പം കൊണ്ടല്ല ആ ഫാക്ടറി പൂട്ടിയത്. അവിടെ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് ഗ്ലാസുണ്ടാക്കി ആധുനിക മാർക്കറ്റിൽ കോംപീറ്റ് ചെയ്യാൻ കഴിയില്ല. അവിടെ അതിനുപകരമായി മറ്റു കമ്പനികളുണ്ട്. മറ്റു സാങ്കേതിക മാർഗ്ഗങ്ങളുണ്ടാകുന്നു. രണ്ടാമത് ബിന്നി കമ്പനിയെക്കുറിച്ച് പോദിച്ചു. അവിടെ അദ്ദേഹവും ഞാനുംകൂടി ഒന്നിച്ചുള്ള യൂണിയനുള്ളതാണ്. ബിന്നി കമ്പനിയിലും സ്ഥിതി വ്യത്യസ്തമല്ല. 1978 ഫെബ്രുവരി മാസം 28-ാം തീയതിയാണ് ആ കമ്പനി പൂട്ടിയത്. ആ കമ്പനിയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് മുന്നോട്ടുപോകാൻ കഴിയില്ലെന്നതാണ് അവിടെയും പ്രശ്നം. പിയർലസ് കമ്പനിയെക്കുറിച്ച് പറഞ്ഞു. കെ.എസ്.ഡി.പി.യെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ബേബിജോണിനു പല കാര്യങ്ങളിലും എന്നെക്കാൾ അറിവുണ്ട്. ഇക്കാര്യത്തിൽ എനിക്കും അറിവുണ്ടെന്നു പീതാംബരൻ മാസ്റ്റർ സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. സർ, ഞാൻ പറഞ്ഞുവന്നത് വൻകിട വ്യവസായങ്ങളാ.....

ശ്രീ. ഒ. ഭരതൻ: കോമൺവെൽത്ത് ഫാക്ടറികളായ ടെക്സ് റെറൽസും ടൈൽസും പൂട്ടിക്കിടക്കുന്ന വിവരം മെമ്പർക്കറിയാമോ?

ശ്രീ. എ. സി. ജോസ്: കോമൺവെൽത്ത് ഫാക്ടറിയെക്കുറിച്ച് തന്നെയാണ് ഞാൻ പറഞ്ഞുവന്നത്. ഇവിടെ വൻകിട ഫാക്ടറികളെന്ന് പറഞ്ഞാൽ എന്താണ്? ശ്രീ. ഭരതനും അറിയാമല്ലോ എന്താണ് വൻകിട ഫാക്ടറികളെന്ന്. ഞാൻ പറഞ്ഞുവന്നത് ഇവിടെ വൻകിടയും ചെറുകിടയുമായ ഫാക്ടറികളിൽ തൊഴിൽക്കുഴപ്പങ്ങളാകൊണ്ട് നമ്മുടെ തൊഴിൽദിനങ്ങളാം നഷ്ടപ്പെടുന്നത് കുറഞ്ഞിരിക്കുന്നുവെന്ന് അഭിമാനിക്കാമെന്നാണ്. സർ, ശിവദാസനോട്-വഴക്കുണ്ടെന്നു കരുതിക്കൊണ്ട് ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റമെന്നു പറയരുത്. കമ്പനികൾ പൂട്ടിയിട്ടതിന്റെ കാരണം ആലോചിക്കണം. ഗൗരവമായി നമ്മുടെ നാടിന്റെ ആധുനിക വൽക്കരണത്തെപ്പറ്റി ആലോചിക്കേണ്ട ഉത്തരവാദിത്വം ഈ സഭയ്ക്കുണ്ട്. അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ലേബർവകുപ്പിനാകരുതെന്നാണ് ഞാൻ പറയുന്നത്. കോമൺവെൽത്ത് കമ്പനി പൂട്ടിയാലും, ഗ്ലാസ് ഫാക്ടറി പൂട്ടിയാലും ബിന്നി കമ്പനി പൂട്ടിയാലും പിയർലസ് കമ്പനി പൂട്ടിയാലും ശ്രീമതി ഗൗരിയമ്മ പ്രസിഡണ്ടായിരിക്കുന്ന കെ.എസ്.ഡി.പി.എ. പ്ലാന്റ് തകർന്നതുമെല്ലാം തൊഴിൽകുഴപ്പംകൊണ്ടാണെന്ന് പറഞ്ഞുകൊണ്ട് നമ്മൾ എന്തിനാണ് വഴിയേപോകുന്ന വയ്യാവേലിയെ വിളിച്ചു തലയിൽ കയറ്റി വയ്ക്കുന്നത് എന്നു മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട ഗൗരിയമ്മയും ഞാനും അവിടത്തെ യൂണിയന്റെ പ്രസിഡണ്ടല്ലേ. ഇവിടെ കമ്പനികൾ പൂട്ടുന്നുണ്ട്, തൊഴിലില്ലായ്മ ഉണ്ടായിട്ടുണ്ട്. അതെല്ലാം തൊഴിൽകുഴപ്പംകൊണ്ട് മാത്രമല്ലെന്നാണ് ഞാൻ പറഞ്ഞുവന്നത്. അതുകൊണ്ടാണ് ഞാൻ പത്രപ്രതിനിധികളോട് അഭ്യർത്ഥന നടത്തിയത്. ഇവിടെ തൊഴിൽകുഴപ്പംകൊണ്ട് എത്ര കമ്പനികൾ ഇന്ന് അടയ്ക്കുന്നു. അതേ അവസരത്തിൽ തൊഴിൽ മേഖലയിൽ കുഴപ്പമുണ്ട്. ഇവിടെ ചെറിയ ചെറിയ സ്ഥാപനങ്ങളിൽ തൊഴിൽ കുഴപ്പങ്ങളുണ്ട്. ഒരു ചെറിയ ഹോട്ടൽ തുടങ്ങിയാൽ അല്ലെങ്കിൽ സ്വന്തം കാലിൽ നിൽക്കാൻ കഴിയാത്ത ആരെങ്കിലും ഒരു ടൈനി യൂണിറ്റു തുടങ്ങിയാൽ പത്തോ, പതിനഞ്ചോ തൊഴിലാളികൾ മാത്രമുള്ള സ്ഥലത്ത് താങ്ങാനാകാത്ത രീതിയിലുള്ള ഭാരം കയറ്റി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കത്തക്ക രീതിയിൽ തൊഴിൽ കുഴപ്പങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ആലുവായിൽ, മൂന്നുനാലു മാസങ്ങൾക്കുമുമ്പ് ഒരു ഹോട്ടൽ തുടങ്ങി. മനോഹരമായ ആ നദീതീരത്ത് ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉതകുന്ന ഒരു ഹോട്ടലായിരുന്നു അത്. അവിടെ സമരമാണ്. 15 തൊഴിലാളികളുണ്ട്. അത്തരം തൊഴിൽക്കുഴപ്പങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഞാൻ ലേബർ ഡിപ്പാർട്ടുമെന്റിനോട് അഭ്യർത്ഥിക്കുന്നത്, നമ്മുടെ തൊഴിൽവകുപ്പിനെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നാണ്. വൻകിട മേഖലയിലെ സമരങ്ങളാണ് നാം സമരങ്ങളായി കാണുന്നത്. ചെറുകിട മേഖലയിൽ ഉണ്ടാകുന്ന സമരങ്ങൾക്ക് പരിഹാരം കാണുന്നതിന് അവിടെ വിദഗ്ദ്ധരായ അല്ലെങ്കിൽ കാഴ്ചപ്പാടുള്ള ട്രേഡ് യൂണിയൻ നേതാക്കൻമാർ തിരിഞ്ഞുനോക്കുന്നില്ല. ഗവൺമെന്റും തിരിഞ്ഞുനോക്കുന്നില്ല. അതിന്റെ ഫലമായി അസംഘടിത മേഖലയിലുണ്ടാകുന്ന സമരങ്ങളുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇക്കഴിഞ്ഞ കുറേ ദിവസങ്ങളിലെ പത്രം എടുത്തുനോക്കിയാൽ ഇവിടെ നടക്കുന്ന സമരങ്ങളിൽ ഭൂരിഭാഗവും സർവ്വീസ് സംഘടനകളും നടത്തുന്ന സമരങ്ങളാണ്. ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തിന്റെ അടിസ്ഥാന പ്രമേയം എന്നു പറയുന്നത് പ്രീഡിഗ്രി ബോർഡിനെതിരായി നടത്തിയ സമരമാണ്. അങ്ങനെ 1500-നും 2500-നും ഇടയ്ക്ക് രൂപ ശമ്പളം വാങ്ങുന്ന സർവ്വീസ് ഉദ്യോഗസ്ഥൻമാരുടെ മുമ്പിൽ കൊടി പിടിക്കുന്ന ട്രേഡ് യൂണിയൻ പ്രവർത്തനമായി പ്രതിപക്ഷത്തിന്റെ ട്രേഡ് യൂണിയൻ പ്രവർത്തനം താണുപോകുന്നുവെന്ന് ഞാൻ ആരോപിക്കുകയാണ്. സർ, കാറൽ മാർക്സ് മുതൽ മഹാത്മാ ഗാന്ധിവരെ പറഞ്ഞിട്ടുണ്ട് ഇതല്ല തൊഴിലാളിസമരമെന്ന്. ഇന്നിവിടെ നടക്കുന്നതെന്താണ്? ഇവിടെ സംഘടിതമായി ട്രേഡ് യൂണിയൻ പ്രവർത്തനം നടക്കുന്നത് മുഴുവൻതന്നെ സർവ്വീസ് സംഘടനകളുടെ മുൻപിലാണ്. സർവ്വീസ് സംഘടനകളുടെ പ്രവർത്തനത്തിലാണ് ഇന്ന് എത്തിച്ചേർന്നുകൊണ്ടിരിക്കുന്നത്. അല്ലാതെ അസംഘടിതരായ തൊഴിലാളികളെ ആരും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ബഹുമാനപ്പെട്ട ഗൗരിയമ്മയും എന്റെ സ്നേഹിതൻ ശ്രീ. ഷൺമുഖദാസും കൂട്ട നിരാഹാരം കിടന്നതു കണ്ടപ്പോഴാണ് എനിക്ക് വ്യസനമുണ്ടായി. അവരെപ്പോലുള്ള ബഹുമാന്യരായ നേതാക്കൻമാർ ഈ സഭയിൽ എടുക്കാവുന്ന ഏറ്റവും വലിയ നടപടി എടുത്തുകൊണ്ട് നിരാഹാരം കിടന്നു, ആർക്ക് വേണ്ടിയായിരുന്നു? 1500-ം 2500-ം രൂപ ശമ്പളം വാങ്ങുന്ന, 3000 രൂപയും, 4000 രൂപയും ശമ്പളം വാങ്ങുന്ന കോളേജ് അദ്ധ്യാപകർക്കും സർവ്വീസ് സംഘടനകൾക്കും വേണ്ടിയിട്ട് നിരാഹാര സത്യാഗ്രഹം എടുത്തു. സർ, ഒരു കാര്യം മനസ്സിലാക്കണം. നമ്മുടെ അൽപംകൂടി മുന്നോട്ട് നീങ്ങിയാൽ ഇവിടെ റോഡിൽ ടാറിടുന്ന തൊഴിലാളികളും ഉള്ളതായി കാണാം. ദേഹം മുഴുവൻ ചൂടുപൊള്ളിത്തിളച്ച ടാർ വീഴുന്ന തൊഴിലാളികൾക്കുവേണ്ടി ആരും നിരാഹാരസത്യാഗ്രഹം എടുത്തുകണ്ടില്ല. അവർക്കുവേണ്ടി ഇവിടെ ആരും അവിശ്വാസപ്രമേയം കൊണ്ടുവന്നതായി കണ്ടില്ല. രണ്ടോ നാലോ ലക്ഷം വരുന്ന സർവ്വീസ് ജീവനക്കാർക്കുവേണ്ടി എന്ത് വാദകോലാഹലമാണ് ഇവിടെ നടക്കുന്നത്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ആ നിരാഹാരം എങ്ങനെയാണ് പിൻവലിച്ചത്?

ശ്രീ. എ. സി. ജോസ്: വളരെയേറെ ബഹുമാനിക്കുന്ന ഗൗരിയമ്മയെ അപമാനിക്കരുതെന്ന് കരുതിയാണ് ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കാൻ ആഗ്രഹിക്കാത്തത്. എങ്ങനെയാണ് പിൻവലിച്ചത്? എന്തിനായിരുന്നു നിരാഹാരസത്യാഗ്രഹം നടത്തിയത്? ശ്രീ. എം. വി. രാഘവന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുന്നേറ്റം തടയാനായിരുന്നോ? രാഘവന്റെ മുന്നേറ്റം തടയാൻ മാർക്സിസ്റ്റുപാർട്ടിയുടെ അച്ച്യുതാനന്ദൻ ഗ്രൂപ്പ് സംഘടിപ്പിച്ച നിരാഹാരമായിരുന്നു. ഇന്നിപ്പോൾ രാഘവൻ മുന്നോട്ട് പോകുന്നു. എല്ലാപേരേയും കൂടി ഒന്നു യോജിപ്പിക്കാൻവേണ്ടി അച്ച്യുതാനന്ദൻ ഗ്രൂപ്പിന്റെ നിരാഹാര സത്യാഗ്രഹമായിരുന്നു അത്. ഞാൻ പറഞ്ഞുവരുന്നത് ഇവിടെ നടക്കുന്ന സർവ്വീസ് സംഘടനകൾക്ക് വേണ്ടിയുള്ള സമരങ്ങളെക്കുറിച്ചാണ്. ഞാൻ കുറ്റപ്പെടുത്തുകയല്ല. സർവ്വീസ് സംഘടനകൾക്കും ആവശ്യങ്ങളുണ്ട്. അസംഘടിത തൊഴിലാളി വിഭാഗങ്ങൾ ഈ നാട്ടിൽ ഉണ്ട്. അവർക്കാവശ്യമായ നിയമങ്ങൾ ഈ രാജ്യത്തുണ്ടാകണം. ഞാൻ പ്രസിഡന്റായിട്ടുള്ള കെട്ടിട നിർമ്മാണത്തൊഴിലാളി കോൺഗ്രസ്സിന്റെ പ്രവർത്തകർ ഇന്ന് കേരളത്തിലെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ധർണ്ണ നടത്തുകയാണ്. ലോകത്തിലെ ഏറ്റവും പുരാതനമായ കൂലിത്തൊഴിലാണ് കെട്ടിടനിർമ്മാണത്തൊഴിൽ. ആ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തണം. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം.

ശ്രീ. ഇ. പത്മനാഭൻ: സർവ്വീസ് സംഘടനകളുടെ കാര്യത്തിലാണ് ഇവിടെ സത്യാഗ്രഹം നടത്തുന്നതെന്ന് പറഞ്ഞു. അങ്ങയുടെ പാർട്ടിയിൽപെട്ട മുഖ്യമന്ത്രി ഒരു ഭാഗത്തും, നൂറുദ്ദീൻ എന്ന മന്ത്രി മറുഭാഗത്തും സർവ്വീസ് സംഘടനകളുടെ യോഗം നടത്തിയിട്ടല്ലേ ഈ അഭ്യാസങ്ങളെല്ലാം നടത്തുന്നത്.

ശ്രീ. എ. സി. ജോസ്: ഞാൻ പറഞ്ഞത് സമരങ്ങളെക്കുറിച്ചാണ്. ബഹുമാനപ്പെട്ട പത്മനാഭൻ പറയുന്നത്, അഭ്യാസങ്ങളെപ്പറ്റിയാണ്. അവിടെ നടക്കുന്ന അഭ്യാസങ്ങളാണല്ലോ ഏറ്റവും വലുത്. വാസുദേവമേനോൻ പാലക്കാട്പോയി രാഘവനെകൂടെ പ്രസംഗിച്ചിട്ട് ഇവിടെവന്ന് നിങ്ങളോടൊത്തിരിക്കുകയല്ലേ! ചക്രപാണി നിങ്ങളോടൊപ്പമിരിക്കുകയല്ലേ? ഇതെല്ലാം മാർക്സിസ്റ്റ് പാർട്ടിയുടെ അഭ്യാസങ്ങളാണ്. അഭ്യാസത്തിന്റെ വേറൊരു കഥ പറയാം. ബഹുമാനപ്പെട്ട ശങ്കരൻ നമ്പൂതിരിപ്പാടിനോട് അകാലിദൾ ഒരു വർഗ്ഗീയപാർട്ടിയാണോയെന്ന് ചോദിച്ചതിന് ഒരു അഭ്യാസം പറഞ്ഞിരിക്കയാണ്. അത് രണ്ടുതരത്തിലും ആക്കാമെന്നാണ്. ബർണാല തീവ്രവാദികളോട് സമരം ചെയ്യുന്നതുകൊണ്ട് വർഗ്ഗീയപാർട്ടിയാകില്ല. അതേസമയം ബർണാല പുരോഹിതൻമാരുടെ ശിക്ഷമേടിച്ചതുകൊണ്ട് വേണമെങ്കിൽ വർഗ്ഗീയ പാർട്ടിയായിട്ട് കാണാമെന്നും പറഞ്ഞു. ഈ ആഴ്ചത്തെ 'ഒബ്സർവറിൽ' ഈ വാർത്ത ഉണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ ഒരഭ്യാസമാണിത്. ഞങ്ങളൊക്കെ ജനാധിപത്യപാർട്ടികളാണ്. ചിലപ്പോൾ അഭിപ്രായവ്യത്യാസങ്ങളൊക്കെ വരും. നിങ്ങൾ അതുപോലെയല്ല. രാഘവനെകൂടെ പാലക്കാട് പ്രത്യക്ഷപ്പെട്ട് ശ്രീ. വാസുദേവമേനോൻ ഇവിടെയിരിക്കുന്നത് ഏറ്റവും പ്രിയങ്കരനായ കുറുപ്പുചേട്ടന്റെ കൂടെയാണ്. ശ്രീ. ഗോവിന്ദക്കുറുപ്പിന്റെ കൂടെയാണ്. അതിന് നടപടി എടുത്തിട്ടില്ല. ഇതൊരു അഭ്യാസം. ചക്രപാണിയുടെ പേരിൽ ഒരു നടപടിയും എടുത്തിട്ടില്ല. അതും ഒരഭ്യാസമാണ്.

ശ്രീമതി കെ. ആർ. ഗൗരി: നിയമപ്രകാരം എന്തു നടപടിയെടുക്കണമെന്നുള്ളതിനെപ്പറ്റി ഞങ്ങൾ ആലോചിച്ചുകൊള്ളാം. കൂടെയിരുത്തണമോ, രാജിവയ്പ്പിക്കണമോയെന്നുള്ളതിനെക്കുറിച്ച് ഞങ്ങൾ ആലോചിച്ചുകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: അപ്പോഴും ഒരുകാര്യം മനസ്സിലായല്ലോ? ഞങ്ങളുടെ കാര്യം ഞങ്ങൾ ആലോചിച്ചുകൊള്ളാം. ഏതായാലും ഗൗരിയമ്മ വാസുദേവമേനോന്റെ പേരിൽ നടപടി എടുക്കാൻ പോകുന്നുവെന്ന് അറിയിച്ചതിൽ സന്തോഷമുണ്ട്. അങ്ങനെ ആലോചിക്കുന്നുണ്ട് എന്നു കേൾക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. മറ്റു കാര്യങ്ങളൊക്കെ ഞങ്ങൾ നോക്കിക്കൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി: എല്ലാപേരേയും അപ്പുറത്തുതരാം. മന്ത്രി സഭയുണ്ടാക്കിക്കൊള്ളുക.

ശ്രീ. എ. സി. ജോസ്: ഞങ്ങൾക്ക് വേണ്ട. ആർക്കും വേണ്ടാത്തത് ഞങ്ങൾക്ക് വേണ്ട. പുകഞ്ഞ കൊള്ളി നിങ്ങൾ എടുത്താൽ മതി. പലരേയും നിങ്ങൾ എടുത്തിട്ടില്ലേ അതുപോലെ എടുത്താൽ മതി. ഞങ്ങൾക്ക് ഇവിടെ ആവശ്യത്തിനാളുണ്ട്. ഞാൻ പറഞ്ഞുവരുന്നത് കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ കാര്യമാണ്.

ശ്രീ. എം. പി. എം. ഇസ്മായിൽ കുരിക്കൾ: ശ്രീമതി ഗൗരിയമ്മ തരാമെന്നു പറഞ്ഞ കൂട്ടത്തിൽ ശ്രീ. ഇ. കെ. നായനാരും ഭരതേട്ടനുമെല്ലാം ഉൾപ്പെടുമോ?

ശ്രീ. എ. സി. ജോസ്: ശ്രീ. ഇ. കെ. നായനാരും ഭരതേട്ടനും എന്താവേണ്ടതെന്നുകരുതി വാസവദത്തയെപ്പോലെ ശങ്കിച്ചുനിൽക്കുന്നതു കൊണ്ടാണ്. ഏതായാലും ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞതുപോലെ ഞങ്ങളുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. ഞാൻ അക്കാര്യം വിടുകയാണ്. കെട്ടിട നിർമ്മാണത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു ക്ഷേമനിധിയുണ്ടാകണം. അവർക്ക് നിയമപരമായ സംരക്ഷണമുണ്ടാകണം. ഇതൊക്കെ പലപ്രാവശ്യം ഈ സഭയിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ബേബി ജോൺ: സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ക്ഷേമനിധിയെക്കുറിച്ചുള്ള ഒരു പരാമർശം ഉണ്ട്. The unwholy haste in which each and every matter was decided by the Department shows that it wanted to conceal the matter of appointment from being noticed by other authorities. അതുപോലെയുള്ള ഏർപ്പാടാണ് വേണ്ടത്.

ശ്രീ. എ. സി. ജോസ്: ബേബി ജോൺ ചെയ്ത പല നടപടികളെക്കുറിച്ചും ഇതുപോലെ കമ്മിറ്റികൾ പലപ്പോഴും വിമർശിച്ചിട്ടില്ലേ? പലപ്പോഴും ഇതുപോലെയുള്ള വിമർശനങ്ങളുണ്ടാകും. ഞാൻ പറഞ്ഞുവരുന്നത് അവരെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി വച്ചു. ശ്രീ. മഹാബലറാവു ആയിരുന്നു ആ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. ആ കമ്മിറ്റി റിപ്പോർട്ട് കൊടുത്തിട്ട് മാസങ്ങളായി. ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്. ഇന്ന് കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, തൊഴിൽവകുപ്പിനെ സംബന്ധിച്ചിടത്തോളം നാം നമ്മുടെ ശ്രദ്ധ മാറിവീടേണ്ട സമയമായിരിക്കുന്നു. അസംഘടിതരായ ധാരാളമാളുകൾ ഈ രാജ്യത്തുണ്ട്. ധാരാളം ഗ്രാമീണ തൊഴിലാളികൾ ഉണ്ട്. പട്ടണങ്ങളിൽ താമസിക്കുന്ന സംഘടിതരായ കൂടുതൽ ശമ്പളം കിട്ടുന്നവർക്കുവേണ്ടി പ്രവർത്തിക്കാതെ ഗ്രാമീണത്തൊഴിലാളികളെ സംഘടിപ്പിക്കുകയും അവർക്കാവശ്യമുള്ള കാര്യങ്ങൾ ചെയ്തുകൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിന് നിയമപരമായ നടപടികളും സ്വീകരിക്കുകയും ചെയ്യണം. ഇവിടത്തെ മുഴുവൻ ഗ്രാമീണത്തൊഴിലാളികൾക്കും അത് റോഡുപണിയുന്നവർക്കായാലും, ശരി, തോട്ടു പണിയുന്നവർക്കായാലും, ശരി, കർഷകത്തൊഴിലാളികൾക്കായ്ാലും ശരി, തെങ്ങു കയറ്റത്തൊഴിലാളികൾക്കായാലും, ശരി അസംഘടിതരാണ്. ശബ്ദമുയർത്താൻ ആളില്ല എന്ന ഒറ്റ കാരണം കൊണ്ട് അവരെ അവഗണിച്ചുതള്ളാതെ അവർക്കെല്ലാം.....

ശ്രീ. ആർ. എസ്. ഉണ്ണി: അങ്ങ് ഒരു പുതിയ ആശയത്തെപ്പറ്റി പറഞ്ഞതുകൊണ്ട് ഞാൻ ചോദിക്കുകയാണ്. കേരളത്തിൽ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം കാലാകാലങ്ങളിൽ അധികാരത്തിൽവന്നിട്ടുള്ള ഗവൺമെൻറുകളെല്ലാം അവർ ആവിഷ്കരിച്ചിട്ടുള്ള നയത്തിന്റെ ഫലമായി എന്തെങ്കിലും പുരോഗതി നേടിയിട്ടുണ്ടോ? പുതിയ പുതിയ സിസ്റ്റം മുണ്ടാക്കി ആരോഗ്യകരമായ തൊഴിലാളിമുതലാളിബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഐ. ആർ. സി. കാം Industry-wise settlement, long-term settlement പോലെയുള്ളതൊക്കെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെത്തന്നെ സാമൂഹ്യക്ഷേമനടപടികളിൽ എന്തെങ്കിലുമൊരു പുരോഗതി ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. സി. ജോസ്: അത് ഉണ്ണിച്ചേട്ടൻ ചോദിച്ചത് നന്നായി. ഇവിടെ ലേബർ ഡിപ്പാർട്ട്മെൻറ് വെൽഫെയർ ഡിപ്പാർട്ട്മെൻറായി മാറിയിരിക്കുന്നുവെന്നുള്ളതാണ് വസ്തുത. ചുമട്ടുതൊഴിലാളികൾക്ക് ക്ഷേമനിധി, ചെത്തുതൊഴിലാളികൾക്ക് ക്ഷേമനിധി, കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി, തട്ടാൻ, ആശാരി തുടങ്ങിയ ആർട്ടിസാൻസിന് ക്ഷേമനിധി ഇങ്ങനെ നിരവധി ക്ഷേമനിധികൾ ഉണ്ടാക്കിയത് ഈ ഗവൺമെൻറാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: അത് ആര്യാടൻ മുഹമ്മദാണ്. ആര്യാടന്റെ ചെരിപ്പിന്റെ വാർ അഴിക്കാൻ ഈ മന്ത്രിക്ക് യോഗ്യതയില്ല.

ശ്രീ. എ. സി. ജോസ്: ആര്യാടൻ ഇരുന്നപ്പോൾ ആര്യാടനെ ചെരുപ്പൂരി തല്ലാൻപോയ ആളുകളാണ് നിങ്ങൾ. ആളുകൾ മാറിമാറി വരുമ്പോൾ അത് പറയരുത്. നാളെ ശിവദാസൻ മാറിവരുമ്പോൾ ഇതൊക്കെയാണെങ്കിലും ശിവദാസനാണ് നല്ലതെന്ന് പറയും. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം എൻഫോഴ്സ്മെൻറടക്കമുള്ള കാര്യങ്ങളിൽ അസംഘടിതരായിട്ടുള്ള തൊഴിലാളികൾക്കുവേണ്ടി നടപടികളുണ്ടാകേണ്ടിയിരിക്കുന്നു.

ഇതോടൊപ്പം ഒരു പ്രധാനപ്പെട്ട വകുപ്പുകൂടി ഈ ധനാഭ്യർത്ഥനകളിൽ ഉണ്ട്. അത് എക്സൈസ് വകുപ്പാണ്. അതിനെപ്പറ്റി രണ്ടു വാക്കു കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. അതിനെപ്പറ്റി കാര്യമായ സാമാന്യമായ ഗൗരവമായ ഒരു വിമർശനമോ അല്ലെങ്കിൽ അതിനെക്കുറിച്ച് ഒരു ചർച്ചയോ ഇവിടെ നടന്നില്ല. കേരളത്തിൽ സെയിൽസ്ടാക്സ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന, 120 കോടിരൂപ നമ്മുടെ എക്സ് ചെക്കറിനു കൊടുക്കുന്ന ഒരു വകുപ്പിനെക്കുറിച്ച്, നാം ചർച്ച ചെയ്തില്ലെന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. കേരളത്തിൽ അരി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്ന ഒരു വസ്തുവാണ് സ്പിരിറ്റ് അല്ലെങ്കിൽ മദ്യം. അതിനെക്കുറിച്ച് നാം ചർച്ച ചെയ്തില്ല. ഇന്ന് ഈ വകുപ്പിന്റെ സ്ഥിതിയെന്താണ്. കുരങ്ങന്റെ കൈയിൽ അപ്പം പങ്കിടാൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതുപോലെയാണ്. ഓരോരുത്തർ ഓരോരുത്തരായി കടിച്ച് അപ്പ മില്ലാത്തനിലയിലാക്കിയിരിക്കുന്നു. ഒരാൾ 400 മീറ്റർ പറയുമ്പോൾ വേറൊരാൾ 500 മീറ്റർ പറയും. കഴിഞ്ഞ 39 വർഷക്കാലമായി ഈ വകുപ്പിനെ നാടിനുതകുന്ന രീതിയിൽ കൈകാര്യം ചെയ്യുന്നതിൽ നാം പരാജയമടഞ്ഞിരിക്കുന്നു. അതുകൊണ്ട് എനിക്കഭ്യർത്ഥിക്കുവാനുള്ളത് അബ്കാരിയെ സംബന്ധിച്ചിടത്തോളം, അബ്കാരി നിയമത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ സാമുദായിക-സാമൂഹിക-രാഷ്ട്രീയ കൂടിക്കലർത്തി ഈ പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിനുവേണ്ടി ഒരു അബ്കാരി നയ രൂപീകരണ കമ്മീഷൻ ഉണ്ടാകണമെന്നതാണ്. ഇക്കാര്യം ഞാൻ ഈ സഭയിൽആവശ്യപ്പെട്ടിട്ടുള്ളതാണ്. ഞാൻ ആവർത്തിക്കുകയാണ്. സാമുദായിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളുമായി കെട്ടുപിണഞ്ഞുകിടന്ന് വളരെയേറെ ലാഘവത്തോടുകൂടി രാഷ്ട്രീയമായ ലാഭത്തിനുവേണ്ടിയോ. അല്ലെങ്കിൽ ദൂരക്കാഴ്ചയില്ലാതെയോ കൈകാര്യം ചെയ്തതിന്റെ ഫലമായി നമ്മുടെ കരളിനെ മാത്രമല്ല രാഷ്ട്രീയമായ സാമുദായിക ഗാത്രത്തെകൂടി കാർന്നുതിന്നുന്ന ഒരു അർബുദ രോഗത്തെ വളർത്തിയെടുക്കുന്ന രീതിയിലേക്ക് നമ്മുടെ അബ്കാരിനയം, പോകുന്നുവെന്ന വസ്തുത നാം മനസ്സിലാക്കി അതിനെക്കുറിച്ച് ഗൗരവമായി പഠിച്ച് റിപ്പോർട്ട് ചെയ്തു ധൈര്യപൂർവ്വം അതിനെ നേരിട്ടുകൊണ്ട് നടപടി സ്വീകരിച്ച് നന്നാക്കാനുള്ള ശ്രമമുണ്ടാകണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. ഒ. ഭരതൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്ക് മുമ്പ് പ്രസംഗിച്ച എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീമാൻ എ.സി. ജോസിനോട് എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. അദ്ദേഹം ഈ പ്രസംഗം നിയമസഭയിൽ ചെയ്തു കഴിഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളിൽപോയി അവിടുത്തെ തന്റെ സഹപ്രവർത്തകരെ കാണുന്ന സമയത്ത് അവരുടെ കൈകളിൽനിന്നും തല്ല് വാങ്ങാതെ സൂക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മാത്രമേ ഈ അവസരത്തിൽ എനിക്ക് പറയാനുള്ളൂ. നിങ്ങളുടെ തൊഴിലാളികളും നിങ്ങളുടെ സാന്നിദ്ധ്യത്തിൽ ഉന്നയിക്കപ്പെട്ട വിമർശനങ്ങളെ ആകെ ഒരു തുള്ളി വെള്ളം കുടിക്കാതെ ഒരു കട്ട ഉപ്പ് തിന്ന് നിങ്ങളും വിഴുങ്ങുകയാണ്. നിങ്ങളുടെ തൊഴിലാളികളുടെയും നിങ്ങളുടെ അംഗങ്ങളുടെയും വിമർശനങ്ങളും കേൾക്കാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. വെറുതെ ഇവിടെ വന്നിട്ട് ശിവദാസനെ പിൻതാങ്ങുന്നതുകൊണ്ട് നിങ്ങൾക്ക് എന്ത് ഗുണമാണുള്ളത്. നിങ്ങളുടെ മെമ്പർമാരുടെ കൈയിൽനിന്ന് തല്ല് കിട്ടും. അത്രക്ക് നാണം കെട്ട തൊഴിൽ വകുപ്പാണ് ഇവിടെ ഭരിക്കുന്നത്. ഞാൻ ചോദിക്കട്ടെ ഒരു തൊഴിൽ മന്ത്രിയെന്ന് പറഞ്ഞാൽ അയാളുടെ ഡിപ്പാർട്ടുമെന്റിനാവശ്യമായിട്ടുള്ള കാശ് സമ്പാദിക്കാൻ നോക്കണോ, ചെലവറിഞ്ഞ് അത് വാങ്ങാൻവേണ്ടി നോക്കണോ? ജോലിയില്ലാത്ത ആളുകൾക്കുള്ള തൊഴിലില്ലായ്മ വേതനം കൊടുക്കാനുള്ള സംഖ്യ കഴിഞ്ഞ കൊല്ലം 15 കോടി നീക്കി വച്ചു. മൂന്നു കോടി പോരാതെ വന്നു എന്നിട്ട് ഇക്കൊല്ലം 11 കോടി രൂപയാണ് നീക്കി വച്ചത്. അത് ചെലവറിഞ്ഞ് വാങ്ങാൻ വേണ്ടി സാധിക്കണം. അങ്ങനെ ഓരോ ഇനത്തിലും ചെലവറിഞ്ഞ് വാങ്ങാൻ സാധിക്കുന്നുണ്ടോ? ഒന്നുകിൽ നമുക്ക് കിട്ടാൻ അർഹതപ്പെട്ട കാശ് വാങ്ങിക്കാനുള്ള ഏർപ്പാടുണ്ടാക്കുക, അതല്ലെങ്കിൽ അത് കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടുമെന്റിനെ മാനം മര്യാദക്ക് നടത്തുക. "ഈ പൊണ്ണത്തടിയനെന്തിന്"

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളാം, വലിയ പുരയ്ക്കൊരു തൂണിനുകൊള്ളാം'' എന്നല്ലാതെ എന്താണ് ഇതിനെപ്പറ്റി പറയാനുള്ളത്. ഞാൻ ചോദിക്കട്ടെ നമ്മുടെ സംസ്ഥാനത്തിന് ഒരു പാരമ്പര്യമില്ലേ? ശ്രീമാൻ എ.സി. ജോസും നമ്മെ പോലുള്ളവരും സമരം ചെയ്തുണ്ടാക്കിയിട്ടുള്ള ഒരു പാരമ്പര്യമുണ്ട് ഈ സംസ്ഥാനത്തിന്. പുരോഗമനപരമായിട്ടുള്ള ഒരുപാട് നയങ്ങളും, നടപടികളും ഈ സംസ്ഥാനത്തിന് തൊഴിൽ രംഗത്ത് ആവിഷ്കരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക കാണിച്ചു കൊടുക്കത്തക്കവിധത്തിലുള്ള ഉന്നതമായ നിയമ നിർമ്മാണങ്ങളും കൊണ്ടുവരാൻ ഇവിടെ സാധിച്ചിട്ടുണ്ട്. ടി.വി. തോമസ് തൊഴിൽമന്ത്രിയായിരുന്നതിന്റെ ഫലമായിട്ട്, സഖാവ് ബേബിജോൺ തൊഴിൽ മന്ത്രിയായിരുന്നതിന്റെ ഫലമായിട്ട്, ശ്രീമാൻ ഉമ്മൻചാണ്ടി തൊഴിൽമന്ത്രിയായിരുന്നതിന്റെ ഫലമായിട്ട്, ശ്രീമാൻ മത്തായി മാഞ്ഞൂരാൻ തൊഴിൽ മന്ത്രിയായിരുന്നതിന്റെ ഫലമായിട്ട്. ഒരുപാട് ജനാധിപത്യ പുരോഗമനപരമായിട്ടുള്ള നിയമ നിർമ്മാണങ്ങളും പദ്ധതികളും ഈ സംസ്ഥാനത്തിനകത്ത് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ പത്തോ, ഇരുപതോ കൊല്ലക്കാലം പുറകിലേക്ക് വലിച്ചിഴച്ചുകൊണ്ട് പോകുന്നതിന് വേണ്ടിയാണ് ഈ മന്ത്രിസഭ ശ്രമിക്കുന്നത്. നമ്മുടെ രാജ്യത്ത് അംഗീകരിക്കപ്പെട്ട കീഴ്വഴക്കങ്ങളും ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമുക്കാർക്കും അതിൽ പരിതാപമില്ലേ? ഉയർന്ന സുപ്രീം കോടതിവിധികളും പോലും നമ്മുടെ സംസ്ഥാനത്തിനകത്ത് ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അഞ്ചുകൊല്ലക്കാലത്തിലൊരിക്കൽ മിനിമം വേജസ് പുനഃപരിശോധന നടത്തി ഉയർത്തണമെന്നുള്ളതാണ്, മിനിമം വേജസ് ആക്ടിൽ അനുശാസിക്കുന്നതാണ്. മിനിമം വേജസ് ആക്ടും എപ്പോഴാണ് നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയതെന്നറിയാമല്ലോ? ബ്രിട്ടീഷുകാർ പോകാൻപോകുന്ന കാലത്താണ് മിനിമം വേജസ് ആക്ടും നമ്മുടെ രാജ്യത്ത് വന്നത്. ബ്രിട്ടീഷുകാർപോലും പറയുന്നു ഈ രാജ്യത്തിനകത്ത് അഞ്ചു കൊല്ലത്തിലൊരിക്കൽ മിനിമം വേജസ് പരിശോധിച്ച് ഉയർത്തണമെന്ന്. എന്നിട്ട് കഴിഞ്ഞ 27-ാം തീയതി നമ്മുടെ തൊഴിൽ വകുപ്പു മന്ത്രി നൽകിയിട്ടുള്ള മറുപടി നിങ്ങൾ കേട്ടില്ലേ? നിങ്ങൾ ഇതൊന്നും വായിക്കുന്നില്ലേ എ.സി. ജോസ്? എന്താണ് നിങ്ങൾക്ക് ഇതിനെപ്പറ്റി പറയാനുള്ളത്? പതിമൂന്ന് വ്യവസായസ്ഥാപനങ്ങളിൽ അഞ്ചുകൊല്ലക്കാലം കഴിഞ്ഞ് മിനിമം വേജസ് പുനഃപരിശോധന നടത്തി ഉയർത്തിയിട്ടില്ല. ചില മിനിമം വേജസ് അഡ്വൈസറി കമ്മിറ്റികളുടെ റിപ്പോർട്ട് ശിവദാസൻ കീശയിൽ വച്ച് നടക്കുകയാണ്. പ്രസ് തൊഴിലാളികൾക്കുള്ള മിനിമം വേജസിന്റെ റിപ്പോർട്ട് വന്നു. അത് മിനിമം വേജസ് ബോർഡ് അംഗീകരിച്ചു അഡ്വൈസറി ബോർഡ് അംഗീകരിച്ചു. അതിനുശേഷം ശിവദാസൻ അത് വാങ്ങി കീശയിലിട്ടിട്ട് പുറകേക്കുപോയി. ഒരു കൊല്ലക്കാലം പിന്നെ വെളിച്ചം കിട്ടിയിട്ടില്ല. നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? മിനിമം വേജസ് ഉയർത്തുന്നില്ല. പരിശോധനക്ക് വിധേയമാക്കുന്നില്ല. ഇങ്ങനെ എത്രയെത്ര പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്തിനകത്തുണ്ട്. ഒന്നാംതരം കൺസീലിയേഷൻ മെഷിനറി ഉണ്ടായിരുന്നില്ലേ? നമുക്കറിയാം തൊഴിൽ കുഴപ്പമെന്ന് പറഞ്ഞാൽ തൊഴിൽ കുഴപ്പം വന്നതിന് ശേഷം ഇടപ്പെട്ടിട്ട് പ്രയോജനമില്ല. തൊഴിൽ കുഴപ്പം വരാതിരിക്കാനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണം. രോഗം വന്നതിനുശേഷം ചികിൽസിച്ചിട്ട് എന്ത് കാര്യം? രോഗം വരാതിരിക്കാനുള്ള ചികിൽസയല്ലേ വേണ്ടത്? അങ്ങനെ മനസ്സിലാക്കിയാനുള്ള സന്നദ്ധതാ ബോധമുണ്ടോ ഇവിടെ? വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിനകത്ത് തൊഴിൽ കുഴപ്പം വരാതിരിക്കാനുള്ള മുൻകരുതൽ നടപടിയെടുക്കണം. അങ്ങനെയൊരു കൺസിലിയേഷൻ മെഷിനറി നമ്മുടെ സംസ്ഥാനത്തിനകത്തുണ്ടോ? ഓരോ സ്ഥാപനങ്ങളിലും തൊഴിൽ കുഴപ്പം ആരംഭിച്ചിട്ട് എത്രമാസക്കാലമായി? ഞാൻ ചോദിക്കട്ടെ ഗൗരിയമ്മ പ്രസിഡൻറായിട്ടുള്ള കേരളാ സ്റേറേറ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് വിറ്റമിൻ—എ ഉൽപ്പാദനം കേന്ദ്രത്തിൽ തൊഴിൽ കുഴപ്പം ആരംഭിച്ചിട്ട് 150-ാമത്തെ ദിവസമാണിന്ന്. കൺസിലിയേഷൻ നടക്കുന്നില്ല. പ്രശ്നം അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നില്ല. 1985 ജൂലൈ മാസം 7-ാം തീയതി ആരംഭിച്ചതാണ് മാവൂർ റയോൺസിലെ സമരം. ഇന്നത്തേയ്ക്ക് ഒരു കൊല്ലവും മാസവും കഴിയാറായി. എന്നിട്ട് ഈ തൊഴിൽവകുപ്പു മന്ത്രി ഇടപെട്ട് ഒരു കൺസിലിയേഷൻ കോൺഫറൻസ് വിളിച്ച് കൂട്ടിയോ? ഇങ്ങനെ എത്രയെത്ര സ്ഥാപനങ്ങളാ! ഞാൻ ഫാക്ടറികളുടെ കണക്ക് വേണമെങ്കിൽ വായിക്കാം. ഒരുപാട് എണ്ണത്തിൻെറ കണക്ക് പറയാം. മാവൂർ ഗ്വാളിയോർ റയോൺസ്, പുനലൂർ പേപ്പർ മിൽസ്, ഒറ്റെയിൽ ഗ്ലാസ് ഫാക്ടറി, പിയർലെസ്, കോമൺവെൽത്ത് ടെക്സ്റൈൽസ്, കുന്നത്തൂർ ടെക്സ്റൈൽസ് ഇങ്ങനെ എത്രയെത്ര വ്യവസായസ്ഥാപനങ്ങളാ നമ്മുടെ സംസ്ഥാനത്തിനകത്ത് അടച്ചു കിടക്കുന്നു. കീഴ്വഴക്കങ്ങളാകെ ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിട്ട് ഈ വ്യവസായസ്ഥാപനങ്ങളാ പൂട്ടിയിടുന്നത് സംബന്ധിച്ച് പുതിയ ഒരു തിയറി ആവിഷ്ക്കരിക്കുകയാണ് നമ്മുടെ തൊഴിൽ വകുപ്പു മന്ത്രി. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേൾക്കണം. കുറെക്കാലം തൊഴിൽ രംഗത്ത് പ്രവർത്തിച്ച ആളല്ലേ? ഒരു വ്യവസായ സ്ഥാപനം തുറക്കാനുള്ള അവകാശം പോലെതന്നെ വ്യവസായ സ്ഥാപനം അടച്ചിടാനുള്ള അവകാശവും അതിൻെറ ഉടമസ്ഥനുണ്ട് എന്നുള്ള പുതിയ തിയറി ആവിഷ്ക്കരിക്കുകയാണ്. ഒരു കുട്ടിയെ പ്രസവിക്കാനുള്ള അവകാശംപോലെ തന്നെ കുട്ടിയെ കൊല്ലാനുള്ള അവകാശവും അമ്മയ്ക്കുണ്ടെന്ന് പറയുന്നതുപോലെ അത്ര പൊള്ളയായിട്ടുള്ള വാദഗതിയാണിത്. ആർക്കെങ്കിലും പറയാൻ സാധിക്കുമോ? വ്യവസായസ്ഥാപനം പൂട്ടിയിടുകയെന്നുള്ളത് സാമൂഹ്യവിരുദ്ധമായ ഏർപ്പാടാണ്, വ്യഭിചാരംപോലുള്ള ഏർപ്പാടാണ്, കൊലപാതകം പോലുള്ള ഏർപ്പാടാണ്: വ്യവസായസ്ഥാപനമെന്ന് പറഞ്ഞാൽ ഉടമസ്ഥൻേറത് മാത്രമല്ല അയാളുടെ മൂലധനമുണ്ടാകും തൊഴിലാളികളുടെ അദ്ധ്വാനവുമുണ്ട്. അയാളുടെ മൂലധനവും തൊഴിലാളികളുടെ അദ്ധ്വാനവും കൂടി ചേർന്നാണ് വ്യവസായസ്ഥാപനമാകുക. അയാളുടെ ഇഷ്ടത്തിന് വ്യവസായസ്ഥാപനം പൂട്ടിയിടാനുള്ള അവകാശമില്ല. ഉയർന്ന നീതിന്യായ കോടതികളും എത്രയോ ഹൈക്കോടതികളും അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതൊന്നും നമ്മുടെ ശിവദാസൻ മന്ത്രിക്ക് അറിയില്ല. എന്താണ് പറയാൻ! വ്യവസായസ്ഥാപനങ്ങളും തുറക്കാനുള്ള അവകാശംപോലെ തന്നെ പൂട്ടിയിടാനുള്ള അവകാശവും മാനേജുമെൻറുകൾക്കുണ്ടെന്നാണ് പറയുന്നത്. എവിടുത്തെ തിയറിയാണിത്: ഇത് ആരെ രക്ഷിക്കാൻ വേണ്ടിയിട്ടാണ്? ആരെ സഹായിക്കാൻ വേണ്ടിയാണ്? ഈ സംസ്ഥാനത്തിലെ തൊഴിലാളികളെ സഹായിക്കാൻ വേണ്ടിയാണോ? ഉത്തരം പറയണം. മിനിമം വേജസിൻെറ കാര്യം പറഞ്ഞു. അതിൻെറ കാര്യം പറയുമ്പോൾ വേറൊരു കാര്യം കൂടി പറയണം. ഇതിനെ സംബന്ധിച്ചിടത്തോളം അടുത്തകാലത്ത് നമ്മുടെ സുപ്രീം കോടതിയിൽ വിഖ്യാതമായിട്ടുള്ള ഒരു വിധിയുണ്ട്. ഏഷ്യാഡിനോടനുബന്ധിച്ച് അനേകം പഞ്ച നക്ഷത്ര ഹോട്ടലുകളുണ്ടാക്കി.



LIBRARY ARCHIVES Kerala Legislative Assembly

ആ ഹോട്ടലുകളുടെ നിർമ്മാണത്തിൽ പങ്കെടുത്ത തൊഴിലാളികൾക്ക് മിനിമം വേജസ് കിട്ടിയില്ല. അവർ വെറുതെ കടലാസിൽ ഹർജി യെഴുതി സുപ്രീം കോടതിക്ക് കൊടുത്തു. എന്താണ് സുപ്രീം കോടതി പറഞ്ഞതെന്നറിയാമോ? തൊഴിലാളികൾക്ക് മിനിമം വേജസ് കൊടു ക്കുന്നുണ്ടെന്ന് പറഞ്ഞുകൊണ്ട് കള്ള ഒപ്പ് വാങ്ങിയതുകൊണ്ട് മാത്രം പ്രയോജനമില്ല, ആ തൊഴിലാളികൾക്ക് മിനിമം വേജസ് കിട്ടുന്നു ണ്ടെന്ന് പറഞ്ഞ് ഉറപ്പ് വരുത്തുന്നില്ലെങ്കിൽ ആ മുതലാളിയെപ്പോലെ ശിക്ഷാർഹരാണ് നമ്മുടെ രാജ്യത്തെ തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരടക്കമുള്ള ആളുകൾ എന്നാണ് സുപ്രീം കോടതി പറഞ്ഞത്. നമ്മുടെ തൊഴിൽ വകുപ്പു മന്ത്രി ഇവിടുത്തെ നമ്മുടെ കശുവണ്ടി തൊഴിലാളികൾക്ക് മിനിമം വേജസ് നിഷേധിച്ചു കൊണ്ടിരിക്കുകയാണ്. എന്നിട്ട് എന്താണ് പറയുന്നത്? കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു മുമ്പത്തെ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞു, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ മുൻപിൽ വച്ച് കാശ് കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കുമെന്ന്. തൊഴിൽവകുപ്പു മന്ത്രി പറഞ്ഞ താണ്. ഏർപ്പാടുണ്ടാക്കിയോ? ഇവിടെ പരസ്യമായിട്ട് കശുവണ്ടി മുതലാളിമാർക്കുവേണ്ടി വക്കാലത്തു പിടിക്കുകയാണ് നമ്മുടെ തൊഴിൽ വകുപ്പു മന്ത്രി ചെയ്യുന്നത്. ഒറ കാര്യം മാത്രമേ ഞാൻ പറയുന്നുള്ളു. ഈമാതിരി തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന ആളുകളെ മുക്കാ ലിയിൽ കെട്ടിയടിക്കണം എന്നാലെ ഈ നാട് നന്നാകുകയുള്ളൂ. കിട്ടാൻ അർഹതപ്പെട്ട കാശ് അനുവദിക്കാതിരിക്കുക. തൊഴിൽ നിയമ ങ്ങൾ നടപ്പിലാക്കാതിരിക്കുക. ഉയർന്ന സുപ്രീം കോടതി വിധികൾ നിരാകരിക്കുക, ഈ രാജ്യത്തെ നമ്മുടെ കുത്തുക മുതലാളിമാർക്ക് വേണ്ടി പണിയെടുത്തു കൊടുക്കുക എത്ര നാണം കെട്ട ഏർപ്പാടാണിത്. ഇവിടെ ഇപ്പോൾ ആരോ പറഞ്ഞു ഈ ഗവൺമെൻറ് ഒരുപാട് ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന്. ജോസാണെന്ന് തോന്നുന്നു. ഒരുപാട് ക്ഷേമ പദ്ധതികൾ! വൈക്കം മുഹമ്മദ് ബഷീറിന്റെ എട്ടുകാലി മമ്മൂഞ്ഞെന്നു പറയുന്ന ഒരു കഥാപാത്രത്തെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? എട്ടുകാലി മമ്മൂഞ്ഞ്, രാജ്യത്തിൽ എവിടെയെങ്കിലും അവിവാഹിതരായ യുവതികൾ ഗർഭം ധരിച്ചാൽ അതിന്റെ ഉത്തരവാദിത്വം മുഴുവനും തനിക്കാണെന്ന് പറഞ്ഞ് നടക്കുന്നു. അതുപോലെയാണ് എല്ലാ ക്ഷേമനിധികളും ശിവദാസൻ കൊണ്ടുവന്നുവെന്നാണ് പറയുന്നത്. ഈ സംസ്ഥാനത്തിലെ എല്ലാ ക്ഷേമനിധികളും ശിവദാസൻ കൊണ്ടു വന്നെന്നു പോലും. മോട്ടോർ തൊഴിലാളി ക്ഷേമനിധിയടക്കം ശിവദാസൻ കൊണ്ടുവന്നതാണുപോലും. ഈ നാട്ടിലെ സംഘടിത തൊഴിലാളി വർഗ്ഗം എത്രയോ കൊല്ലമായിട്ട്, 1980 മുതൽ നിരന്തരമായിട്ടുള്ള പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായിട്ടാണ് മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമം ഇവിടെ നടപ്പാക്കിയത്. പാസ്സാക്കിയിട്ട് എല്ലാം നടപ്പിലാക്കിയിട്ടില്ല. ഏതാണ്ട് നാൽപ്പതിനായിരം സ്വകാര്യ ബസ് ട്രാൻസ്പോർട്ട് തൊഴിലാളികൾ മാത്രമുണ്ട് ഈ രംഗത്ത്. ഞാൻ മിനിഞ്ഞാന്ന് കണക്കെടുത്തുനോക്കി. ഓരോ ജില്ലയിലും പോയി കണക്കെടുത്തുനോക്കി. 1,200-ലധികം ആളുകൾക്ക് മാത്രമേ ഇതുവരെ ബാധകമാക്കിയിട്ടുള്ളു. നിയമനം നടന്നു. ഇതിനെപ്പറ്റി, ഇതിന്റെ ഇംപ്ലിമെന്റേഷനെപ്പറ്റി ചർച്ച ചെയ്യാൻ ബന്ധപ്പെട്ട യൂണിയനു കളുടെ കോൺഫറൻസ് വിളിച്ചു കൂട്ടണമെന്ന് ഞാൻ കാലു പിടിച്ചു അഭ്യർത്ഥിച്ചു. നിങ്ങൾ കേട്ടോ? എന്നിട്ട് ഒരു യോഗം വിളിക്കുന്നില്ല, ബോർഡ് രൂപീകരിക്കുന്നില്ല. നിയമന ങ്ങളെല്ലാം കഴിഞ്ഞ് ബോർഡ് ഉണ്ടാക്കിയാൽ മതി. വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ആളുകളെ നിയമനം നടത്തിക്കഴിഞ്ഞ് സ്വന്തം കീശയിൽ ആവശ്യമായ കാശ് ഉണ്ടാക്കിക്കഴിഞ്ഞതിനുശേഷം ബോർഡ് രൂപീകരിച്ചാൽ മതിയെന്നാണ് ഇപ്പോഴത്തെ ധാരണ. ഇവിടത്തെ നാണംകെട്ട ഏർപ്പാടാണിത്. ഈ നിയമത്തിന് അർഹതപ്പെട്ട നാൽപ്പതിനായിരം തൊഴിലാളികളിൽ 1,200 ബസ് ട്രാസ്പോർട്ട് തൊഴിലാളികൾക്കേ ഇത് നടപ്പിലാക്കിയിട്ടുള്ളു. സർ, ഓട്ടോറിക്ഷാതൊഴിലാളികൾക്കും ടാക്സികാർ, ലോറി ട്രാൻസ്പോർട്ട് രംഗത്തും ഇത് നടപ്പിലാക്കിയിട്ടില്ല. ഇനിയും ഇത് നടപ്പിലാക്കാൻ ബാക്കിയുണ്ട്. നമ്മുടെ സംസ്ഥാനത്തിനകത്ത് വ്യവസായസ്ഥാപനങ്ങൾ പൂട്ടിയിടുന്നത് വർദ്ധിച്ചു വരികയാണ്. വകുപ്പുമന്ത്രി തന്നെ നിയമസഭയിൽ നൽകിയ ഉത്തരത്തിൽ പറയുന്നത്, കഴിഞ്ഞ രണ്ടുമൂന്നുകൊല്ലത്തെ നമ്മുടെ സംസ്ഥാനത്തെ അനുഭവങ്ങൾ എടുത്തു പരിശോധിച്ചു നോക്കിയതിൽ വ്യവസായസ്ഥാപനങ്ങൾ പൂട്ടിയിടുകയെന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു ഭീഷണിയായി രൂപാന്തരപ്പെട്ടിരിക്കുന്നുവെന്നാണ്. തൊഴിൽതർക്കങ്ങളുടെ ഫലമായിട്ടും പണിമുടക്കിന്റെ ഫലമായിട്ടും നഷ്ടപ്പെടുന്ന തൊഴിൽദിവസങ്ങളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വ്യവസായസ്ഥാപനങ്ങൾ പൂട്ടിയിടുന്നതിന്റെ ഫലമായിട്ട് തൊഴിൽനഷ്ടദിവസങ്ങൾ വർദ്ധിച്ചുവരുന്ന പ്രതിഭാസം നമ്മുടെ സംസ്ഥാനത്ത് ഓരോദിവസം കഴിയുംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് ഇതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് പറയാനുള്ളത്?

നമ്മുടെ പരമ്പരാഗത വ്യവസായമേഖലയും സംഘടിത വ്യവസായ മേഖലയും എടുത്ത് പരിശോധിച്ച് നോക്കണം. അവിടെയെല്ലാം തൊഴിലില്ലാത്ത ആളുകളുടെ എണ്ണം ഓരോദിവസം കഴിയുംതോറും വർദ്ധിച്ചുവരുന്നതായി കാണാം. 1980-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവരുടെ എണ്ണം 19 ലക്ഷമായിരുന്നുവെങ്കിൽ ഇപ്പോൾ അത് 26 ലക്ഷത്തിൽ അധികമായി കഴിഞ്ഞിരിക്കുകയാണ്. എന്താണ് അതിന് ഉത്തരം പറയാനുള്ളത്? വ്യവസായസ്ഥാപനങ്ങൾ പൂട്ടിയിടുന്നതിന്റെ ഭാഗമായിട്ട് തൊഴിൽ നഷ്ടപ്പെടുന്നുവെന്നു മാത്രമല്ല നമ്മുടെ രാജ്യത്തെ എല്ലാ കീഴ്വഴക്കങ്ങളേയും ഓരോദിവസം കഴിയുംതോറും ലംഘിക്കപ്പെട്ട് ഏകപക്ഷീയമായി തൊഴിലാളികളുടെമേൽ അദ്ധ്വാനഭാരം കയറ്റിവച്ചുകൊണ്ടിരിക്കുകയാണ്. ഇത് എവിടെയെല്ലാമാണ് നടക്കുന്നത്. ഉദാഹരണത്തിന് കെ.എസ്.ആർ.ടി.സി.യിൽ തൊഴിലാളികളുടെ അനുഘാതം കുറയ്ക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. അതാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ന് കിട്ടുന്ന വരുമാനം ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞകൊല്ലങ്ങളിൽ കാണാൻ കഴിയാത്ത പ്രതിഭാസമാണ് ഇതൊക്കെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതൊക്കെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

കൺസിലിയേഷനെ സംബന്ധിച്ചു പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർമാർക്കും അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും ഓരോദിവസം കഴിയുംതോറും അദ്ധ്വാനഭാരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ഉത്തരവാദിത്വങ്ങളും ചുമതലകളും അവരെ ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നിയമനങ്ങൾ നടത്തുന്നില്ല. ഇതെല്ലാം നടപ്പിലാക്കത്തക്ക രീതിയിൽ ഉദ്യോഗസ്ഥൻമാരുടെ സ്ട്രെഗ്ത്ത് വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. അതിന്റെ ഫലമായി അനുരഞ്ജന നടപടികൾതന്നെ സ്വീകരിക്കാൻ ലേബർ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് സാധിക്കുന്നില്ല. എന്തുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ പുതിയ ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും ജീവനക്കാരുടെ മേൽ കൂടുതൽ അദ്ധ്വാനഭാരം കയറ്റി - വയ്ക്കുന്ന നടപടി ഇല്ലാതാക്കുകയും ചെയ്യുന്നില്ല. സ്വാഭാവികമായും ആ രീതിയിൽ ചെയ്തുകൊണ്ട് ഉദ്യോഗസ്ഥൻമാരുടെ അദ്ധ്വാനഭാരം ലഘൂകരിച്ചുകൊണ്ട് എല്ലാ നിയമങ്ങളും നടപ്പിലാക്കാനുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കണം. അതാണ് ലേബർ ഡിപ്പാർട്ടുമെൻറിനെക്കുറിച്ച് പറയാനുള്ളത്.

ഭക്ഷ്യവകുപ്പിനെ സംബന്ധിച്ച് ധാരാളം ആരോപണങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടു. നമ്മുടെ രാജ്യത്ത് ഓരോ ദിവസം കഴിയുംതോറും പൊതുമേഖലാ രംഗങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനും സ്വകാര്യ വ്യക്തികളെ താലോലിക്കുന്നതിനുമുള്ള ഏർപ്പാട് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുതന്നെയാണ് നമ്മുടെ ഭക്ഷ്യവകുപ്പ് ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഭക്ഷ്യധാന്യ മൊത്തവിതരണം സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുകയാണ്. പാലക്കാട് ജില്ലയിലോ തൃശ്ശൂർ ജില്ലയിലോ മാത്രമല്ല നമ്മുടെ സംസ്ഥാനത്താകെ സ്വകാര്യവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എന്തിനു വേണ്ടിയാണ് ഇത് ചെയ്തതെന്നു ഞാൻ പറയുന്നില്ല. എത്രലക്ഷം രൂപയാണ് വാങ്ങിച്ചതെന്നും ഞാൻ പറയുന്നില്ല. രൂപ കൊടുത്തവർക്കും വാങ്ങിച്ചവർക്കും അതിന്റെ കൃത്യമായ കണക്കറിയാം. ഈ നാടിനെ കുട്ടിച്ചോറാക്കുന്നതിനുവേണ്ടിയാണ് ഗവൺമെൻറ് ശ്രമിക്കുന്നത്. സ്വന്തം കീശ വീർപ്പിക്കുന്നതിനുവേണ്ടിയാണ് ഈ മന്ത്രിമാർ ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ രാജ്യത്തിലെ ജനങ്ങൾക്ക് എതിരായി ദ്രോഹകരമായി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെൻറാണിത്. അതുകൊണ്ട് ഈ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു.എ. ബീരാൻ) സർ, ഭക്ഷ്യവകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അനുകൂലമായും പ്രതികൂലമായും സംസാരിക്കുകയും വളരെ പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ ഉന്നയിക്കുകയും ചെയ്ത ബഹുമാനപ്പെട്ട മെമ്പർമാർക്ക് എല്ലാവർക്കും നന്ദിരേഖപ്പെടുത്താൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഇവിടെ ഭക്ഷ്യവകുപ്പിനെ സംബന്ധിച്ചുള്ള ചർച്ചാവേളയിൽ വളരെ പ്രധാനമായി ഉന്നയിക്കപ്പെട്ടിട്ടുള്ള ഒരു സംഗതി സ്വകാര്യവ്യക്തികൾക്ക് ഹോംസെയിൽ ഡിപ്പോകൾ അനുവദിക്കുന്നുവെന്നുള്ളതാണ്. ഇതൊരു പുതിയ കാര്യമായിട്ട് ഉന്നയിച്ചുകൊണ്ടാണ് പലരും അടിസ്ഥാനരഹിതമായിട്ടുള്ള പല ആരോപണങ്ങളും ഇവിടെ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ഇതൊരു പുതിയ കാര്യമല്ല. 1966-ൽ കേരള സംസ്ഥാനത്ത് റേഷനിംഗ് നടപ്പിലാക്കിയതു മുതൽ ഇവിടെ ഈമാതിരിയുള്ള ഹോംസെയിൽ ഡിപ്പോകൾ നിലനിന്നുവരുന്നുണ്ട്. എന്റെ സുഹൃത്ത് ശ്രീ. സീതിഹാജി ഇവിടെ പറഞ്ഞതുപോലെ ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ 288 ഹോംസെയിൽ ഡിപ്പോകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ 243 ഹോംസെയിൽ ഡിപ്പോകളും സഹകാര്യ വ്യക്തികളാണ് നടത്തുന്നത്. കേവലം 45 ഡിപ്പോകളും മാത്രമേ സഹകരണസംഘങ്ങളും നടത്തുന്നുള്ളു. ഇതൊരു പുതിയ കാര്യമൊന്നുമല്ല. അതുപോലെതന്നെ ശ്രീ. സീതിഹാജി ഇവിടെ പറഞ്ഞു, 1966-ൽ ഇത് നടപ്പിലാക്കിയതിനു ശേഷം പല ഗവൺമെൻറുകളും ഇവിടെ ഭരിച്ചു. 1967 മുതൽ ഇങ്ങോട്ടുള്ള ഗവൺമെൻറുകളുടെ കാലത്തെല്ലാം സഹകാര്യവ്യക്തികൾക്ക് ഹോംസെയിൽ ഡിപ്പോകളും നൽകിയിട്ടുണ്ട്. സീതിഹാജി പറഞ്ഞു, മലപ്പുറത്ത് അദ്ദേഹത്തിൻെറ കുടുംബക്കാരൻ എന്നുപറയുന്ന ഒരാൾക്ക് ഇതിനു മുമ്പത്തെ ഗവൺമെൻറിൻെറ കാലത്ത് ശ്രീ. ആർ.എസ്. ഉണ്ണി കൂടി മന്ത്രിയായിരുന്ന ഗവൺമെൻറിൻെറ കാലത്ത്—അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന ചന്ദ്രശേഖരൻ നായർ സഹകാര്യ ഹോംസെയിൽ ഡിപ്പോകളും അനുവദിച്ചു. മലപ്പുറത്തും പെരിന്തൽമണ്ണയിലും അനുവദിച്ചു. അതിനു മുമ്പ് മാർക്സിസ്റ്റ് നേതാവായ ശ്രീ. ഇമ്പിച്ചിബാവ ഇവിടെ ഭക്ഷ്യവകുപ്പു കൈകാര്യം ചെയ്തിരുന്ന അവസരത്തിൽ, ഇതേ വ്യക്തിക്കും അദ്ദേഹത്തിൻെറ കുടുംബങ്ങൾക്കും പാലക്കാട് ഹോംസെയിൽ ഡിപ്പോ അനുവദിച്ചു. അതെല്ലാം ഇവിടെ നടന്ന സംഭവങ്ങളാണ്. ഇത് ഒരു പുതിയ കാര്യമല്ല.

ശ്രീ. ആർ.എസ്. ഉണ്ണി: സർ, ബഹുമാനപ്പെട്ട മന്ത്രി അന്ന് പ്രതിപക്ഷത്ത് ഉണ്ടായിരുന്നു. ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും ആരോപണം ഉണ്ടായിരുന്നെങ്കിൽ നിങ്ങൾക്ക് ഉന്നയിക്കാമായിരുന്നു.

ശ്രീ. യു.എ.ബീരാൻ: അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്ന സ്വഭാവം ഞങ്ങൾക്ക് ഇല്ല. മലപ്പുറത്തും പെരിന്തൽമണ്ണയിലും ഹോംസെയിൽ ഡിപ്പോകൾ കൊടുക്കുന്നതിനെ സംബന്ധിച്ച് സി.പി.ഐ. ക്കാരും സി.പി.എം. കാരും തമ്മിൽ ലഹളയുണ്ടായിരുന്നു. കോൺഗ്രസ്സുകാർ തമ്മിൽ ലഹളയുണ്ടായിരുന്നു. ഒടുവിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നായനാർ ഇടപെട്ടാണ് കൊടുത്തതെന്നാണ് പറയുന്നത്. എനിക്കറിയുകയില്ല. അദ്ദേഹത്തിൻെറ പേരിൽ ആരോപണം ഉന്നയിക്കാൻ ഞാൻ തയ്യാറല്ല. എൻെറ സ്നേഹിതൻ ശ്രീ. ആർ.എസ്. ഉണ്ണി വിപ്ലവ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവാണ്. ശ്രീ. ആർ.എസ്. ഉണ്ണി ഇവിടെ സംസാരിച്ചപ്പോൾ എൻെറ പാർട്ടിയെ സംബന്ധിച്ച് വിമർശിക്കുകയുണ്ടായി. എൻെറ പാർട്ടിയുടെ നേതാവായിരുന്ന ബഹുമാനപ്പെട്ട ബാഫക്കിതങ്ങളുടെ ആദർശം ഇപ്പോൾ ഞങ്ങളുടെ പാർട്ടി മാറിനിരിക്കുന്നു, പറയുന്നതും ചെയ്യുന്നതും തമ്മിൽ ഭിന്നത വന്നിരിക്കുന്നു എന്നെല്ലാം അദ്ദേഹം ആരോപിച്ചു. ഞങ്ങളോട് വിരോധമുള്ള ചില പത്രങ്ങളും ചില രാഷ്ട്രീയ നേതാക്കൻമാരും ഈ കാര്യങ്ങളെ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന അടിസ്ഥാനരഹിതങ്ങളായിട്ടുള്ള ആരോപണങ്ങൾ അദ്ദേഹം ഈ സഭയിൽ ഉന്നയിക്കുന്നതിനു മുമ്പ്, അദ്ദേഹത്തിൻെറ നേതാവായിട്ടുള്ള ശ്രീ. ബേബിജോണിനോട് ഞങ്ങളുടെ നേതാക്കൻമാരും ഞങ്ങളുമെല്ലാം ഏത് നിലയിലാണ് പ്രവർത്തിച്ചിരുന്നത് എന്ന് അന്വേഷിച്ചിട്ട് വേണമായിരുന്നു. ശ്രീ. ബേബിജോണിന് ഞങ്ങളെ സംബന്ധിച്ച് കൂടുതൽ അറിയാം. ഞങ്ങളുടെ നേതാക്കൻമാരെ സംബന്ധിച്ചും അറിയാം. ബാഫക്കിതങ്ങളുടെ കാലം മുതൽ ശിഹാബ്തങ്ങളുടെ കാലം വരെയുള്ള ഞങ്ങളുടെ നേതാക്കൻമാരെ ശ്രീ. ഉണ്ണിയേക്കാൾ കൂടുതലായി ശ്രീ. ബേബിജോണിന് അറിയാം. അതുകൊണ്ട് അദ്ദേഹത്തിൻെറ നേതാവിനോട് ചോദിച്ചിട്ട് മതിയായിരുന്നു ഇത്തരത്തിലുള്ള ആരോപണങ്ങൾ ഇവിടെ ഉന്നയിക്കാൻ എന്നുമാത്രമേ എനിക്ക് പറയാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എന്താണ് സംഭവിച്ചത്. കേരളത്തിലെ പത്ത് ജില്ലാ ആസ്ഥാനങ്ങളിലെ താലൂക്ക്, ഡിപ്പോകളിലെ ധാന്യങ്ങളുടെ വിതരണത്തിന്റെ ചുമതല 1969-ൽ അന്നത്തെ സംസ്ഥാന ഗവൺമെന്റും, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും തമ്മിലുള്ള മൂന്നു കൊല്ലത്തേക്കുള്ള കരാറിന്റെ അടിസ്ഥാനത്തിൽ, ഒരു പ്രത്യേക സാഹചര്യത്തിൽ എഫ്.സി.ഐ.-യെ ഏൽപ്പിച്ചിരുന്നു.

സർ, എഫ്.സി.ഐ. അന്നുതന്നെ താൽക്കാലികമായിട്ടാണ് അത് ഏറെടുത്തത്. അവർ പറഞ്ഞു അത് അവരുടെ ചുമതലയല്ലെന്ന്. പക്ഷേ ചില പ്രത്യേക സാഹചര്യത്തിൽ കേരളത്തിൽ ഇതുപോലുള്ള ജില്ലാ ആസ്ഥാനങ്ങളിലും, ഡൽഹിയിൽ ചില സ്ഥലങ്ങളിലും, ബംഗാളിൽ ചില സ്ഥലങ്ങളിലും അങ്ങനെ അവർക്ക് ചില സ്ഥലങ്ങളിൽ ഏറെടുക്കേണ്ടിവന്നു. ചില സ്ഥലങ്ങളിൽ നിന്നെല്ലാം അവരെ ഒഴിവാക്കി. ഈ കാലം കഴിഞ്ഞതിനു ശേഷം മുമ്പത്തെ ഗവൺമെന്റ്—ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത്, ശ്രീമാൻ ചന്ദ്രശേഖരൻ നായർ ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന കാലത്ത്—എഫ്. സി. ഐ. പറഞ്ഞു ഞങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കണമെന്ന്. അന്ന് അവർ നഷ്ടത്തിന്റെ കണക്കൊക്കെ പറഞ്ഞു. അത് സംസ്ഥാന ഗവൺമെന്റ് കൊടുക്കണമെന്നാണ് എഫ്.സി.ഐ. പറഞ്ഞത്. 1970–71 മുതൽക്ക് 1976–77 വരെ എൺപത്തിനാല് ലക്ഷം ഉറുപ്പിക എഫ്.സി.ഐ.ക്ക് നഷ്ടം വന്നിരിക്കുന്നു ഈ വിതരണത്തിൽനിന്ന്. പിന്നെ 1981–82, 1982–83, 1983–84-ൽ ശരാശരി 40 ലക്ഷം ഉറുപ്പിക ഒരു കൊല്ലത്തിൽ നഷ്ടമാണെന്ന് അവർ പറയുന്നു. അതുകൊണ്ട് എഫ്.സി.ഐ. പറയുന്നു ഞങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കണം, ഇത് ഞങ്ങളുടെ ചുമതലയല്ല, സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയാണ്, എഫ്.സി.ഐ.-യുടെ ചുമതല കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നതനുസരിച്ച് മിച്ച സംസ്ഥാനങ്ങളിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ പ്രൊക്യൂവർ ചെയ്യുക, അത് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിലേക്ക് വിതരണം ചെയ്യുക എന്നതാണ്. സംസ്ഥാനത്തിനകത്തുള്ള ചുമതല സംസ്ഥാന ഗവൺമെന്റിനാണ്. അതുകൊണ്ട് നിങ്ങൾ ഏറെടുക്കണമെന്ന് പറഞ്ഞു. അങ്ങനെ ഏറെടുക്കണമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ, ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്തെ, ഭക്ഷ്യവകുപ്പു മന്ത്രിയായിരുന്ന ശ്രീമാൻ ചന്ദ്രശേഖരൻ നായർ അതിന് മറ്റ് എന്ത് ഏർപ്പാടുകൾ ചെയ്യണമെന്ന് ആലോചിച്ചു. അന്ന് സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ ആൾക്കാരെ വിളിച്ച് സംസാരിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അധികാരികളോട് ആലോചിച്ചു, അവർക്കൊന്നും ഇത് ഏറെടുക്കാൻ കഴിയുകയില്ലെന്നു പറഞ്ഞിട്ട് അത് എഴുതി വച്ചിട്ടുണ്ട്. അതുകൊണ്ട് അതിന് പകരമായ എന്തെങ്കിലും ഒരു സംവിധാനം ഏറെടുക്കേണ്ടത് ആവശ്യമായി വന്നു. ആ സംവിധാനമെന്ന നിലയ്ക്ക് ആണ് ഈ പത്തു ജില്ലാ ആസ്ഥാനങ്ങളിലുള്ള എഫ്.സി.ഐ. നടത്തിക്കൊണ്ടിരിക്കുന്ന ഡിപ്പോകൾ. ഇങ്ങനെ ഇപ്പോൾ നിലവിലുള്ള സമ്പ്രദായം അനുസരിച്ച് സ്വകാര്യവ്യക്തികൾക്കും, സഹകരണസംഘങ്ങൾക്കും ആർക്കാണോ എലിജിബിലിറ്റി അവർക്ക് അതനുസരിച്ച് കൊടുക്കാനുള്ള തീരുമാനം എടുത്തിട്ടുള്ളത്. ആ നിലയിലുള്ള തീരുമാനം ആണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ യാതൊരു പുതുമയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മന്ത്രിയുടെ വകുപ്പിൽ ഹോംസെയിൽ ഏറെറടുക്കാനും, വിതരണം നടത്തുന്നതിന് ഏജൻസികളെ നിശ്ചയിക്കാനും തീരുമാനിച്ചു. ഇതിൽ എങ്ങനെയാണ് പാലക്കാട് എം.പി. കക്ഷിയായി വരുന്നത് എന്ന് ഒന്ന് പറഞ്ഞാൽ കൊള്ളാം.

ശ്രീ. യു. എ. ബീരാൻ: സർ, പാലക്കാട്ടെ എം.പി. അതിൽ ഒരു കക്ഷിയാകാനുള്ള യാതൊരു സാദ്ധ്യതയുമില്ല. അദ്ദേഹം അതിൽ കക്ഷി അല്ല. കക്ഷിയാണെന്ന് നിങ്ങൾ പറയുന്നത് ശരിയല്ല. പാലക്കാട്ടെ എം.പി.യോ അല്ലെങ്കിൽ ഞങ്ങളുടെ ഏതെങ്കിലും പാർട്ടിയോ അതിൽ കക്ഷിയാകുന്ന പ്രശ്നമില്ല. ഇത് കേരളാ റേഷനിംഗ് ഓർഡർ അനുസരിച്ച് ജില്ലാ കളക്ടറാണ് കൊടുക്കേണ്ടത്. ഇതിൽ ഞങ്ങളാരും ബന്ധപ്പെടുന്നില്ല. ഞാൻ അതിൽ ഒരു അപ്പലേറ്റ് അതോറിറ്റിയാണ്. കളക്ടർ കൊടുത്തതിനുശേഷം അതിൽ കമ്മിഷണർക്ക് അപ്പീലിന് അധികാരമുണ്ട്. അത് കഴിഞ്ഞാൽ എനിക്ക് അപ്പീൽ അധികാരമുണ്ട്. അതിനുമുമ്പായി ഞാൻ ഇടപെടുന്ന പ്രശ്നമില്ല. ഞാൻ നിർദ്ദേശം കൊടുത്തിട്ടില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, 1969-ൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് അയച്ചിരുന്ന കത്തിൽ ഇത് സഹകരണ സ്ഥാപനങ്ങൾക്കുപോലും കൊടുക്കാൻ പാടില്ല, പൊതുസ്ഥാപനങ്ങൾ തന്നെ ഏറെറടുത്ത് നടത്തണം, അതുകൊണ്ട് എഫ്.സി.ഐ. ഇത് ഏറെറടുത്ത് നടത്തണമെന്ന് പറഞ്ഞുകൊണ്ട് പാലക്കാട്ട് 1964 മുതൽ 1969 വരെ സഹകരണസ്ഥാപനങ്ങൾ നടത്തിയത് ആ ആക്ടിന്റെ അടിസ്ഥാനത്തിലല്ലേ എഫ്.സി.ഐ.ക്ക് കൊടുത്തത്.

ശ്രീ. യു.എ. ബീരാൻ: സർ, എഫ്.സി.ഐ.ക്ക് കൊടുത്തതിന്റെ പശ്ചാത്തലം ഞാൻ ഇവിടെ വിശദീകരിച്ചു. ആ താലൂക്ക് ആസ്ഥാനങ്ങളിലെ ഡിപ്പോകൾ എഫ്.സി.ഐ. ഏറെറടുത്ത് പരീക്ഷണമെന്നുള്ള നിലയിൽ നടത്തണമെന്നാണ്. അതിന്റെ എഗ്രിമെന്റ്തന്നെ മൂന്ന് കൊല്ലത്തേയ്ക്കാണ്. മൂന്നു കൊല്ലത്തേയ്ക്ക് താൽക്കാലികമായിട്ടാണ് എഫ്.സി.ഐ. ഏറെറടുത്തത്. മൂന്നു കൊല്ലം കഴിഞ്ഞാൽ 1972-ൽ അവരെ ഒഴിവാക്കി മറെറ് സംവിധാനങ്ങൾ സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തണമെന്നായിരുന്നു അവരുടെ കരാർ. പക്ഷേ 1972-ൽ അന്നത്തെ ഗവൺമെന്റിന് ഒരു മാറെറം വരുത്താൻ കഴിഞ്ഞിട്ടില്ല. പിന്നീട് ആണ് 1980-ൽ എഫ്.സി.ഐ. യുടെ ഡയറക്ടർ ബോർഡ് ഡൽഹിയിൽവെച്ച് ഇതിൽനിന്ന് ഞങ്ങളെ ഒഴിവാക്കണമെന്ന് തീരുമാനമെടുത്തത് അന്നത്തെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇപ്പോൾ 1969-ൽ നിന്ന് 1974-ലെ ചരിത്രമാണ് പറയുന്നത്. ഇപ്പോൾ ഇത് കൈമാറാൻ പോകുന്ന സന്ദർഭത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇത് ഏറെറടുത്ത് നടത്താമെന്ന് ഗവൺമെന്റിന് എഴുതിതന്നിട്ടില്ലേ? അതുപോലെ ഉത്തരവാദപ്പെട്ട സഹകരണസ്ഥാപനങ്ങൾ, ഇതിന് കഴിവുള്ള സഹകരണസ്ഥാപനങ്ങൾ, ഇതിനുമുമ്പ് നടത്തി പരിചയമുള്ള സഹകരണസ്ഥാപനങ്ങൾക്കു കൊടുക്കാതെ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്നതിൽ എന്തുന്യായമാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എ. ബീരാൻ: സർ, അടുത്തകാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു നിർദ്ദേശം ഉന്നയിച്ചു. ഹോംസെയിൽ ഡിപ്പോ ഇല്ലാതെതന്നെ ഡയറക്ട് ഡെലിവറി സിസ്റ്റത്തിൽ അവർ നടത്താമെന്ന്. അതിന് അവരോട് സാദ്ധ്യമാണോയെന്ന് പരിശോധിക്കാൻ പറഞ്ഞു. അത് പരിശോധിച്ചുകഴിഞ്ഞ് സാദ്ധ്യമല്ലെന്ന് ഡയറക്ടർ ബോർഡ് അറിയിച്ചു. പിന്നെ ഇവിടെ വേറെ ആരും അതുപോലെ ഞങ്ങളെ സമീപിച്ച് നടത്തിക്കൊള്ളാമെന്ന് പറഞ്ഞിട്ടില്ല. അപേക്ഷകരുടെ കൂട്ടത്തിൽ അതിന് അർഹരായിട്ടുള്ള സഹകരണസംഘങ്ങളുണ്ടെങ്കിൽ അത് പരിഗണിക്കേണ്ടതും കൺസിഡർ ചെയ്യേണ്ടതും ജില്ലാ അധികൃതരാണ്. കേരളാ റേഷനിംഗ് ഓർഡറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് ഹർജിക്കാരുടെ എല്ലാ വിധത്തിലുള്ള സംഗതികളെ സംബന്ധിച്ചും പരിശോധന നടത്തി തീരുമാനം എടുത്ത് ഏറ്റവും നല്ല കാൻഡിഡേറ്റ് ആരാണോ അവർക്ക് കൊടുക്കുന്നു. അതാണ് സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളവും, റേഷൻ ഷോപ്പുകളുടെ കാര്യത്തിലും കേരളാ റേഷനിംഗ് ഓർഡറിലുള്ള വ്യവസ്ഥ. രണ്ട് അപേക്ഷകർ ഉണ്ടെങ്കിൽ ഒന്ന് പ്രൈവറ്റിനും ഒന്ന് കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷനും ആണെങ്കിൽ രണ്ടും തുല്യനിലയിലാണെങ്കിൽ, എല്ലാ സംഗതികളിലും അവർ ഈക്വലാണെങ്കിൽ, ആ നിലയിൽ സഹകരണസംഘങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ് എന്ന വ്യവസ്ഥയാണ് കേരളാ റേഷനിംഗ് ഓർഡറിലുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ പാലക്കാട് മാർക്കറ്റിംഗ് സൊസൈറ്റിക്ക് ഇത് നിഷേധിക്കാൻ ഉണ്ടായ കാരണമെന്താണ്? അങ്ങനെ കളക്ടറാണ് ഉത്തരവാദിയെങ്കിൽ (കളക്ടറാണെന്നല്ലേ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്) ആദ്യം കളക്ടറെ സസ്പെൻഡ് ചെയ്തിട്ട് അസംബ്ലിയിലെ കമ്മറ്റിയെകൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറുണ്ടോ?

ശ്രീ. യു. എ. ബീരാൻ: സർ, അതാണ് പറഞ്ഞത് പാലക്കാട് സൊസൈറ്റിക്ക് കമ്മീഷണർക്ക് അപ്പീൽ കൊടുക്കാവുന്നതാണ്, കളക്ടറുടെ തീരുമാനത്തിന് എതിരായി. എന്നിട്ട് അവർക്ക് അനുകൂലമായ തീരുമാനമുണ്ടാകുന്നില്ലെങ്കിൽ എനിക്ക് അപ്പീൽ തരാവുന്നതാണ്, പിന്നെ കോടതിയിൽ പോകാവുന്നതാണ്. ഇപ്പോൾ ഏതായാലും ഈ സൊസൈറ്റി നേരിട്ട്. ഹൈക്കോടതിയിൽ പോയിട്ടുള്ളതുകൊണ്ട് അത് ഇപ്പോൾ ഹൈക്കോടതിയുടെ മുന്നിൽ ഉള്ളതുകൊണ്ട്, ശ്രീ. കെ. കൃഷ്ണൻകുട്ടി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ 1981-ൽ കേന്ദ്രത്തിലെ ഫുഡ് കോർപ്പറേഷനിലേക്ക് ഏറ്റെടുത്ത് നടത്താൻ സാധിക്കുകയില്ലെന്ന്. ഞങ്ങൾ അത് നിഷേധിച്ചു. നിങ്ങൾ തന്നെ നടത്തണമെന്ന് പറഞ്ഞു. അപ്പോൾ അതിലുള്ള പ്രശ്നം നയപരമായ പ്രശ്നമാണ്. വ്യക്തികളായാലും സ്വകാര്യവ്യക്തികൾക്ക് കൊടുക്കുമോ അതല്ല സഹകരണസ്ഥാപനത്തിന് കൊടുക്കുമോയെന്നാണ്. ഇവിടെ നിങ്ങൾ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാമെന്നുള്ള തീരുമാനമെടുത്തത് സഹകരണസ്ഥാപനത്തെ ഉപേക്ഷിക്കുകയാണ് ചെയ്തത്. നിങ്ങൾ സ്വകാര്യവ്യക്തികൾക്ക് വിൽക്കാനാണ് പ്ലാൻ ഇട്ടത്. അല്ലെങ്കിൽ ഈ നയംമാറ്റത്തിന്റെ ആവശ്യമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: സർ, ഞങ്ങൾ തീരുമാനിച്ചത് ഇപ്പോൾ നിലവിലുള്ള മാതിരി ഈ സഹകരണസംഘങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും ആർക്കാണോ കൂടുതൽ എലിജിബിലിറ്റി അതു നോക്കി ഹർജിക്കാർക്ക് കൊടുത്ത് ബദൽ സംവിധാനം ഏർപ്പെടുത്തുക എന്നുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇപ്പോൾ ഈ ഡിപ്പോ നടത്താൻ റൂം ഇല്ല. ഹോൾസെയിൽ കട റീട്ടെയിൽ കട ഇവയ്ക്കേ റൂം ഉള്ളൂ. നിങ്ങൾ റൂം ഉണ്ടാക്കിയാൽ മതി. കാര്യം തീർന്നു. ഇന്ന് എഫ്.സി.ഐ. നടത്തുന്നത് ഡിപ്പോ ആണോ? അത് ഹോൾസെയിൽ കടയല്ല. നിങ്ങൾ ഈ പറയുന്നതെല്ലാം ഹോൾസെയിൽ കടയുടേതാണ്. നിങ്ങൾ റൂളുണ്ടാക്കി എല്ലാം പൊതുസ്ഥാപനത്തിനു കൊടുത്താൽമതിയെന്ന് തീരുമാനിച്ചാൽ മതി. എഫ്.സി.ഐ. ആണല്ലോ മുമ്പ് നടത്തിയത്; അത് ഗവൺമെൻറ് സ്ഥാപനമാണ്. ഇത് പൊതുസ്ഥാപനത്തിനേ കൊടുക്കൂ എന്ന് നിങ്ങൾ റൂൾ ഉണ്ടാക്കിയാൽ ഒരു തകരാറും ഇല്ല. ഇത് പോളിസി കൺവെൻഷനാണ്. ഗവൺമെൻറിൻറെ പോളിസിയാണിത്.

ശ്രീ. യു. എ. ബീരാൻ: സർ, ഞങ്ങൾ ബദൽ സംവിധാനം ഏർപ്പെടുത്തുമ്പോൾ തീരുമാനിച്ചത് ഈ പത്ത് ജില്ലാ ആസ്ഥാനങ്ങളിൽ ഉള്ള 22 ഡിപ്പോകൾ വിജിച്ച് 94 എ.ഡബ്ലിയു.ഡി. കൾ ആക്കി മാറ്റി അതിന് അപേക്ഷ ക്ഷണിച്ച് ആ അപേക്ഷകളിൽ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളുണ്ടെങ്കിൽ അവർക്ക് മുൻഗണന കൊടുത്ത് സ്വീകരിക്കണമെന്നാണ്. ഇതാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, സൊസൈറ്റിക്കാണ് കൊടുക്കേണ്ടതെന്ന്, റൂൾ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ തുല്യമായിട്ടുള്ള എലിജിബിലിറ്റി ഉള്ള സൊസൈറ്റികൾ എലിജിബിൾ അല്ലെന്നു പറഞ്ഞുകൊണ്ട് നിങ്ങളുടെ ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് കൊടുത്തതിൻറെ ഫലമായിട്ട് ഗവൺമെൻറിൻറെ പോളിസി സ്വകാര്യ വ്യക്തിക്ക് കൊടുക്കാനാണോ? അതിൻറെ അടിസ്ഥാനത്തിൽ ഈ ഉദ്യോഗസ്ഥൻമാർ ഈ സൊസൈറ്റികൾക്ക് എലിജിബിലിറ്റി ഇല്ലെന്ന് പറഞ്ഞുകൊണ്ട് റിപ്പോർട്ട് കൊടുത്തതിൻറെ ഫലമായിട്ടാണ് പാലക്കാട് ഇത് സംഭവിച്ചത്.

ശ്രീ. യു. എ. ബീരാൻ: സർ, അതാണ് ഞാൻ പറയുന്നത് ഏതെങ്കിലും സഹകരണസ്ഥാപനങ്ങൾ അപേക്ഷിച്ചാൽ അവർക്ക് അത് നിഷേധിക്കുകയാണെങ്കിൽ അവർക്ക് അപ്പീൽ കൊടുക്കാവുന്നതാണ്. അതിനുള്ള വ്യവസ്ഥകളുണ്ട്, ഇതിനെപ്പറ്റി തീരുമാനമെടുക്കാം.

ശ്രീ. പി. വി. മുഹമ്മദ്: സർ, 1969-ൽ ശ്രീ. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ, ഭക്ഷ്യമന്ത്രിയായിരുന്ന ശ്രീ. ഇമ്പിച്ചിബാവ ഇതുപോലെ ഡിപ്പോകൾക്കു
2 P.M.] വേണ്ടി അപേക്ഷ ക്ഷണിക്കുകയും അന്നത്തെ അപേക്ഷ പരിഗണിച്ചുകൊണ്ട് എല്ലാ ജില്ലകളിലും സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുകയും സഹകരണസംഘങ്ങൾ ആവശ്യപ്പെട്ടിട്ടുപോലും അവരെ മാറ്റിനിർത്തുകയും ചെയ്തതായ യാഥാർത്ഥ്യം അങ്ങേയ്ക്ക് അറിയാമോ? അതുമാത്രമല്ല അന്നത്തെ റേഷനിംഗ് ഓഫീസർമാർക്ക് മാത്രമായിരുന്നു അധികാരമെങ്കിലും ആ റൂൾ അമൻഡ് ചെയ്ത മന്ത്രിക്കുപോലും അധികാരമുണ്ടാക്കിയ കാര്യം അങ്ങയ്ക്ക് അറിയാമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എ. ബീരാൻ: അതു ഞാൻ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ഇ.ചിച്ചിബാവ ക്ഷേമമന്ത്രിയായിരുന്ന കാലത്തും ശ്രീ. ചന്ദ്രശേഖരൻനായർ ക്ഷേമമന്ത്രിയായിരുന്ന കാലത്തുമൊക്കെ ഹോംസെയിൽ ഡിപ്പോകൾ ഇതുമാതിരി സഹകാര്യവ്യക്തികൾക്ക് കൊടുത്തിട്ടുണ്ട്. ഇതൊരു പുതിയ ഏർപ്പാടൊന്നുമല്ല. (ബഹളം) ഒരു പ്രധാനപ്പെട്ട കാര്യം ശ്രീ. ചന്ദ്രശേഖരൻപിള്ള ഇവിടെ പറഞ്ഞു; ഈ ഡിപ്പോകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച്. ആയിരക്കണക്കിന് തൊഴിലാളികൾ അവിടെയുണ്ട്. അവർക്ക് ഇതു കൊണ്ട് വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നാണ് . ചില തൊഴിലാളി നേതാക്കൻമാരും രാഷ്ട്രീയനേതാക്കൻമാരും തെറ്റിദ്ധരിച്ചിരിക്കുന്നത്. ഇതൊന്നും ശരിയല്ല. ആകെ 470 തൊഴിലാളികളാണുള്ളത്. ഈ 470 തൊഴിലാളികളെ വരാൻ പോകുന്ന മൊത്തവ്യാപാര ഡിപ്പോകളിൽ മൂന്നും നാലുമായി ഏറെടുത്തുകൊള്ളണമെന്നു ജില്ലാകളക്ടർ നിബന്ധന പുറപ്പെടുവിച്ചിട്ടുണ്ട്. ഈ തൊഴിലാളികൾക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല. എഫ്. സി. ഐ. യുടെ കീഴിലായിരുന്ന സമയത്ത് അവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങളും നിഷേധിക്കരുതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവരുടെ പ്രോവിഡൻറ് ഫണ്ട്, ഗ്രാറ്റുവിറ്റി, വെൽഫെയർ ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങളെ സംബന്ധിച്ചു പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അവർക്കുവേണ്ടി പ്രത്യേകമായിട്ട് ഫണ്ട് രൂപീകരിക്കാനുള്ള വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ട്. ഈ മാറ്റംകൊണ്ട് അതിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഇതുസംബന്ധിച്ചു ബഹുമാനപ്പെട്ട ചില മെമ്പർമാർ ഇവിടെ ഉന്നയിച്ച ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട ക്ഷേമമന്ത്രി അദ്ദേഹത്തിന്റെ വകുപ്പിൽ യാതൊരു പരാതിയുമില്ലെന്നാണ് സൂചിപ്പിച്ചത്. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ 36 മുതൽ 40 വരെയുള്ള പേജുകളിൽ അങ്ങയുടെ വകുപ്പിൽ നിന്നു കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പഞ്ചാബിൽ നിന്നും അരി വാങ്ങിച്ചതിൽ നടത്തിയ ക്രമക്കേടുകളെ സംബന്ധിച്ചും അനുമൂല സ്ഥാനത്തുണ്ടായ കോടിക്കണക്കിന് രൂപയുടെ കൊള്ളയെ സംബന്ധിച്ചും വളരെ ദീർഘമായി പറഞ്ഞിട്ടുണ്ട്. അങ്ങയ്ക്ക് എന്താണ് ഇതിനെപ്പറ്റി പറയാനുള്ളത്?

ശ്രീ. യു. എ. ബീരാൻ: മി. താമരാക്ഷൻ പറഞ്ഞ ആഡിറ്റ് റിപ്പോർട്ട് ഞാനും പ്രായിച്ചു. കഴിഞ്ഞയാഴ്ച എല്ലാ മെമ്പർമാർക്കും അതു വിതരണം ചെയ്തിട്ടുണ്ട്. 1983-ൽ 15,000 ടൺ അരി വാങ്ങുന്നതിനുവേണ്ടി ഇൻഡ്യാഗവൺമെന്റ് കേരളാഗവൺമെന്റിനു അനുവാദം നൽകി. അതു വരുംച്ചയുടെ കാലഘട്ടമായിരുന്നു. വളരെ വിഷമം പിടിച്ച ഒരു സാഹചര്യമായിരുന്നതിനാൽ കേന്ദ്രഗവൺമെന്റിന്റെ അനുവാദത്തോടുകൂടിമാത്രമേ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങിക്കൊണ്ടുവരാൻ പാടുണ്ടായിരുന്നുള്ളു. ആ നിലയിലാണ് 1983 മാർച്ചിൽ കേന്ദ്രഗവൺമെന്റ് 15,000 ടൺ അരി വാങ്ങുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനു അനുവാദം നൽകിയത്. ആ അനുവാദത്തിന്റെ കാലാവധി 83 സെപ്റ്റംബറോടുകൂടി തീരുമായിരുന്നു. ആ കാലാവധി തീരുന്നതിനുമുമ്പ് അരി വാങ്ങിയില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ഓഫ് ഇൻഡ്യ നൽകിയിട്ടുള്ള ആ കൽപ്പനയുടെ വില ഇല്ലാതാകും. പിന്നീട് അരി വാങ്ങാൻ കഴിയുകയില്ല. അതുകൊണ്ട് ഇങ്ങനെയെങ്കിലും അരി വാങ്ങണമെന്നു കരുതി സിവിൽസപ്ലൈസ് കോർപ്പറേഷൻ ടെൻഡർ ക്ഷണിച്ചു.

ശ്രീ. ബേബിജോൺ: അതിന്റെ തീയതിയെന്നാണ്? സെപ്റ്റംബർ മാസത്തിലാണ് ടെൻഡർ ക്ഷണിച്ചതെന്നു പറഞ്ഞതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. യു. എ. ബീരാൻ: അതെ, സെപ്റ്റംബർ മാസത്തിൽ കാലാവധി കഴിയുമെന്നും, അതിനുമുമ്പ്, ആരുടെയുത്തുനിന്നും കിട്ടാനുണ്ടായിരുന്നില്ല. അതുമാത്രമല്ല ഹരിയാനയിലും പഞ്ചാബിലും ആ കാലഘട്ടത്തിൽ അരിയുടെ വില കുതിച്ചുകയറിക്കൊണ്ടിരിക്കുകയായിരുന്നു. ഇതായിരുന്നു സ്ഥിതി. അവസാനം ഒരു ടെൻഡറുകാരൻ വന്നു. അതു സ്വീകരിച്ചു. അതിനുശേഷം വന്ന ടെലിഗ്രാഫിക് ടെൻഡറുകളിലെല്ലാം പറഞ്ഞിരുന്ന സംഖ്യ ആദ്യത്തേതിനേക്കാൾ കുറവായിരുന്നു. അപ്പോഴേക്കും മാർക്കറ്റ് ഡൗണായി. പഞ്ചാബിലും ഹരിയാനയിലും എന്നു മാത്രമല്ല ഇൻഡ്യയിൽ മുഴുവൻതന്നെ അരിയുടെ മാർക്കറ്റ് ഡൗണായി. ആ പാർട്ടിക്കാണെങ്കിൽ ആ സമയത്ത് അവർ 4,000 ടൺ തരാമെന്നും പിന്നെ 6,000 തരാമെന്നുമൊക്കെ പറഞ്ഞതായിരുന്നു. ആ സമയത്ത് പഞ്ചാബിലെ ലഹള കാരണം ശരിയായ രീതിയിൽ കോർപ്പറേഷന് അരി കൊടുക്കാൻ കഴിഞ്ഞില്ല. അങ്ങനെ വന്നപ്പോൾ അവരുമായി ചർച്ച നടത്തി കോർപ്പറേഷൻ അധികൃതർ വില കുറച്ചതിനുശേഷമാണ് വാങ്ങിയത്. അതിലു, നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നത്. അങ്ങനെയാണെങ്കിൽത്തന്നെ ഈ റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുമ്പിൽ പോകും. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർമാർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വരുത്തി ചോദ്യം ചെയ്യാവുന്നതാണ്. അതിനുശേഷം എന്തുവേണമെങ്കിലും ചെയ്യാവുന്നതാണ്. അതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ശശീന്ദ്രൻ സൂചിപ്പിച്ചപ്പോൾ വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞു. വിലക്കയറ്റം ഉണ്ടായിട്ടുണ്ടെന്നു ഞാനും സമ്മതിക്കുന്നു. പക്ഷേ അദ്ദേഹം പറഞ്ഞതുപോലെ വിലക്കയറ്റം ഉണ്ടായിട്ടില്ല. 1932 മേയ് മാസത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ജീവിതനിലവാര സൂചിക 462 ആയിരുന്നു. 1986 ഏപ്രിൽ മാസത്തിൽ 643 ആയി ഉയർന്നു. അതായത് 39 ശതമാനം വർദ്ധനവുണ്ടായി. പക്ഷേ ഈ കാലഘട്ടത്തിൽ കേരളത്തിലെ വിലവർദ്ധനവ് 1982-ൽ 242 ആയിരുന്നത് 1986-ൽ 332ആയിമാത്രമേ വർദ്ധിച്ചിട്ടുള്ളു. 38 ശതമാനം. അതിൽത്തന്നെയുള്ള മറ്റൊരു വസ്തുത കേരളത്തിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേണമാണ് അരി. അരിയെ സംബന്ധിച്ചിടത്തോളം കേരളം ഒരു കമ്മിസ്ഥാനമാണ്. കേരളത്തിൽ 60 ശതമാനം കമ്മിയുണ്ട്. എന്നാൽ അരിയുടെ കാര്യത്തിൽ കേരളത്തിൽ വിലനിലവാരത്തിലുള്ള വർദ്ധന 1932-ൽ 3 ഉറുപ്പികയായിരുന്നത് 1936-ൽ 3.3 ആയി വർദ്ധിച്ചു. 27 ശതമാനമാണ് വർദ്ധനവ്. വളരെയധികം വർദ്ധനവുണ്ടായിട്ടില്ലെന്നർത്ഥം. അരിയുടെ കാര്യത്തിൽ വളരെയധികം വില വർദ്ധനയുണ്ടാകാതിരിക്കാനുള്ള കാരണം ഈ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ 4 കൊല്ലമായി ക്രമപ്രവൃദ്ധമായി കേന്ദ്രത്തിൽനിന്ന് കൂടുതൽ അരി വരുത്തി ഇവിടത്തെ ജനങ്ങൾക്ക് റേഷൻഷോപ്പുകളും മുഖാന്തിരവും അതുപോലെതന്നെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അരി കൊണ്ടുവന്നു കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളും മുഖാന്തിരവും വിതരണം ചെയ്തതുകൊണ്ടാണ്. അതിന്റെ ഫലമായി ഇവിടെ അരിക്ക് വലിയ ബുദ്ധിമുട്ടില്ല. ഈ കൊല്ലത്തിൽത്തന്നെ കഴിഞ്ഞ 2 മാസമായി 45,000 ടൺ അരി കേന്ദ്രം കൂടുതലായി തന്നിട്ടുണ്ട്. അതായത് അമ്പതിനായിരത്തോളം ടൺ. അതിന്റെയർത്ഥം സബ്സിഡി എലമെന്റിൽത്തന്നെ കേരളത്തിലെ ജനങ്ങൾക്ക് ഏഴര കോടി ഉറുപ്പിക ഒരു മാസംകൊണ്ട് തരുന്നുവെന്നാണ്. റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യാൻ തരുന്ന അരിയുടെ സബ്സിഡി എലമെന്റ് കൊല്ലത്തിൽ 225 കോടി ഉറുപ്പികയാണ്. ഇപ്പോൾ കൂടുതലായി അരി കൊണ്ടുവന്നു വിതരണം ചെയ്തതുകൊണ്ട്.....

ശ്രീ. ബേബിജോൺ: സർ, കേന്ദ്രഗവൺമെന്റ് സഹായിച്ചു എന്നു പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗുള്ള ഒരു സ്ഥാനത്തിന് ഇതു തരാനുള്ള ബാദ്ധ്യത കേന്ദ്രഗവൺമെന്റിനില്ലേ? അരിയുടെ ടോട്ടൽ റിക്വയർമെന്റ് കേരളത്തിൽ എത്രയാണ്? അതിൽ എത്ര കേന്ദ്രത്തിൽനിന്നു തരുന്നുണ്ട്?

ശ്രീ. യു. എ. ബീരാൻ: ടോട്ടൽ റിക്വയർമെന്റ് രണ്ടുലക്ഷത്തി പതിനായിരം ടണ്ണാണ്. അത് ഒരാളിന് 320 ഗ്രാം വീതം എന്ന കണക്കനുസരിച്ചാണ്. 320 ഗ്രാം എന്നുള്ളത് ശാസ്ത്രജ്ഞൻമാരുടെ കണക്കിലും കടലാസിലും മാത്രമാണ്. അത്രയും ഒരാൾക്ക് ആവശ്യമില്ല. ഇപ്പോൾ ഈ മാസത്തിൽ കിട്ടിയിട്ടുള്ളത് ഒരുലക്ഷത്തി അമ്പതിനായിരം ടണ്ണാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരേയും ഇത്രയധികം കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് 1,35,000 ടൺ മാത്രമാണ് കോട്ട കിട്ടിയിരുന്നത്. അതിൽ എടുത്തിരുന്നത് അറുപതും എഴുപതും ആയിരം ടൺ മാത്രം ആയിരുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ? അതായത് ഈ മാസം ഒരു ലക്ഷത്തി അമ്പതിനായിരം കിട്ടി. കഴിഞ്ഞ മാസവും അതിന്റെ മുമ്പിലത്തെ മാസവുമോ? അങ്ങനെ വരുമ്പോൾ നിങ്ങളുടെ കണക്കുപ്രകാരം ശരാശരി ഒരു ലക്ഷത്തി മുപ്പത്തയ്യായിരമേ ഇക്കൊല്ലം കിട്ടിയിട്ടുള്ളൂ. ഈ മാസം കിട്ടിയത് കഴിഞ്ഞ മാസം കുറച്ചു. കഴിഞ്ഞമാസം കിട്ടിയത് അതിനുമുമ്പിലത്തെ മാസം കുറച്ചു. അങ്ങനെ ശരാശരി ഒരു ലക്ഷത്തി മുപ്പത്തയ്യായിരം കിട്ടിയാൽ പോരാ. കാരണം ഞങ്ങളുടെ കാലത്തേക്കാൾ 2 ലക്ഷത്തിൽപ്പരം റേഷൻ കാർഡുകൾ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ ഒരു ലക്ഷത്തി നാൽപ്പത്തയ്യായിരം കിട്ടണം. എന്നിട്ടാണ് പറയുന്നത് അമ്പതിനായിരം കിട്ടിയാൽ മതിയെന്ന്. അയ്മൂന്നു പതിമൂന്നെന്നാണോ കച്ചവടം?

ശ്രീ. യു. എ. ബീരാൻ: അല്ല. അയ്മൂന്നു പതിമൂന്നല്ല. ഈ മാസം ഒരു ലക്ഷത്തി അമ്പതിനായിരം കിട്ടി. കഴിഞ്ഞമാസം ഒരു ലക്ഷത്തി നാൽപ്പത്തയ്യായിരം കിട്ടി. അതിനു മുമ്പിലത്തെ മാസം ഒരു ലക്ഷത്തി ഇരുപത്തയ്യായിരം കിട്ടി. അതാണ് ഞാൻ പറഞ്ഞത്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ: കണക്ക് എന്റെ കയ്യിലുണ്ട്. നിങ്ങളുടെ കണക്ക് ഇങ്ങു താ. അയ്മൂന്നു പതിമൂന്നെന്നു പറഞ്ഞുകൂടാ.

ശ്രീ. യു.എ. ബീരാൻ: ഒരു ലക്ഷത്തി അമ്പതിനായിരം കേന്ദ്രത്തിൽ നിന്ന് കേരളത്തിന് ആദ്യമായിട്ടാണ് ഒരു മാസം കിട്ടുന്നത്. അത് ഇതിനുമുമ്പ് ഒരിക്കലും കിട്ടിയിട്ടില്ല. അതുകൊണ്ടുതന്നെ ഒരു ലക്ഷത്തിഅമ്പതിനായിരം കിട്ടുമ്പോൾ, നമ്മൾ സാധാരണ കൊടുക്കുന്ന റേഷന് പുറമേ ഓരോ കാർഡുടമയ്ക്കും ഒരു ആഴ്ചയിൽ ഒരു കിലോ അരി വീതം അധികം കൊടുക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. അത് എട്ടൊമ്പത് ആഴ്ച കൊടുക്കാൻ സാധിക്കും.

കഴിഞ്ഞ നാലു കൊല്ലമായി ഈ ഗവൺമെന്റ് വന്നതിനുശേഷം ഇവിടത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻവേണ്ടി അങ്ങേയറ്റം ശ്രമിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, നമ്മുടെ പ്രധാനമന്ത്രിയുടെ ഇരുപതിന പരിപാടിയിലെ ഒരു പ്രധാന ഇനമാണ് പൊതുവിതരണ ശൃംഖല. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ആ കാര്യത്തിൽ വളരെ സൃഷ്ടിപരവും മാതൃകാപരവുമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒന്നാമതായി റേഷൻഷോപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ഇരുപതിനപരിപാടിയിൽ കേന്ദ്രം നിർദ്ദേശിച്ചത് രണ്ടായിരം ആളുകൾക്ക് ഒരു റേഷൻ ഷോപ്പെങ്കിലും നൽകണമെന്നാണ്. 1972-ൽ 11,716 റേഷൻ ഷോപ്പുകളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 1986-ൽ 12,660 ആയി ഉയർന്നു. അതായത് 944 റേഷൻഷോപ്പുകൾ വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി കേരളത്തിൽ ശരാശരി 1750 ആളുകൾക്ക് ഒരു റേഷൻഷോപ്പുണ്ട്. അധികം ബുദ്ധിമുട്ടു കൂടാതെ റേഷൻ സാധനങ്ങൾ വാങ്ങാൻ ആളുകൾക്ക് സാധിക്കുന്നു. സഹകരണസംഘങ്ങളെക്കുറിച്ച് ഇവിടെ മെമ്പർമാർ പറഞ്ഞു. സഹകരണസംഘങ്ങൾ റേഷൻഷോപ്പുകളും നടത്തുന്നുണ്ട്. ഈ 12,660 റേഷൻഷോപ്പുകളിൽ 1441 റേഷൻഷോപ്പുകൾ മാത്രമാണ് ഈ സ്റ്റേറ്റിലൊട്ടാകെ സഹകരണസംഘങ്ങൾ നടത്തുന്നത്. ബാക്കി മുഴുവനും സ്വകാര്യ വ്യക്തികളാണ് നടത്തുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതിനു സമാന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 1974-ലാണ് അത് സ്ഥാപിച്ചത്. 1974-75-ൽ അതിന്റെ വിറ്റുവരവ് അഞ്ചേമുക്കാൽ കോടിരൂപ മാത്രമായിരുന്ന സ്ഥാനത്ത് 1985-86 ആയപ്പോഴേയ്ക്കും അതിന്റെ വിറ്റുവരവ് 160 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സർ, വെളിച്ചെണ്ണ, നാളികേര കോമ്പ്ലക്സിൽനിന്ന് 3000 ടൺ വാങ്ങിച്ചിട്ടുണ്ട്. ഒരാഴ്ചക്കാലം ഓരോ റേഷൻകാർഡിനും അരക്കിലോ വച്ച് കൊടുത്തിട്ടുണ്ട്. ,ബാക്കി മുഴുവനും കൂട്ടു വിൽക്കുകയാണ്. ആരാണെന്നറിഞ്ഞുകൂടാ?

ശ്രീ. യു. എ. ബീരാൻ: സർ, അതെനിയ്ക്കറിഞ്ഞുകൂടാ. പക്ഷേ സിവിൽ സപ്ലൈസ് കോർപ്പറേഷന് എണ്ണായിരത്തിലധികം ടൺ വെളിച്ചെണ്ണ കഴിഞ്ഞ ജനുവരിക്കുശേഷം കിട്ടിയിട്ടുണ്ട്. ജനുവരി മുതൽക്കാണ് ഞങ്ങൾ വെളിച്ചെണ്ണ വിതരണം ചെയ്യാൻ തുടങ്ങിയത്. അങ്ങനെ വെളിച്ചെണ്ണ വിലകുറച്ചു വിൽക്കുന്നതുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് 97 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സർ, അത് ആർക്കാകൊടുത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എ.ബീരാൻ: ഗൗരിയമ്മയെപ്പോലുള്ള ആളുകൾക്ക്.

ശ്രീമതി കെ.ആർ.ഗൗരി: സർ, എനിക്ക് തന്നിട്ടില്ല. എനിക്ക് വെളിച്ചെണ്ണ കച്ചവടവും അരിക്കച്ചവടവുമില്ല.

ശ്രീ. യു.എ. ബീരാൻ: അതായത് കേരളത്തിലെ ജനങ്ങൾക്ക്. കേരളത്തിലെ 47 ലക്ഷം കാർഡുടമകൾക്ക്. സർ, കഴിഞ്ഞ പത്തുകൊല്ലക്കാലത്തിനിടയ്ക്കാദ്യമായി കഴിഞ്ഞ കൊല്ലമവസാനം ഉദ്യോഗസ്ഥൻമാർ വീടുവീടാന്തരം കയറിയിറങ്ങി റേഷൻ കാർഡുകളുടെ പരിശോധന നടത്തി, കാർഡില്ലാത്തവർക്ക് പുതിയവ ഇഷ്യൂചെയ്തു. കാർഡില്ലാത്ത ആളുകളാരും ഉണ്ടാകരുതെന്ന് ഗവൺമെൻറ് അവർക്ക് നിർദ്ദേശവും നൽകി. അതിൻെറ അടിസ്ഥാനത്തിൽ 43 ലക്ഷത്തിലധികം കാർഡുണ്ടായിരുന്നത് 47 ലക്ഷത്തിലധികമായി ഉയർന്നിരിക്കുകയാണ്. അങ്ങനെ എല്ലാ രംഗങ്ങളിലും ഈ പ്രവർത്തനം നടത്തി പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

പിന്നെ പ്രധാനമായി എഫ്. സി.ഐ.യുടെ ഗോഡൗണുകളെ സംബന്ധിച്ച് ഇവിടെ മി.ലൂക്കോസ് പറഞ്ഞു. സർ, എഫ് സി. ഐ.യുടെ ഗോഡൗൺ കപ്പാസിറ്റി 1982-ൽ കേരളത്തിലുണ്ടായിരുന്നത് 4 ലക്ഷത്തി ഇരുപതിനായിരം ടണ്ണായിരുന്നു. അത് വർദ്ധിപ്പിച്ച് അഞ്ചു ലക്ഷത്തി പതിനായിരം ടണ്ണാക്കിയിട്ടുണ്ട്. പക്ഷേ അതു പോരാ. കേരളത്തിൽ ക്ഷേയ്ധാന്യങ്ങൾ സ്റ്റോക്ക് ചെയ്യാനുള്ള ഗോഡൗൺ കപ്പാസിറ്റി അതായത് സംഭരണശേഷി ഇതുപോരായെന്നു എഫ്.സി. ഐയ്ക്ക് തോന്നുകയും അത് ഒരു പത്തുപന്ത്രണ്ടുലക്ഷം ടണ്ണെങ്കിലുമാക്കണമെന്ന് അവർ ഉദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് ലോകബാങ്കിൻെറ സഹായത്തോടുകൂടി കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ എഫ്.സി.ഐ. ഗോഡൗണുകൾ ഉണ്ടാക്കാൻ കഴിഞ്ഞവർഷം ആരംഭിച്ചു. ഇപ്പോൾ അത് അവർ നിർത്തിവച്ചിരിക്കുകയാണ്. ഞങ്ങൾ പറഞ്ഞു അത് നിർത്താൻ പാടില്ല, തുടർന്നു നടത്തി കേരളത്തിന് കൂടുതൽ സംഭരണശേഷി ഉണ്ടാക്കണമെന്ന്. പക്ഷേ അതിനിപ്പോൾ കേന്ദ്രഗവൺമെൻറ് ഇവിടെ അറിയിച്ചിട്ടുള്ളത് കേരളത്തിൽ ഉള്ള സംഭരണശേഷി മുഴുവനായും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലായെന്നാണ്. ഇവിടത്തെ തൊഴിലാളികളുടെ പ്രശ്നങ്ങളും മറ്റുമായി ഈ സംഗതികൾ പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് പുതിയ ഗോഡൗൺ നിർമ്മാണം നിർത്തിവച്ചിരിക്കയാണ് എന്നാണ്. അതുകൊണ്ട് തൊഴിലാളികളും തൊഴിലാളി നേതാക്കൻമാരുമൊക്കെ ഇക്കാര്യത്തിൽ കുറേക്കൂടി സഹകരിക്കുകയാണെങ്കിൽ കേന്ദ്ര ഗവൺമെൻറിൽ ഈ പുതിയ പരിപാടികൾ നടത്താൻവേണ്ടി നമുക്ക് സമ്മർദ്ദം ചെലുത്താവുന്നതാണ്. പിന്നെ ഒരു സംഗതി ഇപ്പോൾ ഇന്ത്യാഗവൺമെൻറ്, ഉപഭോക്തൃ സംരക്ഷണ പ്രസ്ഥാനത്തിന് വളരെയധികം പ്രാധാന്യം കൊടുത്തിരിക്കുകയാണ്. ഉപഭോക്തൃ സംരക്ഷണ പ്രസ്ഥാനത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് ഒരു കൗൺസിൽതന്നെ രൂപീകരിച്ചിട്ടുണ്ട്. പാർലമെൻറിൽ കേന്ദ്രഗവൺമെൻറ് അതുസംബന്ധിച്ച് പുതുതായി ഒരു ബിൽ കൊണ്ടുവരാൻ പോകുകയാണ്. ഉപഭോക്താക്കൾക്ക് സാധനങ്ങളുടെ വില, ഗുണനിലവാരം തുടങ്ങിയവയ്ക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി സ്സ്ഥാനങ്ങളിലും അതുപോലുള്ള ബില്ല് അവതരിപ്പിച്ച് ഉപഭോക്താക്കൾക്ക് രക്ഷ നൽകണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരിക്കുകയാണ്. അതനുസരിച്ച് ഒരു ഉപഭോക്തൃ സംരക്ഷണ കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വോളൻററി ഓർഗനൈസേഷൻസിനെയെല്ലാം ഈ രംഗത്തു കൊണ്ടുവന്ന് നമ്മുടെ ആളുകളെ ഈ കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ ബോധവാൻമാരാക്കി ഉപഭോക്താക്കൾക്ക് രക്ഷ നൽകുന്നതിനുവേണ്ടിയുള്ള ശ്രമം സിവിൽ സപ്ലൈസ് കോർപ്പറേഷനും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈവക പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സഹായസഹകരണമുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട്, ഈ ഡിമാൻറ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇവിടെ വന്ന നിർദ്ദേശങ്ങൾക്ക് വളരെ ചുരുക്കി മറുപടി പറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയ സ്വാഗതാർഹമായ എല്ലാ നിർദ്ദേശങ്ങളും പരിശോധിച്ച് നടപ്പാക്കുന്നതാണ്. ആ നല്ല നിർദ്ദേശങ്ങൾക്കെല്ലാം ഞാൻ നന്ദി പറയുന്നു. ബഹുമാനപ്പെട്ട മൂസ്സക്കുട്ടി സംസാരിച്ചപ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ നമ്പറുകൾ കോട് ചെയ്യുകയും ഇവിടത്തെ തൊഴിലില്ലായ്മാ വർദ്ധനവ് ചൂണ്ടിക്കാണിക്കുകയുമുണ്ടായി. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ കേരളം വ്യാവസായിക വികസനത്തിൽ അത്ര മുൻപന്തിയിലല്ലായെന്ന് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ നമ്പറുകളുടെ വർദ്ധനവ് അതാണ് കാണിക്കുന്നത്. അതിനുള്ള പരിഹാരമാർഗ്ഗം വ്യവസായങ്ങൾ വരുന്നതിനനുകൂലമായ സാഹചര്യം കേരളത്തിൽ ഉണ്ടാക്കുകമാത്രമാണ്. അങ്ങനെയുള്ള ഒരു സാഹചര്യമിവിടെയില്ലായെന്നും ഇത് തൊഴിൽ സമാധാനമില്ലാത്ത ഒരു സംസ്ഥാനമാണെന്നും എങ്ങനെയോ ഇൻഡ്യ മുഴുവനും ഒരു ദുഷ്പ്പേര് ഉണ്ടാകാനിടയായി. അതുകൊണ്ട് അതു പരിഹരിക്കുകയും വ്യവസായ വികസനം മുമ്പോട്ടു കൊണ്ടുവരാൻ എൻറർപ്രന്യുവേഴ്സിന് ആത്മവിശ്വാസം നൽകുന്ന സ്ഥിതി ഉണ്ടാക്കുകയും ചെയ്യുകയെന്നുള്ളതാണ് ഗവൺമെൻറിൻെറ കടമ, വിശേഷിച്ച് തൊഴിൽ വകുപ്പിൻെറ കടമ. ആ വക കാര്യങ്ങൾ എന്തുമാത്രം ചെയ്തുവെന്നുള്ളത് പരിശോധിക്കണം. മി. ഭരതൻ അവസാനം പ്രസംഗിച്ചപ്പോൾ എന്നെ എന്തിനു കൊള്ളാം, ഞാൻ എന്തുചെയ്തു എന്നൊക്കെ വികാരാവേശത്തോടെ ചോദിച്ചു. അതിനൊക്കെ മറുപടി പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഇതിനെയൊക്കെ സംബന്ധിച്ച് ആധികാരികമായി ഇൻഡ്യാ ഗവൺമെൻറ് പ്രസിദ്ധീകരിക്കുന്ന 'ഇൻഡ്യൻ ലേബർ ജേർണലി'ൽ ഉണ്ട്. വ്യക്തിപരമായ വിരോധം വച്ചുകൊണ്ട് പ്രതിപക്ഷം ഗവൺമെൻറിനോട് വിമർശനാത്മക നയം സ്വീകരിക്കുകയാണ്. 'ഇൻഡ്യൻ ലേബർ ജേർണലി'ൽ വരുന്ന കണക്കുകൾ ആധികാരിക രേഖയായി എല്ലാവരും അംഗീകരിക്കാറുണ്ട്. അതുകൊണ്ട് മറുപടിയായി 'ഇന്ത്യൻ ലേബർ ജേർണലി'ൽ കേരളത്തിലെ സ്ഥിതികളെ സംബന്ധിച്ച് വന്നിട്ടുള്ള കണക്കുകൾ പരിശോധിച്ചാൽ മതി.....(ബഹള).....സർ, കുഞ്ഞൻനമ്പ്യാർ പറഞ്ഞതുപോലെ, ''അതുകൊണ്ടരിശം തീരാഞ്ഞവനാപുരയുടെ ചുറ്റും മണ്ടിനടന്നു''. അതുകൊണ്ട് അതിനെക്കുറിച്ച് കൂടുതൽ പറയണ്ട. കേരളത്തിൽ തൊഴിൽതർക്കം മൂലം നഷ്ടപ്പെട്ട ദിവസങ്ങൾ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവായി കാണുന്നു. അതിനെക്കുറിച്ചുള്ള പട്ടികയും

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. 1982, 1983, 1984, 1985 വർഷങ്ങളിൽ.....
.....(ബഹളം).....
ഇപ്പോഴും ഞാനിവിടെ മന്ത്രിയായി നിൽക്കുന്നതു കാണുമ്പോഴും ശ്രീ. ഉണ്ണിക്ക് വിഷമം കാണുമെന്ന് എല്ലാവർക്കുമറിയാവുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ പ്രസ്താവന പിൻവലിക്കണം.

ശ്രീ. കെ. ശിവദാസൻ: എന്തിനാണ് പിൻവലിക്കുന്നത്?

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട ഒരു മന്ത്രി പറയുന്നു, അദ്ദേഹം മന്ത്രിയായിരിക്കുമ്പോഴും ശ്രീ. ഉണ്ണിക്ക് അതുകണ്ട് മനോവേദനയെന്ന്. ഇങ്ങനെ പറയുന്നത് ഒരു insinuation ആണ്. അങ്ങനെ പറയാൻ പാടില്ല. അത് പിൻവലിക്കണം.

ശ്രീ. കെ. ശിവദാസൻ: ഞാൻ മറുപടി പറയാൻ ആരംഭിക്കുന്നതിനു മുമ്പ് ഇടപെട്ടിട്ട്, നിങ്ങളും വലിയ നേതാവല്ലേ, എന്തുകൊണ്ട് ഇടപെട്ടില്ല. ഒരു സാമാന്യ മര്യാദയെങ്കിലും വേണ്ടേ? എന്നെ ഒന്നു മറുപടി പറയാൻ അനുവദിക്കൂ.....(ബഹളം).....

ശ്രീ. ബേബിജോൺ: ആ രീതിയിൽ നമ്മളും പറയണമോ എന്നാണ്. മര്യാദയും മര്യാദകേടും ഒക്കെ പറയാൻ എല്ലാവർക്കും അറിയാം. അതുകൊണ്ട് സഭാനേതാവെങ്കിലും ഇതിനെന്തെങ്കിലും പറയണം.

ശ്രീ. കെ. ശിവദാസൻ: ഞാൻ മറുപടി പറയട്ടെ.....
.....(ബഹളം).....
1982, 83, 84, 85 വർഷങ്ങളിൽ കേരളം വ്യവസായ സമാധാനത്തിന്റെ കാര്യത്തിൽ വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റ് പ്രസിദ്ധീകരിച്ച കണക്കുകളനുസരിച്ച് 1982-ൽ ഇരുപത്തിമൂന്നു ലക്ഷം തൊഴിൽ ദിവസങ്ങളാണ് നഷ്ടപ്പെട്ടതെങ്കിൽ 1983-ൽ പതിനാറു ലക്ഷവും 1984-ൽ എട്ടു ലക്ഷവുമായി ചുരുങ്ങിയിട്ടുണ്ട്. മേൽപ്പറഞ്ഞ വർഷങ്ങളിൽ തൊഴിൽത്തർക്കംമൂലം ഏറ്റവും കൂടുതൽ തൊഴിൽ ദിവസങ്ങളാണ് നഷ്ടപ്പെട്ട ആറു സംസ്ഥാനങ്ങളുടെ താരതമ്യ പഠനമാണ് ശ്രീ. ആർ. എസ്. ഉണ്ണി ചോദിച്ചത്. ഈ ആറു സംസ്ഥാനങ്ങളിൽ 1982-ൽ കേരളം മൂന്നാം സ്ഥാനത്താണ് ആണെങ്കിൽ 1984-ൽ അഞ്ചാം സ്ഥാനത്താണ്. എന്നാൽ 1985-ൽ ആകട്ടെ, കേരളം ഈ ലിസ്റ്റിലില്ല. അതായത്, ഇൻഡ്യയിലെ ഏറ്റവും കൂടുതൽ വ്യവസായ സമാധാനം ഉള്ള സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണെന്ന് കേന്ദ്രഗവൺമെന്റ് താരതമ്യ പഠനം നടത്തി പ്രഖ്യാപിച്ചു. അത്രയേ ഞാൻ പറയുന്നുള്ളൂ.....
.....(ബഹളം).....
ഇൻഡ്യാ ഗവൺമെന്റ് ലേബർ മിനിസ്ട്രിയുടെ കീഴിൽ ലേബർ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണമാണ് ഞാനിപ്പോൾ കാണിച്ചത്. അതിവിടെ പകർത്തി വച്ചിരിക്കുകയാണ്. ഇൻഡ്യൻ ലേബർ ജേർണലിൽ
.....

ശ്രീമതി കെ. ആർ. ഗൗരി: ഇൻഡ്യാഗവൺമെന്റിന്റെ കണക്കുകളാണല്ലോ ഇവിടെ വായിച്ചത്. ഇനി നിങ്ങളുടെ കണക്കുകളും ഒന്നു വായിക്കണം. മാവൂരിൽമാത്രം ഒരു കൊല്ലം പതിനാറു ലക്ഷം മാൻഡേയ്സ് നഷ്ടപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ളതും കൂടി കൂട്ടി ഒന്നു പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: സ"റേറർ" ഗവൺമെൻറിൻെറ കണക്കുകൾ ഞാൻ വായിക്കാം.....(ബഹളം)..... ഇൻഡ്യാ ഗവൺമെൻറിൻെറ കണക്കുകളെ പരിഹസിക്കുന്നവരോട" ഞാനെങ്ങനെ പറയാനാണ"? ഇൻഡ്യാ ഗവൺമെൻറ" ലേബർ മിനിസ"ട്രിയുടെ കീഴിൽ ലേബർ ബ്യൂറോ പ്രസിദ്ധീകരിച്ച ഇൻഡ്യൻ ലേബർ ജേർണലിൽ 1985 ജനുവരി, ഫെബ്രുവരി, മാർച്ച" മാസങ്ങളിലെ കണക്കുകൾ പ്രസിദ്ധീകരിച്ചപ്പോൾ നമുക്ക" നഷ്ടപ്പെട്ട മാൻഡേയ"സ" എഴുപത്തിനായിരമാണ". അതേസമയം വെസ"റ" ബംഗാളിൽ ഇരുപത്തിനാലു ലക്ഷം ദിവസങ്ങളാണ" നഷ്ടപ്പെട്ടത". മഹാരാഷ്ട്രയിൽ പന്ത്രണ്ടു ലക്ഷവും ആന്ധ്രയിൽ പതിനാലു ലക്ഷവും മാൻഡേയ"സ" നഷ്ടപ്പെട്ടിട്ടുണ്ട".....(ബഹളം)...

ശ്രീ. ടി. പി. പീതാംബരൻ മാസ"റർ: അതൊക്കെ മേശപ്പുറത്തു വയ"ക്കണം.

ശ്രീ. കെ. ശിവദാസൻ: ഈ പുസ"തകങ്ങളെല്ലാം ഞാൻ മേശപ്പുറത്തു വയ"ക്കാം. ഇത" വായിക്കാതെ ഞാൻ എന്തു ചെയ്യണം? അത" സഹകാര്യ രേഖയൊന്നുമല്ല, ഞാനത" മേശപ്പുറത്തു വയ"ക്കാം.

ശ്രീ. ബേബി ജോൺ: വെസ"റ" ബംഗാളിൽ തൊഴിൽത്തർക്കം മൂലമാണോ, അതോ വ്യവസായ സ്ഥാപനങ്ങളും പൂട്ടിയിട്ടതു കൊണ്ടുണ്ടായ നഷ്ടമാണോയെന്ന" പറയാമോ?

ശ്രീ. കെ. ശിവദാസൻ: Strikes and lockouts എന്ന ഹെഡ"ഡിങ്ങിൽ കൊടുത്തിരിക്കുന്നതാണ".....(ബഹളം)..... ഈ കണക്കുകളെല്ലാം കൂട്ടുന്നതിന" കേന്ദ്ര ഗവൺമെൻറിന" ആധികാരികമായ ചില സ"റാൻഡേർഡുകൾ ഫിക"സ" ചെയ"തിട്ടുണ്ട". അത" നിങ്ങൾക്കുവേണ്ടി മാറാൻ സാധിക്കുമോ? അതായത", ഇൻഡ്യാ മഹാരാജ്യത്ത" എല്ലാ സ"സ്ഥാനങ്ങളും ഒന്നായി കണക്കിലെടുത്ത" കൂട്ടുന്നതിന" ആധികാരികമായ മാനദണ്ഡമുണ്ട". ആ മാനദണ്ഡമനുസരിച്ച" കണക്കാക്കുമ്പോഴാണ" എഴുപതിനായിരവും ഇരുപത്തഞ്ചു ലക്ഷവുമൊക്കെ കാണുന്നത". അതാണ" ഞാൻ പറഞ്ഞത". 1985 ഏപ്രിൽ, മേയ", ജൂൺ മാസങ്ങളിലെ കണക്ക" വിലയിരുത്തുകയാണെങ്കിൽ കേരളത്തിൽ വെറും 1,50,497 ആയിരിക്കുമ്പോൾ ബംഗാളിൽ 46 ലക്ഷവും മഹാരാഷ്ട്രയിൽ 9 ലക്ഷവും ആന്ധ്രയിൽ 5 ലക്ഷവും നഷ്ടപ്പെട്ടിരിക്കുന്നു. ഈ കണക്കുകൾ പരിശോധിച്ചിട്ടാണ" കേന്ദ്ര ഗവൺമെൻറ" നമ്മുടെ സ്ഥാനം ഇൻഡ്യയിലെ ഏറ്റവും നല്ല വ്യവസായ സമാധാനമുള്ള സ്ഥാനമാണെന്ന" ഡിക്ലയർ ചെയ്തത". ഇന്ത്യൻ ലേബർ ജേർണൽ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച" 1985 നവംബർ മാസം വരെയുള്ള നില വച്ചു നോക്കിയാൽ കേരളത്തിലെ മേജർ തൊഴിൽ തർക്കം ഒന്നുമാത്രമാണ". അതേസമയം വെസ"റ" ബംഗാളിൽ 30 ആണ". ശ്രീമാൻ ആർ.എസ". ഉണ്ണി, ..... 1980-ന" ശേഷം വ്യവസായ സമാധാനത്തിൻെറ ഒരു ട്രെൻഡ" ഭാരതത്തിലുണ്ടെന്ന" പറഞ്ഞു. ആ ട്രെൻഡ" വച്ചു നോക്കിയാൽ ആ ട്രെൻഡ" പരിശോധിച്ച" താരതമ്യ പഠനം കാണിക്കുന്നത" ഇവിടെ 1 ഉള്ളപ്പോൾ, വെസ"റ" ബംഗാളിൽ 30-ഉം മഹാരാഷ്ട്രയിൽ 13-ഉം ഉണ്ട". 1980 മുതൽ 1986 വരെ കേരളത്തിലെ



LIBRARY ARCHIVES Kerala Legislative Assembly

വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള സമരവും ലോക്കൗട്ടും എല്ലാം കണക്കാക്കിയാണ് ഈ കണക്കുകൾ ശരിപ്പെടുത്തിയിരിക്കുന്നത്. നമ്പർ ഓഫ് സ്ട്രൈക്ക്സ് ഇവിടെ 161 ആയിരുന്നുവെങ്കിൽ 1984-ൽ അത് 63-ഉം 1985-ൽ അത് 37-ഉം ആയി കുറഞ്ഞുവെന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ നേട്ടം. 161-ൽ നിന്ന് 63-ഉം, 37-ഉം ആയി കുറഞ്ഞു. ഇല്ലെന്ന് നിങ്ങൾക്ക് പറയാമോ? ലോക്കൗട്ടുകളുടെ എണ്ണം 31-ൽ നിന്ന് 14 ആയി കുറഞ്ഞു. ഇവിടെ ആരോപിക്കപ്പെട്ട മറ്റൊരു കാര്യം ലേബർ ഡിപ്പാർട്ടുമെൻറ് ഇൻഎഫിഷ്യൻറ് ആയിരിക്കുന്നു, തർക്കങ്ങൾ പരിഹരിക്കുന്നില്ലായെന്നുള്ളതാണ്. അതിന്റെയും സ്റ്റാറ്റിസ്റ്റിക്സ് ഞാൻ വായിക്കാം. ഈ ഗവൺമെൻറ് വരുന്നതിനു മുൻപ് ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 5,000 തൊഴിത്തർക്കമെങ്കിലും തീർക്കാൻ കഴിയാതെ അവശേഷിക്കുമായിരുന്നു. അങ്ങനെ 1984-ൽ 14,254 തർക്കങ്ങളായിരുന്നു വർഷാരംഭത്തിൽ ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെൻറിന്റെ നയങ്ങൾകൊണ്ടും തൊഴിൽവകുപ്പിന്റെ പ്രത്യേകമായ കഴിവുകൾകൊണ്ടും അത് വർഷാവസാനത്തിൽ 3157 ആയി കുറഞ്ഞു. അങ്ങനെ പരിശ്രമിച്ചതിന്റെ ഫലമായി 1984-ൽ 14,254 ഉണ്ടായിരുന്ന സ്ഥാനത്ത് 1986 ആദ്യം 6447 ആയി കുറയ്ക്കുവാൻ കഴിഞ്ഞു. ഇതിൽ നിന്നും കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും എഫിഷ്യൻറായിട്ട് ലേബർ ഡിപ്പാർട്ടുമെൻറ് പ്രവർത്തിച്ച കാലമുണ്ടായിട്ടില്ലെന്ന് നിങ്ങൾക്ക് കാണാവുന്നതാണ്. ഇത് കാര്യമാണ്. ഞാൻ വെറും കണക്കുകൾ പറയുന്നതല്ല. (ബഹളം).....

കശുവണ്ടിയെപ്പറ്റി പറഞ്ഞിട്ടേ ഞാൻ അവസാനിപ്പിക്കൂ. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നില്ലെന്ന് ഒരു ആരോപണമുണ്ടായി. അത് വളരെ ഗൗരവമായിട്ടാണോ എന്ന് എനിക്കറിയില്ല. കർഷകത്തൊഴിലാളി പെൻഷൻ 2,90,466 പേർക്ക് അനുവദിച്ചിട്ടുണ്ട്. കിട്ടിയിട്ടുള്ള അപേക്ഷകളിൽ ഒരു 19,000 ഒഴിച്ച് ബാക്കിയുള്ളതെല്ലാം പ്രോസസ് ചെയ്തിട്ടുണ്ട്. പശ്ചിമ ബംഗാളിൽ കർഷകത്തൊഴിലാളി പെൻഷനില്ല, അതുകൊണ്ട് താരതമ്യം ചെയ്യുന്നില്ല. കാര്യമായി കുറിശ്ശികയില്ലാതെ അതു കൊടുത്തു തീർത്തുകൊണ്ടിരിക്കുകയാണ്. കശുവണ്ടി ഫാക്ടറികളിലെ മിനിമം വേജസിനെക്കുറിച്ചു പറയുമ്പോൾ പൊതുവിൽ പരമ്പരാഗത വ്യവസായങ്ങളിൽപ്പെട്ട വ്യവസായങ്ങളിലെ മിനിമം വേജസിനെപ്പറ്റി ഒരു കാര്യം പറയുന്നത് സംഗതമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. കയർ, കശുവണ്ടി, ബീഡി, തുടങ്ങിയ തൊഴിലാളികൾക്കും ഇവർക്കെല്ലാം കാലാകാലങ്ങളിൽ ഡി. എ. കിട്ടുന്നില്ല എന്നുള്ള പരാതി എല്ലാ ഗവൺമെൻറുകളുടെ കാലത്തും ഉണ്ടായിട്ടുണ്ട്. അതിന് ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞതുപോലെ ഇത് ഇങ്ങനെ ഒരുമിച്ച് ചേർക്കുന്നത് മഹാ പാപമാണെന്ന് അദ്ദേഹം വിചാരിച്ചുവെന്നല്ലാതെ കേരളത്തിലെ പൊതുവായ തൊഴിലാളി പ്രവർത്തകർ അങ്ങനെ വിചാരിക്കുകയില്ല, മാത്രമല്ല ഡി. എ. ഒട്ടും കിട്ടാത്ത സാഹചര്യത്തിൽ കുറച്ചു കൊടുക്കുന്ന രീതിയിലുള്ള എഗ്രിമെൻറുകൾ നിയമപ്രകാരം കൺസീലിയേഷനായി ഗവൺമെൻറിനെ ചെയ്യാൻ കഴിയാത്തതുകൊണ്ട് ബൈലാറൽ ആയി ഉണ്ടാക്കിയിട്ടുണ്ട്. ആലപ്പുഴയുടെ കാര്യം എടുക്കാം. ആധികാരികമായിട്ടുള്ള രേഖവച്ചുണ്ടാക്കിയ സെറ്റിൽമെൻറാണ്. ആലപ്പുഴയിലുള്ള എല്ലാ കേന്ദ്ര യൂണിയൻ നേതാക്കളും എ. ഐ. റ്റി. യു. സി., ഐ. എൻ. ടി. യു. സി., സി. ഐ. ടി. യു. തുടങ്ങിയ എല്ലാ നേതാക്കൻമാരും ഒപ്പിട്ട ഒരു തൊഴിൽ തർക്കത്തിലേയ്ക്ക് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായി സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അത് ഒരു ബൈലാറ്ററൽ സെറ്റിൽമെന്റാണ്. അത് എന്റെ മുൻപിൽ വച്ച് നെഗോഷിയേറ്റ് ചെയ്തു..... .....(ബഹളം) ..... ..... .....

Bilateral agreement entered into between the representatives of the Small Scale Coir Manufacturers and the Union representing the workers of the Coir factories in the small scale sector.

ഐ. എൻ. ടി. യു. സി., എ. ഐ. ടി. യു. സി., സി. ഐ. ടി. യു. തുടങ്ങിയ എല്ലാ ട്രേഡ് യൂണിയൻ നേതാക്കൻമാരും ഒപ്പിട്ടതാണ് രണ്ടാമത്തേത്. അന്ന് അപ്രൂവ് ചെയ്ത, 1979-ലെ ഡി. എ. ആണ് 1983-ൽ ഈ കോൺഫറൻസ് വിളിച്ചുകൂട്ടുമ്പോഴും കൊടുക്കുന്നത്, അല്ലാതെ വേറെ ഡി. എ. ഒന്നും കൊടുക്കുന്നില്ലായെന്നുള്ളതാണ് ആലപ്പുഴയിലെ തർക്കം. അതിനെ തുടർന്ന്.....

A dispute arose regarding the wages in relation with the D.A. to be paid to the workers of the Coir Factories in the Small scale Sector. After prolonged discussions the following agreement was reached between the parties. ഇത് 1983-ൽ എന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ എഗ്രിമെന്റാണ്. 1983-ൽ എഗ്രിമെന്റ് ഉണ്ടാക്കിയപ്പോൾ വേജും വേജസിന്റെകൂടെ 1981 വരെയുള്ള ഡി. എ -യും കൊടുത്താൽ മതിയെന്ന് എല്ലാവരുംകൂടി തീരുമാനിച്ചു. അത് അവർ തൊഴിലാളി ദ്രോഹികളായിട്ടല്ല. ആ പരമ്പരാഗത വ്യവസായത്തിന്റെ പ്രത്യേക സ്റ്റേറ്റേജ് കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെ ഒരു എഗ്രിമെന്റ് ഉണ്ടാക്കിയത്. അതിനുശേഷം ഞാൻ ആലപ്പുഴയിൽ പോയി കോൺഫറൻസ് വിളിച്ചുകൂട്ടി. ബഹുമാനപ്പെട്ട ഗൗരിയമ്മയും അതിൽ പങ്കെടുത്തിരുന്നു. അക്കാര്യം ഗൗരിയമ്മ സമ്മതിക്കുമെന്ന് ഞാൻ കരുതുന്നു. അതുപോലുള്ള ഒരു എഗ്രിമെന്റ് ഉണ്ടാക്കുവാൻ എംപ്ലോയേഴ്സ് മുൻപോട്ടു വന്നു. ഞാൻ പറഞ്ഞു, ഗവൺമെന്റിന് ഒരിക്കലും അത് സ്വീകാര്യമല്ല, കയറിന്റെ വില ഇരട്ടിയായിരിക്കുന്നു, നിങ്ങടെ മിനിമം വേജസ് കൊടുത്തേ മതിയാകൂവെന്ന്. അങ്ങനെതന്നെയല്ലേ എന്ന് ഗൗരിയമ്മ പറയട്ടെ. നിർബന്ധിച്ചു. അല്ലെങ്കിൽ കേസ് ഉണ്ടാക്കുമെന്നൊക്കെ പറഞ്ഞ് അവിടെവച്ച് ഒരു എഗ്രിമെന്റ് ഈ ഗവൺമെന്റ് ഉണ്ടാക്കി.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ സമ്മതിക്കുകയില്ലെന്ന് പറഞ്ഞു.

ശ്രീ. കെ. ശിവദാസൻ: ചെത്തുതൊഴിലാളികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവർക്ക് ഇന്നത്തെ രീതിയിലുള്ള ഡി. എ. പ്രായോഗികമല്ലെന്നും അത് റീ-സ്ട്രക്ച്ചർചെയ്ത് വേജസ്സുമായി കൂട്ടണമെന്നും നേരത്തെനടന്ന ഒരു കോൺഫറൻസിൽവച്ച് എ. ഐ. ടി. യു. സി., ഐ. എൻ. ടി. യു. സി., സി. ഐ. ടി. യു., യു. ടി. യു. സി. തുടങ്ങിയ സംഘടനകളുമായി ഞാൻ ചർച്ച നടത്തിയിട്ടുണ്ട്. അവർ പറഞ്ഞിട്ടാണ്. എന്നിട്ട് അതിന് ഒരു റീ-സ്ട്രക്ച്ചർ ഫോം ഉണ്ടാക്കി. അത് പ്രായോഗികമല്ല. അതിൽ വളരെ വൈഷമ്യങ്ങളുണ്ട്. അതുകൊണ്ട് എല്ലാ ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർമാരും യൂണിയനുകളുമായി ആലോചിച്ച് വേജസ്സും ഡി. എ.യും കൂടി മെർജുചെയ്ത് ഒരു പുതിയ ഫോർമുല ഉണ്ടാക്കണമെന്നുള്ളതിനെപ്പറ്റി ആലോചിക്കാൻ ഗവൺമെന്റ് ഇവരുടെ സാന്നിദ്ധ്യത്തിൽ തീരുമാനമെടുത്ത് ഇപ്പോൾ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് നമ്മൾ കശുവണ്ടി മേഖലയിലേക്ക് വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: അദ്ദേഹം പറഞ്ഞതും ചെത്തു വ്യവസായവുമായിട്ട് എന്താണ് ബന്ധം? മിനിമം വേജസ്സിന്റെ കാലാവധി കഴിഞ്ഞ് പുതിയ ഒരു മിനിമംവേജ് ഉണ്ടാക്കുമ്പോൾ 1962-ലെ പോയിന്റിൽനിന്ന് കൊടുക്കുന്ന ഡി. എ. ഇപ്പോഴത്തെ നിയമമനുസരിച്ച് മെർജ് ചെയ്യണമെന്നുപറഞ്ഞു. അത്രയല്ലേയുള്ളു? അത് ഇതിൽക്കൊണ്ട് കലക്കണ്ട. ഒരു വ്യവസായത്തിന്റെ പ്രത്യേകത വച്ചുകൊണ്ട് ഞങ്ങൾ ചില നിർദ്ദേശങ്ങൾ പറഞ്ഞുവെന്നേയുള്ളു.

ശ്രീ. ആർ. എസ്. ഉണ്ണി: കശുവണ്ടിയിൽ മിനിമംവേജസ് വേണ്ടെന്നാണോ?

ശ്രീ. കെ. ശിവദാസൻ: നിങ്ങൾ തോക്കിൽ കയറി വെടിവയ്ക്കുന്നതെന്തിനാണ്? ഞാൻ പറഞ്ഞുവരികയാണ്. കശുവണ്ടി വ്യവസായത്തിലും. ഇങ്ങനെ മെർജ് ചെയ്യണമെന്ന് യൂണിയനുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ആർ. എസ്. ഉണ്ണി മാത്രമല്ല എ. ഐ. ടി. യു. സി.യിലെ മി. ചന്ദ്രൻ ഉൾപ്പെടെയുള്ള ആളുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനെപ്പറ്റി ആലോചിച്ച് തീരുമാനമെടുക്കാൻ നിരവധി കോൺഫറൻസുകൾ നടത്തി. അതിന്റെ ഫയൽ എന്റെ കൈവശമുണ്ട്. അത് ഞാൻ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, അത് പച്ചക്കള്ളമാണ്.

ശ്രീ. കെ. ശിവദാസൻ: സർ, ഇത് എന്തു പാർലമെന്ററി പ്രാക്ടീസാണ്? കാഷ്യുവിന്റെ ഈ തരം കാര്യങ്ങളിലൊന്നും ശ്രീ. ആർ. എസ്. ഉണ്ണിയെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ കക്ഷിയിലെ ആൾക്കാർ ഉണ്ടായിരുന്നു. ഇതു സംബന്ധിച്ച് നിരവധി കോൺഫറൻസുകൾ ഞാൻ വിളിച്ചുകൂട്ടി. ആ കോൺഫറൻസുകളിൽ വേജ് റീസ്ട്രക്ചർ ചെയ്യുന്നതിനെക്കുറിച്ച് ആലോചിച്ചു. അതായത് മിനിമം വേജും ഡി. എ.യും കൂടി ചേർത്ത്.....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, 17-ാം തീയതിയിലെ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മന്ത്രിയുടെ ചേമ്പറിൽ കൂടിയ കോൺഫറൻസിൽ ഞാൻ ഉണ്ടായിരുന്നതാണ്. മിനിമം വേജ് കുറയ്ക്കാൻ സമ്മതിക്കുകയില്ല, ഏകപക്ഷീയമായ തീരുമാനം ഏതാനും ആളുകളെക്കൊണ്ട് ഉണ്ടാക്കി നടപ്പാക്കുന്നത്, മുതലാളിമാർക്കുവേണ്ടി നടത്തുന്ന നടപടി ശരിയാവുകയില്ല, അത് അംഗീകരിക്കാൻ ഒക്കുകയില്ല എന്നും ഈ വ്യവസായത്തെ സംബന്ധിച്ച് മറ്റു വ്യവസായങ്ങളെപ്പോലെ പ്രശ്നങ്ങളില്ല; മിനിമം വേജ് കൊടുത്തേപറ്റൂ; ഈ കള്ളക്കളി അനുവദിക്കുവാൻ പറ്റുകയില്ലായെന്നും ഞാൻ പറഞ്ഞു. അവിടെ എന്നെ കണ്ടില്ലായെന്നാണ് മന്ത്രി പറയുന്നത്.

ശ്രീ. കെ. ശിവദാസൻ: അദ്ദേഹം പങ്കെടുത്തത് ഏത് കോൺഫറൻസാണ്? ഞാൻ നിരവധി കോൺഫറൻസുകൾ നടത്തി. അതിൽ ബഹുമാനപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികൾ എല്ലാവരും പ്പെട്ടിട്ടുണ്ട്. ഞാൻ ഈ രേഖകൾ മേശപ്പുറത്ത് വയ്ക്കാം..... (ബഹളം)..... അതായത് ഞാൻ പറഞ്ഞത്.....

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളൊക്കെ ഉന്നതൻമാരായ ട്രേഡ് യൂണിയൻ നേതാക്കളല്ലേ? ഈ പാവപ്പെട്ട മന്ത്രിയൊന്നു പറഞ്ഞോട്ടെ. ഒരു നിയമസഭാംഗം എന്ന നിലയിൽ ഞാൻ അഞ്ചുമിനിട്ട് സമയം കൂടി ചോദിക്കുകയാണ്. ഞാൻ ഒന്നുപറയട്ടെ.. .....(ബഹളം)..... അവസാനം ഞാൻ നിങ്ങളുടെ തൊഴിലാളിസ്നേഹം കൂടി പറഞ്ഞിട്ടേ ഇരിക്കൂ.

ഞാൻ ഇങ്ങനെ കമ്മിറ്റി വിളിച്ചുകൂട്ടി. നിരവധി കമ്മിറ്റികളിൽ എല്ലാവരും ഹാജരായി. ഡി. എ. മെർജ് ചെയ്തു വേജ് റീസ്ട്രക്ച്ചർ ചെയ്യുന്നതിനെപ്പറ്റി ആലോചന നടത്തി. സി. ഐ. ടി. യു.വിന്റെ നേതാവായിരുന്ന മി. പത്മലോചനൻ മാത്രം അവസാനം പറഞ്ഞു; (ഇത് പ്രൊസീഡിംഗ്സിൽ ഉണ്ട്.) നിങ്ങളും നോട്ടിഫൈ ചെയ്യു; ഞങ്ങൾക്ക് ചെറിയ റിസർവേഷനുണ്ട് .....(ബഹളം)..... സി. ഐ. ടി. യു.വിന്റെ ഭാഗത്തു നിന്നുമാത്രമാണ് റീസ്ട്രക്ച്ചറിനെക്കുറിച്ച് കൂടുതൽ ആലോചിക്കണം, ഇതിനെ സംബന്ധിച്ച് അവർക്ക് റിസർവേഷനുണ്ടെന്ന് പറഞ്ഞത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ നടത്തിയ കോൺഫറൻസിനെപ്പറ്റിയാണ് മന്ത്രി പറയുന്നത്. ഇതിന് എന്തെങ്കിലും പ്രൊസീഡിംഗ്സ് ഉണ്ടോ? ഉണ്ടെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. കെ. ശിവദാസൻ: സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. അതിന് പ്രൊസീഡിംഗ്സ് ഉണ്ട്. അത് ഞാൻ മേശപ്പുറത്ത് വയ്ക്കാം. ശ്രീ. പത്മലോചനൻ പറഞ്ഞു; ഗവൺമെന്റ് നോട്ടിഫൈ ചെയ്തുകൊള്ളു, ഞങ്ങൾക്ക് റിസർവേഷനുണ്ടെന്ന്.. ഞാൻ പറഞ്ഞു, എല്ലാവരുംകൂടി സമ്മതിക്കാതെ, എല്ലാ ട്രേഡ് യൂണിയനുകളും എഗ്രി ചെയ്യാതെ ഗവൺമെന്റ് നോട്ടിഫൈ ചെയ്യുകയില്ല. അപ്പോഴാണ് ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞ കോൺഫറൻസും സമരങ്ങളും ഉണ്ടായത്. ഐ. എൻ. ടി. യു. സി. സമരം ആരംഭിക്കുകയും അവർ ഒരു മെമ്മോറാണ്ടം തരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗസ്റ്റ് ഹൗസിൽ 6-ാംതീയതി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ കോൺഫറൻസിന്റെ ചർച്ചാവേളയിൽ ഒന്നും കാര്യമായി നടക്കാനില്ല; വീണ്ടും കൂടിയിട്ട് ഇത് ആലോചിക്കാമെന്ന് എംപ്ലോയേഴ്സ് പറഞ്ഞു. .... .. ..(ബഹളം)..... സർ, ഈ സഭയിൽ നിയമമില്ലേ? ശ്രീ. ആർ. എസ്. ഉണ്ണിയാണോ അതൊക്കെ തീരുമാനിക്കുന്നത്? സർ, ആർ. എസ്. ഉണ്ണി അതിലുള്ള ആളല്ല. അദ്ദേഹത്തിന് കേട്ടറിഞ്ഞ അറിവേയുള്ളു. നമ്മുടെ മുൻമന്ത്രിയായിരുന്ന ശ്രീ. ചിത്തരഞ്ജനുമായി ഞാൻ ഈ വിഷയത്തെപ്പറ്റി പറഞ്ഞു. അദ്ദേഹം ഇത് നിഷേധിക്കുകയില്ല. ഇപ്പോഴും ഡി. എ.യും വേജസ്സുംകൂടി മെർജ് ചെയ്ത് നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കാമെന്ന് എംപ്ലോയേഴ്സ് പറഞ്ഞിരിക്കയാണ്. സി. ഐ. ടി. യുവിലെ മി. പത്മലോചനനു അതിനോട് എതിർപ്പുണ്ട്. നിങ്ങൾ അദ്ദേഹവുമായി ആലോചിച്ച് അഭിപ്രായമറിയിക്കണമെന്നുപറഞ്ഞു. അദ്ദേഹം അവരുമായി ആലോചിച്ചിട്ട് .....(ബഹളം)..... ഡി. എ. എടുക്കുന്നില്ലാ എന്നാണ് പരാതി വന്നിരിക്കുന്നത്.. അത് മെർജ് ചെയ്താൽ .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

**Shri E. T. Mohammed Basheer:** Sir, I raise a point of order. Rule 281. Whilst the Assembly is sitting, a member—(ix) shall not obstruct proceedings, his or interrupt and shall avoid making running commentaries when speeches are being made in the Assembly;

ഇവിടെ ബഹുമാനപ്പെട്ട തൊഴിൽകാര്യവകുപ്പുമന്ത്രി സംസാരിച്ചു കൊണ്ട് നിൽക്കുമ്പോൾ ശ്രീ. ഉണ്ണിയും മറ്റ് ആളുകളും നിരന്തരമായി തടസ്സം ചെയ്യുന്നത് ഓർഡറിലാണോ? സർ.

ശ്രീ. കെ. ശിവദാസൻ: സർ, അങ്ങ് ഇനിയെങ്കിലും എന്നെ രക്ഷിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിക്കാൻ തുടങ്ങിയ സന്ദർഭത്തിൽതന്നെ മി. ഉണ്ണി തുടങ്ങിയതാണ്. എല്ലാ ചോദ്യത്തിനും മി. ഉണ്ണിയ്ക്ക് മറുപടി പറയണമെന്ന് വച്ചാൽ എങ്ങനെ ഒക്കും? മന്ത്രിക്ക് പറയാനുള്ളത് മന്ത്രി പറയട്ടെ. ഇങ്ങനെ തുടർച്ചയായി ബുദ്ധിമുട്ട് ഉണ്ടാക്കിയാലോ?

ശ്രീ. കെ. ശിവദാസൻ: സർ, ഇവിടെ ചർച്ചചെയ്ത കാര്യം ഇത്രയേയുള്ളു. ബഹുമാനപ്പെട്ട മെമ്പർ പ്രമോകരൻ സമ്മതിച്ച, അവരുടെ വ്യവസായത്തിൽ ആലോചിച്ചതുപോലെ 75 പൈസ നിലവിലിരുന്ന സ്ഥാനത്ത് ഡി. എ. കൂടി മെർജ് ചെയ്താൽ അത് ഒരു രൂപ 89 പൈസയായി കൊടുക്കാമെന്നും പീലിംഗിന് 94 പൈസയുള്ളത് മെർജ് ചെയ്താൽ 2 രൂപ 23 പൈസയായിട്ടും കൊടുക്കാമെന്നുമുള്ള ഒരു എഗ്രിമെന്റിന് വേണ്ടിയിട്ടുള്ള ഒരു നെഗോഷിയേഷൻ ആയിരുന്നു. ആ എഗ്രിമെന്റ് ഡ്രാഫ്റ്റ് ചെയ്തു. അത് ഡ്രാഫ്റ്റ് ചെയ്തത് എപ്പോൾമുതൽ എൻഫോഴ്സ് ചെയ്യുമെന്ന് ചോദിച്ചപ്പോൾ യൂണിയനിൽ ചിലർ ഒന്നാം തീയതി മുതൽ വേണമെന്ന് പറഞ്ഞു. ചിലർ 7-ാം തീയതി മുതലായാൽ എന്താണെന്ന് ചോദിച്ചു. മുതലാളിമാർ അതിനെപ്പറ്റി പര്യാലോചിക്കണമെന്നും സി. ഐ. ടി. യു.വിന് കൂടുതൽ ആലോചിക്കണമെന്നും പറഞ്ഞതിന്റെ സാഹചര്യത്തിൽ 17-ാം തീയതിക്ക് ഡേറ്റ് നിശ്ചയിക്കാൻ വേണ്ടി മാറ്റിവച്ചു. 17-ാം തീയതി എന്റെ മുറിയിൽവച്ച് നടന്ന കോൺഫറൻസിൽ ശ്രീമാൻ ഉണ്ണി വന്ന് അത് സാദ്ധ്യമല്ലായെന്ന് പറഞ്ഞു. വേണ്ടെങ്കിൽ വേണ്ടായെന്നുവച്ചു. ഇതാണ് സംഭവിച്ചത്. ഇതിൽ ഗവൺമെന്റ് എന്ത് തെറ്റാണ് ചെയ്തത്? ഇത് ബീഡി വ്യവസായത്തിൽ ചെയ്തിട്ടുണ്ട്. ബീഡി വ്യവസായത്തിൽ മിനിമം വേജസ് വന്നപ്പോൾ ഡി. എ. കൊടുക്കാൻ കഴിയുകയില്ലെന്ന് അവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയിട്ട്, ഇപ്പോഴുള്ള ഡി. എ. തൽക്കാലം കൊടുക്കുക, ഇനിവരുന്ന ഡി. എ. ഗവൺമെന്റുമായി ആലോചിച്ച് ഒരു എഗ്രിമെന്റ് ഉണ്ടാക്കി കൊടുക്കാമെന്നും തീരുമാനിച്ചു. പിന്നെയും യൂണിയനുകൾ ആവശ്യപ്പെട്ടപ്പോൾ വീണ്ടും കോൺഫറൻസ് വിളിച്ചുകൂട്ടി. കയർ മേഖലയിൽ ഇതുള്ളതുകൊണ്ട് കശുവണ്ടിമേഖലയിൽ ഇങ്ങനെ 2½ രൂപ കഴിഞ്ഞ പ്രാവശ്യം കൂടി. എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും ഇത് സമ്മതിച്ചു. ഇവിടെ കശുവണ്ടിവ്യവസായത്തിൽ പ്രശ്നം അതല്ല. അത് രാഷ്ട്രീയമായ അല്ലെങ്കിൽ ശ്രീ. ഉണ്ണിക്ക് എന്നോടുള്ള മുൻ വ്യക്തിവൈരാഗ്യം തീർക്കുന്നതിന് വേണ്ടിയിട്ട്, ഒരു ലക്ഷം തൊഴിലാളികൾക്ക് ഡി. എ. കിട്ടണമെന്ന് 10 കൊല്ലമായി അവർക്കുണ്ടായിരുന്ന മോഹം ശ്രീ. ഉണ്ണി

LIBRARY ARCHIVES Kerala Legislative Assembly

തകർത്തിരിക്കുന്നു. ഇത് വലിയ ക്രൂരതയാണ്. ശ്രീ. ഉണ്ണി മന്ത്രിസ്ഥാനത്തുനിന്നും ഇറങ്ങിപ്പോകുമ്പോൾ നിയമസഭയിൽ പറഞ്ഞതാണ് 36 ദിവസമാണ് ജോലി എന്ന്. ഞങ്ങൾ അത് 150 ദിവസമാക്കി. ഏതായാലും ഒരു വ്യവസായസ്ഥാപനം പൂട്ടിയിട്ടാൽ അത് സൊസൈറ്റി എടുത്ത് നടപ്പാക്കുന്നതിനുള്ള വിപ്ലവകരമായ നടപടി സ്വീകരിച്ച ഗവൺമെൻറാണ് ഇത്. നിങ്ങൾ കാപ്പെക്സിനെ കുറ്റം പറഞ്ഞു. മി. ഉണ്ണി ! 197 ദിവസം ജോലികൊടുത്തു; പാവപ്പെട്ട തൊഴിലാളികൾ 197 ദിവസം കഞ്ഞികുടിച്ചതിന് നിങ്ങൾ എന്തിന് അസൂയപ്പെടുന്നു. എന്തൊരു ക്രൂരതയാണ്. നിങ്ങൾ ചെയ്യുന്നതിൽ തെറ്റു പറയുന്നില്ല. നിങ്ങൾക്ക് അതിന് കഴിഞ്ഞോ? നിങ്ങളുടെ തൊഴിൽ സ്നേഹം ഞങ്ങൾക്ക് അറിയാം. ഞാൻ നിങ്ങളുടെ വക്കീലായിരുന്നു, നമ്മൾ ഒരു പാർട്ടി ആയിരുന്നപ്പോൾ. ശ്രീ. പങ്കജാക്ഷൻ കേട്ടോളൂ, അതായത് ഒരു ബസ്സ് മുതലാളിയുടെ മനോഭാവത്തോടുകൂടി 10 പൈസ വ്യത്യാസം കണ്ടു എന്നുപറഞ്ഞ്. ശ്രീകണ്ഠൻ എന്ന തൊഴിലാളിയെ അദ്ദേഹം ഡിസ്മിസ് ചെയ്തു. ഞാൻ കേസ് നടത്തി. ഞാൻ പോന്നതിനു ശേഷം എൻറെ വക്കീൽ കേസ്സുനടത്തി അദ്ദേഹത്തെ തിരിച്ചെടുത്തു. വീണ്ടും അപ്പീൽ കൊടുത്തിരിക്കുകയാണ്. കുമ്പഴ ആക്സിഡൻറ് എന്നുപറയുന്ന കേസ്സിൽ അദ്ദേഹത്തിൻറെ സ്ഥാപനത്തിൻറെ വക്കീൽ അശോകൻ എന്ന ഡ്രൈവർക്കുവേണ്ടി കേസ് നടത്തി. നിരപരാധിയാണെന്ന് കണ്ടുപിടിച്ചു. തിരിച്ചെടുത്തോ? തിരിച്ചെടുത്തില്ല. ഞാനാണ് അദ്ദേഹത്തെ ഡ്രൈവറാക്കിയത്. ഞാൻ ചോദിക്കട്ടെ; ലോകത്ത് ഒരു മുതലാളിയും ഇത്ര ക്രൂരമായി, ഒരു ആക്സിഡൻറുണ്ടായ തൊഴിലാളിക്ക് ജോലി നിഷേധിക്കുമോ? കൊല്ലം ലേബർ കോടതിയിൽ കേസ്സ് നടത്തുകയാണ്. തൊഴിലാളി വർഗ്ഗ സ്നേഹം ! കാപട്യത്തിൻറെ പൊയ്മുഖം അഴിച്ചു വയ്ക്കൂ.

കർഷകത്തൊഴിലാളി പെൻഷനെപ്പറ്റി ഞാൻ പറഞ്ഞു. മിനിമം വേജസ്സിനെപ്പറ്റി ശ്രീ. ഭരതൻ പറഞ്ഞു. ഇത് ഗവൺമെൻറിൻറെ കുറ്റം കൊണ്ടല്ല. അത് കമ്മിറ്റി വന്നപ്പോൾ കമ്മിറ്റി 2–3 കൊല്ലമൊക്കെ എടുത്തുകൊണ്ട് അൽപ്പമൊക്കെ ഡിലേ ഉണ്ടായി. അത് ഉടൻ തന്നെ നോട്ടിഫൈ ചെയ്തു. ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും അത് മാസങ്ങൾക്കുമുമ്പാണ് ഒപ്പിട്ടുപോയത്. ഗസറ്റ് നോട്ടിഫിക്കേഷൻ വന്നതിനുള്ള താമസം മാത്രമാണ് ഉണ്ടായത്. ഗ്വാളിയോർ റയോൺസിനെപ്പറ്റിയാണ് ഇവിടെ ഇപ്പോൾ തൊഴിൽ സമരം ഉണ്ടെന്നേപേരിൽ ചൂണ്ടിക്കാണിച്ചത്. ഞാൻ സമ്മതിക്കുന്നു. അങ്ങനെ വരുമ്പോൾ കുന്നത്തൂർ ടെക്സ്റ്റൈൽസിൻറെ കാര്യവും ഉണ്ട്. ഈ രാജ്യത്തെ ഏറ്റവും വലിയ വ്യവസായം ടെക്സ്റ്റൈൽസാണ്. അതിൽ 1/3 സ്ഥാപനങ്ങളും 'സിക്ക്' ആയി പൂട്ടിക്കിടക്കുകയാണ്. ഇവിടത്തെ എല്ലാ വ്യവസായസ്ഥാപനങ്ങൾക്കും 'സിക്ക്' എന്ന പ്രതിഭാസമുണ്ട്. കശുവണ്ടി വ്യവസായത്തിൽ 20 കൊല്ലം മുമ്പ് ആരംഭിച്ച 26 ഫാക്ടറികളും പൂട്ടികിടക്കുകയാണ്. അന്ന് പള്ളിക്കൂടത്തിൽ പോയിക്കൊണ്ടിരുന്ന ഞാനാണോ ഇതിന് സമാധാനം പറയേണ്ടത്. മാവൂർ ഗ്വാളിയോർ റയോൺസിലെ ഒരു തൊഴിലാളിയും, ട്രേഡ്യൂണിയൻ നേതാവുമായ എം. എൽ. എ. ശ്രീ. ബഷീർ അദ്ദേഹത്തിൻറെ പ്രസംഗത്തിൽ കാര്യങ്ങൾ പറഞ്ഞു, അത് കേവലം തൊഴിൽപ്രശ്നം മാത്രമല്ല. അതിൽ റോമെറ്റീരിയൽസിൻറെ പ്രശ്നവും ഉണ്ട്. അതിൽ വിലപ്രശ്നവും ഉണ്ട്. അതിൽ സുപ്രീംകോടതിയുടെ റൂളിംഗിൻറെ പ്രശ്നവും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യസാദ്ധ്യമായി ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്. വിനീതനായ ഞാനും ഈ രാജ്യത്തെ ബഹുമാന്യനായ മുഖ്യമന്ത്രിയും ബിർളയെവരെ കണ്ടിട്ടുണ്ട്. ഞങ്ങൾ ഇപ്പോഴും ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. പിന്നെ എത്ര സ്ഥാപനത്തിലാണ് നിങ്ങൾക്ക് പറയാനുള്ളത്. ഇനി ചൂണ്ടിക്കാണിച്ചതിൽ നിലവൻറായിട്ടുള്ളത് 'കോമൺവെൽത്ത്'. ആണ്. ഞാൻ ചോദിക്കുകയാണ്, കൺസിലിയേഷനിൽ ഇരിക്കുന്ന ഒരു വിഷയത്തെ പ്പററി ഞാൻ ചർച്ച ചെയ്യുന്നത് ഉചിതമാണോയെന്ന്. എങ്കിലും ചോദിച്ചാൽ മറുപടി പറയേണ്ടിവരും. ഇവിടെ ഇതിന് ഒരു നിയമം ഉണ്ട്. ഇവിടെ ബോണസ് ആക്ററ് അനുസരിച്ച് മിനിമം ബോണസ്സിന് മാത്രം അർഹതയുള്ള ഒരു സ്ഥാപനം, അത് ഒരു സഹകാരി മുതലാളിയുടേതല്ല, ഒരു ട്രസ്ററിൻേറതാണ്. അതിൻെറ അക്കൗണ്ടിങ്ങിനെ സംബന്ധിച്ച് ഏറെക്കുറെ അംഗീകരിച്ചേ നിവൃത്തിയുള്ളു. 8½ൻെറ സ്ഥാനത്ത് 20% ബോണസ് + എൽ. ടി. സി: ആയിട്ട് വാങ്ങിക്കൊടുക്കാമെന്ന നിലപാട് ഈ ഗവൺമെൻറിൻെറ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. 6 മാസം അടച്ചിട്ടാലും വേണ്ടില്ല അവർ പറയുന്ന ഒരു സമീപനം എടുത്താൽ അനുരഞ്ജനത്തിന് ബുദ്ധിമുട്ട് ഉണ്ടാകും. ആ ബുദ്ധിമുട്ട് ഒഴിവാക്കി അനുരഞ്ജനത്തിന് നമ്മൾ ശ്രമിക്കുന്നു. അത് ഇപ്പോസിബിളായിട്ടുള്ള കാര്യങ്ങളാണ്. അല്ലാതെ വേറൊരു കാര്യവുമില്ല. നിങ്ങൾ പറഞ്ഞല്ലോ, കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുക്കാത്തതിന് ഞാനും ഈ ഗവൺമെൻറുമാണ് ഉത്തരവാദി എന്ന്. എങ്കിൽ സംതൃപ്തരായ 10 ലക്ഷം തൊഴിലാളികൾക്ക് 100 രൂപ മുതൽ 300 രൂപ വരെ ശമ്പളവർദ്ധനവ് ഉണ്ടായതിൻെറയൊക്കെ ക്രെഡിറ്റ് എനിക്കും മുഖ്യമന്ത്രിക്കും ഈ ഗവൺമെൻറിനും തന്നാൽ മതി. ഞങ്ങൾ സ്വീകരിക്കാം. എന്നിട്ട് ഈ കുറ്റം ഞങ്ങളുടെ പുറത്ത് ആക്കിക്കൊള്ളു. അങ്ങനെ സംതൃപ്തമായ ഒരു വ്യവസായമേഖല ഇവിടെ ഉണ്ടാക്കിയിരിക്കുന്നു. ഞങ്ങൾ ഉണ്ടാക്കിയ കരാറുകൾ ഇൻഡ്യക്ക് മാതൃകാപരമായിട്ടുള്ളതാണ്. 5 വർഷത്തേക്കു വരെ കരാറുകൾ ഉണ്ടാക്കിയിട്ടുണ്ട്. കൊച്ചിൻ ഫ്രീ പോർട്ട് പ്രോസസ്സിംഗ് ഫാം വളരെ പ്രസ്ററീജായിട്ടുള്ള ഒരു ഇൻസ്ററിട്യൂഷനാണ്. കേന്ദ്രഗവൺമെൻറ് അവിടെ ഉണ്ടാക്കിയ കരാറുകൾ ഇൻഡ്യയിൽ തന്നെ എവിടെയും മാതൃകാപരമാണ്. അവിടെ ഒരു തൊഴിൽ തർക്കമുണ്ടായാൽ ഈ ഡിപ്പാർട്ട്മെൻറ് നിയമിച്ച ലേബർ ഓഫീസറുടെ തീരുമാനത്തിന് വിടണമെന്നും, ആ തീരുമാനം എല്ലാവരും സ്വീകരിക്കണമെന്നും അതിൽ തർക്കമുണ്ടായാൽ കലക്ടർ ചെയർമാനായിട്ടുള്ള ലേബർ ആഫീസിലെ ഒരു കമ്മിറ്റി പരിശോധിച്ച് അന്തിമതീരുമാനം ഉണ്ടാക്കണമെന്നും ഒരു പരിതഃസ്ഥിതിയിലും വർക്ക് സ്ററോപ്പേജ് ഉണ്ടാക്കി പ്രസ്ററീജുള്ള ഒരു ഇൻസ്ററിറ്റ്യൂഷൻ നശിപ്പിക്കുകയില്ലെന്നുമുള്ള ഒരു തീരുമാനം ഉണ്ടാക്കാൻ രാജ്യസ്നേഹിയായ, തൊഴിലാളിവർഗ്ഗം മുന്നോട്ടുവന്നിട്ടുള്ള ഒരു രാജ്യമാണ് സർ ഇത്. 265 കോടി രൂപ മുതൽമുടക്കിയിട്ടുള്ള കാപ്രോലാക്ടം പ്ലാൻറിൽ 25 തവണ തൊഴിൽതർക്കമുണ്ടായപ്പോഴും ഞാൻ ഒരു കോൺഫറൻസിൽ വച്ച് ഒരു കരാറുണ്ടാക്കി. യാതൊരു പരിതഃസ്ഥിതിയിലും പണിമുടക്ക് ഉണ്ടാക്കുകയില്ലെന്നും അതിന് ഒരു മെഷിനറിയെയും, ഡി. എൽ. ഒ. യെയും നിയമിക്കണമെന്നും, അതിൻെറ മുകളിൽ ഒരു അപ്പീൽ കമ്മിറ്റിയും വേണമെന്നുമുള്ള സ്ഥിതിയും കേരളത്തിനെന്നല്ല, ഭാരതത്തിനുതന്നെ അഭിമാനകരമായ ഒരു വസ്തുതയാണ്. ഇൻഡസ്ട്രിയൽ അനുരഞ്ജന പ്രക്രിയയിൽ ട്രൈ—പാർട്ടി നിലേഷനിൽ ഭാരതത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വളരെ മാതൃകാപരമായ ഒരു സ്ഥാനവും പ്രൊസീഡിംഗ്സുമാണുള്ളത്. ഇവിടെ ചോദിച്ചു, എന്തു സംഭാവനയെന്ന്. ഇത് ഭാരതത്തിനുതന്നെ സംഭാവനയാണ്. വയലൻസ് മൂലമല്ല, പണിമുടക്ക് മൂലമല്ല, അന്യൂരഞ്ജനം മൂലമുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരൊറ്റപ്രാവശ്യം വിളിച്ചാൽ തീരുന്നതാണോ? പല പ്രാവശ്യം കോൺഫറൻസ് വിളിച്ചിട്ടും തീരാത്ത കേസുകളുണ്ട്. 145 ദിവസമായി കെ. എസ്. ഡി. പി.യിലെ വൈറമിൻ (എ) പ്ലാന്റിൽ സമരം തുടങ്ങിയിട്ട്. ഞാൻ ഇതിനുവേണ്ടി ഒരു കോൺഫറൻസ് വിളിക്കാൻ ഈ അസംബ്ലി തുടങ്ങിയ കാലം മുതൽ പറയുന്നതാണ്.. ലേബർ കമ്മീഷൻ വിളിച്ച കോൺഫറൻസ് നിങ്ങൾ 3 പ്രാവശ്യം ക്യാൻസൽ ചെയ്തു. ഒരു കോൺഫറൻസു പോലും വിളിച്ചിട്ടില്ല. ഇതാണോ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി നിങ്ങൾ പ്രവർത്തിക്കുന്നു എന്നുപറയുന്നത്?

ശ്രീ. കെ. ശിവദാസൻ: കമ്മീഷണർ കോൺഫറൻസ് വിളിച്ചിട്ടുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അംഗീകൃത മാനേജ്മെണ്ടുകളും മറ്റുമുണ്ട്. കമ്മീഷണറുടെ റിപ്പോർട്ടിനു വേണ്ടി നിൽക്കുകയാണ്. ഇതിന്റെ കൂട്ടത്തിൽ ഇനി ഞാൻ ക്ഷേമനടപടികളെ പറ്റി പറയട്ടെ. ചുമട്ടു തൊഴിലാളികൾക്കുവേണ്ടി 1976-ലും 1977-ലും പാസ്സാക്കിയ നിയമം അപ്പുറത്തിരിക്കുന്നവർ മന്ത്രിയായിരുന്നപ്പോൾ ഇവിടെ കിടക്കുകയല്ലായിരുന്നോ? എന്തുകൊണ്ട് നടപ്പാക്കിയില്ല. നിങ്ങൾക്ക് നടപ്പാക്കാൻ കഴിയുകയില്ല. ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റേയും തൊഴിലാളിവർഗ്ഗ ക്ഷേമത്തിന്റേയും ഏറ്റവും വലിയ പ്രതികരണമാണ് അത് നടപ്പാക്കി എന്നുള്ളത്. അതു നടപ്പാക്കി ആളുകളെ അപ്പോയിന്റ് ചെയ്തിട്ട് രണ്ടുകൊല്ലം കഴിഞ്ഞു. ആർ. എസ്. ഉണ്ണിയ്ക്ക് എന്നോട് വിരോധം തോന്നിയപ്പോൾ വേറെ ഒന്നും പറയാനില്ല. അതിന് ഒരു കുഴപ്പവുമില്ല. സംശയമുണ്ടെങ്കിൽ രാജിവയ്ക്കണമെന്നുപറഞ്ഞ പാരമ്പര്യമുള്ള ഒരു മന്ത്രിസഭയാണിത്. ഇവിടെ അഴിമതി നിരോധന കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. അവിടെ പോയി പെറ്റീഷൻ കൊടുത്താൽ കൂടുതൽ പരിശോധിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടാൽ രാജിവയ്ക്കുക എന്നുള്ളതാണ് ഞങ്ങളുടെ കീഴ്വഴക്കം. നിങ്ങൾക്ക് കമ്മീഷനിൽ പെറ്റീഷൻ കൊടുക്കാമായിരുന്നു. അത് ചെയ്യാതെ അവ്യക്തമായി ആളുകളെ തേജോവധം ചെയ്യുന്നത് നല്ല രാഷ്ട്രീയപ്രവർത്തനമല്ല. സ്നേഹിതാ, ക്രിയാത്മകമായി പ്രവർത്തിക്കുക. ആര്യാടൻ എന്റെ പ്രിയസ്നേഹിതനാണ്, അദ്ദേഹത്തിന്റെ വാഴ്ത്തിക്കുന്നതിന് എനിക്ക് യാതൊരു വൈഷമ്യവുമില്ല. പക്ഷേ ഞാനും ഇവിടത്തെ പല നേതാക്കൻമാരും ഒരുമിച്ച് ഇങ്ങനെയൊരു വെൽഫെയർ ക്ഷേമനിധി ഉണ്ടാക്കണമെന്നുപറഞ്ഞ് നായനാർ ഗവൺമെന്റിന്റെ കാലത്ത് പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. ആരും ചെയ്തിട്ടില്ല. നിയമം പാസ്സായിരുന്നു. എന്നാൽ നായനാർ ഗവൺമെന്റിന് ചുമട്ടു തൊഴിലാളിനിയമം പാസ്സാക്കാൻ കഴിവില്ലാതെ പോയി. നിയമം കൊണ്ടുവന്നു, ഓർഡിനൻസ് കൊണ്ടുവന്ന് ഞങ്ങൾ അതിന്റെ എല്ലാ കാര്യങ്ങളും നടത്തി. ഇപ്പോൾ പരിഹസിക്കുന്നു. "എട്ടുകാലി മമ്മൂഞ്ഞിന്" പൗരുഷമില്ല സർ. മാനസിക ഷണ്ഡനാണ്. ആ കഥയിൽ ഒരു കാര്യംകൂടിയുണ്ട് മി. രേതൻ. എവിടെ അവിഹിത ഗർഭമുണ്ടായാലും എട്ടുകാലി മമ്മൂഞ്ഞുപറയും ഞാനാണ് അതിനുത്തര



LIBRARY ARCHIVES Kerala Legislative Assembly

വാദിയെന്ന്: നിങ്ങളുടെ കാര്യം അങ്ങനെയല്ല. ഇവിടെ പാറുകുട്ടി എന്ന ഒരാനയുണ്ടായിരുന്നു. ആ പാറുകുട്ടിക്ക് ഗർഭമുണ്ടായപ്പോൾ അതും നമ്മളാണെന്നുപറഞ്ഞുനടക്കുന്ന പാരമ്പര്യമാണ് ഭരതന്റേത്.

20 ലക്ഷം കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടു വരുന്നുണ്ട്. ഉടൻ റിപ്പോർട്ട് ചെയ്യുകയാണ്: തട്ടാൻ, ആശാരി, കൊല്ലൻ, മൂശാരി, ബാർബർ, അലക്കുകാരൻ തുടങ്ങിയ 20 ലക്ഷത്തോളം വരുന്ന ഗ്രാമീണത്തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരുകയാണ്. ഒന്നോ രണ്ടോ ആഴ്ച മാത്രമേ അതിന് വേണ്ടിവരുകയുള്ളൂ. എ. സി. ജോസ് പറഞ്ഞ കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു വേണ്ടിയുള്ള വെൽഫെയർ ബിൽ ഡ്രാഫ്റ്റാക്കി ലോ-ഡിപ്പാർട്ട്മെന്റിൽ ഇരിക്കുകയാണ്. അവിടെനിന്ന് അത് ക്ലിയർ ചെയ്താൽ ഞങ്ങൾ കൊണ്ടുവരും. അസൂയകൊണ്ട് പ്രതിപക്ഷത്തിന്റെ സമനില തെറ്റിപ്പോയിരിക്കുന്നു. അതേപ്പറ്റി പാവപ്പെട്ട എന്നെ എന്തിന് തേജോവധം ചെയ്യുന്നു.

ഇനി എക്സൈസിനെ സംബന്ധിച്ച് പറയാം. ഈ സഭയുടെ തന്നെ വിവിധ തലങ്ങളിൽനിന്ന് ഉണ്ടായ പ്രതികരണം മാനിച്ചാണ് ക്യാബിനറ്റ് ഇപ്പോഴത്തെ നോംസുകൾ ഉണ്ടാക്കിയിരിക്കുന്നത്. അങ്ങിനെയാണ് ഗുരുവായൂരിൽ ബാർ സ്ഥാപിച്ചത്. ഇപ്പോൾ നിയമസഭ പ്രകടിപ്പിച്ച വികാരങ്ങൾ ഉൾക്കൊണ്ട് അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : ഗുരുവായൂരിൽ ആ ബാർ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനുമാത്രം റൂൾ ഉണ്ടാക്കിയില്ല. ബാറുകൾക്ക് റൂൾ ഉണ്ടാക്കിയില്ല.

ശ്രീ. കെ. ശിവദാസൻ : ചെത്തുതൊഴിലാളികൾക്ക് ദോഷം വരുന്ന രീതിയിലുള്ള ഒരു നിയമവും നടപ്പാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുകയില്ല. അവരെ ഈ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് സഹായിക്കുന്നതായിരിക്കും: 400 മീറ്റർ ദൂരപരിധിയെ സംബന്ധിച്ച് ഗവൺമെന്റ് ശക്തമായ നടപടിയെടുക്കുന്നതാണ്. കള്ളവാറ്റും കള്ളച്ചാരായവും തടയുന്നതിന് ഗവൺമെന്റ് ശക്തമായ നടപടികളെടുക്കും. കോർപ്പറേഷനെ സംബന്ധിച്ച് കമ്പ്യൂട്ടറിൽ കാൽക്കുലേറ്റ് ചെയ്യുന്ന ഒരു പ്രത്യേക നോസ് ഇപ്പോൾ ഇൻവോക്ക് ചെയ്തിട്ടുണ്ട്. ഒരു മാസത്തെ ഡിമാൻറിനെ രണ്ടരകൊണ്ടു ഗുണിക്കുന്ന ഒരു പ്രത്യേക നോസ് അനുസരിച്ചാണ്. അതിൽപ്പരം ഇപ്പെടാൻ ഒക്കുകയില്ല.

ബഹുമാനപ്പെട്ട മെമ്പർമാർ പോർട്ട് ഡിപ്പാർട്ടുമെന്റിനെപ്പറ്റി പറഞ്ഞു. പോർട്ട് വളരെ ശക്തമാക്കിയിട്ടുണ്ട്. എല്ലാ പോർട്ടിലും സൗകര്യപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റ് പരിശ്രമിക്കുകയാണ്. എല്ലാ വിലയേറിയ നിർദ്ദേശങ്ങളേയും, ഒരിക്കൽകൂടി സ്വാഗതം ചെയ്തുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി : എന്നെപ്പറ്റി പറഞ്ഞതിന് ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ: ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചപ്പോൾ എന്നെ വ്യക്തിപരമായിട്ട് പരാമർശിച്ചു. ഒന്നാമതായിട്ട് പറഞ്ഞത് കോൺഫറൻസിനെ സംബന്ധിച്ചാണ്. ഇവിടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. അത് നോക്കിയാലറിയാം. തൊഴിലാളികൾക്ക് നിലവിലുള്ള മിനിമം വേജസിനേക്കാൾ കുറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നു എന്ന് അത് നോക്കിയാൽ മനസ്സിലാക്കാം. ഒരു എഗ്രിമെൻറുണ്ട് അതൊപ്പിടാൻ ബുദ്ധിമുട്ടുണ്ട്. അത് മാത്രമല്ല ആ എഗ്രിമെൻറ് ബാധകമല്ലെന്നുള്ള ഒരു നിലപാട് മുതലാളിമാരെടുത്താൽ മിനിമം വേജസ് ആക്ടിൻറെ ബലമുള്ള വേജസ് ഇല്ലാതാകും. അതു തന്നെ കൊടുപ്പിക്കാൻ ഒക്കുന്നില്ല. അതുകൊണ്ട് അതിനോടു യോജിക്കുവാൻ ഒക്കുകയില്ല. രണ്ടാമത് ഒരു നോട്ടിഫിക്കേഷൻ വരുമ്പോൾ ആ നോട്ടിഫിക്കേഷൻറെ ഒരു മേജർ പോർഷൻ, പൊതുമേഖലാസ്ഥാപനങ്ങളും അദ്ദേഹം പറഞ്ഞ കാപ്പെക്സ് തന്നെയും ഒഴിവാക്കിക്കൊണ്ട് മാത്രമേ നോട്ടിഫിക്കേഷൻ വരാൻ ഒക്കുകയുള്ളു. അതിനോടു യോജിക്കുവാൻ ഒക്കുകയില്ല. അതാണ് പറഞ്ഞത് എനിക്ക് ശിവദാസനോട് സ്നേഹം മാത്രമേയുള്ളു. എന്നോടൊപ്പം ലാ-കോളേജിൽ നിന്ന് കൊല്ലത്തുവന്ന് എൻറെ കൂടെ പ്രവർത്തിച്ച ആളാണ് ശിവദാസൻ. കൈപിടിച്ചുകൊണ്ടുപോയി കോൺഫറൻസുകളിൽ പങ്കെടുപ്പിച്ച്, യു. ഡി. യു. സി. യുടെ സെക്രട്ടറിയും ആക്കി. അദ്ദേഹത്തോട് എനിക്ക് വിരോധമുണ്ടെന്ന് അദ്ദേഹത്തിന് തോന്നുന്നുണ്ടെങ്കിൽ ഞാൻ കുറക്കാരനല്ല. എന്നാൽ തൊഴിലാളികളുടെ അവകാശങ്ങൾ അപകടപ്പെടുന്ന അവസരത്തിൽ അവർക്ക് വിരുദ്ധമായിട്ട് ചെയ്യുന്ന അവസരത്തിൽ ഞാൻ പറയും. അതുകൊണ്ട് ആ ആരോപണം ശരിയല്ല. ഞാൻ ആരേയോ പിരിച്ചുവിട്ടു എന്നു പറഞ്ഞു. എനിക്ക് പിരിച്ചുവിടാനും നിയമിക്കാനും തീരുമാനമെടുക്കാനും അധികാരമുള്ള യാതൊരു സ്ഥാപനവും ഇന്ന് കേരള സ.സ്ഥാനത്തില്ല. ഞാൻ ആരേയും പിരിച്ചുവിട്ടിട്ടില്ല. ഇന്നോളം പിരിച്ചുവിട്ടിട്ടില്ല. അത് അവാസ്തവമാണ്, മനഃപൂർവ്വം പറഞ്ഞതാണ്.

ഡോ. സുബ്ബറാവു അവതരിപ്പിച്ച ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഭക്ഷ്യം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. വി സി. കബീർ അവതരിപ്പിച്ച ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : സർ, ഞാൻ പോയം ആവശ്യപ്പെടുന്നു.

(താഴെ പറയും പ്രകാരം സഭാംഗങ്ങൾ വേർപിരിഞ്ഞ് വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—68

1. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, കെ. അവുക്കാദർകുട്ടിനഹ
6. ,, പി. കെ. കെ. ബാവ
7. ,, യു. എ. ബീരാൻ
8. ,, ബെന്നി ബഹനാൻ
9. ,, പി. ഭാസ്കരൻ
10. ,, വി. ദിനകരൻ
11. ,, എ. ജോർജ്
12. ,, എം. എം. ഹസ്സൻ
13. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
14. ,, എ. എൽ. ജേക്കബ്
15. ,, ടി. എം. ജേക്കബ്
16. ,, സി. ജി. ജനാർദ്ദനൻ
17. ,, ടി. എസ്. ജോൺ
18. ,, എ. സി. ജോസ്
19. ,, ജോസ് കുറ്റിയാനി
20. ഡോക്ടർ കെ. സി. ജോസഫ്
21. ശ്രീ. കെ. സി. ജോസഫ്
22. ,, വി. വി. ജോസഫ്
23. ,, കെ. കെ. നായർ
24. ശ്രീമതി എം. കമലം
25. ശ്രീ. കെ. ജി. ആർ. കർത്താ
26. ,, ജി. കാർത്തികേയൻ
27. ,, പി. കെ. കുഞ്ഞാലിക്കുട്ടി
28. ,, മണിമംഗലത്തു കുട്ട്യാലി
29. ,, ഇ. ജെ. ലൂക്കോസ്
30. ,, കെ. പി. എ. മജീദ്
31. ,, എം. വി. മാണി
32. ,, കെ. മുഹമ്മദാലി
33. ,, ഇ. ടി. മുഹമ്മദ് ബഷീർ
34. ,, പി. എ. മുഹമ്മദ് കണ്ണ്
35. ,, പി. വി. മുഹമ്മദ്
36. ,, ടി. എച്ച്. മുസ്തഫ
37. ,, കെ. എസ്. നാരായണൻ നമ്പൂതിരി
38. ,, കെ. പി. നൂറുദ്ദീൻ
39. ,, സി. വി. പത്മരാജൻ
40. ,, തച്ചടി പ്രഭാകരൻ
41. ,, കെ. രാഘവൻമാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീ. രാഘവൻ പൊഴക്കടവിൽ
43. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
44. ,, കെ. പി. രാമചന്ദ്രൻനായർ
45. ,, എസ്. രാമചന്ദ്രൻപിള്ള
46. ,, തേറമ്പിൽ രാമകൃഷ്ണൻ
47. ,, കെ. പി. രാമൻ
48. ,, രമേശ് ചെന്നിത്തല
49. ,, തോപ്പിൽ രവി
50. ,, വയലാർ രവി
51. ,, എൻ. ശക്തൻ നാടാർ
52. ,, പി. സീതിഹാജി
53. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
54. ,, കടവൂർ ശിവദാസൻ
55. ,, നാലകത്തു സൂപ്പി
56. ,, കെ. കെ. ശ്രീനിവാസൻ
57. ,, എൻ. ശ്രീനിവാസൻ
58. ,, പന്തളം സുധാകരൻ
59. ,, കോട്ടക്കുഴി സുകുമാരൻ
60. ,, സി. എം. സുന്ദരം
61. ,, എൻ. സുന്ദരൻ നാടാർ
62. ,, വി. സുരേന്ദ്രൻ പിള്ള
63. ,, പി. പി. തങ്കച്ചൻ
64. ,, കെ. കെ. തോമസ്
65. ,, പി. സി. തോമസ് (തിരുവല്ല)
66. ,, പി. കെ. വേലായുധൻ
67. ,, ടി. വി. വിജയരാജൻ
68. ,, സ്റ്റീഫൻ പാമ്പുവ

പ്രതികൂലിക്കുന്നവർ

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ: ആർ. ചന്ദ്രമോഹനൻ
9. ,, കെ. ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
12. ,, സിറിയക്ക് ജോൺ
13. ശ്രീമതി പി. ദേവൂട്ടി
14. ,, കെ. ആർ. ഗൗരി
15. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16. ,, ടി. കെ. ഹംസ
17. ,, കെ. ഇ. ഈസ്മായിൽ
18. ,, എം. ജിനദേവൻ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ഇ. കെ. നായനാർ
20. ,, വി. സി. കബീർ
21. ,, കെ. ടി. കണാരൻ
22. ,, എം. കെ. കേശവൻ
23. ,, വി. കേശവൻ
24. ,, സി. ടി. കൃഷ്ണൻ
25. ,, കെ. കൃഷ്ണൻകുട്ടി
26. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
27. ,, കെ. ടി. കുമാരൻ
28. ,, പി. വി. കുഞ്ഞിക്കണ്ണൻ
29. ,, ലോനപ്പൻ നമ്പാടൻ
30. ,, സി. പി. മൂസ്സാൻകുട്ടി
31. ,, കെ. മൂസ്സക്കുട്ടി
32. ,, എ. കെ. പത്മനാഭൻ
33. ,, ഇ. പത്മനാഭൻ
34. ,, കെ. പങ്കജാക്ഷൻ
35. ,, ടി. പി. പീതാംബരൻ മാസ്റ്റർ
36. ,, കെ. പി. പ്രഭാകരൻ
37. ,, കെ. പുരുഷോത്തമൻ
38. ശ്രീമതി റേച്ചൽ സണ്ണി പനവേലി
39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ,, വി. കെ. രാജൻ
41. ,, കാനം രാജേന്ദ്രൻ
42. ,, കെ. ശങ്കരനാരായണപിള്ള
43. ,, എ. കെ. ശശീന്ദ്രൻ
44. ,, എ. സി. ഷൺമുഖദാസ്
45. ഡോക്ടർ എ. സുബ്ബറാവു
46. ശ്രീ. എ. വി. താമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, പി. സി. തോമസ് (കടുതുരുത്തി)
51. ,, ആർ. എസ്. ഉണ്ണി
52. ,, ജി. വരദൻ
53. ,, സി. വാസുദേവമേനോൻ
54. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—68

പ്രതികൂലിക്കുന്നവർ—54

നിഷ്പക്ഷത പാലിക്കുന്നവർ—ആരും ഇല്ല

ധനാഭ്യർത്ഥന പാസ്സായതായും ഗ്രാന്റ് അനുവദിച്ചിരിക്കുന്നതായും പ്രഖ്യാപിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXV—തൊഴിലും തൊഴിൽസൗകര്യങ്ങളും

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. പി. വിജയദാസ് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഒ. ഭരതൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് തള്ളിക്കളഞ്ഞു.

ഡോ. എ. സുബ്ബറാവു അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഒ. ഭരതൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഡോ. എ. സുബ്ബറാവു അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XLI—തുറമുഖങ്ങൾ

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഒ. ഭരതൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ റിറിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1986-87 സാമ്പത്തികവർഷത്തിലേക്കുള്ള ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഞാൻ പോയം ആവശ്യപ്പെടുന്നു.

(താഴെ പറയും പ്രകാരം സഭാംഗങ്ങൾ വേർപിരിഞ്ഞ് വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—68

1. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, സി. ടി. അഹമ്മദ്അലി
5. ,, കെ. അവുക്കാദർകുട്ടിനഹ
6. ,, പി. കെ. കെ. ബാവ
7. ,, യു. എ. ബീരാൻ
8. ,, ബെന്നിബഹനാൻ
9. ,, പി. ടോസ്കരൻ
10. ,, വി. ദിനകരൻ
11. ,, എ. ജോർജ്
12. ,, എം. എം. ഹസ്സൻ
13. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
14. ,, എ. എൽ. ജേക്കബ്
15. ,, ടി. എം. ജേക്കബ്
16. ,, സി. ജി. ജനാർദ്ദനൻ
17. ,, ടി. എസ്. ജോൺ
18. ,, എ. സി. ജോസ്
19. ,, ജോസ് കുറ്റിയാനി
20. ഡോക്ടർ കെ. സി. ജോസഫ്
21. ശ്രീ. കെ. സി. ജോസഫ്
22. ,, വി. വി. ജോസഫ്
23. ,, കെ. കെ. നായർ
24. ശ്രീമതി. എം. കമല
25. ശ്രീ. കെ. ജി. ആർ. കർത്താ
26. ,, ജി. കാർത്തികേയൻ
27. ,, പി. കെ. കുഞ്ഞാലിക്കുട്ടി
28. ,, മണിമംഗലത്തു കുട്ട്യാലി
29. ,, ഇ. ജെ. ലൂക്കോസ്
30. ,, കെ. പി. എ. മജീദ്
31. ,, എം. വി. മാണി
32. ,, കെ. മുഹമ്മദാലി
33. ,, ഇ. ടി. മുഹമ്മദ് ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. പി. എ. മുഹമ്മദുകുണ്ണു്
35. ,, പി. വി. മുഹമ്മദ്
36. ,, ടി. എച്ചു്. മുസ്തഫ
37. ,, കെ. എസ്. നാരായണൻ നമ്പൂതിരി
38. ,, കെ. പി. നൂറുദ്ദീൻ
39. ,, സി. വി. പത്മരാജൻ
40. ,, തച്ചടി പ്രഭാകരൻ
41. ,, കെ. രാഘവൻ മാസ്റ്റർ
42. ,, രാഘവൻ പൊഴക്കടവിൽ
43. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
44. ,, കെ. പി. രാമചന്ദ്രൻ നായർ
45. ,, എസ്. രാമചന്ദ്രൻപിള്ള
46. ,, തോമ്പിൽ രാമകൃഷ്ണൻ
47. ,, കെ. പി. രാമൻ
48. ,, രമേശ് ചെന്നിത്തല
49. ,, തോപ്പിൽ രവി
50. ,, വയലാർ രവി
51. ,, എൻ. ശങ്കരൻ നാടാർ
52. ,, പി. സീതിഹാജി
53. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
54. ,, കടവൂർ ശിവദാസൻ
55. ,, നാലകത്തു സൂപ്പി
56. ,, മകം. കെ. ശ്രീനിവാസൻ
57. ,, എൻ. ശ്രീനിവാസൻ
58. ,, പന്തളം സുധാകരൻ
59. ,, കോട്ടക്കുഴി സുകുമാരൻ
60. ,, സി. എം. സുന്ദരം
61. ,, എൻ. സുന്ദരൻ നാടാർ
62. ,, വി. സുരേന്ദ്രൻപിള്ള
63. ,, പി. പി. തങ്കച്ചൻ
64. ,, കെ. കെ. തോമസ്
65. ,, പി. സി. തോമസ് (തിരുവല്ല)
66. ,, പി. കെ. വേലായുധൻ
67. ,, ടി. വി. വിജയരാജൻ
68. ,, സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ 54

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, ഒ. രേത്തൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ,, കെ. ചന്ദ്രശേഖരൻ



LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ,, സിറിയക് ജോൺ
13. ശ്രീമതി പി. ദേവൂട്ടി
14. ,, കെ. ആർ. ഗൗരി
15. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16. ,, ടി. കെ. ഹംസ
17. ,, കെ. ഇ. ഇസ്മയിൽ
18. ,, എം. ജിനദേവൻ
19. ,, ഇ. കെ. നായനാർ
20. ,, വി. സി. കബീർ
21. ,, കെ. ടി. കണാരൻ
22. ,, എം. കെ. കേശവൻ
23. ,, വി. കേശവൻ
24. ,, സി. ടി. കൃഷ്ണൻ
25. ,, കെ. കൃഷ്ണൻകുട്ടി
26. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
27. ,, കെ. ടി. കുമാരൻ
28. ,, പി. വി. കുഞ്ഞിക്കണ്ണൻ
29. ,, ലോനപ്പൻ നമ്പാടൻ
30. ,, സി. പി. മൂസ്സാൻകുട്ടി
31. ,, കെ. മൂസ്സക്കുട്ടി
32. ,, എ. കെ. പത്മനാഭൻ
33. ,, ഇ. പത്മനാഭൻ
34. ,, കെ. പങ്കജാക്ഷൻ
35. ,, ടി. പി. പീതാംബരൻമാസ്റ്റർ
36. ,, കെ. പി. പ്രഭാകരൻ
37. ,, കെ. പുരുഷോത്തമൻ
38. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ,, വി. കെ. രാജൻ
41. ,, കാനം രാജേന്ദ്രൻ
42. ,, കെ. ശങ്കരനാരായണപിള്ള
43. ,, എ. കെ. ശശീന്ദ്രൻ
44. ,, എ. സി. ഷൺമുഖദാസ്
45. ഡോക്ടർ എ. സുബ്ബറാവു
46. ശ്രീ. എ. വി. താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

47. ശ്രീ. സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, പി. സി. തോമസ് (കടുത്തുരുത്തി)
51. ,, ആർ. എസ്. ഉണ്ണി
52. ,, ജി. വരദൻ
53. ,, സി. വാസുദേവമേനോൻ
54. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ : 68

പ്രതികൂലിക്കുന്നവർ : 54

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

ധനാഭ്യർത്ഥനകൾ പാസ്സായതായും ഗ്രാൻറ് അനുവദിച്ചിരിക്കുന്നതായും പ്രഖ്യാപിക്കപ്പെട്ടു.

ഡെപ്യൂട്ടി സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.19-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly